ഭാഗം 2

അക്ഷരവൃക്ഷം

കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



# കഥകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19
# കഥകൾ

## ഭാഗം 2

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

ഏപ്രിൽ 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala




**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001


നം.397/പ്രസ്/സി.എം.ഒ/2020.

ഏപ്രിൽ 25, 2020.

## സന്ദേശം

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ കോവിഡ്-19 ലോക്ഡൗൺ കാലം സർഗാത്മകവും സന്തോഷപ്രദവുമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് 'അവധിക്കാല സന്തോഷങ്ങൾ', 'അക്ഷരവൃക്ഷം' എന്നീ പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി. അക്ഷരവൃക്ഷം പദ്ധതിയുടെ ഭാഗമായി കുട്ടികൾ ശ്രദ്ധേയമായ ധാരാളം കഥകളും കവിതകളും ലേഖനങ്ങളും എഴുതി. ഒന്നാം ക്ലാസു മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികളിൽ നിന്നും ആവേശകരമായ പ്രതികരണമാണുണ്ടായത്. ആ രചനകളുടെ ഒന്നാം ഭാഗം ഇതിനോടകം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഏറെ വ്യത്യസ്തത പുലർത്തുന്ന മികച്ച ആയിരക്കണക്കിന് രചനകൾ ഉള്ളതിനാൽ അവയെല്ലാം പുസ്തകരൂപത്തിൽ തുടർ വാല്യങ്ങളായി പ്രസിദ്ധീകരിക്കാൻ തയ്യാറായ പൊതുവിദ്യാഭ്യാസ വകുപ്പിനെ അഭിനന്ദിക്കുന്നു.

കുട്ടികളുടെ സാമൂഹിക വീക്ഷണം, കൊറോണയുമായി ബന്ധപ്പെട്ട ശാസ്ത്രീയ ധാരണകൾ, പ്രശ്ന വിശകലനശേഷി, സൂക്ഷ്മ നിരീക്ഷണ പാടവം, ഒരു പ്രശ്നത്തെ വേറിട്ട രീതിയിൽ നോക്കിക്കാണാനുള്ള ശ്രമം, അനുയോജ്യവും ശക്തവുമായ ഭാഷ ഉപയോഗിക്കാനുള്ള കഴിവ്, ശുഭാപ്തി വിശ്വാസം എന്നിവയെല്ലാം പ്രതിഫലിക്കുന്നവയാണ് രചനകൾ. ഏതു പ്രതിസന്ധിയെയും അതിജീവിക്കാനാകുമെന്ന ഉറച്ച പ്രതീക്ഷയുള്ളവരാണ് നമ്മുടെ പുതിയ തലമുറ എന്ന് ഈ രചനകൾ സാക്ഷ്യപ്പെടുത്തുന്നു.

വൈവിധ്യവും കരുത്തുറ്റതുമായ രചനകൾ നിർവഹിച്ച വിദ്യാർഥി സമൂഹത്തെയും അതിന് അവരെ പ്രാപ്തരാക്കിയ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തെയും വിദ്യാലയങ്ങളെയും ഈ പ്രവർത്തനത്തിൽ പങ്കാളിയായ വിദ്യാഭ്യാസ വകുപ്പിലെ എല്ലാ പ്രവർത്തകരെയും അനുമോദിക്കുന്നു.

**പിണറായി വിജയൻ**


ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

# ആമുഖം

കോവിഡ് 19 നെ പ്രതിരോധിക്കുവാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നാം നടത്തിക്കൊണ്ടിരിക്കുകയാണ്. സമാന തകളില്ലാത്ത മഹാദുരിതത്തിലൂടെയാണ് മനുഷ്യ സമൂഹം ഒരിക്കൽകൂടി ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. സർഗ്ഗാത്മകമായ ചിന്തയെയും വികാരങ്ങളെയും ആവിഷ് കാരങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടു മാത്രമേ നമുക്ക് ഈ പ്രതിസന്ധിയെയും മറികടക്കാൻ കഴിയുകയുള്ളൂ.

ഈ വസ്തുത ഉൾക്കൊണ്ടുകൊണ്ടാണ് പൊതുവിദ്യാ ഭ്യാസ വകുപ്പ് 'അക്ഷരവൃക്ഷ'ത്തിന്റെ തണൽ നമ്മുടെ കുഞ്ഞുങ്ങൾക്കായി വിരിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ പങ്കാളികളായ കുട്ടികളുടെ സർഗ്ഗപ്രതിഭയുടെ തിളക്കം ഓരോ രചനയിലും പ്രകടമാണ്.

നമ്മുടെ പൊതുവിദ്യാഭ്യാസം ആർജിച്ച പക്വതയുടെ ഊർജ്ജത്തിന്റെ ഫലങ്ങൾ കൂടിയാണ് അവ. ചിന്തയും ആവിഷ്കാരവും ചേർന്നുനിൽപ്പും സമഭാവനയുമാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ കാതൽ. നമ്മുടെ കുഞ്ഞുങ്ങൾ കൊറോണക്കെതിരായ പോരാട്ടങ്ങളിൽ ഇവിടുത്തെ ഭരണകൂടത്തിനും ആരോഗ്യപ്രവർത്തകർക്കും ആവേശോജ്ജ്വലമായ അനുഭവങ്ങളാണ് സമ്മാനിച്ചു കൊണ്ടിരിക്കുന്നത്. തീർച്ചയായും അതിന്റെ മറ്റൊരുതരത്തിലുള്ള സാക്ഷ്യപ്പെടുത്തലാണ്, പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ചിട്ടുള്ള അക്ഷരവൃക്ഷ മെന്ന സർഗാത്മക പ്രതിരോധ പ്രവർത്തനത്തിൽ ആവേശ ത്തോടുകൂടി പങ്കെടുത്ത ആയിരക്കണക്കിന് കുട്ടികളുടെ കനപ്പെട്ട രചനകൾ.

അപരന്റെ ദാഹത്തിന്റേതിനെക്കാളും അധികമാം കരുതലും കരുണയും കുടിപാർക്കുന്ന ഹൃദയമുള്ളവരാണ് നമ്മുടെ കുഞ്ഞുങ്ങൾ എന്ന് ഈ രചനകൾ ഓരോ നിമിഷവും നമ്മെ ഓർമ്മപ്പെടുത്തും.

ഇത് മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു ചരിത്രരേഖ കൂടിയാണ്. മനുഷ്യജീവിതം നാളിതുവരെ കടന്നുപോയിട്ടില്ലാത്ത ഒരു ഘട്ടത്തിലൂടെ, കരുതലോടെ ഉറച്ച ചുവടുവെപ്പുകളുമായി നടന്നുപോകുമ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ അതിനെ എങ്ങനെയാണ് നോക്കിക്കാണുന്നത് എന്ന് ഇന്നിനെ മാത്രമല്ല വരും കാലങ്ങളെയും അത് നിരന്തരമായി ഓർമ്മപ്പെടുത്തും.

ആദ്യമായി ലഭിച്ച പതിനായിരം രചനകൾ കോവിഡ് 19 കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നീ പേരുകളിൽ ഒന്നാം ഭാഗമായി ഏപ്രിൽ 22 ന് ബഹു. മുഖ്യമന്ത്രി പ്രകാശനം ചെയ്തിട്ടുണ്ട്. ഈ രണ്ടാംഭാഗത്തിൽ 20,000 വരെയുള്ള കുട്ടികളുടെ രചനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. രചനകളിൽ ചിലതിലെങ്കിലും മുതിർന്നവരുടെ സഹായവും കുട്ടികൾ തേടിയിരിക്കാമെന്ന് വിദഗ്ധസമിതി നിരീക്ഷിക്കുന്നു. മുഴുവൻ രചനകളും 'സ്കൂൾവിക്കി' (www.schoolwiki.in) യിൽ ലഭ്യമാണ്.

ഈ പതിപ്പിന് വേണ്ടി രചന നിർവ്വഹിച്ച മുഴുവൻ വിദ്യാർത്ഥികളെയും അതിന് പ്രേരിപ്പിച്ച അധ്യാപകരെയും രക്ഷിതാക്കളെയും പതിനായിരക്കണക്കിന് രചനകളിൽ നിന്ന് ഏറ്റവും മികച്ചവ തെരഞ്ഞെടുത്ത വിദഗ്ധരെയും എസ്.സി.ഇ.ആർ.ടി. ജീവനക്കാരെയും സാങ്കേതിക സഹായം നൽകിയ കൈറ്റ് ജീവനക്കാരെയും എസ്.എസ്.കെ. ജീവനക്കാരെയും അഭിനന്ദിക്കാൻകൂടി ഈ സന്ദർഭം പ്രയോജനപ്പെടുത്തട്ടെ.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ



# കൊന്നപ്പൂ

ഞാനും അനിയത്തിമാരും കൊന്നമരത്തിന്റെ ചുവട്ടിൽ ഇരുന്ന് കളിക്കുകയായിരുന്നു. നിറയെ കൊന്നപ്പൂക്കൾ ഉണ്ടായിട്ടുണ്ട്. 'ഹായ് കൊന്നപ്പൂക്കൾ'- ചക്കി പറഞ്ഞു. എനിക്ക് കരച്ചിൽ വന്നു. ഇത്തവണ വിഷു ആഘോഷം ഒന്നും ഇല്ല എന്ന് അമ്മ പറഞ്ഞിട്ടുണ്ടല്ലോ. വിഷുക്കോടി വാങ്ങാൻ പൈസ ഇല്ലെന്ന് അച്ഛനും പറഞ്ഞു. കുട്ടികൾക്ക് പായസം വെച്ച് കൊടുക്കാൻ കഴിയില്ല എന്ന് പറഞ്ഞു അമ്മൂമ്മ കരയുന്നതും കണ്ടു. പടക്കം പൊട്ടിക്കാനില്ലാതെ അഖിലേഷിനും സങ്കടം... സാരമില്ല, ആർക്കും അസുഖം വരാതെ ആവട്ടെ. അടുത്ത കൊല്ലം നമുക്ക് വിഷു ആഘോഷിക്കാം. കൊന്നപ്പൂവിനെ നോക്കി ഞാൻ പറഞ്ഞു...

**ജിസ്റ്റിലിയ എ.എസ്.**
ക്ലാസ് 4
കിഴുത്തള്ളി വെസ്റ്റ് എൽ.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ



# കിണ്ടിക്കുട്ടൻ

പണ്ടു പണ്ട് വീടിന്റെ ഉമ്മറപ്പടിയിൽ പുറത്ത് നിന്ന് വരുന്നവരെ നോക്കി ചിരിച്ചുകൊണ്ട് ഒരാളുണ്ടായിരുന്നു. വീർത്ത വയറിൽ മുഴുവൻ വെള്ളവുമായി മുമ്പോട്ട് വാലുള്ള ഒരു കിണ്ടിക്കുട്ടൻ. കാലം മാറിയപ്പോൾ പിന്നാമ്പുറത്തേക്ക് പുറന്തള്ളിയ കിണ്ടിയെ തിരഞ്ഞ് ഇന്ന് എല്ലാവരും നടക്കുകയാണത്രേ...

**അൽക്ക പി.**
3 ബി
കീച്ചേരി എൽ.പി. സ്കൂൾ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# കൊറോണക്കാലത്തെ പ്രണയം....

കൊറോണക്കാലത്ത് എനിക്കൊരു പ്രണയമുണ്ടായി. വെറും പ്രണയമല്ല, ഒരൊന്നൊന്നര പ്രണയം. പള്ളിക്കൂടത്തിലായിരുന്നെങ്കിൽ പ്രണയമെന്ന് കേട്ട് എല്ലാരും കൂടി എന്നെ പഞ്ഞിക്കിട്ടേനെ... ലോക് ഡൗൺ കാലമല്ലേ? അടുക്കാനായി അകലം പാലിക്കുന്നതിനിടയിലാണ് എനിക്കീ അടുപ്പമുണ്ടായത്. എന്റെ കണ്ണെത്തും ദൂരത്ത് ഇങ്ങനെയൊരു സുന്ദരി ഉണ്ടായിരുന്നത് എന്തുകൊണ്ട് ഞാനിത്ര നാളും കണ്ടില്ലെന്നോർത്ത് എനിക്ക് ലജ്ജ തോന്നി. പാടത്തും പറമ്പിലും പള്ളിക്കൂടയാത്രകളിലും വേലിപ്പുറങ്ങളിലും ഒക്കെ വച്ച് ഞാനവളെ എത്രയോ വട്ടം കണ്ടതാണ്. എന്നിട്ടും.. അപ്പോഴെല്ലാം പാണ്ടിലോറി കയറി വരുന്ന പരിഷ്കാരിപ്പെണ്ണുങ്ങളോടായിരുന്നു എനിക്ക് പ്രിയം. പണിക്കു വന്ന ബംഗാളിച്ചെക്കൻമാർ കോവിഡ് വിരസതയകറ്റാൻ അവളെ ഒളിഞ്ഞും തെളിഞ്ഞും നോക്കി... അതെനിക്കത്ര പിടിച്ചില്ല.. ഇനി ഇവൻമാർ.....? വിരുന്നുകാർ വീട്ടുകാരായ ചരിത്രവും നമുക്കുണ്ട്. കോവിഡ്വിരസതയിൽ എന്റെ പ്രണയം വളർന്നു. പ്രണയത്തിന് കണ്ണില്ലെന്ന് പറഞ്ഞവനാരാണ്? കണ്ണും മൂക്കും ഒന്നുമില്ലെന്ന് എനിക്ക് തോന്നി. അവളെന്റെ അടുക്കളയിലെ നിത്യസാന്നിധ്യമായി മാറിയത് എത്ര പെട്ടെന്നാണ്! അമ്മയ്ക്ക് അവളില്ലാതെ പറ്റില്ലെന്നായി. അമ്മയിലൂടെ അവളിലേക്കുള്ള ദൂരം കുറയുന്നതിൽ ഞാൻ രഹസ്യമായി സന്തോഷിച്ചു. അങ്ങനെ ആനന്ദലോലുപനായി കോവിഡ്ദിനങ്ങൾ കടന്നു പോകുന്നതിനിടയിലാണ് പെട്ടെന്നത് സംഭവിച്ചത്. അലസമായൊരു സായാഹ്നത്തിൽ, അയൽപക്കത്തെ ബംഗാളിച്ചെക്കന്റെ ആർത്തിപ്പിടിച്ച കഴുകൻ കണ്ണുകൾ അവളിലേക്ക് നീണ്ടുചെന്നതും... എന്റെ സമനില തെറ്റി. വീടിന്റെ പിന്നാമ്പുറത്തേക്ക് ഞാൻ ചാടിയിറങ്ങി. പിറകിൽനിന്നും അമ്മ... "മോനേ. അതിഥികളല്ലേടാ... കൊണ്ടുപൊയ്ക്കോട്ടെ... അതിഥിദേവോ ഭവ: എന്നല്ലേ.." തകർന്ന നുതരിപ്പണമായ ഞാനാ പ്ലാവിൻചോട്ടിൽ തകർന്നിരുന്നു. ചക്കക്കുപ്പുണ്ടോ... എന്ന് പാടിക്കൊണ്ട് ഒരു കിളി എന്റെ തലയ്ക്കു മീതേ പറന്നു പോയി. ഞാനാ പ്ലാവിലേക്ക് നോക്കി. ചെറുതും വലുതുമായ നിരവധി ചക്ക സുന്ദരികൾ. എന്റെ പ്രണയം കിട്ടാതെപോയവർ... എന്റെ വീടിന്റെ പിന്നാമ്പുറത്ത്... വീട്ടുമുറ്റത്തെ ചക്കയെ പ്രണയിക്കാൻ ഒരു കൊറോണക്കാലം വരെ കാത്തിരിക്കേണ്ടിവന്നതോർത്ത് ഞാൻ പശ്ചാത്തപിച്ചു. പ്ലാവിൻചോട്ടിൽ, കാലങ്ങളായി വീണുമരിച്ച ആയിരം ചക്കകളേ... മാപ്പ്....

**ജയേഷ്**
8 ബി
എൻ.എസ്.എസ്. ഹൈസ്കൂൾ ചൊവ്വള്ളൂർ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# മീനൂട്ടിയുടെ അവധിക്കാലം

ഒന്നാമത്തെ നിരയിലെ ബെഞ്ചിൽ മീനു മാത്രമേയുള്ളൂ. ലഞ്ച് ബ്രേക്ക് ടൈമാണ്. ഭക്ഷണം കഴിച്ച് കൈകഴുകി വരുമ്പോഴേക്കും എല്ലാവരും കൂട്ടം കൂടിയിരുന്ന് വലിയ ഡിസ്കഷനിലാണ്. മീനുവിനറിയാം അതിൽ തനിക്ക് ഒരു കാര്യവുമില്ലെന്ന്. എല്ലാവരും വേനലവധിക്ക് ടൂർ പോകുന്ന കാര്യം പറയുകയാണ്.

എല്ലാവർക്കും പോകാൻ ഓരോ സ്ഥലങ്ങളുണ്ട്. ഭാഗ്യമുള്ള കൂട്ടുകാർ.

മീനുവിന് എങ്ങും പോകാനില്ലല്ലോ...

എവിടാ ടൂർ പോകുവാന്ന് ചോദിച്ചാൽ ഒന്നും പറയാനില്ലാത്തതു കൊണ്ടാണ് ഇങ്ങു മാറിയിരിക്കുന്നത്.

സ്കൂൾ ബസിറങ്ങി മുറ്റത്തേക്ക് കയറുമ്പോൾ മുത്തശ്ശി വീൽചെയറിൽ സിറ്റൗട്ടിൽ തന്നെയുണ്ട്. എന്നും ഓടി ചെന്ന് കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുക്കാറുണ്ട്. പക്ഷേ, മീനു ഒന്നും മിണ്ടാതെ അകത്തേക്ക് കയറാൻ തുടങ്ങിയപ്പോൾ മുത്തശ്ശി ചോദിച്ചു:

'എന്തുപറ്റി എന്റെ കുട്ടിക്ക്?'

ഒന്നും മിണ്ടണ്ടാന്ന് വിചാരിച്ചതാ. എന്നാലും സങ്കടം കൊണ്ട് പറഞ്ഞു പോയി.

'എല്ലാവരും അവധിക്കാലത്ത് ടൂറിനും അങ്ങു ദൂരെ തറവാട്ടിലും ഒക്കെ പോകും. മീനുവിനു മാത്രം എങ്ങും പോകാനില്ല.'

അത്രയും പറഞ്ഞപ്പോഴേക്കും കണ്ണുനിറഞ്ഞു.

കൈയിൽ പിടിച്ചു അടുത്തു നിർത്തിക്കൊണ്ട് മുത്തശ്ശി പറഞ്ഞു: "എന്റെ കുട്ടീടെ അമ്മയ്ക്ക് ലീവ് കിട്ടാത്തോണ്ടല്ലെ. രോഗം വന്ന ഒത്തിരീ പേരെ സുഖമാക്കണ നഴ്സല്ലെ മീനൂന്റെ അമ്മ. പിന്നെ മുത്തശ്ശിക്കും വയ്യല്ലോ."

രാത്രി ഒത്തിരി സങ്കടപ്പെട്ട് കിടന്നിട്ടാണ് മീനു ഉറങ്ങിയത്.

രാവിലെ എഴുന്നേൽക്കുമ്പോഴേക്കും അമ്മ നൈറ്റ് ഡ്യൂട്ടി കഴിഞ്ഞു വന്നിരുന്നു.

മീനൂട്ടി എന്നു വിളിച്ച് പാലുമായി അമ്മ അടുത്തേക്ക് വന്നു.

ഒത്തിരി സന്തോഷമുണ്ടല്ലോ അമ്മയുടെ മുഖത്ത്.

'മീനൂട്ടി വിഷമിക്കണ്ടട്ടോ. ഇപ്രാവശ്യം നമ്മളും പോവ്വാ ടൂറിന്. ദൂരെ അച്ഛന്റെ നാട്ടിൽ. അവിടെയുമുണ്ട് ഒരു അമ്മൂമ്മ. പിന്നെ പശുക്കുട്ടിയുണ്ട് , ഒത്തിരി മാമ്പഴം തിന്നാം, പാടത്ത് കൂടി ഓടി നടക്കാം.'

മീനുവിന് വിശ്വസിക്കാൻ കഴിഞ്ഞില്ല.

'സത്യമാണോ അമ്മേ...'

മുൻവശത്തെ മുറിയിലെ ഭിത്തിയിലെ അച്ഛന്റെ ഫോട്ടോയ്ക്ക് മുന്നിൽ നിർത്തി സത്യം ചെയ്യിപ്പിച്ചപ്പോഴാണ് മീനു വിശ്വസിച്ചത്.

മീനു കണ്ടിട്ടില്ല അച്ഛനെ. യുദ്ധം ചെയ്തപ്പോൾ മരിച്ചുപോയതാ.

പിന്നെ ഓരോ ദിവസവും മീനു കാത്തിരുന്നു അച്ഛന്റെ വീട്ടിൽ പോകാൻ. അമ്മയുടെ ലീവ് എങ്ങാനും ഇല്ലാതാകുമോ എന്നാ പേടി.

പോകുന്നതിനും രണ്ട് ദിവസം മുമ്പേ മീനുവും അമ്മയും ഡ്രസ് ഒക്കെ പായ്ക്ക് ചെയ്തുവച്ചു.

കഴിഞ്ഞ ദിവസം ടി.വിയിലും പത്രത്തിലുമൊക്കെ കുറേ വാർത്തകൾ വന്നപ്പോഴേ മീനുവിനു എന്തോ ഒരു പന്തികേട് തോന്നിയിരുന്നു . എല്ലാത്തിലും കൊറോണ മാത്രമേയുള്ളു.

എന്നാലും അമ്മയ്ക്ക് ലീവ് കിട്ടിയിട്ടുണ്ടല്ലോ.

പോകേണ്ട ദിവസം എത്തി. ഉച്ചയ്ക്ക് അമ്മ ഹോസ്പിറ്റലിൽ നിന്നു വന്നിട്ടു വേണം പോകാൻ.

എന്നാൽ കാത്തിരുന്നിട്ടും അമ്മ വന്നില്ല. കുറേ കഴിഞ്ഞപ്പോൾ അമ്മ വിളിച്ചു. അവിടെ ഹോസ്പിറ്റലിൽ കൊറോണ അസുഖം വന്ന കുറേ ആർക്കാരെ കൊണ്ടുവന്നിട്ടുണ്ടെന്ന്. അമ്മ ഇനി ഒത്തിരീം ദിവസം കഴിഞ്ഞിട്ടേ വരൂന്ന്. ഫോൺ മുത്തശ്ശിക്ക് കൊടുത്തിട്ട് മീനു ഓടി കട്ടിലിലേക്ക് വീണു. സങ്കടം അടക്കാൻ കഴിഞ്ഞില്ല. പിന്നെ ഒരു ദിവസവും അമ്മ ഫോണിൽ വിളിച്ചിട്ട് മീനു സംസാരിച്ചില്ല. ഇനി മിണ്ടില്ല എന്ന് ഉറപ്പിച്ചു മീനു. അത്രയ്ക്ക് പിണക്കമാണ് മീനുവിന്.

മൊബൈലിൽ ഗെയിം കളിക്കുമ്പോഴാണ് ഒരു വീഡിയോ കോൾ വന്നത്. അറിയാത്ത നമ്പർ. ഫോൺ എടുത്തപ്പോൾ ഒരു പ്രേതം പോലെ. വെള്ള കോട്ടുകൊണ്ട് ദേഹമൊക്കെ മൂടി ഒരാൾ. പേടിച്ചുപോയി.



'മോളെ അമ്മയാ. കട്ട് ചെയ്യല്ലേ . ഇതൊരു ആന്റിയുടെ ഫോണിൽ നിന്നാ വിളിക്കുന്നത്. അമ്മയോടെന്താ മിണ്ടാത്തത്. അമ്മയ്ക്ക് കുറേ ദിവസം കഴിയണ്ടെ മീനൂട്ടിയെ കാണാൻ.'

അമ്മയോ ഇതോ... മീനു സംശയിച്ചു നിന്നു.

അമ്മ പതുക്കെ മുഖത്തെ കവർ മാറ്റി. മാസ്ക് കുറേനേരം വെച്ചിട്ട് മൂക്കും കവിളും ഒക്കെ മുറിഞ്ഞിട്ടുണ്ട്. അമ്മേ എന്നു നിലവിളിച്ചു മീനു.

ആരോ വന്നിട്ടാകണം, അമ്മ കട്ട് ചെയ്തു.

കുറേനേരം അമ്മയുടെ തളർന്ന മുഖം ഓർത്തു കിടന്നു മീനു.

പിന്നെ ഫോൺ എടുത്ത് വാട്സ്ആപ്പിൽ ടൈപ്പ് ചെയ്തു.

അമ്മേ, മിനുട്ടിക്ക് ഒരു പിണക്കവുമില്ല. കൊറോണവൈറസിനെ ഓടിച്ച് എല്ലാരേയും രക്ഷിക്കാനല്ലെ അമ്മ വീട്ടിൽ വരാതെ കഷ്ടപ്പെടുന്നത്. സങ്കടപ്പെടണ്ട ട്ടോ... ഉമ്മ..ഉമ്മ...

മെസേജ് അയച്ച് അമ്മയുടെ സാരി കെട്ടിപ്പിടിച്ച് കിടന്ന് മീനൂട്ടി ഉറങ്ങി.

**ഭദ്ര എസ്.**
5 ഡി
കാർമൽ ഇ.എം. ഗേൾസ് എച്ച്.എസ്.എസ്. വഴുതക്കാട്
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# ലോക്ക്ഡൗൺ

“ചാവൽ നഹീം, കാം ഭീ നഹീം” വാർഡ് മെമ്പറുടെ അടുത്തു പരിദേവനം പറയുകയാണവർ. മുറ്റത്ത് പുല്ലു പറിച്ചു കൊണ്ടിരുന്ന അവൾ തല ഉയർത്തി നോക്കി. എന്നും തെല്ലൊരു ഭയത്തോടെ നോക്കിക്കാണുന്ന ബംഗാളികൾ എന്ന് പൊതുവെ വിളിക്കപ്പെടുന്ന അന്യദേശ തൊഴിലാളികളെ അന്നാണവൾ ശ്രദ്ധിച്ചത്. അവരുടെ കണ്ണുകളിൽ വിശപ്പിന്റെ ദൈന്യതയായിരുന്നു. മുഖത്തു സുരക്ഷിതമില്ലായ്മയുടെ ആവലാതികളായിരുന്നു. അവർക്കൊന്നും മനസ്സിലായില്ല... സ്വദേശം വിട്ടു, സ്വന്തക്കാരെ വിട്ടു അന്യദേശത്തു തൊഴിലെടുക്കാൻ വന്നവർ... പരിമിതമായ ജീവിതസാഹചര്യങ്ങളിലൊതുങ്ങി ഉപജീവനം കണ്ടെത്തുന്നവർ. നമുക്കും അവരില്ലാതെ നിലനില്പില്ലാതായിരിക്കുന്നു. സംസ്ഥാനങ്ങളുടെ വാതിലുകൾ അടഞ്ഞിരിക്കുന്നു, തങ്ങളുടെ സ്വന്തംനാട് സുരക്ഷിതമെന്ന് ആദ്യം വിശ്വസിച്ചു പോയവർ, അവിടേക്കു എത്താനാവുന്നില്ലല്ലോയെന്നു പേടിച്ചരണ്ട്പോയിരിക്കുന്നു. പലായനത്തിനുള്ള എല്ലാ മാർഗങ്ങളും അടഞ്ഞു പോയിരിക്കുന്നു. ഇനിയെന്ത് എന്ന് ചിന്തിക്കുന്നതിനിടയിൽ വിശപ്പിന്റെ വിളി അവർക്കു അവഗണിക്കാനാകുന്നുമില്ല,

ലോകം തീർത്തും ചെറുതായിപ്പോയിരിക്കുന്നു എന്നവൾക്കു തോന്നി. എല്ലാർക്കും ഒരേ ഭാവം, ഒരേ രൂപം, ഒരേ ചിന്ത. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകിയത് അവരെ ഓർത്തിട്ടോ, വിദേശത്തു ജോലി ചെയ്യുന്ന അവളുടെ അച്ഛനെ ഓർത്തിട്ടോ?

**വൈശാഖി എം വി**
9 ബി
കെ ഇ എം എച് എസ്
ആലുവ ഉപജില്ല, എറണാകുളം

# ആതിഥേയൻ

പരിചയമില്ലാത്ത കാഴ്ചകളാണ് ചുറ്റും. ഒന്നും വ്യക്തമാകുന്നില്ല. എങ്കിലും കുറച്ചു ദിവസം മുൻപുവരെ കണ്ടു പരിചയമുള്ള ലോകമല്ല ചുറ്റുമെന്ന് നന്നായറിയാം. കണ്ണുകൾ പൂർണമായി തുറക്കാൻ കഴിയുന്നില്ല. ഏതോ ഒരു പുകമറ കാഴ്ചയെ മറയ്ക്കുന്നതു പോലെ . ദേഹമാകെ വേദനിക്കുന്നു. എന്നെ എന്തിനാണ് ഇവിടെ കൊണ്ടുവന്നതെന്നറിയില്ല. ചുറ്റും കേൾക്കുന്ന ശബ്ദങ്ങളിൽ നിന്ന് വേർതിരിച്ചെടുക്കാൻ കഴിയുന്നത് ഒരേയൊരു വാക്കാണ് കോവിഡ്! അതെന്താണാവോ? എനിക്കറിയില്ല. ഞാനീ നാട്ടിൽ പുതിയതാണ്. ശരിക്കും പറഞ്ഞാൽ ഒരു വരത്തൻ. ഇവിടെ വന്നിട്ട് കഷ്ടിച്ച് പത്ത് ദിവസമേ ആയിട്ടുള്ളു. ഇതുവരെ വേറൊരു നാട്ടിലായിരുന്നു. അവിടെ പക്ഷേ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചുറ്റും വെള്ളമുള്ള ഒരു നാട്. വിശപ്പും ദാഹവും ഒന്നുമേ ഞാൻ അറിഞ്ഞില്ല. ഞാൻ വന്നിട്ട് പത്തു ദിവസമേ ആയിട്ടുള്ളൂന്ന് പറഞ്ഞല്ലോ. എന്തൊരു ഒച്ചയും ബഹളവും ആയിരുന്നു ഞാൻ വന്നപ്പോൾ. ഞാൻ ശരിക്കും പേടിച്ചു പോയി. ഇവിടെ എത്തിയപ്പോഴേ എനിക്കു വിശക്കാൻ തുടങ്ങി..ഒപ്പം കരച്ചിലും ഞാനാ കരച്ചില് നിറുത്തിയതേ എന്റമ്മ എനിക്കു പാലു തന്നപ്പോഴാ. എന്ത് രുചിയാണെന്നറിയാമോ! പിന്നെപ്പോഴും ഞാൻ കള്ളക്കരച്ചിൽ കരയുമായിരുന്നു പാല് കുടിക്കാൻ. പാവം എന്റെയമ്മ! അപ്പോഴൊക്കെ അമ്മ കരുതിയിരുന്നത് എനിക്ക് വിശക്കുന്നുണ്ടാകുമെന്നാ. പക്ഷേ ഇപ്പോൾ എനിക്ക് വല്ലാണ്ട് വിശക്കുന്നു. അമ്മയെ ഇവിടെങ്ങും കാണുന്നുമില്ല. എനിക്ക് ഈ നാട്ടിലെ ഭാഷയൊന്നും അറിയില്ല, വിശക്കുന്നെന്ന് പറയാൻ. ഇനി അറിഞ്ഞാലും പറയാൻ പറ്റുമെന്ന് തോന്നുന്നില്ല. നേരാംവണ്ണം ശ്വാസമെടുക്കാൻ പോലും പറ്റുന്നില്ല. പിന്നെങ്ങനെ സംസാരിക്കും!

ഇവിടെ കുറേ ആൾക്കാരൊക്കെയുണ്ട്. പക്ഷേ ആരുടേയും മുഖം കാണാൻ പറ്റുന്നില്ല. ഈ നാട്ടിലെ ആൾക്കാരൊക്കെ ഇങ്ങനാണോ? പക്ഷേ മുമ്പ് ഞാൻ ഇങ്ങനെയാരേം കണ്ടിട്ടില്ലല്ലോ. എന്തായാലും എന്നെ അവരെന്തൊക്കെയോ ചെയ്യുന്നുണ്ട്. എന്നാലും അമ്മ ഇപ്പോ എവിടെയായിരിക്കും? എന്റെ അടുത്തെങ്ങും ഉണ്ടെന്ന് തോന്നുന്നില്ല.

ഉണ്ടായിരുന്നെങ്കിൽ ഞാൻ ഇത്രയേറെ വേദനിച്ച് കിടന്നിട്ടും അമ്മ എന്നെ കെട്ടിപ്പിടിക്കാതിരിക്കുമോ? മുൻപൊക്കെ ഞാനൊന്ന് അനങ്ങിയാലുടനെ അമ്മ എന്നെ ചുറ്റിപ്പിടിക്കുമായിരുന്നെല്ലോ.

എന്റെയടുത്ത് നിൽക്കുന്നവരൊക്കെ ഇപ്പോൾ ഭയങ്കര സന്തോഷത്തിലാണ്. കാര്യമെന്താണെന്നറിയില്ല. എങ്കിലും എല്ലാവരും ചിരിക്കുകയാണ്. എന്നെ ഇവരിപ്പോ എന്റമ്മേടെയടുത്തേക്ക് കൊണ്ടുപോകുവാ. ഞാനിവിടെ വന്നിട്ട് എത്ര ദിവസമായി? ഏകദേശം ആറു ദിവസം. ഇതിനിടയിൽ എന്തൊക്കെയോ മരുന്നുകൾ അവരെനിക്ക് തന്നു. പിന്നെപ്പിന്നെ എന്റെ ശരീരത്തിലെ മരുന്നുകളുടെ മണം എനിക്ക് തന്നെ ഇഷ്ടമില്ലാതായിത്തുടങ്ങി. ഇവിടെ വരുന്നതിന് മുൻപ് ശ്വാസം കിട്ടാതെ ഉറങ്ങാതെ കിടന്നിട്ടുണ്ടെന്നറിയുമോ?

ഒക്കെ ഞാൻ മറക്കുകയാണ്. എനിക്ക് എത്രയും വേഗം അമ്മയുടെ അടുത്തെത്തണം. അമ്മയുടെ നെഞ്ചിൽ ചുരുണ്ടുകൂടി ഉറങ്ങണം. എന്നെ കാണുമ്പോൾ അമ്മ എനിക്കൊരായിരം ഉമ്മ തരും. തീർച്ചയാണ്. വയറു നിറയെ പാലു കുടിച്ച് ഒന്നുറങ്ങിയുണർന്നിട്ട് അമ്മയോട് ചോദിക്കണം എന്താണീ കോവിഡെന്ന്! അമ്മയ് ക്കറിയാതിരിക്കില്ല.

**ശ്രേയസ് പി.**
6 എ
കെ എ എം യു പി എസ് മുതുകുളം
ഹരിപ്പാട് ഉപജില്ല, ആലപ്പുഴ

# പിറന്നാൾ സമ്മാനം

ഇന്ന് അപ്പുവിന്റെ അഞ്ചാം പിറന്നാൾ ആണ്. അപ്പുവിനൊരു പുത്തൻ പിറന്നാൾ സമ്മാനവുമായി അവന്റെ അച്ഛൻ മൂന്നു വർഷങ്ങൾക്കു ശേഷം ഗൾഫിൽ നിന്നും നാട്ടിലേയ്ക്ക് മടങ്ങി വരികയാണ്. അപ്പുവിന്റെ സന്തോഷത്തിനതിരില്ലായിരുന്നു. അവൻ പതിവിലും നേരത്തെ എഴുന്നേറ്റ് കുളിച്ചു ഒരുങ്ങി അച്ഛനെയും കാത്തു ഇരിപ്പായി. ഇന്ന് അവന്റെ പിറന്നാൾ ആണെന്നതിലുപരി അവനെ ഏറെ സന്തോഷിപ്പിച്ചത് അവന്റെ അച്ഛൻ വരുന്നു എന്നതാണ്. അവന്റെ ഒരുപാടു നാളത്തെ ആഗ്രഹമാണ് അച്ഛനെ കാണണം എന്നത്. ഇന്ന് അത് സാധിക്കാൻ പോകുകയാണ്. അച്ഛൻ കഴിഞ്ഞ ആഴ്ച വിളിച്ചപ്പോൾ പറഞ്ഞിരുന്നു അവനൊരു പിറന്നാൾ സമ്മാനവും കൊണ്ടാണ് അച്ഛൻ വരുന്നതെന്ന്. അതെന്ത് സമ്മാനമായിരിക്കും? പുത്തൻ ഉടുപ്പാണോ? അതോ കളിപ്പാട്ടമാണോ? അവൻ ആലോചനയിൽ മുഴുകി.അവനു അച്ഛനെ കാണാൻ തിടുക്കമായി.അമ്മ അടുക്കളയിൽ സദ്യ ഒരുക്കുന്ന തിരക്കിലായിരുന്നു. മുത്തശ്ശിയും ഒപ്പമുണ്ട് . അമ്മാവനാണു എയർപോർട്ടിലേക്കു പോയത്.ഞാനും കൂടി വരട്ടെ എന്ന് അവൻ അമ്മാവനോട് ചോദിച്ചപ്പോൾ അമ്മാവൻ സമ്മതിച്ചില്ല. അച്ഛൻ വരുന്ന ഒരു സന്തോഷവും അമ്മാവന്റെ മുഖത്ത് കണ്ടില്ല. എന്നാൽ അമ്മയും മുത്തശ്ശിയും വളരെ സന്തോഷത്തിലായിരുന്നു. പക്ഷെ ഈ ആഴ്ച അച്ഛൻ വിളിച്ചതെ ഇല്ല.അച്ഛൻ വരട്ടെ ഞാൻ നല്ല വഴക്ക് കൊടുക്കുന്നുണ്ട്. ആദ്യം അച്ഛനൊരു ചക്കരയുമ്മ കൊടുക്കണം. ഇങ്ങനെയൊക്കെ അവൻ ചിന്തിച്ചിരിപ്പായി.

അപ്പോഴാണ് മുത്തശ്ശി അമ്മയോട് പറഞ്ഞതു ഇപ്പോൾ കോവിഡിന്റെ കാലമല്ലേ. എല്ലായിടത്തും ഈ രോഗം തന്നെ. അവൻ ഒരു കുഴപ്പവും കൂടാതെ ഇങ്ങെത്തിയാൽ മതിയായിരുന്നു. യാത്രയിൽ ഒരു തടസവും ഉണ്ടാകരുതെ ദൈവമേ. അപ്പോഴാണ് പുറത്ത് ഒരു ആംബുലൻസിന്റെ ശബ്ദം. അവൻ ചിന്തയിൽ നിന്നും ഞെട്ടിയുണർന്നു. ഇതെന്താ ആംബുലൻസ്? അച്ഛനെ കാണാനില്ലല്ലോ. ഇത്രയും നേരമായിട്ടും അച്ഛൻ വന്നില്ലല്ലോ? അമ്മേ അച്ഛൻ എന്താ വരാത്തെ? അവൻ ചോദിച്ചു. അമ്മ മറുപടി പറഞ്ഞില്ല. പെട്ടെന്ന് വീട്ടിലെത്തിയ ആംബുലൻസ് കണ്ട അവർ പകച്ചു നിൽക്കുകയായിരുന്നു. ആംബുലൻസ് അവരുടെ വീട്ടുമുറ്റത്ത് നിർത്തി. അതിൽ നിന്നും അമ്മാവൻ ഇറങ്ങി. അപ്പോൾ അപ്പു അമ്മാവനോട് ചോദിച്ചു. അമ്മാവാ അച്ഛൻ എവിടെ? അമ്മാവൻ ഒന്നും പറഞ്ഞില്ല. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അപ്പോഴാണ് ആംബുലൻസിൽ നിന്നും അവന്റെ അച്ഛന്റെ ബോഡി പുറത്തേക്ക് എടുത്തത്. അവൻ ഒന്നും മനസ്സിലാകാതെ പകച്ചുനിന്നു. അവൻ അച്ഛന്റെ അടുത്തേക്ക് പോകാൻ ശ്രമിച്ചപ്പോൾ അമ്മാവൻ തടഞ്ഞു. എന്നെ വിട്. എനിക്ക് അച്ഛനെ കാണണം. അവൻ പറഞ്ഞു. അച്ഛനെ

കാണാൻ പറ്റില്ല മോനെ. അച്ഛൻ മാരകമായ പകർച്ചാവ്യാധി പിടിപ്പെട്ടാണ് മരിച്ചത്. മോൻ അടുത്തേക്ക് പോകരുത്. അമ്മാവൻ തടഞ്ഞു. അവൻ പൊട്ടിക്കരഞ്ഞു. എനിക്ക് അച്ഛനെ കാണണം.

അവൻ ഒരു നിമിഷം അമ്മയുടെ മുഖത്തേയ്ക്കു നോക്കി. അമ്മ സ്വബോധമില്ലാത്ത പോലെ എന്തൊക്കെയോ പറഞ്ഞു കരയുന്നു. മുത്തശ്ശി തളർന്നു അവശയായി കരയാൻ പോലും കഴിയാതെ തറയിൽ കിടക്കുന്നു. അവിടെ നിന്ന പോലീസുകാരിൽ ഒരാൾ മറ്റേയാളോട് പറയുന്നത് അവൻ കേട്ടു. ഇയാൾ കോവിഡ് ബാധിച്ചു ഒരാഴ്ചയായി ആശുപത്രിയിൽ ആയിരുന്നു. ഇന്നലെ പുലർച്ചെയാണ് മരണം. ഇയാളുടെ അളിയനെ മാത്രമേ വിവരമറിയിച്ചിരുന്നുള്ളൂ. അയാളുടെ ആവശ്യപ്രകാരമാണ് ബോഡി എത്രയും പെട്ടെന്ന് നാട്ടിലെത്തിച്ചത്. അതിൽ ഒരു പോലീസുകാരൻ അമ്മാവനോട് പറഞ്ഞു. ആളുകൾ ഇങ്ങനെ കൂടാൻ പാടില്ല. അതിനുമുമ്പ് നമുക്ക് ബോഡി മറവ് ചെയ്യണം. അമ്മാവൻ ബോഡി മറവ് ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തു. മാസ്ക് ധരിച്ച് നാലുപേർ ചേർന്ന് അച്ഛന്റെ ബോഡി എടുത്ത് മറവു ചെയ്യാനുള്ള സ്ഥലത്തേക്ക് പോകാൻ തുടങ്ങിയപ്പോൾ അമ്മ ചോദിച്ചു. ഞാൻ ആ മുഖം ഒന്ന് കണ്ടോട്ടെ എനിക്ക് ഒന്ന് കാണിച്ചു തരോ? അപ്പോൾ പോലീസുകാരൻ പറഞ്ഞു. പറ്റില്ല ഞങ്ങൾക്ക് നിങ്ങളുടെ സുരക്ഷ കൂടി നോക്കണം. ബോഡിയുമായി ആ നാലുപേർ മറവു ചെയ്യാനുള്ള സ്ഥലത്തേക്ക് പോയി. ആരും അങ്ങോട്ടേക്ക് വരരുത്. എല്ലാവരും അവരവരുടെ വീടുകളിലേക്ക് പോകണം. നിങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടിയാണ് പറയുന്നത്. ഒരു പോലീസുകാരൻ പറഞ്ഞു. എല്ലാവരും അവിടെ നിന്നും പിരിഞ്ഞു പോയി. അപ്പു അച്ഛനെ മറവു ചെയ്യാനുള്ള സ്ഥലത്തേക്ക് പോയി. അവൻ ഒരു പോലീസുകാരനോട് ചോദിച്ചു. പോലീസ് മാമൻ ഞാൻ അച്ഛനൊരു ഉമ്മ കൊടുത്തോട്ടെ? അപ്പോൾ അയാൾ പറഞ്ഞു. വേണ്ട മോനേ. അങ്ങനെയൊന്നും കൊടുക്കാൻ പാടില്ല. മോൻ വീട്ടിനകത്തേക്ക് പൊയ്ക്കോ. ഇവിടെ നിന്നുകൂടാ.

അവൻ മനസ്സില്ലാ മനസ്സോടെ വീട്ടിനകത്തേക്ക് പോയി. അച്ഛന്റെ മുഖം ഒന്ന് കാണാൻ പോലും അവന് കഴിഞ്ഞില്ല. കൊതിയോടെ കാത്തിരുന്ന പിറന്നാൾ സമ്മാനത്തിന് പകരം അവന് കാണേണ്ടിവന്നത് അച്ഛന്റെ ജീവനില്ലാത്ത ശരീരം ആണ്. അവൻ അവന്റെ അമ്മയുടെ അടുത്ത് ചെന്നിരുന്നു. അമ്മ അവനെ ചേർത്തുപിടിച്ചു തേങ്ങിക്കരഞ്ഞു. ഇനി എനിക്ക് എന്റെ അച്ഛനെ ഒരിക്കലും കാണാൻ കഴിയില്ലല്ലോ?.... ഇനി എനിക്ക് പിറന്നാൾ സമ്മാനം വാങ്ങി തരാൻ എന്റെ അച്ഛൻ ഇല്ലല്ലോ?.... അവൻ പൊട്ടിക്കരഞ്ഞു.

**ഇർഫാന**
7 എ
കെ വി യു പി എസ്സ് പാങ്ങോട്
പാലോട് ഉപജില്ല, തിരുവനന്തപുരം

# അതിര്

ആരോ ചെയ്ത മുജ്ജന്മപുണ്യം കൊണ്ടാവണം അപ്പോൾ കണ്ണുതുറക്കാൻ തോന്നിയത്. ഒന്നുകൂടി തിരിഞ്ഞുകിടന്നിരുന്നെങ്കിൽ കട്ടിലിൽനിന്ന് ഉരുണ്ട് വീണ് മിനിമം എന്റെ കൈയോ കാലോ ഒടിഞ്ഞേനെ. എന്റെ സകല സ്ഥലവും കൈയേറി ഒളിമ്പിക്സ് മെഡലിന് ഓടുന്ന പോലെ കൂടെ കിടക്കുന്ന മകന്റെ ചെവിതിരിച്ച് ഞാൻ പറഞ്ഞു: ഒന്നങ്ങോട്ട് നീങ്ങിക്കിടക്ക് കുരിപ്പേ...'

ഉറക്കത്തിലായതുകൊണ്ട് തർക്കുത്തരം പറയാതെ അവൻ തിരിഞ്ഞുകിടന്നു. ഞാൻ കട്ടിലിന്റെ നടുവിലായി വിരൽ കൊണ്ട് വരച്ച് പറഞ്ഞു:

'ഇതാണ് അതിര്. ആ പകുതി നിന്റെ. ഈ പകുതി എന്റേത്. ഇനിയും ഇത് കടന്നാൽ നിന്റെ ചെവി ഞാൻ പൊട്ടിക്കും. എന്നിട്ട് ഒരു ആശാരിയെ വിളിപ്പിച്ച് ഞാനിത് രണ്ടാക്കി മുറിക്കും. പറഞ്ഞേക്കാം.' അച്ഛനും മകനും തമ്മിലെ 'അതിരുതർക്കം' കേട്ട് നിലത്ത് പായ വിരിച്ച് കിടന്ന അമ്മയും മകളും ആകാശനീല നിറമുള്ള പുതപ്പെടുത്ത് തലവഴി മൂടി, അട്ട പോലെ ചുരുണ്ടു. ഞങ്ങൾ നാലും കിടക്കുന്ന ഈ പത്തേ പത്ത് സ്ക്വയർഫീറ്റ് മുറിയാണ് തറവാട്ടുവീട്ടിലെ ഞങ്ങളുടെ അതിര്. ബാക്കി മുറികളിൽ കുടുംബത്തിലെ മറ്റു താമസക്കാർ. വീടുൾപ്പെടെ ഞങ്ങൾക്ക് ഏഴു സെന്റാണുള്ളത്. തൊട്ടപ്പുറത്ത് മീൻ ബിസിനസ് നടത്തുന്ന ബാപ്പുട്ടിയുടെ ഒരു ഇരുപത് സെന്റ്. അതിനപ്പുറം പലചരക്ക് കട നടത്തുന്ന ഭാസ്കരന്റെ പതിനാറു സെന്റ്. എല്ലാത്തിനും വേലിയും മതിലും കെട്ടി തിട്ടപ്പെടുത്തിയതാണ്. പടിഞ്ഞാറ് ഭാഗത്തുള്ള പറമ്പിലാണ് പാറുവമ്മയുടെ എട്ടു സെന്റ്. പാറുവമ്മയുടെ ചുറ്റുചുറുക്ക് കൊണ്ടാണ് ഇപ്പോൾ ഇല്ലാത്ത കാശ് മുടക്കി ഞാൻ പടിഞ്ഞാറ് ഭാഗത്ത് ഇന്ന് മതിലുകെട്ടാൻ തീരുമാനിച്ചത്. മതിലുകെട്ടുന്നതിന് മുമ്പ് സ്ഥലമൊന്ന് അളക്കണം. ഈ പാറുവമ്മ പറഞ്ഞുവരുമ്പോൾ വകയിലെന്റെ അമ്മായിയായി വരും. അതുകൊണ്ടാണ് ഇത്രകാലം മതിലു കെട്ടാതിരുന്നത്. അവരുടെ അതിരിന്റെ കഷ്ടിച്ച് ഒരാൾക്ക് നടക്കാൻ ഉള്ള ഗ്യാപ്പിൽ ആണ് ഞാൻ എട്ടു മാസം മുമ്പ് ഒരു കുളിമുറി പണിതത്. വന്ന് വന്ന് കുളിമുറിയിപ്പോൾ പകുതിയും കിടക്കുന്നത് പാറുവമ്മയുടെ പറമ്പിലാണ്. ഈ കുളിമുറിക്ക് ഒറ്റയ്ക്ക് അതിര് കടക്കാനുള്ള

കഴിവുണ്ടോ? അതോ പാറുക്കുട്ടിയമ്മ അതിര് കേറ്റി കൊത്തിയെടുത്തതാവുമോ? എത്രയും പെട്ടെന്ന് മതിലുകെട്ടണം. എന്തിന് വെറുതെ അവരുമായൊരു അതിരുതർക്കം. ബ്രഷിൽ പേസ്റ്റാക്കി മുറ്റത്തേക്കിറങ്ങിയതും ഭൂമിയിലേക്ക് ഒരു മാതൃഭൂമി വന്ന് വീണതും ഒരു സൈക്കിൾ ബെല്ലടി കേട്ടതും ഒരുമിച്ചായിരുന്നു. ഞാൻ കുനിഞ്ഞ് പത്രമെടുത്ത് നിവർത്തി ചുവന്ന അക്ഷരത്തിലെ തലക്കെട്ട് വായിച്ചു: കടുത്ത നിയന്ത്രണം. 75 ജില്ലകൾ അടയ്ക്കുന്നു. ഞാനൊന്ന് ഞെട്ടി. അങ്ങനെ പറഞ്ഞാൽ മലപ്പുറവും കോഴിക്കോടും എല്ലാ അതിരുകളും അടയ്ക്കുമല്ലോ? ഇടിമുഴിക്കൽ എന്നാൽ മലപ്പുറവും കോഴിക്കോടും അതിർത്തി പങ്കിടുന്ന സ്ഥലം. മതിലുകെട്ടാൻ കല്ല് വരുന്നത് കോഴിക്കോട് നിന്നാണ്. ജില്ലയിലെ എല്ലാ അതിരുകളും അടയ്ക്കുമോ? സംശയം കൊണ്ട് ഞാൻ പത്രം അരിച്ചുപെറുക്കി വായിച്ചു. ജില്ലകൾ മാത്രമല്ല രാജ്യത്തിന്റെ അതിരുകളും അടച്ചിടും. എന്റെ നെഞ്ചിടിപ്പ് കൂടി. ഞാൻ ടി.വി. ഓൺ ചെയ്ത് നോക്കി. രാജ്യത്ത് കൊറോണ വൈറസ് ബാധിതരുടെ എണ്ണം ഏഴായി. അവതാരക ഞെട്ടലുണ്ടാക്കുന്ന രീതിയിൽ വാർത്ത വായിച്ചു. ഞാൻ തരിച്ചുനിന്നു. 2019 ഡിസംബറിൽ ചൈനയിൽ പൊട്ടിപ്പുറപ്പെട്ട കൊറോണ വൈറസ് ജാതി, മത, രാഷ്ട്രീയ ചിന്തകളൊന്നുമില്ലാതെ ലോകരാജ്യങ്ങളുടെ അതിരുകൾ മായ്ച്ച് നാശം വിതയ്ക്കുന്നു.

ഞാൻ രാജ്യങ്ങളുടെ അതിരുകളെ കുറിച്ചോർത്തു. മുമ്പ് പരീക്ഷയ്ക്ക് വരച്ച ഇന്ത്യയുടെ മാപ്പിനെക്കുറിച്ചോർത്തു. അതിൽ അടയാളപ്പെടുത്തിയ സംസ്ഥാനങ്ങളെ കുറിച്ചോർത്തു. പാറുവമ്മയുമായുള്ള അതിരുതർക്കത്തെ ഓർത്തു. കട്ടിലിലെ മകനുമായുള്ള അതിരുതർക്കത്തെ ഓർത്തു. പിന്നെ മരണത്തെക്കുറിച്ചും. പെട്ടെന്ന് മുറ്റത്തേക്ക് ഒരു ലോറി വന്നു മുരണ്ടു. പാറുവമ്മയ്ക്കും എനിക്കും ഇടയിൽ മതിലുകെട്ടാനുള്ള കല്ലുകളായിരുന്നു അതിൽ.

**മുഹമ്മദ് ഷിബിൽ**
8 ഡി
കോൺകോഡ് ഇ എച്ച് എസ് ചിറമനെങ്ങാട് തൃശ്ശൂർ കുന്നംകുളം
കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# വിതച്ചത് കൊയ്യും

നീലിമലക്കാട്ടിലെ താമസക്കാരായിരുന്നു മിന്നുക്കാക്കയും മക്കളും. വേറെയും ധാരാളം മൃഗങ്ങളും പക്ഷികളും ജീവികളും ആ കാട്ടിലുണ്ടായിരുന്നു. കാട്ടിലെ ഒരു വലിയ ഞാവൽമരത്തിലാണ് മിന്നുക്കാക്കയും മക്കളും താമസിച്ചിരുന്നത്. ദിവസവും മിന്നു ഇരതേടി കാട്ടിനുള്ളിലേക്ക് പോകും. കുഞ്ഞുങ്ങൾക്ക് തീറ്റയുമായി തിരിച്ചു വരും. മിന്നുക്കാക്കയുടെ കുഞ്ഞുങ്ങൾ ഇരതേടി പോവാൻ ആയിട്ടില്ല. അവർ അമ്മ കൊണ്ടുവരുന്ന പഴങ്ങളും മറ്റു ഭക്ഷണങ്ങളും കൊത്തിത്തിന്ന് കൂട്ടിൽ സുഖമായിരിക്കും.

ഒരുദിവസം രാവിലെ മിന്നു തീറ്റ തേടി പറന്നുപോകുമ്പോൾ മരക്കൊമ്പിൽനിന്നു ചിൽ ചിൽ ശബ്ദം കേട്ടു. അതാ, കുഞ്ഞനണ്ണാൻ.

'മിന്നൂ... മിന്നൂ... നീ എങ്ങോട്ടാ പോകുന്നത്?' കുഞ്ഞനണ്ണാൻ ചോദിച്ചു.

'ഞാൻ കുഞ്ഞുങ്ങൾക്ക് കൊടുക്കാൻ വല്ല പഴങ്ങളും കിട്ടുമോ എന്ന് നോക്കാൻ ഇറങ്ങിയതാ'. മിന്നു മറുപടിപറഞ്ഞു. 'എങ്കിൽ വാ., നമുക്കൊന്നിച്ച് പോകാം. കുറച്ചകലെ പുഴക്കരയിലെ അത്തിമരത്തിൽ ധാരാളം അത്തിപ്പഴം പഴുത്തുകിടക്കുന്നുണ്ടെന്ന് ചിന്നുത്തത്ത പറഞ്ഞു. നമുക്കങ്ങോട്ട് പോകാം.' ഇത്രയും പറഞ്ഞ് അണ്ണാൻ അടുത്ത മരക്കൊമ്പിലേക്ക് ചാടി. രണ്ടുപേരും അത്തിപ്പഴം തേടി യാത്രയായി. അവർ പുഴക്കരയിലെത്തി. അത്തിമരത്തിൽ വേറെയും പക്ഷികളും ചെറുജീവികളും പഴങ്ങൾ തിന്നുന്നുണ്ടായിരുന്നു.

'ഹായ്, നല്ല പഴുത്ത അത്തിപ്പഴം!'

മിന്നുക്കാക്ക കുഞ്ഞുങ്ങൾക്കുള്ള അത്തിപ്പഴം കൊക്കിൽ ശേഖരിച്ച് പറക്കാനൊരുങ്ങുമ്പോഴാണ് കൂടിരുന്ന ഭാഗത്തുനിന്നു വലിയ ശബ്ദം കേൾക്കാൻ തുടങ്ങിയത്. മരങ്ങൾ മുറിഞ്ഞുവീഴുന്ന ശബ്ദങ്ങൾ കേൾക്കുന്നുണ്ട്. തന്റെ കുഞ്ഞുങ്ങൾക്കെന്തോ ആപത്ത് സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ മിന്നു കൊക്കിലെ പഴവുമായി കൂടിരുന്ന മരത്തിലേക്ക് പറന്നു. അവിടെ കണ്ട കാഴ്ച മിന്നുവിന് സഹിക്കാൻ കഴിഞ്ഞില്ല. തന്റെ കൂടിരുന്ന മരം മനുഷ്യർ മുറിച്ചിരിക്കുന്നു. തന്റെ കുഞ്ഞുങ്ങൾ താഴെ വീണ് പിടയുന്നു. ഇതു കണ്ട മിന്നുക്കാക്ക തലതല്ലിക്കരഞ്ഞു.

മരംവെട്ടുകാർ മരത്തടികൾ വണ്ടികളിൽ കയറ്റിപ്പോവാൻ തയ്യാറാക്കിയിരിക്കുകയാണ്. അപ്പോഴേക്കും മരങ്ങൾ വെട്ടിമുറിച്ചിരുന്ന മനുഷ്യർ വിശന്നും ദാഹിച്ചും ക്ഷീണിച്ചിരുന്നു. അവർ മൂന്നു പേരുണ്ട്. അവർ തൊട്ടപ്പുറത്തുള്ള അരുവിയിലേക്ക് വെള്ളം കുടിക്കാനായി പോയി. പക്ഷേ, അരുവിയിൽ ഒരു തുള്ളി വെള്ളമുണ്ടായിരുന്നില്ല. മനുഷ്യർ ആശ്ചര്യപ്പെട്ടു.


'ഇതെന്തുപറ്റി! കഴിഞ്ഞ തവണ വന്നപ്പോൾ ഈ അരുവിയിൽ ധാരാളം വെള്ളമുണ്ടായിരുന്നല്ലോ. ഇതിൽനിന്നല്ലേ നമ്മൾ വെള്ളം കുടിച്ചത്.' ഒന്നാമൻ പറഞ്ഞു.

'ശരിയാണല്ലോ'- രണ്ടാമൻ മറുപടി പറഞ്ഞു. 'നമ്മൾ തന്നെയല്ലേ ഇതിനുത്തരവാദികൾ. കാട് കൈയേറി മരങ്ങൾ മുറിച്ചു. മരങ്ങളുടെ എണ്ണം കുറഞ്ഞു. കുന്നുകൾ എല്ലാം ഇടിച്ചുതീർത്തു. അതുകൊണ്ട് അരുവികളും വറ്റിവരണ്ടു.' മൂന്നാമൻ മറുപടി നൽകി.

'ശരിയാണ്... നമ്മൾ വിതച്ചത് നമ്മൾ കൊയ്യും.' മൂന്നുപേരും ഒരുമിച്ച് പറഞ്ഞു.

അതെ കൂട്ടുകാരേ, നമ്മൾ നമ്മുടെ മരങ്ങളും കുന്നുകളും പുഴകളും അരുവികളും വയലുകളും സംരക്ഷിക്കുക... നാളേക്കുവേണ്ടി...

**സാരംഗ് കൃഷ്ണ**
ക്ലാസ്: 4
ആലക്കാട് എസ്.വി.എൽ.പി. സ്കൂൾ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ



# ഇലയുടെ സഹായം

മാനത്ത് മഴക്കാർ വന്നു. കാറ്റുവീശി. കുന്നിൻചരിവിലെ മരത്തിൽ നിന്ന് ഒരില കാറ്റിൽ താഴേക്കു പറന്നു. പുഴയിൽ വീഴണോ.... പുൽമേടിൽ വീഴണോ... കുന്നിൻചരിവിൽ വീഴണോ? ഇല ആലോചിച്ചു, അപ്പോഴേക്കും മഴത്തുള്ളികൾ വീഴാൻ തുടങ്ങി. ടപ്പ്... ടപ്പ്... ടപ്പ്... കീയോം... കീയോം... മഴനനയുന്നോ... രണ്ടു കിളിക്കുഞ്ഞുങ്ങൾ കൂട്ടിലിരുന്ന് ഉറക്കെ കരയുന്നത് ഇല കേട്ടു. ആ പാവങ്ങളെ സഹായിക്കണം. ഇല കാറ്റിൽ പറന്ന് കിളിക്കൂടിന് മുകളിൽ വീണു, ഒരു കുട പോലെ. മഴ പെയ്തു തോർന്നു. പക്ഷേ, ഒറ്റത്തുള്ളി പോലും കിളിക്കുഞ്ഞുങ്ങളുടെ മേൽ വീണില്ല. 'ഹായ്! ഇല നമ്മെ സഹായിച്ചേ.' കിളിക്കുഞ്ഞുങ്ങൾ ഇലയ്ക്ക് നന്ദി പറഞ്ഞു.

ഇലയ്ക്ക് ്സന്തോഷമായി. കിളിക്കുഞ്ഞുങ്ങൾ വളരും വരെ ഇല പിന്നെ എങ്ങും പോയില്ല.

**നയനപ്രദീപ്**
6 ബി
ആർ.എം. യു.പി. എസ്. കല്ലറക്കോണം
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# ചിക്കുക്കാക്കയും മുത്തശ്ശിക്കാക്കയും

വളരെ ക്ഷീണിതനായാണ് അന്ന് ചിക്കുക്കാക്ക തന്റെ കൂടിനുള്ളിൽ എത്തിയത്. 'എത്രയേറെ അന്വേഷിച്ചിട്ടും ഇന്നത്തെ ആഹാരം കിട്ടിയില്ലല്ലോ, വിശന്നിട്ടു വയ്യ. എന്തായാലും കുറച്ചുനേരം വിശ്രമിച്ചിട്ടാവാം'. വിശ്രമിക്കാനായി കൊമ്പുകൾ തോറും ഇടം നോക്കി നടന്നു ചിക്കു. എന്തോ ഒരു വിമ്മിട്ടം. എല്ലായിടത്തും കലപില ശബ്ദവും പ്ലാസ്റ്റിക്മണമുള്ള പുകയും മാത്രം. സ്വസ്ഥമായിരിക്കാൻ ഒരിടം പോലുമില്ല. ചിക്കു തന്റെ മുത്തശ്ശിക്കാക്കയുടെ കൂട്ടിൽ ചെന്ന് അഭയം തേടി. ചിക്കു മുത്തശ്ശിയോടു ചോദിച്ചു: "മുത്തശ്ശീ... മുത്തശ്ശി ചെറുതായിരുന്നപ്പോൾ വിശ്രമിക്കാൻ ഇടമില്ലാതെ എന്നെപ്പോലെ ഇങ്ങനെ വിഷമിച്ചിട്ടുണ്ടോ?" മുത്തശ്ശി തന്റെ കുട്ടിക്കാലത്തേക്കു പോയി. "പണ്ട് ഇങ്ങനയൊന്നുമായിരുന്നില്ല, ഈ താഴ്‌വര നിറയെ മരങ്ങളും പൂന്തോട്ടങ്ങളും നിറഞ്ഞതായിരുന്നു. ഈ നദി നിറയെ തെളിഞ്ഞ വെള്ളം ഒഴുകിയിരുന്നു. പൂക്കളുടെ ഗന്ധമായിരുന്നു എങ്ങും. അങ്ങനെയുള്ള ആ നിശ്ശബ്ദതാഴ്‌വാരത്തിലായിരുന്നു എന്റെ കുട്ടിക്കാലം." 'ട്ടോ...' പെട്ടെന്ന് ഒരു വലിയ ശബ്ദം. അതാ, തങ്ങളിരിക്കുന്ന കൊമ്പ് മനുഷ്യർ വലിച്ചൊടിക്കുന്നു. ചിക്കുക്കാക്കയും മുത്തശ്ശിക്കാക്കയും ചിറകടിച്ചു പറന്നുപൊങ്ങി. മനുഷ്യൻ തന്റെ സ്വാർഥതയ്ക്കുവേണ്ടി ചെയ്യുന്ന ചെയ്തികളോർത്തു ചിക്കുവും മുത്തശ്ശിയും പറന്നകന്നു.

**അബിനേഷ്**
1 എ
ആർ.സി. എൽ.പി.എസ്. ഉച്ചക്കട
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# കുടുക്കിട്ട കൊറോണ

അപ്പു: അച്ഛാ, എത്ര ദിവസമായി ഇങ്ങനെ വീട്ടിനുള്ളിൽത്തന്നെ കഴിയുന്നു? വല്ലാത്ത കഷ്ടം തന്നെ!

അച്ഛൻ: അതിനെന്താ ഇത്ര കഷ്ടം? നമ്മൾ നാടിനെ രക്ഷിക്കാനാണ് വീട്ടിലിരിക്കുന്നത്.

അപ്പു: ഉം! പിന്നെ  കൊറോണ വരുംന്ന് പറഞ്ഞിട്ടല്ലേ?

അച്ഛൻ: നമ്മൾ വീട്ടിലിരിക്കുന്നപോലെ എല്ലാരും വീട്ടിലിരുന്നാൽ മതി, ഒരു കൊറോണയും വരില്ല. നമ്മൾ പുറത്തു പോയി വിളിച്ചുകൊണ്ടു വരാതിരുന്നാൽ മതി.

അപ്പു: പുറത്തിറങ്ങാതിരുന്നാൽ മാത്രം ഇതു തടയാനാവുമോ? നമുക്കും മറ്റുള്ളവർക്കും കുറേ ആവശ്യങ്ങൾ ഉണ്ടാവില്ലേ? അപ്പോൾ എന്ത് ചെയ്യും?

അമ്മ: ഉണ്ടാവും... അപ്പോഴാണ് നാം ശ്രദ്ധിക്കേണ്ടത്.

അപ്പു: ‘എങ്ങനെ?

അമ്മ: നമ്മൾ പുറത്തുപോകുമ്പോൾ മാസ്ക് ധരിക്കുക. കൂട്ടംകൂടി നിൽക്കാതിരിക്കുക. അസുഖമുള്ളവരുമായി അടുത്തിടപഴകാതിരിക്കുക. പുറത്തു പോയി വന്നാൽ കൈയും മുഖവും വൃത്തിയായി കഴുകുക. പിന്നെ കണ്ണിലും മൂക്കിലും നിരന്തരം തൊടാതിരിക്കുക, ഇതൊക്കെ ചെയ്താൽ മതി.

അപ്പു: വഴിയിൽ പോലീസുകാർ ഉണ്ടാവില്ലേ? അവർ തല്ലില്ലേ, വണ്ടി ഓടിക്കുന്നതു കണ്ടാൽ?

അച്ഛൻ: അതിന് ഒരു ദിവസം ഒരാൾ മാത്രം വണ്ടിയിൽ പോകുകയും മാസ്ക് ധരിക്കുകയും തക്കതായ കാരണം പറയുകയും ചെയ്താൽ അവർ ഒന്നും ചെയ്യില്ല.

അപ്പു: എന്നാലും ഞങ്ങൾക്ക് വീട്ടിലിരുന്നു മതിയായി.

അമ്മ: അതിനിവിടെ നിനക്ക് എന്തിന്റെ കുറവാ? ഞങ്ങളെല്ലാരുമില്ലേ? പിന്നെന്താ?

അപ്പു: എന്ത് തന്നെയായാലും സ്കൂൾ, ടീച്ചർ, ഫ്രണ്ട്സ്, അതില്ലാത്ത സങ്കടം മാറില്ലല്ലോ.

അച്ഛൻ: കുറച്ചു ദിവസം കഴിയട്ടെ... ഈ കൊറോണയൊക്കെ അങ്ങ് പോകും. അപ്പോൾ സ്കൂളിൽ പോവാല്ലോ ....അത് പോരേ?

**അപ്സര ആർ.**
3 എ
ആർ.കെ .എം.എ. എൽ.പി.എസ്. കല്യാണപ്പേട്ട
ചിറ്റൂർ ഉപജില്ല, പാലക്കാട്

# രാജകുമാരനും രാജകുമാരിയും

വേനലവധിയായതിനാൽ വീട്ടുമുറ്റത്ത് കളിക്കുകയായിരുന്നു രാജുവും റാണിയും. നല്ല വെയിൽ. പക്ഷികൾ മരത്തിനു മുകളിൽ അങ്ങോട്ടുമിങ്ങോട്ടും പറക്കുകയും ശബ്ദമുണ്ടാക്കുകയും താഴെവന്ന് കൊത്തിപ്പെറുക്കുകയും ചെയ്യുന്നുണ്ടായിരുന്നു. രാജുവിന് വല്ലാത്ത ദാഹം തോന്നി. അവൻ അമ്മയോട് വെള്ളം ചോദിച്ചു. അമ്മ അവന് വെള്ളം കൊടുത്തു. വെള്ളം കുടിച്ചപ്പോൾ ആശ്വാസം തോന്നി. വീണ്ടും അവർ കളിയിൽ ഏർപ്പെട്ടു. അവൻ മരത്തിലുള്ള പക്ഷികളെ ശ്രദ്ധിച്ചു. "അവയ്ക്കും ദാഹം തോന്നുന്നുണ്ടാകില്ലേ?" അവൻ റാണിയോട് ചോദിച്ചു. "തീർച്ചയായും, ഇപ്പോൾ വേനൽക്കാലമായതിനാൽ അവർക്ക് വെള്ളം കിട്ടാൻ വിഷമമാണ്."– റാണി പറഞ്ഞു. "എങ്കിൽ നമുക്ക് അവർക്കുവേണ്ടി പാത്രത്തിൽ വെള്ളമൊഴിച്ചു കൊടുക്കാം, പാവങ്ങളുടെ ദാഹം തീരട്ടെ"– രാജു പറഞ്ഞു. രാജുവും റാണിയും രണ്ടു പാത്രത്തിൽ വെള്ളമെടുത്ത് മരത്തിനു താഴെയുള്ള കല്ലിനു മുകളിലായി വച്ചു. അപ്പോഴാണ് അവർ പറമ്പിൽ അങ്ങിങ്ങായി ചെറിയ ചെറിയ പ്ലാസ്റ്റിക് വസ്തുക്കൾ കണ്ടത്. പ്ലാസ്റ്റിക് എല്ലാ ജീവജാലങ്ങൾക്കും ആപത്താണ് എന്ന് ടീച്ചർ പറഞ്ഞത് അവർ ഓർത്തു. അവർ അമ്മയോട് ചോദിച്ചു: "ഈ പ്ലാസ്റ്റിക് മാലിന്യങ്ങളെ എന്തു ചെയ്യും?" "അതൊക്കെ പെറുക്കി ചാക്കിലാക്കി പ്ലാസ്റ്റിക് എടുക്കാൻ വരുന്നവർക്ക് കൊടുക്കാം", അമ്മ പറഞ്ഞു. അവർ പറമ്പിലെ പ്ലാസ്റ്റിക്കുകൾ എല്ലാം ശേഖരിച്ച് ഒന്നൊഴിയാതെ ചാക്കിൽ കെട്ടിവച്ചു. പറമ്പിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചപ്പുചവറുകൾ അടിച്ചു കൂട്ടിയിട്ടു തീയിട്ടു. രണ്ടുപേരെയും അമ്മ ഭക്ഷണം കഴിക്കാൻ വിളിച്ചു. രണ്ടുപേരും കൈകാലുകൾ സോപ്പുപയോഗിച്ച് നന്നായി കഴുകിത്തുടച്ച് ഭക്ഷണം കഴിച്ചു. അവർ വെള്ളം നിറച്ച പാത്രങ്ങളിൽ പക്ഷികൾ വെള്ളം കുടിക്കാൻ എത്തുന്നുണ്ടോ എന്ന് നോക്കി. അപ്പോളതാ, ഒരു കുളക്കോഴി ആ പാത്രത്തിൽനിന്ന് വെള്ളം കുടിക്കുകയും കുളിക്കുകയും ചെയ്യുന്നു. അവർക്ക് സന്തോഷം തോന്നി. പിറ്റേ ദിവസം ഒരു കീരി, കരിയിലപ്പക്ഷി, കൊക്ക്, വണ്ണാത്തിക്കിളി, ഇങ്ങനെ ദിവസവും കിളികൾ വന്നുകൊണ്ടേയിരുന്നു. അവർ പാത്രത്തിലെ വെള്ളം ദിവസവും മാറ്റിവച്ചു. അപ്പോൾ അമ്മ പറഞ്ഞു: ''ഇപ്പോൾ നിങ്ങൾ എല്ലാ ജീവികളുടെയും രാജകുമാരനും രാജകുമാരിയുമായി.'' അതുകേട്ട് അവർക്ക് വളരെയധികം സന്തോഷമായി.

**ആദിദേവ് വി.പി.**
രണ്ടാം തരം
ഇരിണാവ് ഹിന്ദു എ. എൽ. പി. സ്കൂൾ
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# We Shall Overcome

Snowflakes started falling from the sky "Oh, its shivering," little yellow birdie thought. Now she will have to go for a long journey with her friends to a faraway land. She flew along with her friends enjoying the nature. She is thinking about the green pastoral lands, clear water flowing through the stream, the fishes and crabs in the paddy fields, the evergreen forest of that distant land.

After a long journey. She reached her destination, she flew above rivers and streams, giant trees. She sat on the branch of a tree and observed the nature's beauty. Something had changed, there were no fishermen near the riverbanks. There were no farmers in the paddy fields. No children can be seen playing. Everyone was at home. The nature is calm and quiet, the rivers are crystal clear, the fishes are dancing up and down.

Days passed. Even though the nature is very pleasing without any disturbances something is missing. Little yellow birdie thought "In good old days children always came and fed me, I could hear merry making of children but now no children, no fishermen, no farmers. They are all sheltered in their homes. The little yellow birdie prayed for the fast recovery of world from the epidemic. Then she started singing a song

"WE SHALL OVERCOME
WE SHALL OVERCOME "
The song suits the world.

**AERON MATHEW**
5 B
HFHSS, Kottayam
Kottayam East Sub District, Kottayam

# സമ്മതപത്രം

ഫോണിന്റെ ബെല്ലടികേട്ട് റസിയ അടുക്കളയിൽനിന്ന് സ്വീകരണ മുറിയിലേക്ക് വന്നു. ഫോൺ എടുത്തു. പരിചയമില്ലാത്ത ശബ്ദം. അയാൾ ചോദിച്ചു: "സുബൈറിന്റെ വീടല്ലേ?" അതെ എന്നു റസിയ പറഞ്ഞു. ''നിങ്ങൾ സുബൈറിന്റെ ആരാ?'' ''സുബൈറിന്റെ കെട്ട്യോളാണ്.'' "വേറാരുമില്ലേ വീട്ടിൽ?" മറുപുറത്തുള്ളയാൾ ചോദിച്ചു. "ഫോൺ ബാപ്പയ്ക്ക് കൊടുക്കാം." അവൾ ഫോൺ ബാപ്പയ്ക്ക് കൈമാറി, അടുക്കളയിലേക്ക് പോയി.

കുറച്ചു സമയം കഴിഞ്ഞ് ചായയുമായി റസിയ ഉമ്മറത്തേക്ക് വന്നു. "ഫോണിലാരായിരുന്നു ബാപ്പാ?"

"അ...അ... അത് ഗൾഫീന്നാ"- അയാളുടെ ശബ്ദം ഒന്നിടറി. റസിയ ഒന്നത്ഭുതപ്പെട്ടു. "ഗൾഫീന്നോ?" "ഉം, നമ്മുടെ സുബൈറിന്റെ കൂട്ടുകാരനാ..." "എന്തിനാ വിളിച്ചത്?" റസിയ ചോദിച്ചു. "അത് സുബൈറിന് ചെറിയ ഒരു പനി." "അയ്യോ എന്നിട്ട്?" റസിയ പേടിച്ചു. "അത് ഡോക്ടറെ കാണിച്ചു"- ബാപ്പ.

അവളുടെ മനസ്സ് പതിയെ ചിന്തകളിലേക്ക് വഴുതിവീണു. "ഇക്ക ഇന്നലെയും വിളിച്ചില്ലല്ലോ?'' അവളുടെ മനസ്സ് എന്തോ ചികഞ്ഞെടുത്തു. "അയ്യോ ന്റെ കറി"- അവൾ അടുക്കളയിലേക്ക് ഓടി. അപ്പോൾ ഉമ്മ അടുക്കള മുറ്റത്തുനിന്നു കയറി വന്നു. "റസിയാ...." "ന്താ ഉമ്മാ?" "ഇജ് ആ ചക്കയെടുത്ത് അപ്പറത്തേ സുശീലക്ക് കൊടുക്ക്." റസിയ അപ്പുറത്തേക്ക് പോയി.

കുറച്ചു നേരം കഴിഞ്ഞ് സ്ഥലത്തെ പ്രമുഖരായ രണ്ടുമൂന്ന് പേർ വീട്ടു മുറ്റത്തു വന്നു. ബാപ്പ അവരോട് ചോദിച്ചു: "എന്താ സെയ്താലിക്കാ?" "ഗൾഫിൽ സുബൈറിന്റെ ജോലിസ്ഥലത്തുനിന്നു വന്നതാണീ കടലാസ്. അതിൽ ഓന്റെ കെട്ട്യോളെ ഒരു ഒപ്പ് ബേണം." "അതെന്തിനാപ്പാ?" ബാപ്പ സംശയത്തോടെ ചോദിച്ചു. "അത്... അത്...." അവരുടെ കണ്ണുകളിൽ നിന്നും ഉപ്പ പലതും വായിച്ചെടുത്തു. ശബ്ദം കേട്ട് റസിയ ജനലിലൂടെ പുറത്തേക്ക് നോക്കി. അപ്പോഴൊന്നും അവൾ

അറിഞ്ഞിരുന്നില്ല, തന്റെ പ്രിയതമൻ ലോകത്തെ വിഴുങ്ങിയ കോവിഡ് 19 എന്ന ദുരന്തത്തിന് ഇരയായിത്തീർന്നിരുന്നു എന്ന്. വന്നവർ ബാപ്പയെ കാര്യം പറഞ്ഞു മനസ്സിലാക്കി. കുറച്ച് നേരത്തേക്ക് അയാൾ സ്തബ്ധനായി നിന്നു

"ന്റ അള്ളാ ..... ഞാൻ ആ കുട്ടിയെ എങ്ങനെ ഇത് പറഞ്ഞ് മനസ്സിലാക്കിക്കും?" അയാൾ കടലാസുമായി അകത്തേക്ക് പോയി. റസിയയും ഉമ്മയും ബാപ്പയുടെ അടുത്തേക്ക് വന്നു. വന്നവരുടെ പെരുമാറ്റത്തിൽനിന്ന് എന്തൊക്കെയോ സംഭവിച്ചതായി അവളറിഞ്ഞു. "എന്താ ഉപ്പാ?" അവൾ ഉപ്പയുടെ കണ്ണിലേക്ക് സംശയത്തോടെ ഒന്നു നോക്കി. മറുപടി പറയാനാകാതെ അയാൾ നിന്നു .

ഉപ്പയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. അയാളുടെ കൈയിൽ നിന്നും അവൾ ആ കടലാസ് വാങ്ങി വായിച്ചുനോക്കി. അവളുടെ ഇക്കയെ ഗൾഫിൽത്തന്നെ ഖബറടക്കുന്നതിനുള്ള ഒരു സമ്മതപത്രം ആയിരുന്നു അത്. അവളുടെ വിറയ്ക്കുന്ന കൈകളിൽനിന്നു കടലാസ് നിലംപതിച്ചു. അവൾ ബോധരഹിതയായി നിലത്തേക്ക് വീണു.

**ആവണി സി.**
6 എ
കൂടാളി എച്ച്. എസ്. എസ്.
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# വീണ്ടും ഒരു തേൻവരിക്കക്കാലം

ഞാൻ കേരളത്തിന്റെ ഔദ്യോഗിക ഫലം എന്ന പദവി ലഭിച്ച നിങ്ങളുടെ സ്വന്തം ചക്ക. ചക്കക്കുടുംബത്തിലെ തേൻവരിക്കത്തറവാട്ടിലാണ് എന്റെ ജനനം. എന്റെ കുടുംബത്തെ ഇത്രയും വളർത്തി വലുതാക്കിയത് മാധവൻമാഷാണ്. മാധവൻമാഷ് വലിച്ചെറിഞ്ഞ ചക്കക്കുരുവിൽ നിന്നാണ് എന്റെ കുടുംബപരമ്പര തുടങ്ങുന്നത്. ആദ്യകാലങ്ങളിൽ മാഷ് മുടങ്ങാതെ വെള്ളവും വളവും നൽകിയിരുന്നു. പിന്നീട് എന്റെ കുടുംബത്തെ ആരും തിരിഞ്ഞുനോക്കാതായി. പിന്നീട് അണ്ണാറക്കണ്ണൻമാരും കിളികളും മാത്രമായിരുന്നു ഞങ്ങളെ തേടിയെത്തുന്നത്. മാഷിന്റെ വീട്ടിൽ എല്ലാവർക്കും ഹോട്ടൽ ഭക്ഷണത്തോടായിരുന്നു പ്രിയം. കൊടും ചൂടും തണുപ്പും ,മഴയും മാറി മാറി കടന്നുപോയി. പ്രളയത്തെയും ഞങ്ങൾ തരണം ചെയ്തു. അപ്പോഴാണ് പുതിയ വില്ലന്റെ വരവ്. 'കോവിഡ് 19' എന്ന വില്ലൻ. ജനങ്ങൾക്ക് പുറത്തിറങ്ങാൻ പോലും ഭരണകൂടം വിലക്ക് ഏർപ്പെടുത്തി. ആ സമയം മാധവൻ മാഷും കുടുംബവും മുറ്റത്തിറങ്ങി ഞങ്ങളെ സ്നേഹത്തോടെ നോക്കി. ഇന്ന് മാധവൻമാഷിന്റെ തീൻമേശയിൽ പല രൂപഭാവങ്ങളിലാണ് ഞങ്ങൾ പ്രത്യക്ഷപ്പെടുന്നത്, ചക്കത്തോരൻ, ചക്കപ്പുഴുക്ക്, ചക്ക അവിയൽ, അട, ഉണ്ണിയപ്പം, എരിശ്ശേരി... ഇത് കൂടാതെ വൈറലായിക്കൊണ്ടിരിക്കുന്ന ചക്കക്കുരു ഷേക്ക്. ഒരുപക്ഷേ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം ദൃഢമാക്കാനാകും ഈ ലോക്ക്ഡൗൺ കാലം. എന്നും ഈ ബന്ധം ഇതുപോലെ നിലനിൽക്കട്ടെ എന്ന പ്രാർഥനയോടെ,

സ്വന്തം
ചക്കക്കുട്ടൻ (തേൻവരിക്കത്തറവാട്)

**അനശ്വര ബി.എസ്.**
5 സി
എച്ച്.എസ്. എളന്തിക്കര
വടക്കൻ പറവൂർ ഉപജില്ല, എറണാകുളം

# നിളയുടെ കാത്തിരിപ്പ്...

ഹോ, വേനൽ തുടങ്ങി. വെള്ളം വറ്റിവരുകയാണ്. എന്താണ് ചെയ്യുക? എന്റെ ചുറ്റും ഒരു മരംപോലും ഇല്ല, ഈശ്വരാ ഇതെന്ത് വിധിയാണ്!

നിളയുടെ ഈ പരിഭവം കേട്ട് അരികിലുള്ള ഒരു കുഞ്ഞുപൂ ചോദിച്ചു:

''എന്ത് പറ്റി നിളാനദീ... പിന്നെയും പിന്നെയും വെള്ളം കുറയുകയാണല്ലോ?"

"നീ പറഞ്ഞത് ശരിയാണ്, എത്ര മനോഹരമായി ഒഴുകിയതാണ് ഞാൻ. പറഞ്ഞിട്ട് കാര്യമില്ല, എന്റെ വിധി. ഇല്ലെങ്കിൽ ഇങ്ങനെ ആകുമോ..." നിള വിഷമത്തോടെ പറഞ്ഞു.

ആ സമയം ആടിയുലഞ്ഞ് തെന്നൽ വന്നു. സന്തോഷഭരിതനായ തെന്നലിന്റെ കണ്ണുകൾ നിറഞ്ഞു, നിളയുടെ വേദനാജനകമായ കാഴ്ച കണ്ട്.

കാറ്റ് വിഷമത്തോടെ ചോദിച്ചു: "എന്തു പറ്റി നിനക്ക്? എത്ര സുന്ദരമായി ഒഴുകിയിരുന്നതാണ് നീ. എത്രമാത്രം വെള്ളമുണ്ടായിരുന്നു. ചുറ്റും സുന്ദരമായ പച്ചപ്പും... എന്ത് രസമായിരുന്നു. ഇപ്പോൾ അതൊന്നുമില്ല."

"അതെ, ഇപ്പോൾ ഇതാണ് അവസ്ഥ, നീ പറഞ്ഞ നിള മരിച്ചു, അല്ല കൊന്നു."

നിള വിഷമത്തോടെ പറഞ്ഞു.

'ആര്?' കാറ്റ് ചോദിച്ചു.

അപ്പോൾ കുഞ്ഞുപൂവ് പറഞ്ഞു: "മനുഷ്യർ... അല്ലാതെ ആര്? ഈ പ്രകൃതിദുരന്തങ്ങൾക്കെല്ലാം കാരണം, അവർ എല്ലാം നശിപ്പിച്ചു. ഒരു മരം പോലും വച്ച് പിടിപ്പിച്ചില്ല. കടുത്ത ചൂട്. നിള ഇതാ പതിയെ പതിയെ എന്നിൽ നിന്നകലുകയാണ്, വെള്ളമില്ലാതെ ഈ ചൂടിൽ ഞാൻ ഉണങ്ങി പോകും."

അപ്പോൾ തെന്നൽ: "സാരമില്ല, മഴക്കാലം വരില്ലേ... അപ്പോൾ എല്ലാം ശരിയാകും."

ആ സമയം നിള പറഞ്ഞു:

"മഴ എങ്ങിനെയാ പെയ്യുക എന്നറിയില്ലല്ലോ."

"അത് ശരിയാണ്, കഴിഞ്ഞ പ്രളയം ഞാൻ കണ്ടതല്ലേ. അപ്പോൾ ഈ നിള കലിതുള്ളി ഒഴികിയില്ലേ..." കാറ്റ് പറഞ്ഞു.

"ഓ, നിള ആദ്യം സുന്ദരിയായിരുന്നു അല്ലേ? അപ്പോൾ ആൾക്കാർ വന്നിരുന്നോ ആ മനോഹാരിത മനസ്സിലാക്കാൻ, ആസ്വദിക്കാൻ?" കുഞ്ഞുപൂവ് ചോദിച്ചു.

"പിന്നേ... എത്ര പേർ വന്നിരുന്നെന്നോ നിളയുടെ തീരത്ത്? കവികൾ, കഥാകൃത്തുക്കൾ എന്നിങ്ങനെ... നിളയുടെ സൗന്ദര്യം ആസ്വദിക്കാൻ." കാറ്റ് പറഞ്ഞു.

അപ്പോൾ നിള നദി പറഞ്ഞു: "ഹോ, അതൊരു കാലം. എത്ര രസകരമായിരുന്നു, ആ കാലം ഒരിക്കൽക്കൂടി വന്നിരുന്നെങ്കിൽ... എന്തെല്ലാമായിരുന്നു, നിറയെ വെള്ളം ആവശ്യത്തിന് മണൽ, എന്നെ ആസ്വദിക്കാൻ നിറയെ ആളുകൾ..."

നിളാനദി തന്റെ പഴയകാല സ്മരണകളിലേക്ക് പോയി. എന്നിട്ട് ഇപ്പോഴത്തെ അവസ്ഥയെ കുറിച്ച് ഓർത്ത് കരഞ്ഞുപോയി. കാറ്റും കുഞ്ഞുപൂവും നിളയെ ആശ്വസിപ്പിച്ചു.

"സാരമില്ല, ഇനിയും ആ പഴയ കാലം തിരിച്ച് വരും. എന്നാൽ ഞാൻ പോകട്ടെ"– കാറ്റ് യാത്രചോദിച്ചു.

"എന്നാൽ ശരി, പിന്നെ കാണാം"– നിളയും കുഞ്ഞുപൂവും യാത്രയയച്ചു.

പരസ്പരം സന്തോഷങ്ങളും സങ്കടങ്ങളും പറഞ്ഞ് ഇരുവരും കഴിഞ്ഞു. പതിയെ പതിയെ നിള കുഞ്ഞുപൂവിൽനിന്നും അകന്നു, കുഞ്ഞുപൂവ് വെള്ളം കിട്ടാതെ വാടിപ്പോയി.

നിളയുടെ ദുഃഖം കേൾക്കാൻ ആരുമില്ലാതെയായി. അവൾ നല്ലൊരു നാളെയ്ക്കായി ശുഭപ്രതീക്ഷയോടെ കാത്തിരിക്കുകയാണ്...

**ആർദ്ര കെ. എസ്.**
7 ബി
എച്ച്.എസ്. മുണ്ടൂർ
പറളി ഉപജില്ല, പാലക്കാട്

# അതിജീവനം

എവിടെയോ കരഘോഷങ്ങളും യാത്രാമൊഴികളും കേൾക്കുന്നു. എന്താണെന്ന് അറിയാൻ ഞാൻ തിടുക്കത്തിൽ വാർഡിൽനിന്ന് ഓടി ആശുപത്രിയുടെ പ്രവേശനകവാടത്തിലെത്തി. ആഹാ! അത് ജലീൽ ആണ്! അതിജീവിനത്തിന്റെ സ്വരൂപം!

ഒരു തിങ്കളാഴ്ച പതിനൊന്നുമണിയോടെയാണ് ജലീൽ ആശുപത്രിയിൽ എത്തുന്നത്. എമർജൻസി വിഭാഗത്തിൽ അന്ന് എനിക്ക് ഡ്യൂട്ടി ഉണ്ടായിരുന്നു. തന്റെ ഭാര്യയെയും മക്കളെയും കാണാൻ മൂന്നുവർഷത്തിനു ശേഷം വളരെ ആഗ്രഹത്തോടെ ഖത്തറിൽനിന്ന് എത്തിയതായിരുന്നു ജലീൽ. ആ ആവേശത്തിൽ എയർപോർട്ടിലും മറ്റുമുള്ള ചെക്കിങ്ങിനെ ഒക്കെ അവഹേളിച്ചു ഒഴിവാക്കി. എന്നാൽ ആ യാത്രയിൽ എന്തോ മനംമാറ്റം തോന്നി അവൻ എത്തിയത് ഞങ്ങളുടെ അടുത്തേക്കായിരുന്നു. നിയമനടപടികൾ ലംഘിച്ചെങ്കിലും പിന്നെ അവന് ഉണ്ടായ മനംമാറ്റം ഞങ്ങളെ ഏറെ ആകർഷിച്ചു. അങ്ങനെ ഐസൊലേഷനിൽ തുടരുകയായിരുന്ന അവൻ രോഗലക്ഷണങ്ങൾ കാണിച്ചുതുടങ്ങി. ഉടൻതന്നെ ഞങ്ങൾ മന്ത്രിയെയും മറ്റു ജനപ്രതിനിധികളെയും വിവരം അറിയിച്ചു. ഫലം കാത്തിരുന്ന ദിവസങ്ങളിൽ തന്നെ വീഡിയോ കോൺഫറൻസും മീറ്റിങ്ങും നടത്തി ഒരു യുദ്ധത്തിന് വേണ്ട സകല സജ്ജീകരങ്ങളും ഒരുക്കി. അങ്ങനെ വൈറോളജി ലാബിൽനിന്നു ഫലം എത്തി, കൊറോണ പോസിറ്റീവ്! ഒരു നടുക്കം ഞങ്ങളിൽ ഉണ്ടായെങ്കിലും ജലീലിനെ ഞങ്ങൾ മാനസികമായി ഏറെ പിന്തുണച്ചു. ഞങ്ങളും നമ്മുടെ കളക്ടർ തുടങ്ങി മുഖ്യമന്ത്രി വരെയും ഒരേ മനസ്സോടെ ആ യുദ്ധത്തിനു തുടക്കംകുറിച്ചു. ഒരു തുള്ളി ശ്വാസത്തിനു വേണ്ടി കരഞ്ഞ ജലീലിന്റെ മുഖം ഓർക്കുമ്പോൾതന്നെ ഭയമാണ് ഇപ്പോഴും. പിന്നെ കുറച്ചു ദിവസങ്ങക്കു ശേഷം അവൻ എന്നോട് ചോദിച്ചിരുന്നു, “രാഘവേട്ടാ, എങ്ങനെയുണ്ട് നമ്മുടെ നാട്, കുഴപ്പമില്ലല്ലോ?” “എന്തിനാ ജലീലേ പേടിക്കുന്നേ, എന്തിനും കൂടെനിൽക്കുന്ന നല്ല ഭരണകർത്താക്കളും ആരോഗ്യപ്രവർത്തകരും ഉള്ളപ്പോൾ! പിന്നെ



ജലീലേ, റൂട്ട്മാപ്പ് എന്ന ഒരു രീതിയുണ്ട്. അത് വച്ചു നീയുമായി സഹകരിച്ച എല്ലാവരെയും കണ്ടുപിടിച്ചു ഐസൊലേഷനിൽ ആക്കിയിട്ടുണ്ട്" എന്ന് ഞാനും പറഞ്ഞു. ഒരു നേരിയ പുഞ്ചിരിയോടെ അവൻ പറഞ്ഞു: "ശരിയാണ് ചേട്ടാ, നമ്മൾ അതിജീവിക്കും." അങ്ങനെ ഒരു കുടുംബം പോലെയാണ് ഞങ്ങൾ കഴിഞ്ഞിരുന്നത്. ഇന്ന് ജലീൽ പോകുകയാണ്, പൂർണ ആരോഗ്യവാനായി.... അവന്റെ ആഗ്രഹം പോലെ മക്കളോടൊപ്പം കളിക്കാനും ചിരിക്കാനും....

ഉഷ്മളമായ ഒരു കാറ്റ് ഈ ആശുപത്രിപരിസരങ്ങളിൽ വീശുന്നുണ്ട്. അതിന് പറയാനുള്ളത് ഒന്നു മാത്രം- നമ്മൾ അതിജീവിക്കും!

**മേഘ രാജ്**
10 ഡി
എസ്. എൻ. വി. എസ്. എച്ച്. എസ്. തിരുവല്ല
തിരുവല്ല ഉപജില്ല, പത്തനംതിട്ട

# മാളുവിന്റെ ഏകാന്തത

എന്തൊരു വിരസത... ഒരുനിമിഷം പോലും അടങ്ങിയിരിക്കാത്ത താൻ ഇതാ സ്വർണക്കൂട്ടിലെ തത്തയെപ്പോലെ ഒരു മുറിയിൽ, തനിച്ച്. ഒരു മരം കഴിഞ്ഞ വർഷം മുറ്റത്ത് വച്ചിരുന്നെങ്കിൽ അതും നോക്കിക്കൊണ്ടിരിക്കാമായിരുന്നു. ഇപ്പോൾ മനസ്സിലാകുന്നു, പ്രകൃതിയുടെ വില. അന്ന് ടീച്ചർ തന്ന ചെടി മുറ്റത്ത് വെക്കാമായിരുന്നു. ഒരു കിളിപോലുമില്ല. ഈ കൊറോണ ഒന്ന് പോയിരുന്നെങ്കിൽ.. ഛേ...

അധികം മരങ്ങളൊന്നും പരിസരത്തില്ലാത്ത ഒരു വലിയ വീട്. കിളികളോ ശലഭങ്ങളോ ഒരു തേനീച്ചപോലുമോ ഇല്ല. 'പണം' എന്നത് വേദവാക്യമാക്കി ജീവിക്കുന്ന ഒരു കുടുംബം. എല്ലാവരെയും പോലെ അവരും അറിഞ്ഞില്ല, കൊറോണയെന്ന മഹാമാരിയെ. ലോകം ചുറ്റാനിറങ്ങി, എന്നാൽ കൊറോണ ആ കൊച്ചുപെൺകുട്ടിയെ മാത്രം നോട്ടമിട്ടു. അയൽക്കാരായ പാവങ്ങൾക്ക് ഒരുതരി മണ്ണുപോലും കൊടുക്കാത്ത പിശുക്കരായിരുന്നു അവർ. പുറത്തിറങ്ങാനാകില്ലെങ്കിലും അനാവശ്യങ്ങൾക്കായ് അവർ പണം ചെലവഴിച്ചു കൊണ്ടിരുന്നു. ഈ വീടിന്റെ ഒരു അറ്റത്തെ മുറിയിൽ ആ കൊച്ചുപെൺകുട്ടി വിഷമിച്ച് ഇരിക്കുന്നു. അവൾ ജീവന്മരണ പ്പോരാട്ടത്തിലാണ്. "മാളൂ റൂമിന്റെ മുന്നിൽ ഭക്ഷണം വച്ചിട്ടുണ്ട്. എടുത്ത് കഴിച്ചോ... കൂടെ ഒരു ഫോണും ഉണ്ട്. അത് നിനക്കാ."

അമ്മയുടെ വിളി കെട്ടുകഴിഞ്ഞപ്പോൾ അവൾ പതുക്കെ എഴുന്നേറ്റ് വിരസതയോടെ ഭക്ഷണവും ഫോണും എടുത്തു. അന്നുമുതൽ ആ വീട്ടിൽ ആരവങ്ങളുമില്ലായിരുന്നു. എല്ലാം ചെറിയ ഫോണുകളിൽ ഒതുങ്ങിപ്പോയിരുന്നു. അഞ്ചുദിവസം കഴിഞ്ഞു. അവളുടെ ലോകം അവളുടെ കൈ മാത്രമായി ഒതുങ്ങി. തലവേദനയിലും പനിയിലും കുടുങ്ങിപ്പോയെങ്കിലും അവൾ ഫോൺ ഉപയോഗം നിർത്തിയില്ല. അവൾ അതും വിരസതയായി കാണാൻ തുടങ്ങി. വൈകാതെ ശ്വാസംമുട്ടൽ അവളുടെ കൂടെ വന്നു. അന്ന് അമ്മയുടെ ഫോണിൽ ഒരു കോൾ വന്നു. 'അമ്മേ, എനിക്ക് ശ്വസംമുട്ടുന്നു. അമ്മ ഡോക്ടറെ വിളിക്കൂ...'

ആ ഫോൺകാൾ ഒരു ആംബുലൻസ് വിളിച്ചുവരുത്തി. അങ്ങനെ അവൾ കൊറോണ വാർഡിലേക്ക്. അവിടെ അവൾ വീണ്ടും ഒറ്റയ്ക്കായി. കരഞ്ഞുകരഞ്ഞ് അവൾ മയങ്ങിപ്പോയി. മാളൂ... എന്റെ ഫോൺ എടുത്തത് നീയല്ലേ.. അത് താ.. എന്നിട്ട് പോയി ടി.വി കാണ്.. ഇങ്ങ് തന്നേ.. ആ.. കിട്ടി.. ഞാൻ ടി.വി. കാണാൻ പോവാ.. അമ്മ.. ഇത് ശരിയല്ല, ഞാൻ പഠിക്കുന്നു.. അവൾ ടി.വി. കാണുന്നു.. മിണ്ടില്ല.. അവൾ ആറിലല്ലേ.. നീ പന്ത്രണ്ടിലും... പോയി പഠിക്ക്.. ‘പോ ചേച്ചി.. ഞാൻ കൊച്ചുകുട്ടിയാ.. നീ വലിയ കുട്ടിയല്ലേ.. അനുഭവിച്ചോ...’


പെട്ടെന്നവൾ ഞെട്ടിയുണർന്നു.. ഇത് ഒരു സ്വപ്നമായിരുന്നോ... ശേ.. ചേച്ചിയും അമ്മയും.. എന്തൊക്കെ ഓർമകളാണ്.. ഇനി ഇതെല്ലാം ഓർമകൾ മാത്രമാകുമോ.... എല്ലാം വിരസതയായിരുന്നു.. ഇന്ന് അതൊന്നും ചെയ്യാനാവില്ല. ശ്വാസംമുട്ടൽ ഒന്നിനും അനുവദിക്കുന്നില്ല .. ഭക്ഷണത്തിനു രുചി തോന്നുന്നില്ല.. വാരിത്തരാൻ അമ്മയില്ല.. മിണ്ടാൻ ആരുമില്ല.. താൻ മരിക്കാൻ പോവുകയാണ്.. അതറിയാം.. എന്നാലും.. ഒരു പ്രാവശ്യം അമ്മയെ കാണണം..

ആഗ്രഹങ്ങളെല്ലാം ബാക്കിയാക്കി അവൾ യാത്രയായി. പണം ഒന്നിനുമുപകരിച്ചില്ല.. കൂട്ടായ്മയും സഹായഹസ്തങ്ങളുമാണ് ആവശ്യം. മാളുവിന്റെ ഓർമ എന്നും നമുക്കൊരു പാഠമാണ്. മനസ്സുകൊണ്ടടുക്കാൻ ശരീരം കൊണ്ടകലാം...

**ഡാനിയ പി. തോമസ്**
9 എ
എസ്. സി. എസ്. ഹയർ സെക്കണ്ടറി സ്കൂൾ, തിരുവല്ല
തിരുവല്ല ഉപജില്ല, പത്തനംതിട്ട

# വീടൊരു മരുന്ന്

പുതിയ പാഠങ്ങൾ മനുഷ്യസമൂഹത്തിനു പകർന്നുനൽകിയ കൊറോണക്കാലം! ഇക്കാലത്തെ 'ലോക്ക്ഡൗൺ' കാലമെന്ന് നമ്മൾ ഓമനപ്പേരിട്ട് വിളിച്ചു. കിളിക്കൂടുകളിൽ അടച്ചിട്ടു കിളികളെ വളർത്തുന്നത് നമുക്കൊരു ശീലമായിരുന്നു. സമയത്തിന് തീറ്റയും വെള്ളവുമൊക്കെ കൊടുക്കുന്നതിനാൽ കിളികൾ വളരെ സന്തോഷമുള്ളവരാകുമെന്ന കരുതലിൽ ആയിരുന്നു നമ്മൾ... ഒന്ന് ചിറകടിച്ചു പറക്കാൻ കഴിയാത്ത, പഴുത്ത കായ്കൾ യഥേഷ്ടം കൊത്തി പറന്നുല്ലസിക്കാൻ കഴിയാത്ത കിളികളുടെ സ്വാതന്ത്ര്യദാഹം നമ്മൾ അറിഞ്ഞിരുന്നതേയില്ല.



എന്നാൽ ഇന്ന് ഈ കൊറോണക്കാലത്ത് നമ്മളുടെയും അവസ്ഥ ഇതു തന്നെയല്ലേ? വെളിയിൽ ഇറങ്ങിയാൽ പോലീസ് പിടിക്കും, അല്ലെങ്കിൽ കൊറോണ പിടിക്കും എന്നുള്ള ഭീതിയാൽ കൂട്ടിലടച്ച കിളികളെ പോലെ നാമിരുന്നു.

**മീര മോഹൻ**
6 ബി
എസ്. സി. എസ്. ഹയർ സെക്കണ്ടറി സ്കൂൾ തിരുവല്ല
തിരുവല്ല ഉപജില്ല, പത്തനംതിട്ട

# പ്രതീക്ഷ

ചുറ്റും ഇരുൾ പരക്കുകയാണ്.....ഉള്ളിൽ ഭയം വളരുന്നു..... ചുറ്റും ആരുമില്ല... അരികിൽ എവിടെയും മരണത്തിന്റെ രൂക്ഷഗന്ധം.... ഉറ്റവരെയും ഉടയവരെയും കാണാതെ ഇരുളിന്റെ ആഴങ്ങളിലേക്ക്... ഇരുട്ടിൽ എവിടെയോ... ഒരു കുഞ്ഞുവെളുപ്പ്... പ്രാണൻ കൈയിൽ പിടിച്ച ഒരു മാലാഖക്കുട്ടി.... അവൾ തലയിൽ തലോടുന്നുണ്ട്... ചെവിയിൽ പതുക്കെ മന്ത്രിക്കുന്നു.... നമ്മൾ അതിജീവിക്കും... പ്രതീക്ഷയാണ്... പ്രതിരോധമാണ്... തിരികെ പിടിക്കും...

**ദേവപ്രിയ**
8 ബി
എസ്.എ.വി.എച്ച്.എസ്. ആങ്ങമൂഴി
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട

# കോവിഡും ചക്കപ്പുഴുക്കും

കുട്ടിക്കിണ്ണവും വെള്ളക്കിണ്ണവും കൂട്ടുകാരായിരുന്നു. കിണ്ണോരം വീട്ടിലായിരുന്നു അവരുടെ താമസം. രുചിയൂറുന്ന വിഭവങ്ങൾകൊണ്ട് രണ്ട് കിണ്ണവും നിറയുമ്പോൾ അവർക്ക് അതിയായ സന്തോഷമായിരുന്നു. വെള്ളക്കിണ്ണം നിറയെ വെള്ളച്ചോറ്. അതിനു മേലെ അലങ്കരിച്ചുവച്ച തൊടുകറികൾ വെള്ളക്കിണ്ണത്തിന്റെ മാറ്റ് കൂട്ടുമായിരുന്നു. തൈരും ചുമന്നുള്ളി അരിഞ്ഞതും പച്ചമുളകും ഇഞ്ചിയും ഉപ്പും ഉടച്ചെടുത്ത മോര് കുട്ടിക്കിണ്ണത്തിൽ നിറഞ്ഞിരിക്കും... ഇടയ്ക്കൊക്കെ ചിക്കൻബിരിയാണിയും മുട്ടബിരിയാണിയും അവർക്കിടയിലേക്ക് ഓടിയെത്തും... ഇങ്ങനെ ദൈനംദിനം കുട്ടിക്കിണ്ണവും വെള്ളക്കിണ്ണവും രുചിയുടെ കൂട്ടുകക്ഷികളായി മാറുകയായിരുന്നു.

കുറേ ദിവസമായി രണ്ടുപേരും മൗനത്തിലാണ്. പഴയ പ്രൗഢി ഒന്നും എങ്ങും കാണുന്നില്ല. രണ്ടുപേരും ചിന്തിച്ചു.. ശ്ശെടാ, ഇപ്പോ എന്നും ഇവിടെത്തുന്നത് ചക്കവിഭവങ്ങളാണല്ലോ.. ഇതെന്നാ പ്ലാവിന്റെ കൂട്ടർ ഒന്നടങ്കം കൂടിളകി വന്നതുപോലെ.. സദ്യ ഒന്നും ഇപ്പോ ഇല്ലേ... ചക്കപ്പുഴുക്ക് തന്നെ രണ്ടുനേരം എത്തുന്നു. ഇടയ്ക്ക് വെടിക്കുരു തോരൻ, ഇടയ്ക്ക് പഴുത്ത ചക്കച്ചുളകൾ.. ആഹാ, ഇതെന്തു കഥ..! നോക്കിക്കേ, പ്ലാഞ്ചോട്ടിൽ എന്തൊരു ആൾക്കൂട്ടം...

അങ്ങനിരിക്കെ ചക്കപ്പുഴുക്ക് ഇളക്കാനെത്തിയ തവിക്കുട്ടനാണ് നാട്ടിൽ കൊറോണയെത്തിയ കാര്യം അവരോട് പറഞ്ഞത്. ഇപ്പോ എല്ലാരും ചുറ്റുവട്ടത്തുള്ള ചക്കയും കപ്പയും ഒക്കെയായി വീട്ടിൽത്തന്നെ കഴിയുകയാണ്. അതും ആരോഗ്യത്തിന് നല്ലതാണ്. തവിക്കുട്ടൻ ഒരു കാര്യം കൂടി ഓർമ്മിപ്പിച്ചു- സാമൂഹിക അകലം പാലിക്കണം. ഇടവിട്ട് കൈ വെടിപ്പാക്കണം. എങ്കിലേ നമുക്കവനെ തുരത്താനാകൂ....

**നവീൻ റെജി**
9 ബി
എസ്. എച്ച്. എച്ച്. എസ്. എസ്, മൈലപ്ര
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട

# ഒഴിവുകാലം

കുരുവിക്കുഞ്ഞുങ്ങളുടെ ശബ്ദകോലാഹലങ്ങൾ കേട്ടാണ് ലച്ചു ഉറക്കമുണർന്നത്. അലസമായി അവൾ ചുറ്റിനും നോക്കി. അച്ഛനും അമ്മയും എല്ലാം ടി.വിയിൽ വാർത്ത കണ്ടുകൊണ്ടിരിക്കുകയായിരുന്നു.

ലച്ചുവിനെ കണ്ടയുടൻ അച്ഛൻ പറഞ്ഞു, 'ലച്ചു, പോയിരുന്ന് പഠിക്കൂ'. ആ ഒറ്റവാക്കിൽ ലച്ചുവിന് സകല സന്തോഷങ്ങളും നഷ്ടമായി. അതെ... നാളെയാണ് പരീക്ഷ! പ്രഭാതകൃത്യങ്ങൾ നിർവഹിച്ച ശേഷം ലച്ചു -പഠിക്കാനിരുന്നു. കുറേനേരത്തിനു ശേഷം പഠിച്ചു മടുത്തപ്പോൾ അവൾ മെല്ലെ എഴുന്നേറ്റ് സ്വീകരണമുറിയിലെത്തി. അവിടെ എത്തിയപ്പോൾ ലച്ചുവിനെ എല്ലാവരും ഉറ്റുനോക്കി; അവളോട് എന്തോ പറയാൻ വിങ്ങുന്നത് പോലെ. ഞാൻ ആദ്യം എന്ന മട്ടിൽ അമ്മ പറയാൻ തുടങ്ങി: "ലച്ചു... നിങ്ങളുടെ പരീക്ഷ എല്ലാം മാറ്റി...!" ആ വാക്കുകൾ അവളുടെ ഹൃദയത്തിലേക്ക് ഇരച്ചുകയറി. വിസ്മയത്തോടെ അവളുടെ കണ്ണുകൾ വിരിഞ്ഞു. കാരണമൊന്നും അന്വേഷിക്കാതെ അവൾ സ്തംഭിച്ചു നിന്നു പോയി. അവൾ ഒന്നും ചോദിക്കാതെതന്നെ അമ്മ പറഞ്ഞു:

''ലച്ചു.... കൊറോണവൈറസ് വ്യാപിക്കുന്നതിനാൽ സർക്കാർ പരീക്ഷകൾ എല്ലാംതന്നെ ഉപേക്ഷിച്ചു."

ദിവസങ്ങൾ കഴിഞ്ഞു, ആഴ്ചകൾ കഴിഞ്ഞു. ലച്ചുവിനെ അലസത മൂടാൻ തുടങ്ങി. ഇനിയെത്ര നാളിങ്ങനെ വീട്ടിൽത്തന്നെ? വെക്കേഷൻ ആയിട്ട് മാമന്റെ വീട്ടിൽ പോകാൻ ഇരുന്നതാണ് ലച്ചു. "ഹോ! നാശം പിടിച്ച രോഗം"- അവളുടെ മനസ്സ് മന്ത്രിച്ചു. അങ്ങനെ ലോകംതന്നെ അടച്ചു പൂട്ടപ്പെട്ട നാളുകളിൽ ലച്ചു തന്റെ വീട്ടുപറമ്പിലേക്ക് ഇറങ്ങി. തന്റെ മുറിയുടെ ജനലരികിൽ നിൽക്കുന്ന വാകമരത്തിന്റെ ചുവട്ടിൽ അവൾ നിന്നു. ഇലകളെക്കാൾ അധികമായി നിൽക്കുന്ന ചുവപ്പുപൂക്കൾ അവളെ കുളിരണിയിച്ചു. അവയുടെ ഭംഗിയിൽ ലയിച്ചുനിന്ന ലച്ചു ആ കാഴ്ച കണ്ടു. വാകമരത്തിന്റെ ഏകദേശം മധ്യത്തിൽ ഉണ്ടായിരുന്ന ബലമേറിയ ചില്ലയിൽ ഒരു കുഞ്ഞ് കുരുവിക്കൂട്. അവൾ അതിലേക്ക് സൂക്ഷിച്ചു നോക്കി, "ആഹ രണ്ടു കുരുവികൾ!" താൻ കണ്ട മനോഹരമായ കാഴ്ച ആരോടെങ്കിലും ഒക്കെ ഒന്നു പറയാൻ ലച്ചു വീടിനകത്തേക്ക് കുതിച്ചു.

അച്ഛൻ പത്രവായനയിൽ മുഴുകി ഇരിക്കുകയായിരുന്നു. അമ്മ അടുക്കളയിൽ ഊണിനുള്ള കാര്യങ്ങൾ തിടുക്കത്തിൽ കൂട്ടുകയായിരുന്നു. “അമ്മേ.... നമ്മുടെ വാകയിൽ ഒരു കുഞ്ഞു കുരുവി ക്കൂട്.” അത് കേട്ടിട്ടും അമ്മയിൽ വലിയ ഭാവവ്യത്യാസം ഒന്നും മിന്നു കണ്ടില്ല. അവൾ വീണ്ടും വാകച്ചുവട്ടിൽ വന്നു. ആ കൂട് തന്റെ ഉണ്ട ക്കണ്ണുകളുടെ വലുപ്പം കൂട്ടിക്കൊണ്ട് അവൾ നിരീക്ഷിച്ചു. രണ്ട് കുരുവികൾ ഉണ്ട്, ഹായ്, അവയുടെ കണ്ണുകൾ.... മഞ്ചാടിമണികൾ പോലെ ചുവന്നിരിക്കുന്നു. മഞ്ഞനിറമുള്ള മൃദുശരീരത്തിൽ നീല ക്കുത്തുകളും വരകളും, അവയെ വാരിയെടുത്ത് ഉമ്മവെക്കാൻ ലച്ചു ആശിച്ചു. ലച്ചുവിനെ കണ്ടത് കിളികൾക്ക് അത്ര രസിച്ചില്ല. അവ പേടിച്ചു മറയുന്നതും ‘‘കീ.... കീ....’’എന്നൊക്കെ ചിലയ്ക്കുന്നതും ലച്ചു ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ‘‘ഹേയ് പേടിക്കേണ്ട, ഞാൻ നിങ്ങടെ കൂട്ടുകാരിയാ“, തന്റെ കുഞ്ഞുചുണ്ടുകൾ കൊണ്ട് നുണക്കുഴിപ്പൂക്കൾ വിടർത്തി അവൾ പറഞ്ഞു. ലച്ചു ആ വാകമരച്ചുവട്ടിൽ ഒരു നിത്യസന്ദർശകയായി മാറി. പയ്യെപ്പയ്യെ കിളികളും അവളോട് ഇണങ്ങാൻ തുടങ്ങി. ഇടയ്ക്ക് അവ ലച്ചുവിന്റെ തോളിലും കൈകളിലും സ്ഥാനം പിടിച്ചു. ഊണിലും ഉറക്കത്തിലും അവൾ കുരുവികളെ കുറിച്ചോർത്തു. വാകച്ചുവട്ടിൽ നിത്യേന അവൾ വെള്ളവും ആഹാരവും ഒക്കെ കൊണ്ടുവച്ചു. കുരുവികൾ അതൊക്കെ കഴിക്കുന്നതും അവൾ നോക്കി നിന്നിരുന്നു.

അങ്ങനെ അവളറിയാതെ അവളും ആ കിളികളും തമ്മിൽ കൂട്ടുകാരായി മാറിയിരുന്നു. ദിവസങ്ങൾ കുഴിഞ്ഞുകൊണ്ടേയിരുന്നു. കോവിഡ് എന്ന മഹാമാരി ലോകത്തെ കാർന്നുതിന്നുകൊണ്ടേയിരുന്നു. ഒരുനാൾ അവളുടെ കുരുവികൾ സംസാരിക്കുന്നതായി ലച്ചുവിന് തോന്നി. വീട്ടിൽ അടച്ചിരുന്ന് അവളുടെ മനസ്സ് മരവിച്ചുപോയിരുന്നു. അസ്വാഭാവികത നിറഞ്ഞ അവളുടെ പെരുമാറ്റം കണ്ട് കിളികൾ ആരാഞ്ഞു: ‘എന്തു പറ്റി ലച്ചു.....?‘ തീർത്തും വിഷമത്തോടെ അവൾ മറുപടി പറഞ്ഞു: ‘ വീട്ടിലിരുന്ന് മടുത്തു കുരുവികളേ.... നിങ്ങളെ പോലുള്ള ഏതെങ്കിലും പക്ഷിയോ പൂച്ചയോ പൂമ്പാറ്റയോ ഒക്കെയായി ജനിച്ചിരുന്നെങ്കിൽ....? ഹായ് ! എന്തു രസമായിരുന്നു! സ്കൂൾ ഇല്ല, ഹോംവർക്ക് ഇല്ല, പരീക്ഷ ഇല്ല..... എന്തിനധികം, ഈ കൊറോണയും നിപ്പയും ഒന്നും നിങ്ങൾക്ക് വരില്ല. വവ്വാലുകളിൽ മാത്രമല്ലേ ഇതൊക്കെ ബാധിക്കുന്നത്......” അൽപ്പ നേരത്തെ മൗനത്തിനു ശേഷം കിളികൾ പറഞ്ഞു... ‘അതെ ലച്ചു... നിങ്ങൾ

മനുഷ്യർതന്നെയാണ് നിങ്ങളെ നശിപ്പിക്കാൻ ഓരോ വഴിയും തീർക്കുന്നത്, ഇപ്പോൾ എങ്ങനെ ഇരിക്കുന്നു....? പ്രപഞ്ചം അതിന് സഹിക്കവയ്യാതെ നിങ്ങളെ കൈവിട്ടിരിക്കുകയാണ്. ഞങ്ങൾ പക്ഷിമൃഗാദികൾക്ക് ഈ ലോകത്തെ വിട്ടുതന്നുകൊണ്ട്.... അത്രമേൽ നിങ്ങൾ പരിസ്ഥിതിയെ നോവിക്കുന്നു. കുറച്ചു നാളുകളേ ആയിട്ടുള്ളൂ ഈ അവസ്ഥ ലോകത്തിന് വന്നിട്ട്. അത്രതന്നെ ധാരാളം, മനുഷ്യരുടെ ക്രൂരമായ ഇടപെടലുകൾ ഇല്ലാതെ വന്നപ്പോൾ പ്രകൃതി ശുദ്ധമായിരിക്കുന്നു. ശുദ്ധമായ വായു, കണ്ണാടിപോലെ തെളിഞ്ഞ് ഒഴുകുന്ന അരുവികൾ, പുഴകൾ, പൂക്കളും പുലരിയും എല്ലാം ശുദ്ധം. “ഈ അവസ്ഥ മാനവരാശിക്ക് ഒരു പാഠമാണ്. ഇനിയെങ്കിലും നിങ്ങൾ ഈ പരിസ്ഥിതിയെ സംരക്ഷിക്കണം. അത് വരുംതലമുറയോട് നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ ഉപകാരമായിരിക്കും.” കുരുവികൾ പറഞ്ഞു നിർത്തിയതും ലച്ചു ഒന്ന് ഞെട്ടി. ചുറ്റിനും വെളിച്ചമില്ല, വാകമരമില്ല, കുരുവികൾ ഇല്ല. അതെ, താൻ കണ്ടത് ഒരു സ്വപ്നമായിരുന്നോ? കിഴക്ക് വെള്ളകീറിയ ഉടൻതന്നെ ലച്ചു വാകമരച്ചുവട്ടിലേക്ക് കുതിച്ചു. അവിടെ കിളികൾ ഉണ്ടായിരുന്നു. സ്വതന്ത്രമായി അവർ ഉല്ലസിക്കുന്നു. ഇവിടെ വീടിനുള്ളിൽ അടയ്ക്കപ്പെട്ട് ഒരു കൂട്ടം മനുഷ്യരും!

**ഭാരതി കൃഷ്ണ കെ. പി.**
9 ബി
എസ്. എൻ. ഡി. പി. എച്ച്. എസ്. എസ്. കുട്ടമംഗലം
മങ്കൊമ്പ് ഉപജില്ല, ആലപ്പുഴ

# ദൈവത്തിന്റെ സ്വന്തം നാട്

ഒരിടത്ത് കോവിഡ് എന്നു പേരുള്ള ഒരു കുട്ടി ജിവിച്ചിരുന്നു. അവൻ ജനിക്കുന്നതിനു മുന്നേതന്നെ അവന്റെ അച്ഛൻ മരണപ്പെട്ടതിനാൽ അമ്മ വളരെ കഷ്ടപ്പെട്ടാണ് അവനെ വളർത്തിയത്. എല്ലാ ദിവസവും അവൻ കൂട്ടുകാരോടൊത്ത് മൈതാനത്തിൽ വിവിധ കളികളിൽ ഏർപ്പെടുമായിരുന്നു. എല്ലായ്പ്പോഴും ജയം അവന്റെ കൂടെയായിരുന്നു. അങ്ങനെയിരിക്കെ ഒരുദിവസം കളിക്കളത്തിൽ വച്ച് ഉണ്ടായ ഒരു വഴക്കിനിടയിൽ അവൻ കൂട്ടുകാരനെ അടിക്കുകയുണ്ടായി. അടി കൊണ്ട് താഴെവീണ കൂട്ടുകാരൻ പറഞ്ഞു, നീ ഞങ്ങളെയല്ല ഉപദ്രവിക്കേണ്ടത്. ആദ്യം നിന്റെ അച്ഛനെ കൊന്ന മനുഷ്യരോട് പ്രതികാരം ചെയ്തിട്ട് വരൂ. അവന് അത് ഒരു പുതിയ അറിവായിരുന്നു. അന്ന് എത്ര നിർബന്ധിച്ചിട്ടും അവർ ആഹാരം ഒന്നും കഴിച്ചില്ല. അവന് അവന്റെ അച്ഛനെക്കുറിച്ച് അറിയണമായിരുന്നു. ഈ ലോകത്ത് മനുഷ്യർ എന്ന ഒരു കൂട്ടർ ഉണ്ട്. ഒരിക്കൽ അവരുമായുണ്ടായ യുദ്ധത്തിനിടയിലാണ് അവന്റെ അച്ഛൻ കൊല്ലപ്പെട്ടതെന്ന രഹസ്യം അമ്മയ്ക്ക് അവനോട് പറയേണ്ടിവന്നു. കൂട്ടത്തിൽ തങ്ങളുടെ വർഗത്തിൽ പെട്ട പ്ലേഗ്, വസൂരി തുടങ്ങിയവർ ഈ ലോകത്തെ കീഴടക്കാൻ ശ്രമിച്ച സാഹസികകഥകളും അമ്മ അവനെ പറഞ്ഞുകേൾപ്പിക്കുകയുണ്ടായി. ഇതൊക്കെ കേട്ട കോവിഡ് തന്റെ അച്ഛനെ ചതിച്ചുകൊന്ന മനുഷ്യരോട് പ്രതികാരം ചെയ്യാൻ തീരുമാനിച്ചു. കോവിഡ് ഇന്ന് ശക്തനായ ഒരു ചെറുപ്പക്കാരനായി മാറിയിരിക്കുന്നു. അവൻ ഇന്ന് 19 വയസ്സായി. തന്റെ സുഹൃത്തുക്കളായ കൊറോണക്കൂട്ടത്തെയും കൂട്ടി ലോകത്തിലെ മനുഷ്യരെ കൊന്നൊടുക്കി ഈ ലോകം കീഴടക്കാൻ പുറപ്പെട്ടു. തന്റെ വൃദ്ധമാതാവിന്റെ അനുഗ്രഹം വാങ്ങി അവൻ ആദ്യംതന്നെ തന്റെ സൈന്യമായ കൊറോണക്കൂട്ടത്തെയും കൂട്ടി, വന്മതിൽ പണിത രാജ്യം ആക്രമിച്ച് കീഴടക്കി. ശക്തരായ കൊറോണക്കൂട്ടത്തെയും കൂട്ടി കോവിഡ് ലോകത്തിലങ്ങോളമിങ്ങോളമുള്ള മനുഷ്യരെ തേടി ചെന്ന് നശിപ്പിക്കാൻ തുടങ്ങി. ഓരോ രാജ്യവും കീഴടക്കി അവൻ മുന്നേറി. ലോകത്തിന്റെ ഒരു മൂലയിൽ സ്ഥിതി ചെയ്യുന്ന ദൈവത്തിന്റെ സ്വന്തം നാടെന്നറിയപ്പെടുന്ന രാജ്യത്തെക്കുറിച്ചറിഞ്ഞ കോവിഡ് 19 തന്റെ സൈന്യത്തേയും കൂട്ടി അങ്ങോട്ട് പുറപ്പെട്ടു. വഴിയിൽ വച്ച് അവൻ നിപ്പമുത്തശ്ശിയെ കണ്ടുമുട്ടി. “മോനേ, കോവിഡേ, നീ സൂക്ഷിക്കണം. ആ രാജ്യത്തുള്ള രാജാവും മന്ത്രിമാരും അതിശക്തരാണ്. ഞാൻ അവരെ രണ്ടു പ്രാവശ്യം ആക്രമിച്ചതാണ്. പക്ഷേ, അവരെന്നെ തോൽപ്പിച്ചു. ഇനി എന്തായാലും ഞാൻ അങ്ങോട്ടില്ല.” “അങ്ങനെയാണോ, എങ്കിൽ ആ രാജ്യം കീഴടക്കി മാത്രമേ ഞാൻ തിരിച്ചുവരുകയുള്ളൂ.” നിപ്പമുത്തശ്ശി കോവിഡിനെ അനുഗ്രഹിച്ച്


യാത്രയാക്കി. അവനെ സഹായിക്കാനായി ഡങ്കി, മലേറിയ തുടങ്ങിയ തന്റെ അനുയായികളെയും വിട്ടുകൊടുത്തു. കോവിഡ് 19 ദൈവത്തിന്റെ സ്വന്തം നാട്ടിലെത്തി ആക്രമണം തുടങ്ങി. ഈ വിവരമറിഞ്ഞ രാജാവ് രാജസഭ വിളിച്ചു ചേർത്ത് തന്റെ മന്ത്രിമാരുമായി കൂടിയാലോചന നടത്തി. രാജാവ് പ്രജകളോട് ഒരു വിളംബരത്തിലൂടെ നമ്മുടെ രാജ്യം കോവിഡ് 19 ഉം സൈനികരും ആക്രമിക്കുന്ന കാര്യം അറിയിച്ചു. ഈ അക്രമകാരികളിൽ നിന്ന് രക്ഷനേടുന്നതു വരെ പ്രജകളാരും തന്നെ വീട്ടിൽനിന്ന് പുറത്തിറങ്ങരുത്. മാത്രമല്ല, എല്ലാ പ്രജകളും മുഖാവരണം ധരിക്കണം: കൈകൾ ഇടയ്ക്കിടെ കഴുകണം. ഇത് ധിക്കരിക്കുന്നവരെ കാരാഗൃഹത്തിലടയ്ക്കുന്നതാണ്. രാജ്യത്തിലെ പ്രജകൾ രാജശാസനയനുസരിച്ച് വീട്ടിൽത്തന്നെ കഴിഞ്ഞുകൂടി. രാജാവും മന്ത്രിമാരും സൈനികരും ചേർന്ന് കോവിഡ് 19 നോട് പ്രജകളുടെ സഹായത്തോട് കൂടി ഏറ്റുമുട്ടി. തന്റെ രണ്ട് പ്രജകൾ കൊല്ലപ്പെട്ടതിൽ രാജാവ് വളരെയധികം ദുഃഖിതനായി. മുന്നൂറിൽപ്പരം പേർക്ക് പരിക്കുപറ്റി. രാജാവ് കോവിഡ് 19 ന്റെ ആക്രമണത്തിൽ പരിക്ക് പറ്റിയ വരെ ചികിത്സിക്കാനായി പുതിയ ആശുപത്രികൾ പണികഴിപ്പിച്ചു. മൂന്ന് മാസക്കാലം തുടർച്ചയായി ഏറ്റുമുട്ടിയ കോവിഡ് 19 ന് ഒരു കാര്യം തീർച്ചയായി. ദൈവത്തിന്റെ സ്വന്തം രാജ്യം എന്നറിയപ്പെടുന്ന ഈ രാജ്യം ശരിക്കും ദൈവത്തിന്റെ സ്വന്തം രാജ്യം തന്നെ. ഈ രാജാവ് ഭരിക്കുന്ന കാലത്തോളം ഈ രാജ്യം കീഴടക്കാൻ സാധിക്കില്ല. തൽക്കാലം ആക്രമണം നിർത്തി പിൻവാങ്ങുന്നതാണ് നല്ലത്. കൊറോണക്കൂട്ടത്തോട് ചർച്ചചെയ്തപ്പോൾ അവരും ഇക്കാര്യം തന്നെയാണ് പറഞ്ഞത്. തന്റെ തോൽവി സമ്മതിച്ച് കോവിഡ് 19 രാജാവിന് ഒരു സന്ദേശമയച്ചു. "ദൈവത്തിന്റെ സ്വന്തം നാടായ താങ്കളുടെ നാട് അങ്ങയുടെ ഭരണത്തിൻകീഴിൽ ലോകം ശ്രദ്ധിക്കുന്ന ഒരു രാജ്യമായി ത്തീരുന്നതാണ്. അങ്ങയെ തോൽപ്പിക്കാൻ ഒരു ശക്തിക്കും സാധ്യമാവില്ല. ഞാൻ പിൻവാങ്ങുന്നു. താങ്കൾക്കും പ്രജകൾക്കും നന്മനേരുന്നു." രാജാവ് പ്രജകളോട് ഇനിയും ആക്രമണമുണ്ടാകുമെന്നും അതിനാൽ എല്ലാവരും ജാഗ്രതയോടെ യിരിക്കണമെന്നും വിളംബരത്തിലൂടെ അറിയിച്ചു. കോവിഡ് 19 നെ തുരത്താൻ സഹായിച്ച പ്രജകൾക്ക് നന്ദി അറിയിച്ചു.

**പുണ്യ എസ്.**
3 എ
എസ്.എസ്.ജി.എച്ച്.എസ്.എസ്. പയ്യന്നൂർ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# ഒരു ക്വാറന്റൈൻ കാലം

ഗോവിന്ദ് പുറത്തേക്ക് നോക്കി. എത്ര മനോഹരമായ കാഴ്ചകൾ..... ഒരിക്കൽ പോലും തന്റെ വീടിനെയോ പരിസരത്തെയോ ഇത്ര ശ്രദ്ധയോടെ വീക്ഷിച്ചിട്ടില്ല. അഞ്ച് ദിവസമായി ഇതിനകത്തുതന്നെയാണ്. രാവും പകലും. ഒരു ക്വാറന്റൈൻ കാലം. പാവം, എന്റെ അച്ഛനും അമ്മയും കൂലിപ്പണിയെടുത്താണ് എന്നെയും അനിയത്തിയെയും വളർത്തിയത്. ചെറിയ കാര്യത്തിനു പോലും അവരെ ഞാൻ ചീത്തപറഞ്ഞത്, അനിയത്തിയുമായി വഴക്കിട്ടത് എല്ലാം ഓർമ്മയിലേക്ക് വന്നു. അപ്പോൾ മരച്ചില്ലയിലിരുന്ന് കാക്ക കരയുന്നു. കാക്കയെ സൂക്ഷിച്ചുനോക്കി. എന്തോ കൊത്തിപ്പറിക്കുന്നുണ്ട്. എല്ലാം കീഴടക്കാനുള്ള ഓട്ടത്തിനിടയിൽ ഒന്നിനെക്കുറിച്ചും ഓർത്തില്ല. എന്തെല്ലാം ഉണ്ടാക്കി... വീട്, കാർ....... പണമുണ്ടായാൽ എല്ലാം ഉണ്ടാവുമെന്ന് കരുതി. പക്ഷേ, ഇപ്പോൾ എല്ലാം മനസ്സിലായി. കോവിഡ്19 പടർന്നുപിടിക്കുന്നു. എന്റെ സുഹൃത്തുക്കൾ അവിടെ കഷ്ടപ്പെടുന്നു എന്ന വാർത്തയോർത്ത് ഞാൻ വേദനിക്കുന്നു. ഭാഗ്യം പോലെ നാട്ടിലെത്താൻ കിട്ടിയ അവസരം ഞാൻ വിനിയോഗിച്ചു. വർഷങ്ങൾക്കു ശേഷം നാട്ടിലെത്തിയ ഞാൻ എത്ര ഭാഗ്യവാനാണെന്ന് ഓർക്കുന്നു. പുതിയവീട് പണിതപ്പോൾ ഉപേക്ഷിച്ച ഈ തറവാട്, ഇന്ന് എനിക്ക് തണലായ ഈ വീട് വൃത്തിയാക്കി, ഭംഗിയാക്കി സൂക്ഷിക്കണം. കാടുപിടിച്ച് കിടക്കുന്ന ഈ വീടിന്റെ പരിസരം വൃത്തിയാക്കി മനോഹരമാക്കണം. ഫലവൃക്ഷങ്ങളും തണൽമരങ്ങളും മനോഹരമായ പൂച്ചെടികളുമെല്ലാം വെച്ചുപിടിപ്പിക്കണം. വാതിലിൽ മുട്ടു കേൾക്കുന്നു. അമ്മയായിരിക്കും. ഓർമ്മയിൽ നിന്നുണർന്ന് വാതിൽക്കലേക്ക് നടന്നു. വാതിൽ തുറന്നപ്പോൾ ഭക്ഷണം വച്ചിട്ട് അമ്മ നടന്നുനീങ്ങുന്നു. അപ്പോൾ അമ്മയെ ഒന്നു കെട്ടിപ്പിടിക്കാൻ കൊതി തോന്നി. ക്വാറന്റൈൻ തീരാൻ ഇനിയും ദിവസങ്ങളേറേ. അമ്മ പോയ വഴിയിലേക്ക് അവൻ നോക്കി നിന്നു. കുട്ടിക്കാലത്ത് അവനും അമ്മയും അനിയത്തിയും കൂടി അമ്പലത്തിൽ പോയതും കുളത്തിൽ പോയതുമൊക്കെ ഓർത്ത് കണ്ണുകളിൽനിന്നു കണ്ണുനീർ തുളുമ്പി. എന്നിട്ട് അവൻ അവന്റെ അമ്മവെച്ച ഭക്ഷണപ്പാത്രവുമായി മുറിയിലേക്കു നടന്നു നീങ്ങി. ഇതൊക്കെ കണ്ട് അമ്മ ഗോവണിപ്പടികളിൽ നിൽപ്പുണ്ടായിരുന്നു. അത് അവൻ അറിഞ്ഞില്ല. മകന്റെ കാര്യങ്ങളോർത്ത് കണ്ണുകൾ നിറഞ്ഞു തുളുമ്പിക്കൊണ്ട് ആ അമ്മ ഗോവണിപ്പടികളിലൂടെ നടന്നു നീങ്ങി.

**പാർവതി റീജ സുരേഷ്**
5 സി
എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്. നീലീശ്വരം,
അങ്കമാലി ഉപജില്ല, എറണാകുളം



# കൊറോണ

ഞാൻ കൊറോണ എന്ന വൈറസ്. എന്നെ ചിലർ ഭീകരൻ എന്നാണ് വിളിക്കുന്നത്. എന്നാൽ ഞാൻ ഒരു പാവം വൈറസാണെന്ന് എനിക്കു മാത്രമേ അറിയുകയുള്ളൂ. ഞാൻ പ്രത്യക്ഷപെട്ടതിനു ശേഷം മനുഷ്യനെ ശുചിത്വം പഠിപ്പിച്ചു, പ്രകൃതി എല്ലാവർക്കും ഉള്ളതാണെന്ന് ഓർമ്മപ്പെടുത്തി, കാടുകൾ അതിന്റെ ഉടമകൾക്ക് തിരികെക്കൊടുത്തു, ആകാശത്തിനു മലിനീകരണത്തിൽനിന്നു മുക്തി നേടിക്കൊടുത്തു, നദികളിലൂടെ ശുദ്ധജലം ഒഴുകാൻ തുടങ്ങി.

ഇനി ഞാൻ അപ്രത്യക്ഷമായാലോ... വീണ്ടും മനുഷ്യൻ...!

**അമീൻ അലി**
5 ഡി
എസ്. എൻ. വി. യു. പി. സ്കൂൾ
വലപ്പാട് ഉപജില്ല, തൃശ്ശൂർ

# കാടിന്റെ ഒരുമ

മോട്ടുമുയൽ അല്ലിമലക്കാട്ടിലാണ് താമസം. ഒരു ദിവസം എന്നത്തേയും പോലെ അവൻ രാവിലെ ഭക്ഷണം തേടി ഇറങ്ങിയതായിരുന്നു. അല്ലിമലക്കാടിന്റെ മുഖം അതിപ്രസന്നമാണ്. ഉദിച്ചുയർന്ന് പ്രസന്നഭാവത്തിൽ ചിരിച്ചുനിൽക്കുന്ന സൂര്യൻ. ഇന്നലെ പെയ്ത മഴത്തുള്ളികൾ ഇലകളുടെ തുമ്പുകളിൽ വെട്ടിത്തിളങ്ങുന്ന മറ്റനേകം സൂര്യൻമാരെ പ്രതിഫലിപ്പിക്കുന്നു. കാട് അവനെ നോക്കി പുഞ്ചിരിക്കുന്നതായി തോന്നി.

വിശപ്പിന്റെ ആധിക്യവും ഉറക്കത്തിന്റെ ആലസ്യവുംമൂലം അങ്ങനെ നടക്കുമ്പോഴാണ് അവൻ ആ കാഴ്ച കണ്ടത്. അവന്റെ തൊട്ടുമുന്നിൽ വലതുവശത്തായി ഒരു മുരിക്കിൻകാട്! അവന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. എങ്കിലും താഴെ ഇരുന്നു സ്വാദിഷ്ഠമായ മുരിക്കിൻകൂമ്പുകൾ അവൻ ആവോളം ഭക്ഷിച്ചു. ചിത്രമണിപ്പൊയ്കയിൽ നിന്ന് ധാരാളം വെള്ളവും കുടിച്ചു. അങ്ങനെ തന്റെ വയറ്റിൽ ആളിക്കത്തിയ വിശപ്പിനെ അടക്കിനിർത്തി മുന്നോട്ട് നടക്കുമ്പോഴാണ് പീലുമാൻ ഓടിവരുന്നത് കണ്ടത്. 'എന്തൊക്കെയുണ്ട് പീലുമാനേ വിശേഷങ്ങൾ?' അവൻ ചോദിച്ചു. 'ഓ............ ഒന്നും പറയണ്ട, നഗരത്തിൽ പുതിയ ഏതോ ഒരു രോഗം വന്നിട്ടുണ്ടെന്ന് നമ്മുടെ കാവതിക്കാക്ക പറഞ്ഞു. കൊറോണ എന്നോ കോവിഡ് 19 എന്നോ ആണ് പേര്. പകരുന്ന അസുഖം ആണെന്നും കേട്ടു. ' മോട്ടുമുയൽ ചിന്താധീനനായി നിൽക്കുന്നത് കണ്ട് പീലുമാൻ ചോദിച്ചു, 'മോട്ടു, നീ എന്താ ചിന്തിക്കുന്നത്?' 'അല്ല പീലു മാനേ, ഈ അസുഖം നമുക്കും പകരുമോ?' 'അതൊന്നും അറിയില്ല കാവതി, ഏതോ കടുവയ്ക്ക് പിടിച്ചു എന്ന് പറഞ്ഞു. അത് യു എസ് ഇലോ മറ്റോ ആണ്. കൂടുതലും മനുഷ്യനിൽനിന്ന് മനുഷ്യനിലേക്കാണ് പകരുക. രോഗിയോടൊത്തുള്ള സമ്പർക്കത്തിലൂടെയും രോഗം പകരും.' പീലുമാൻ തന്റെ അറിവ് വെളിപ്പെടുത്തി. മരച്ചില്ലകൾക്ക് ഇടയിലൂടെ കാവതിക്കാക്ക അവിടെ പറന്നെത്തി. ഇതുകണ്ട് പീലു കാവതിയോട് നാട്ടിലെ വിശേഷങ്ങൾ തിരക്കി. കാവതി പറഞ്ഞു, ' എന്ത് പറയാനാ....... നാട്ടിലും നഗരങ്ങളിലും ഒരൊറ്റ മനുഷ്യനെ പോലും കാണാനില്ല. അവിടെ ലോക്ക്ഡൗണോ എന്തോ പ്രഖ്യാപിച്ചിരിക്കുകയാണ് എന്നാണ് നാട്ടിലെ കാക്കകൾ പറഞ്ഞത്. പിന്നെ കൊറോണയില്ലേ, അത് 14 ദിവസം വരെ ലക്ഷണമൊന്നും കാണിക്കില്ല. ഇതിന് ഇതുവരെ മരുന്നൊന്നും കണ്ടുപിടിച്ചിട്ടില്ല. ലോകത്തിലെ ഒട്ടുമിക്ക ഇടത്തും ഇതിനകം രോഗം പടർന്നുകഴിഞ്ഞു. പിന്നെ ഇതൊരു വൈറസ് ആണത്രേ. എത്രയെത്ര മനുഷ്യരാണ് മരിച്ചത്." "ഈ മഹാരോഗത്തിൽനിന്ന് രക്ഷപ്പെടാൻ ഒരു വഴിയും ഇല്ലേ കാവതി?" മോട്ടു ചോദിച്ചു. ' ഉണ്ടല്ലോ'– കാവതി പറഞ്ഞു:'

ഈ മഹാവ്യാധിക്കെതിരെ നമുക്കു പലതും ചെയ്യാൻ കഴിയും." കാവതി താഴ് ചില്ലയിലേക്ക് പറന്നിരുന്നു. എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു: "രോഗവ്യാപനം തടയുക എന്നത് എല്ലാവരുടെയും കടമയാണ്. രോഗിയുമായി അടുത്ത് ഇടപഴകുമ്പോൾ ആണ് ഇത് മറ്റൊരാളിലേക്ക് പകരുന്നത്. രോഗം വന്ന ഒരാൾ കൃത്യമായി ചികിത്സ തേടണം. രോഗികളുമായി കൂട്ടം കൂടുന്നതും ഒന്നിച്ച് യാത്ര ചെയ്യുന്നതും രോഗവ്യാപനം ഇരട്ടിപ്പിക്കും. സാമൂഹിക അകലം നിർബന്ധമായും പാലിക്കണം. ശരീരശുദ്ധിയും പരിസരശുചിത്വവും പാലിക്കണം." 'ഈ ചർച്ചകൾ എല്ലാം കേട്ട് അമ്പഴക്കൊമ്പത്ത് ഇരുന്നിരുന്ന നീലൻമയിൽ സിംഹരാജന്റെ വരവറിയിച്ചുകൊണ്ട് ഒന്നുറക്കെ കൂവി. രാജാവായ വീരൻസിംഹവും മന്ത്രിയായ കേശവൻകുറുക്കനും എഴുന്നള്ളി. കാവതിക്കാക്ക രാജാവിനെ കാര്യങ്ങളെല്ലാം ബോധിപ്പിച്ചു. കേശവൻ പറഞ്ഞു: 'താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻതാൻ അനുഭവിച്ചീടുകെന്നേ വരൂ എന്നാണല്ലോ. ഞാൻ ഉദ്ദേശിച്ചത് മനുഷ്യൻ പ്രകൃതിയോട് ചെയ്ത ക്രൂരതകൾക്ക് മനുഷ്യന് പ്രകൃതി നൽകിയ സമ്മാനമാണ് ഈ രോഗം എന്നാണ്."      ഇത് കേട്ട് വീരൻസിംഹം പറഞ്ഞു: 'മഹാമന്ത്രീ, നാം അങ്ങനെയൊന്നും ചിന്തിക്കാൻകൂടി പാടില്ല. പ്രകൃതി നമ്മുടെ അമ്മയാണ്. മനുഷ്യർ നമ്മുടെ സഹോദരങ്ങളാണ്. പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്." അപ്പോൾ മരച്ചില്ലകളിലൂടെ ചാടിച്ചാടി നടന്ന കിട്ടുക്കുരങ്ങൻ സിംഹരാജനെ കണ്ട് താഴത്ത് ഇറങ്ങി വന്നു തൊഴുതു നമസ്കരിച്ചു. കാര്യങ്ങളെല്ലാം അറിഞ്ഞപ്പോൾ അവൻ പറഞ്ഞു: 'ഞാനും ഉണ്ട് നിങ്ങളുടെ കൂടെ. അപ്പോൾ സിംഹരാജൻ ഉത്തരവിട്ടു: 'കാവതിയും നീലൻ മയിലും കുറച്ച് പക്ഷിക്കൂട്ടരും ചേർന്ന് ആകാശമാർഗം സഞ്ചരിച്ചു കുറച്ചുപേർക്ക് വിവരങ്ങൾ നൽകുക. കിട്ടുവും കൂട്ടരും മരച്ചില്ലകളിൽ താമസിക്കുന്നവർക്കും വിവരം കൊടുക്കൂ. ആരവിടെ, കിട്ടൻകടുവയോട് പെരുമ്പറകൊട്ടി അലറി വിവരം നൽകാൻ പറയൂ. മഹാമന്ത്രീ, ടുട്ടുതവളയോടും ചീരൻ ചീങ്കണ്ണിയോടും വെള്ളത്തിൽ ഉള്ളവരോട് പറയാൻ പറയൂ. കാവതി നാട്ടിലെ വിശേഷങ്ങൾ നമ്മളെ അറിയിക്കുകയും ചെയ്യട്ടെ." അങ്ങനെ നാട്ടിലെ പോലെ കാട്ടിലും കൊറോണ ക്കെതിരെ നിയമങ്ങൾ നിലവിൽ വന്നു. എഴുതിത്തയ്യാറാക്കിയ നിയമങ്ങൾ കേശവൻകുറുക്കൻ എല്ലാവരെയും വായിച്ചുകേൾപ്പിച്ചു. അവരവരുടെ കടമകൾ നിർവഹിക്കുന്നതിനായി എല്ലാവരും യാത്രപറഞ്ഞു നീങ്ങി.

**ആർച്ച പി. മനോജ്**
ക്ലാസ് 6
എസ്.എൻ.വി. സംസ്കൃത ഹയർ സെക്കന്ററി സ്കൂൾ, എൻ. പറവൂർ
വടക്കൻ പറവൂർ ഉപജില്ല, എറണാകുളം



# വൈറസിനു സ്വീകരണം

എന്നും ശാന്തതയുടെ പ്രതീകമാണ് കാട്. എന്നാൽ ഇന്നെന്തോ ഒരു പാടു ശബ്ദകോലാഹലങ്ങളും പാട്ടും ഒക്കെ കേൾക്കുന്നുണ്ട്. എന്താണാവോ പതിവില്ലാതെ കാട്ടിൽ നിന്നും പാട്ടും ചിരിയും ഒക്കെ കേൾക്കുന്നുണ്ടല്ലോ... കാടിനോട് ചേർന്നുള്ള ഗ്രാമത്തിലെ ഒരു വീട്ടിൽ വളർത്തിയിരുന്ന കിട്ടുപ്പൂച്ച ചിന്തിച്ചു. നാട്ടിൽ ഒരു രസവുമില്ല. തന്റെ കൂട്ടുകാരായ കുട്ടികളെ ഒന്നും കാണുന്നില്ല. അവരെല്ലാം വീടിനുള്ളിൽ ഫോണിൽ ധൃതിയിൽ വണ്ടിയോടിക്കുകയും ആരെയൊക്കെയോ വെടിവച്ചു കൊല്ലുകയും ഒക്കെയാ ചെയ്യുന്നേ. ഇതിനിടയിലാണ് അവൻ കാട്ടിൽനിന്നു പാട്ടും ചിരിയും കേൾക്കുന്നത്. ഏതായാലും ഒന്നു പോയിനോക്കിയേക്കാം എന്നവൻ തീരുമാനിച്ചു. പുറത്തിറങ്ങി നടക്കാൻ ഇപ്പോൾ ആ വീട്ടിൽ അവനു മാത്രമേ സ്വാതന്ത്ര്യമുള്ളൂ. അതിന്റെ ചെറിയ ഒരു ഗമയും ഉണ്ട് കക്ഷിക്ക്. അവൻ നിശ്ചലമായിക്കിടക്കുന്ന നാട്ടുവഴികളിലൂടെ നടന്ന് കാട്ടിൽ എത്തി. അവിടെ അവൻ കൂട്ടുകാരനായ മിട്ടുക്കുരങ്ങനെ കണ്ടു. “എന്താ മിട്ടു, ഇവിടെ നിന്ന് പാട്ടും ബഹളവും ഒക്കെ കേൾക്കുന്നത”:- “ആരിത്! കിട്ടുവോ, കുറേനാളായല്ലോ കണ്ടിട്ട്. ഞാൻ വിചാരിച്ചു നീ ഈ വഴിയൊക്കെ മറന്നുവെന്ന്.” “മറന്നതല്ല മിട്ടൂ, ആൾക്കൂട്ടവും വാഹനങ്ങളും ഒക്കെ കടന്ന് വരണ്ടേ. ഇപ്പോ ഒരു മനുഷ്യരേയും പുറത്തു കാണുന്നില്ല. അതാ ധൈര്യമായി പുറത്തിറങ്ങിയെ.” അപ്പോൾ ചിരിച്ചുകൊണ്ട് മിട്ടു പറഞ്ഞു: “അതുതന്നെയാ ഞങ്ങളുടെ ആഘോഷത്തിനും കാരണം. ഇപ്പോൾ മനുഷ്യരുടെ ഒരു ശല്യവും ഇവിടെ ഇല്ല. ഞങ്ങൾ എല്ലാവരും ആർത്തുല്ലസിച്ച് നടക്കുകയാ. ഇതിനെല്ലാം കാരണക്കാരനായ ആ മഹാനുള്ള സ്വീകരണമാണ് ഇന്ന് ഇവിടെ.” “അതാരാ ആ മഹാൻ....” “എന്റെ കിട്ടൂ, നീ മാത്രമേ ഉണ്ടാകൂ അദ്ദേഹത്തെ അറിയാത്തതായി. 'വൈറസ് '. ശരിയായ പേര് കോവിഡ് 19.” “ആ ഞാൻ കുറേ കേട്ടിട്ടുണ്ട് ടി.വിയിൽ. അദ്ദേഹം ഇത്ര വലിയ ആളാണോ?” “പിന്നെയല്ലാതെ... ചുരുങ്ങിയ നാളുകൾക്കുള്ളിൽ ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ച ആളാ.”

ഇതൊക്കെ കേട്ടിട്ട് കിട്ടുവിന് മഹാനായ വൈറസിനെ കാണാൻ ധൃതിയായി. ഹോ! എന്റെ ഭാഗ്യം, ഇന്ന് ഈ വഴി വരാൻ തോന്നിയത്. അദ്ദേഹത്തെ ഒന്നു കാണാൻ കഴിയുമല്ലോ. “നമ്മുടെ രാജാവ്

സിംഹത്തെക്കാളുമൊക്കെ ശക്തനായ ആളാകുമല്ലേ... നല്ല ഉയരത്തിൽ?” കിട്ടു അതിശയത്തിൽ ചോദിച്ചു. മിട്ടുവും ഇതുവരെ കണ്ടിട്ടില്ല ആ വലിയ ജീവിയെ! “അറിയില്ല കിട്ടു, മനുഷ്യർ ഒക്കെ ഇത്രമാത്രം ഭയക്കണമെങ്കിൽ തീർച്ചയായും ഗജരാജനെക്കാൾ വലിയ ആളാകും.'' ''ആ ശരിയാണ്.'' എന്നാൽ എല്ലാവരെയും നിരാശരാക്കിക്കൊണ്ട് ഒരു അറിയിപ്പ് അവരെ തേടിയെത്തി. അത് അവർ കാത്തിരുന്ന നായകന്റേതായിരുന്നു. ‘പ്രിയകൂട്ടുകാരേ, എന്നെ കാണാനായി നിങ്ങൾ ഏവരും കാത്തിരിക്കുകയാണെന്ന് എനിക്കറിയാം. എന്നാൽ ഞാൻ അങ്ങോട്ട് വരുന്നില്ല. അത് ചിലപ്പോൾ നിങ്ങൾക്ക് ആപത്തു വരുത്തിയേക്കാം. പലരൂപത്തിൽ ഞാൻ നിങ്ങളിൽ വസിക്കുന്നുണ്ട്. ഇനിയും മനുഷ്യർ നിങ്ങളെ ഉപദ്രവിക്കുകയാണെങ്കിൽ രക്ഷകനായി വീണ്ടും ഞാനെത്തും. മറ്റൊരു രൂപത്തിൽ, മറ്റൊരു പേരിൽ... എന്ന് സ്വന്തം വൈറസ്.” ഇതുകേട്ട് അവർ വാഴ്ത്തിപ്പാടാൻ തുടങ്ങി, തങ്ങളുടെ നായകനെ. വൈറസിന് എത്താനായില്ലെങ്കിലും ആഘോഷങ്ങൾക്കൊന്നും അവർ ഒരു കുറവും വരുത്തിയില്ല. കുറച്ചുനാളത്തേക്കാണെങ്കിലും തങ്ങൾക്കു കിട്ടിയ സ്വാതന്ത്ര്യവും സമാധാനവും അവർ വേണ്ടുവോളം ആസ്വദിച്ചു, ആഘോഷിച്ചു. ''മിട്ടു, ഞാനും കുറച്ചുനാൾ ഇവിടെ കൂടാൻ പോവുകയാ. നിങ്ങൾക്ക് ഇവിടെ ഉണ്ടായിരുന്ന അവസ്ഥയാ ഇപ്പോൾ നാട്ടിൽ മനുഷ്യർക്ക്. ഏതായാലും എനിക്കും വീണുകിട്ടിയ ഈ അവധിക്കാലം ഞാൻ നിങ്ങളോടൊപ്പം ആഘോഷിക്കാൻ തീരുമാനിച്ചു.” മിട്ടു സന്തോഷത്തോടെ അവനെ സ്വാഗതം ചെയ്തു. “അതിനെന്താ, ഇവിടെ എല്ലാവർക്കും എന്നും സ്വാഗതം തന്നെയാണ്. ഞങ്ങൾ ആരെയും തടയാറില്ല. ഇവിടെ അതിർവരമ്പുകളും ഇല്ല.” കുറച്ചുനാൾ അവരോടൊപ്പം കൂടി ആഘോഷങ്ങളിലെല്ലാം പങ്കെടുത്ത ശേഷം കിട്ടു മടങ്ങി, അവന്റെ വീട്ടിലേക്ക്.

**കൃഷ്ണ പി.എസ്.**
10 സി
എസ്.എൻ.വി.സംസ്കൃത ഹയർ.സെക്കന്ററി സ്കൂൾ, എൻ. പറവൂർ
വടക്കൻ പറവൂർ ഉപജില്ല, എറണാകുളം

# പന്നിക്കുട്ടന്റെ സങ്കടം

കാട്ടിൽ ഒരു പന്നിക്കുട്ടൻ ജീവിച്ചിരുന്നു. എപ്പോഴും വൃത്തിയില്ലാതെ നടന്നിരുന്ന അവന് ചങ്ങാതിമാരാരും ഉണ്ടായിരുന്നില്ല. എപ്പോഴും വൃത്തിയില്ലാത്ത സ്ഥലങ്ങളിലാണ് അവൻ കളിക്കുക. അതുകൊണ്ട് അധികദിവസവും അവന് എന്തെങ്കിലും അസുഖമുണ്ടായിരിക്കും. അങ്ങനെയിരിക്കെ തൊട്ടടുത്ത കാട്ടിൽ ഉൽസവം വന്നു. ഉൽസവത്തിന് പോകാൻ അവൻ തീരുമാനിച്ചു. എന്നാൽ ഉൽസവത്തിന്റെ ദിവസം പന്നിക്കുട്ടന് ജലദോഷവും പനിയും വന്നു. എന്നാലുമവൻ പോകാൻ തീരുമാനിച്ചു. പക്ഷേ, അസുഖമായതിനാൽ ഒറ്റയ്ക്ക് പോകാൻ കഴിയില്ല. കൂട്ടിന് ആരെങ്കിലും വേണം. ചങ്ങാതിമാരെത്തേടി അവൻ വീടിന് പുറത്തിറങ്ങി. അപ്പോൾ അതു വഴി ഒരു കുരങ്ങച്ചൻ വന്നു. 'കുരങ്ങച്ചാ കുരങ്ങച്ചാ, ഉൽസവത്തിന് എന്നേയും കൊണ്ടുപോകാമോ?' പന്നിക്കുട്ടൻ ചോദിച്ചു. 'എടോ, വൃത്തികെട്ടവനെ. നിന്റെ കൂടെ ഞാനില്ല.' കുരങ്ങച്ചൻ പറഞ്ഞു. അത് കേട്ട് പന്നിക്കുട്ടന് സങ്കടമായി. പിന്നെ അതുവഴി വന്നത് ഒരു അണ്ണാറക്കണ്ണനായിരുന്നു. 'അണ്ണാറക്കണ്ണാ അണ്ണാറക്കണ്ണാ, ഉൽസവത്തിന് എന്നേയും കൊണ്ട് പോകാമോ?' 'വൃത്തിയില്ലാത്ത നിന്നെ ആരെങ്കിലും കൂടെകൂട്ടുമോ?' അതു പറഞ്ഞ് അണ്ണാറക്കണ്ണൻ മുന്നോട്ട് പോയി. അവന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അവൻ പൊട്ടിക്കരഞ്ഞു. അപ്പോഴാണ് കരടിയമ്മാവൻ വന്നത്. പന്നിക്കുട്ടൻ കരയുന്നത് കണ്ട് കരടിയമ്മാവൻ ചോദിച്ചു, 'എന്തിനാ പന്നിക്കുട്ടാ കരയുന്നത്?' 'ഉൽസവത്തിന് പോകാൻ ആരും എന്നെ കൂടെ കൂട്ടുന്നില്ല.' പന്നിക്കുട്ടൻ പറഞ്ഞു. വൃത്തിയില്ലാതെ നടക്കുന്നത് കൊണ്ടാണ് പന്നിക്കുട്ടനെ ആരും കൂടെ കൂട്ടാത്തതെന്ന് കരടിയമ്മാവന് മനസ്സിലായി. കരടിയമ്മാവൻ പറഞ്ഞു, 'പന്നിക്കുട്ടാ,

നീ ഇപ്പോഴും വൃത്തിയില്ലാതെ നടക്കുന്നതുകൊണ്ടാണ് നിന്നെ ആരും കൂടെ കൂട്ടാത്തത്. നമ്മുടെ ശരീരം എപ്പോഴും വൃത്തിയായിരിക്കണം. മലിനമായ സ്ഥലങ്ങളിലൊന്നും കളിക്കാൻ പാടില്ല. എന്നും രാവിലെ പല്ലുതേക്കുകയും കുളിക്കുകയും വേണം. ഭക്ഷണം കഴിക്കുന്നതിന് മുമ്പും ശേഷവും കൈകൾ നന്നായി കഴുകണം. വസ്ത്രം വൃത്തിയുള്ള തായിരിക്കണം." ഇത് കേട്ടപ്പോൾ പന്നിക്കുട്ടന് കാര്യം മനസ്സിലായി. 'ഇനി ഒരിക്കലും ഞാൻ വൃത്തിയില്ലാതെ നടക്കില്ല.' പന്നിക്കുട്ടൻ പറഞ്ഞു. 'എന്നാൽ ഇപ്പോൾതന്നെ വീട്ടിൽ പോയി വൃത്തിയായി വരൂ. ഉൽസവത്തിന് എന്റെ കൂടെ വന്നോളൂ.' കരടിയമ്മാവൻ പറഞ്ഞു. ഇത് കേട്ട് പന്നിക്കുട്ടന് സന്തോഷമായി. അവൻ വീട്ടിൽനിന്ന് വൃത്തിയായി വന്ന ശേഷം കരടിയമ്മാവനോടൊപ്പം ഉൽസവത്തിന് പോയി.

**റെൻസ കെ.**
3 ബി
എ.എം.എൽ.പി.എസ്. പാണാട്ട്
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# BACK TRACK

I went to bed after watching the regular Malayalam News. It's been 11.oo pm.Watching the news before bed has become a Routine after I got settled here. The news channels are overflowing with accounts of corona virus, the new pandemic. It has killed over 1 lakh people all over the world. I can't believe what's happening... a small microbe is making the world petrified.

But still I don't have to worry about my motherland. The circumstances are much better in Kerala than here in Doha. I'm sure that Kerala will fight and win the battle like she did in Nipah crisis. Wherever in the world you're, you'll be always concerned about your hometown. It's a sort of emotional attachment.

Oh! It has become very late. I need some sleep. I work in a hospital here. I have to get up early as I am assigned for the morning shift.

As an insomniac, sleep is a noble thing for me. I never get that blessing often. Sleep is the blessed barrier between night and the upcoming day. I agree with Wordsworth. She is the mother of fresh thoughts and liveliness. Everyone gave me tips on falling asleep like a normal human, why aren't they working? I don't know. I took two cetrizine tablets at once. I have undergone medical treatment for my condition. I take sleeping pills frequently. But I'm out of them since yesterday night. So I took the cetrizine tablets knowing that they will have certain side effects.

Now, even after taking overdose, I'm not able to close my eyes. My mind is full of floating thoughts. What to do? I was always been an over thinker. My thoughts stopped on my teenage memories. I thought about my high school friends. Suddenly a name stuck my head, Pramod, one of my best friends. He was really an admirable one, such a great soul. I haven't met him after the 10 th standard. Where would be he now? I should search about him. He will have some social media presence for sure. I can lead my investigation through that.

Whenever I hear the word family, I only think of my wife and my beloved daughter. I don't know why my acha and ammi aren't even on the picture. Somewhere in the process of having a partner and setting up own life, I lost thoughts of them.

I decided to call them, to make a video call. The topics will start from corona to our poovali to kingini and will go on, I'm sure.

**ഗണിത ദിലീപ്**
ക്ലാസ് 11
എസ്.കെ.വി.എച്ച്.എസ്.എസ്. നന്ദിയോട്
പാലോട് ഉപജില്ല, തിരുവനന്തപുരം

# ദീപുവിന്റെ സ്വപ്നനഗരം

ജാഗ്വാർ, അതായിരുന്നു ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന ആ നഗരത്തിന്റെ പേര്. ആ നഗരത്തിൽ എല്ലാ ശനിയാഴ്ചയും നഗരവാസികൾ ഒത്തുചേരുക പതിവായിരുന്നു. നഗരത്തിന്റെ ജീവിതരീതി വിലയിരുത്താനുള്ള ആ യോഗത്തിൽ നഗരവാസികൾക്ക് അവരവരുടെ അഭിപ്രായസ്വാതന്ത്ര്യവും ഉണ്ടായിരുന്നു. എല്ലാവരുടെയും അഭിപ്രായങ്ങൾ വിലയിരുത്തുകയും വേണ്ട പരിഹാരങ്ങൾ കണ്ടെത്തുകയും പതിവായിരുന്നു.

ജാഗ്വാർ നഗരത്തിലെ ഒരു ഒമ്പതാം ക്ലാസുകാരനായിരുന്നു ദീപു. പ്രകൃതിയെ സ്നേഹിക്കുകയും അതിലെ ഓരോ പ്രതിഭാസങ്ങൾ വീക്ഷിക്കുകയും മനോഹാരിത ആസ്വദിക്കുന്നതും അവന്റെ നിത്യ വിനോദമായിരുന്നു. ഒരിക്കൽ വീടിനരികിലുള്ള അരുവിയുടെ തീരത്ത് ചെല്ലുകയും അതിലുള്ള മീനുകളെയും ഞണ്ടുകളെയും മറ്റു ജീവികളേയും വീക്ഷിക്കുകയുമായിരുന്നു അവൻ. അപ്പോഴാണ് അവന്റെ ആസ്വാദനത്തെ വ്രണപ്പെടുത്തുന്ന ഒരു കാഴ്ച കാണാൻ ഇടയായത്. ദുർഗന്ധത്തോടുകൂടിയ ഒരു കെട്ട് പ്ലാസ്റ്റിക് മാലിന്യം ഒഴുകി വരുന്നതും അവയെ മീനുകൾ കൊത്തിപ്പറിക്കുന്നതും അങ്ങിങ്ങായി മീനുകൾ ചത്തുപൊങ്ങിക്കിടക്കുന്നതും അവന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ കാഴ്ച അവനെ വല്ലാതെ വേദനിപ്പിച്ചു. അടുത്ത യോഗത്തിൽതന്നെ ഈ വിഷയം അവതരിപ്പിക്കണമെന്ന് അവൻ തീരുമാനിച്ചു.

യോഗത്തിന്റെ തലവനായ ഹർഷവർധനൻ ഒരു അധ്യാപകനാണ്. യോഗത്തിനിടയിൽ ആർക്കെങ്കിലും പരാതിയുണ്ടോ എന്നു ചോദിച്ചതും ദീപു ചാടി എഴുന്നേറ്റു. എന്നിട്ട് തന്റെ പരാതി പറഞ്ഞു. വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അന്നത്തെ പ്രധാന ചർച്ച നമ്മുടെ പരിസ്ഥിതിയെക്കുറിച്ചാകാമെന്ന് മാഷ് അഭിപ്രായപ്പെട്ടു. 'നമ്മളെല്ലാവരും നമ്മുടെ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം.' ചർച്ചയ്ക്കിടയിൽ മാഹു അഭിപ്രായപ്പെട്ടു. 'അപ്പോൾ തോടുകളും പുഴകളും റോഡരികുകളും മറ്റും ആര് സംരക്ഷിക്കും?' എന്ന ചോദ്യം ദീപുവിൽ നിന്നുയർന്നു. 'അതിന് നമുക്ക് എന്ത് ചെയ്യാൻ സാധിക്കും?' ദീപുവിന്റെ സുഹൃത്ത് ചോദിച്ചു. 'നമ്മളല്ലാതെ നമ്മുടെ നാടും നഗരവും മറ്റാര് ശുചിയാക്കും?' ദീപുവിന്റെ ശബ്ദം ഉയർന്നു. ആ ശബ്ദം ജാഗ്വാർ

നഗരവാസികളായ ഒരോരുത്തരുടെയും മനസ്സിൽ തൊട്ടു. തങ്ങളുടെ നാടും നഗരവും വൃത്തിയായി സൂക്ഷിക്കാനും പരിസ്ഥിതിയെ സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വം അവരുടെ മനസ്സിൽ പൊട്ടിമുളച്ചു. നമുക്ക് എല്ലാവർക്കുംകൂടി ഈ തോടുകളും പരിസരവും വൃത്തിയാക്കുവാൻ നാളെതന്നെ തുടങ്ങാം. ഇത് വൃത്തിയാക്കിയതിനുശേഷം ആരും മാലിന്യം റോഡരികുകളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുകയില്ലയെന്ന് ഇവിടെ വച്ച് പ്രതിജ്ഞയെടുക്കുകയും വേണം . ഈ നിയമം അരെങ്കിലും ലംഘിച്ചാൽ അവർക്കെതിരെ തക്കതായ നടപടി സ്വീകരിക്കണമെന്നും ദീപു മാഷിനോട് അഭ്യർഥിച്ചു.

ദീപുവിന്റെ വാക്കുകൾ കേട്ട് ഹർഷവർധനൻ അവനെ അനുകൂലിച്ചു കൊണ്ട് സംസാരിച്ചുത്തുടങ്ങി. 'ദീപു പറഞ്ഞത് വളരെയധികം ശരിയാണ്. നമ്മുടെ വീടും പരിസരവും മാത്രം വൃത്തിയാക്കണമെന്ന ചിന്ത എല്ലാവർക്കുമുണ്ട്. അതിനുവേണ്ടി റോഡരികിലും തോട്ടരികിലുമെല്ലാം മാലിന്യം നിക്ഷേപിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിലൂടെ വൃത്തിഹീനമാകുന്നത് പരിസ്ഥിതി മാത്രമല്ല, നമ്മുടെ മനസ്സും കൂടിയാണ്.' ദീപുവിന്റെയും മാഷിന്റെയും വാക്കുകൾ ശരിവച്ച് എല്ലാവരും അവിടെ വച്ചുതന്നെ പ്രതിജ്ഞചെയ്യുകയും അന്നത്തെ യോഗം പിരിയുകയും ചെയ്തു.

അടുത്ത ദിവസം ശുചീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ എല്ലാം എടുത്ത് ശുചീകരണപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്തു. അണ്ണാൻകുഞ്ഞിനും തന്നാലായത് എന്ന രീതിയിൽ ചെറിയ കുട്ടികൾ പോലും അവരാൽ കഴിയുന്ന രീതിയിൽ സഹായിച്ചു. ഇതിനിടയിൽ ദീപുവിന്റെ കുഞ്ഞനുജൻ ദാമു ഒരു മാവിൻതൈ കൊണ്ടുവന്ന് അച്ഛനോട് അതെവിടെയെങ്കിലും നടണമെന്ന് വാശിപിടിച്ചു. കുഞ്ഞിന്റെ വാശി കണ്ട നാട്ടുകാരിൽ ഒരാൾ ആ പിതാവിനോടൊപ്പം മാവിൻതൈ നടാൻ കുഴിയെടുത്തപ്പോൾ അവർ അമ്പരന്നുപോയി. കുഴിക്കുന്തോറും സിമന്റ് കല്ലുകളും പ്ലാസ്റ്റിക്കുകളും മാത്രം. ഒരു തൈ നടാൻ പോലും പറ്റാത്ത തരത്തിൽ മണ്ണ് മലിനമായിരിക്കുന്നു. വീടും പരിസരവും ശുചിയാക്കുന്നതിലൂടെ മനുഷ്യർ വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്കുകളും മറ്റും മണ്ണിന് ദോഷകരമായെന്ന് ഏറെ വേദനയോടെ ആ പിതാവ് മനസ്സിലാക്കി.

നാട്ടുകാർ എല്ലാവരും ഉത്സാഹിച്ചതിന്റെ ഫലമായി ആ ശുചീകരണ പ്രവർത്തനം പുരോഗമിച്ചു. റോഡരുകിൽ നല്ല മരങ്ങൾ വച്ചുപിടിപ്പിച്ചു. ഇതിലൂടെ വായുമലിനീകരണം തടയാൻ സാധിച്ചു. രോഗം ബാധിച്ച് കിടപ്പിലായവരിൽ ഭൂരിഭാഗമാളുകളും സുഖം പ്രാപിച്ചു തുടങ്ങി. ഇതിലൂടെ ആളുകൾ പരിസ്ഥിതിശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും തങ്ങളുടെ നഗരത്തിന്റെ ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തു.

അവർ പതിവുപോലെ ഒരു ശനിയാഴ്ച യോഗം കൂടി. ആ യോഗത്തിൽ ഹർഷവർധനൻ മാഷ് പറഞ്ഞു: 'നമ്മുടെയെല്ലാം കണ്ണുതുറപ്പിച്ചത് ദീപുവിന്റെ പ്രകൃതിസ്നേഹമാണ്. പരിസ്ഥിതിദിനമായ ഈ ജൂൺ അഞ്ചിന് ദീപുവിനെ അനുമോദിക്കുകയും അവന് സമ്മാനമായി ഒരു തെങ്ങിൻതൈ നൽകുകയും ചെയ്യാം.'

പിന്നീടൊരിക്കലും ആ നഗരത്തിൽ ആരും മാലിന്യം നിക്ഷേപിച്ചിട്ടില്ല. അങ്ങനെ ജാഗ്വാർ പ്ലാസ്റ്റിക് വിമുക്തനഗരമായി പ്രഖ്യാപിക്കപ്പെട്ടു. പരിസ്ഥിതിസംരക്ഷണത്തോടുകൂടി രോഗനിർമ്മാർജനത്തിനുള്ള വഴിത്തിരിവുണ്ടായി. അതിനുശേഷം സാധാരണ പനിയോ ചുമയോ പോലും ആ നാടിനെ അലട്ടിയിരുന്നില്ല. അവിടത്തെ ആളുകളെല്ലാം സന്തോഷത്തോടെ ഒരു കുടുംബംപോലെ ജീവിച്ചു. സുന്ദരവും മനോഹരവുമായി പൂത്തുലഞ്ഞുനിൽക്കുന്ന മരങ്ങളും തെളിനീരൊഴുകുന്ന നദികളും തോടുകളും ജാഗ്വാറിന്റെ കാഴ്ചയായി.

ഈ നഗരത്തിലെ ഒരു കുരുന്നുബാലന്റെ മനസ്സിനേറ്റ ചെറിയ നൊമ്പരമാണ് ഈ മാറ്റത്തിനെല്ലാം കാരണം. അവനിലെ ആ നല്ല മനസ്സ് ആ നഗരത്തിനപ്പുറത്തും വാർത്തയായി. അനുമോദനങ്ങൾ ദീപുവിനെത്തേടിയെത്തി. ഈ മാറ്റം മറ്റുള്ള നഗരങ്ങൾക്കും പ്രചോദനമായി.

**നയന ഉണ്ണി**
9 ഡി
സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ കരിമണ്ണൂർ
തൊടുപുഴ ഉപജില്ല, ഇടുക്കി

# മരം ഒരു വരം

ആ നാട്ടിൽ ഒരു വൻമരം ഉണ്ടായിരുന്നു. ഒരു കുട്ടിയും മരവും ചങ്ങാത്തത്തിലായി. കുട്ടിക്ക് പഴങ്ങൾ പറിക്കാൻ മരം ചില്ലകൾ താഴ്ത്തിക്കൊടുക്കും. കളിക്കാൻ പൂക്കളും ഇലകളും നൽകും.... എന്നാൽ, വലുതായപ്പോൾ കുട്ടി മരത്തെ മറന്നു. അവൻ പല പ്ലാസ്റ്റിക് മാലിന്യങ്ങളും മരത്തിന്റെ ചുവട്ടിൽ ഇട്ടു. ഒരിക്കൽ

മരം പറഞ്ഞു: 'നിന്നെയിപ്പോൾ കാണാനില്ലല്ലോ!'

'ഞാനെന്തിനാ വരുന്നത്. നിന്റെ കൈയിൽ പണം ഉണ്ടോ?'

മരം പറഞ്ഞു: 'എന്റെ പൂക്കളും പഴങ്ങളും വിറ്റാൽ പണം കിട്ടും.'



അവൻ അങ്ങനെത്തന്നെ ചെയ്ത് പണം സമ്പാദിച്ചു. വർഷങ്ങൾക്കു ശേഷം

മരം അവനോട് ചോദിച്ചു: 'എന്റെ കൊമ്പിൽ ഊഞ്ഞാലാടാമോ?'

അവൻ പറഞ്ഞു: 'ഞാൻ വീട് ഉണ്ടാക്കുന്നതിന്റെ തിരക്കിലാണ്.'

മരം പറഞ്ഞു: 'എന്റെ ശിഖരങ്ങൾ വെട്ടി വീട് ഉണ്ടാക്കിക്കൊള്ളൂ.'

അപ്പോഴേക്കും ആ മരത്തിന്റെ ചുറ്റും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ കൂമ്പാരമായി മാറിയിരുന്നു. പക്ഷേ, അവൻ അതൊന്നും കണ്ടതായി നടിച്ചില്ല. അവൻ വീട് പണിതു. കാലങ്ങൾക്ക് ശേഷം അവനെ കണ്ടപ്പോൾ

മരം ചോദിച്ചു: 'നീ എന്നെ കെട്ടിപ്പിടിക്കുമോ?'

അവൻ പറഞ്ഞു: 'സമയം ഇല്ല. ഈ നാട് വിടണം. അതിന് ബോട്ടുണ്ടാക്കാൻ ഒരു മരം വേണം.'

മരം പറഞ്ഞു: 'എന്നെ വെട്ടി ബോട്ട് ഉണ്ടാക്കികൊള്ളൂ.'

അങ്ങനെ അവൻ ബോട്ട് ഉണ്ടാക്കി നാട് വിട്ടു. ആ മാലിന്യങ്ങൾ അവിടെയുള്ളവരെ പലതരത്തിലുള്ള രോഗികളാക്കി മാറ്റി. ഇതിനെല്ലാം സാക്ഷിയായി ആ മരക്കുറ്റി അവിടെ വീണ്ടും തുടർന്നു.

പിടിച്ചുവാങ്ങുന്നതിനും സ്നേഹത്തോടെ നൽകുന്നതിനും വലിയ അന്തരമുണ്ട്. അതിനാൽ പ്രകൃതിയെ സ്നേഹിച്ച് വളർന്നാൽ പിന്നീട് ദുഃഖിക്കേണ്ടിവരില്ല.

**അതുൽ**
9 എ
എസ്.എൻ.ഡി.പി.എച്ച്.എസ്. കിളിരൂർ
കോട്ടയം വെസ്റ്റ് ഉപജില്ല, കോട്ടയം



# ശുഭാപ്തിവിശ്വാസത്തിന്റെ പോരാട്ടം

സമാധാനവും സന്തോഷവുമായി കഴിഞ്ഞ ഒരു ഗ്രാമം. അവിടത്തെ ജനങ്ങൾ പരസ്പരവിശ്വാസത്തോടെയാണു ജീവിച്ചുവന്നിരുന്നത് . ആ ഗ്രാമത്തിലായിരുന്നു ഗോപാലനും കുടുംബവും താമസിച്ചത്. ഭാര്യ മാധവിയും മകൾ മാളുവും പിന്നെ രണ്ട് പശുക്കളുമായിരുന്നു അയാളുടെ ലോകം. അച്ഛന്റെ ഒപ്പം പശുക്കളെ മേച്ചു നടക്കാനായിരുന്നു മാളുവിന് ഇഷ്ടം. പ്രായത്തിന്റേതായ എല്ലാ കുറുമ്പുകളും അവൾക്ക് ഉണ്ടായിരുന്നു. കുറച്ചു ദിവസങ്ങളായി അച്ഛനെ എന്തൊക്കെയോ അലട്ടുന്നുണ്ടെന്ന് അവൾക്ക് മനസ്സിലായി. അമ്മയുടെ സ്വഭാവത്തിലും സാരമായ മാറ്റം മാളു കണ്ടു. അവരുടെ ബുദ്ധിമുട്ട് എന്താണ് എന്ന് ആലോചിച്ചിരിക്കെ തന്റെ കൂട്ടുകാരിൽനിന്ന് മാളു ഒരു വാർത്ത അറിഞ്ഞു. അയൽഗ്രാമത്തിലെ വളർത്തുമൃഗങ്ങൾക്ക് ഒരു രോഗം ബാധിച്ചു. ഇപ്പോൾ അത് മനുഷ്യരിലേക്കും വ്യാപിക്കുന്നു എന്ന്. മാളു അമ്മയോട് ഇതിനെക്കുറിച്ച് അന്വേഷിച്ചു. താൻ കേട്ടതെല്ലാം സത്യമാണെന്ന് അവൾ അറിഞ്ഞു. അതിവേഗം അയൽഗ്രാമത്തിലെ നില അതീവഗുരുതരമായി. ആ രോഗത്തിനുള്ള ഒരു പച്ചമരുന്നുണ്ടായിരുന്നു. പക്ഷേ, മരുന്ന് പറിക്കണമെങ്കിൽ കുന്നിറങ്ങി ചെല്ലണം. അതുമാത്രമല്ലായിരുന്നു രോഗികളെ രക്ഷിക്കാനുള്ള പ്രതിസന്ധി. രോഗം എല്ലാവരിലേക്കും പെട്ടെന്ന് പകരുന്നതു കാരണം ആർക്കും അവരെ ശുശ്രൂഷിക്കാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. ശുശ്രൂഷിക്കാൻ ആരും ഇല്ലാതെ അവർ മരണപ്പെട്ടുതുടങ്ങി. വൈകാതെ ആ രോഗം അയൽഗ്രാമങ്ങളിലേക്ക് വ്യാപിച്ചു. ഒരുദിവസം ഗോപാലനും ഭാര്യ മാധവിക്കും അതികഠിനമായ പനി. ഇത് ആ മഹാമാരിയുടെ ലക്ഷണമായിരിക്കും എന്ന് മനസ്സിലാക്കിയ അവർ മാളുവിനെ മാധവിയുടെ സഹോദരന്റെ വീട്ടിലേക്ക് പറഞ്ഞയക്കാൻ തീരുമാനിച്ചു. അവൾ ഇവിടെനിന്ന് എങ്ങും പോകുന്നില്ല എന്ന വാശിക്കു മുൻപിൽ അവർ വഴങ്ങിയില്ല. അവളെ നിർബന്ധപൂർവം പറഞ്ഞയച്ചു. ഇങ്ങനെ ഒരു കാരണംകൊണ്ടാണ് മാളു വന്നതെന്ന് പറഞ്ഞപ്പോൾ വീട്ടിൽ താമസിപ്പിക്കാൻ അമ്മായി സമ്മതിച്ചില്ല. അമ്മാവൻ സങ്കടത്തോടെയാണെങ്കിലും അതിന് സമ്മതം മൂളി. കുറച്ചു പണം നൽകി ഇവിടെ നിന്ന് വേറെ എവിടേക്കെങ്കിലും പോയിക്കൊള്ളാൻ പറഞ്ഞു. എന്ത് ചെയ്യണം എന്നറിയാതെ മാളു തിരികെ തന്റെ ഗ്രാമത്തിലേക്ക് പോയി. വീട്ടിൽ പോകാൻ കഴിയാത്തതുകൊണ്ട് ഒരു പീടികമുറിയിൽ അവൾ അഭയം

പ്രാപിച്ചു. ഇരുട്ട് വീഴാൻ തുടങ്ങിയപ്പോൾ അതിശക്തമായ മഴ. മഴയിലൂടെ രാത്രി കടന്നുപോകുമ്പോഴും അവളുടെ മനസ്സിൽ അച്ഛനും അമ്മയുമായിരുന്നു. എങ്ങനെ ഈ രോഗത്തിൽ നിന്ന് അവരെ രക്ഷിക്കും, അതിന് തനിക്ക് ആകുമോ? നിരവധി ചോദ്യങ്ങളും അവൾക്ക് മുൻപിൽ ഉണ്ടായിരുന്നു . ശുഭാപ്തിവിശ്വാസത്തോടെ അവൾ അവരെ രക്ഷിക്കാൻ തീരുമാനിച്ചു. പ്രഭാതത്തിൽ കുന്നിൻചരിവിൽ ഉള്ള മരുന്നും പറിച്ച് അവൾ വീട്ടിലേക്ക് നടന്നു. ആ യാത്രയ്ക്കിടയിൽ ഒരാളെ മാളു കണ്ടുമുട്ടി. തന്റെ ഈ പ്രശ്നങ്ങൾ ആ വ്യക്തിയോട് വിവരിച്ചപ്പോൾ താൻ ഒരു വൈദ്യനാണെന്നും ഇതിനായി സഹായിക്കാമെന്നും പറഞ്ഞു. ഒരു വൈദ്യന് ഒറ്റയ്ക്ക് ചികിത്സിക്കാൻ സാധിക്കില്ല. അതിന് സഹായിയായി മാനസികമായി രോഗത്തെ പ്രതിരോധിക്കാൻ തയ്യാറായ ഒരാൾ വേണം. അങ്ങനെ ഒരാളാണ് മാളു എന്നു വൈദ്യൻ അവളോടു പറഞ്ഞു. രോഗം പ്രതിരോധിക്കാനും അവർക്ക് വേണ്ട മുൻകരുതലുകളും അവർ എടുത്തു. വൈദ്യൻ ഗോപാലനും മാധവിക്കും വേണ്ട മരുന്നു തയ്യാറാക്കുമ്പോൾ മാളു വീടും പരിസരവും കുന്തിരിക്കം പോലെയുള്ള വസ്തുക്കൾ ഉപയോഗിച്ച് ശുചിയാക്കി. അവർ ഗോപാലനേയും മാധവിയേയും ചികിത്സിക്കുമ്പോൾ ഉപയോഗിച്ച വസ്ത്രങ്ങൾ ചൂടുവെള്ളത്തിൽ മുക്കി കഴുകി കുളിച്ച് വൃത്തിയായ ശേഷം മാത്രമേ ഭക്ഷണവും വെള്ളവും കഴിക്കൂ. ഇവരുടെ ഈ ചികിത്സാരീതി ഗ്രാമത്തിൽ എങ്ങും ചർച്ചാവിഷയമായിമാറി. പതിയെ അവരുടെ രോഗം ഭേദമായി. കുറച്ചു നാളുകൾക്ക് ശേഷം അവർ രോഗമുക്തരായി. അമ്മാവൻ മാളുവിനെ ഏൽപ്പിച്ച പണം അവൾ വൈദ്യന് നന്ദിപൂർവം നൽകി. എന്നാൽ ഒരു ചെറുപുഞ്ചിരിയോടെ അയാൾ അത് നിഷേധിച്ചു. ഗ്രാമവാസികൾ എല്ലാവരും ഈ ചികിത്സാരീതി പിൻതുടർന്നു. മാസങ്ങൾക്കു ശേഷം ആ ഗ്രാമം പഴയ സമാധാനവും സന്തോഷവും ആർജിച്ചു. ഗ്രാമത്തിലെ അവസാനരോഗിയും മുക്തനായി. അന്ന് രാത്രി ഉറങ്ങാൻ കിടന്ന മാളു ജനാലയിലൂടെ നോക്കിയപ്പോൾ മഴ. താൻ ഈ രോഗത്തിനെതിരെ പോരാടാൻ തീരുമാനിച്ചപ്പോഴും ഈ മഴത്തുള്ളികളായിരുന്നു സാക്ഷ്യം വഹിച്ചത്. നേരിട്ട പ്രതിസന്ധികൾ എല്ലാം അവളുടെ ഓർമ്മയിലൂടെ ഓടിമറയുകയായിരുന്നു. നല്ലൊരു നാളേയ്ക്കാകാം താൻ മിഴിതുറക്കുന്നത് എന്ന് ചിന്തിച്ചു. ഉറക്കത്തിന്റെ വാതിൽ അവൾക്കായി തുറന്നു.

**കൃഷ്ണ സജി**
9 ബി
എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്. കിളിരൂർ
കോട്ടയം വെസ്റ്റ് ഉപജില്ല, കോട്ടയം

# കാട്ടിലേക്കുള്ള വഴി

ചെമ്മൺപാത അവസാനിക്കുന്നത് വിശാലമായ പട്ടണകവാടത്തിലായിരുന്നു. റോഡുകൾ ചുട്ടുപൊള്ളുന്നുണ്ടായിരുന്നു. ചെരുപ്പുകളിട്ട് ശീലമില്ലാതിരുന്ന പഥികന്റെ കാലുകൾ ചുട്ടുപൊള്ളി. ഷോപ്പിങ് കോംപ്ലക്സ്കൾക്ക് ഇടയിൽ കൂടി അയാൾ നടന്നു. ടൈൽ പാകിയ നിരത്തുകൾ.., റോഡിനെയും നിരത്തിനെയും തമ്മിൽ അകറ്റാൻ ചുട്ടുപഴുത്ത ഇരുമ്പ് കൈവരി. ഉല്ലാസവാന്മാരായ യുവതീയുവാക്കൾ.... പഥികൻ സ്തബ്ധനായി. ഇവിടം ഇങ്ങനെ കാണേണ്ടിവരുമെന്ന് കരുതിയില്ല.

പഥികൻ തന്റെ ഓർമ്മയുടെ താളുകൾ പിന്നോട്ട് മറിച്ചു. അന്ന് താനും ഒരു പൊടിമീശക്കാരനായിരുന്നു. അപ്പന്റെ പിറകിൽ വാല് പോലെ കാട്ടിലേക്ക്.... ഓരോ കാലടികളിലും കാട്ടിലകൾ ഞെരിയുന്ന ശബ്ദം. ‘കാട് ചതിക്കില്ലെടാ.... ’ അപ്പൻ പറയാറുണ്ടായിരുന്നു... കാടിന്റെ ഒരതിർത്തി വരെ പോകാനേ ഞങ്ങൾക്ക് അനുവാദമുണ്ടായിരുന്നുള്ളു. കാട് തന്റെ സീമയൊരുക്കിയത് പുഴകൊണ്ടായിരുന്നു. പുഴകടന്നാൽ ഘോരവനം. അലർച്ചകളും ഗർജനങ്ങളും ഭീതിയുളവാക്കും... പേടിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന ഒരു സുഹൃത്തായിരുന്നു കാട്... താൻ... ഇത്തിരി തണുപ്പും ശാന്തതയും അന്വേഷിച്ചു വന്നതാണ്. പഥികന്റെ നിരാശ കണ്ണുകളിലൂടെ ധാരയായി ഒഴുകി. പട്ടണത്തിന്റെ ഒരു മൂലയിൽ മൃഗശാല.. നിരവധി കൂടുകൾ നിരനിരയായി വച്ചിരിക്കുന്നു. ഓരോ കൂട്ടിലും കാടുണ്ടായിരുന്നു. ഗർജനങ്ങളും അലർച്ചകളും ഞരക്കങ്ങളായി രൂപാന്തരപ്പെട്ടിരുന്നു... പഥികൻ ചോദിച്ചു.. ‘ഹേ വ്യാഘ്രമേ.. ! നീ വീരശൂരപരാക്രമി അല്ലേ, നിന്റെ പല്ലുകളും നഖങ്ങളും ഉപയോഗിച്ച് മനുഷ്യനെ കടിച്ചുകീറാമായിരുന്നില്ലേ..?‘ “അല്ല.! അത് നിനക്ക് അറിഞ്ഞുകൂടേ., പ്രതികാരമൊക്കെ നിങ്ങൾ മനുഷ്യർക്ക് ആണുള്ളത്. അന്നന്നത്തേക്കുള്ളത് കാട് തരുമായിരുന്നു. അതുകൊണ്ട് ഞങ്ങൾ സഹോദരൻമാരെ പോലെയായിരുന്നു. പക്ഷേ, മനുഷ്യൻ ബുദ്ധിമാനായിരുന്നു. അവൻ കൂട്ടത്തിൽ നിന്നുകൊണ്ട് മൃഗങ്ങളെ ഭിന്നിപ്പിച്ചു നിർത്തി.. അവൻ കുന്തവും വാളും ഉണ്ടാക്കി.. അതിനു മുൻപിൽ പല്ലും നഖവും എന്തു ചെയ്യും..?’ അത് പറഞ്ഞു നിർത്തി.. ‘ ഹേ സിംഹമേ.. ! നീ മൃഗരാജാവല്ലേ., നീ എന്തുകൊണ്ട് നിന്റെ പ്രജകളെ

സംരക്ഷിച്ചില്ല? നീ നിന്റെ ഉത്തരവാദിത്തങ്ങളിൽനിന്ന് ഒഴിഞ്ഞുമാറിയില്ലേ?

'സുഹൃത്തേ, ഒരുകണക്കിന് പറഞ്ഞാൽ മനുഷ്യനും എന്റെ പ്രജതന്നെ. എങ്ങനെയാണ് ഞാനെന്റെ പ്രജകൾക്ക് മുന്നിൽ മുഖംതിരിക്കുക? അതാണോ രാജധർമ്മം..' പഥികന്റെ മനസ്സ് നീറി. ഇവിടെ ഒരു കാടുണ്ടായിരുന്നു. എന്നാൽ... ഇന്ന്....

അപ്പോൾ ശൂന്യതയിൽനിന്ന് ഒരശരീരി ഉണ്ടായി. പഥികൻ കാതോർത്തു. 'പഥിക, നീ തിരിച്ചുപോയ്ക്കൊൾക... ഇനിയും വറ്റിയിട്ടില്ലാത്ത നന്മയുടെ തെളിനീർ പുഴയായി ഒഴുകും... വൻകെട്ടിടങ്ങൾക്ക് പകരം മാമരങ്ങൾ വേരുറയ്ക്കും... അങ്ങനെ വീണ്ടും ഇവിടൊരു കാടുയരും. ഇപ്പോൾ നീ തിരിച്ചുപോകു... '

മുണ്ഡനംചെയ്ത മൊട്ടക്കുന്നുകൾക്ക് ഇടയിലൂടെ പഥികൻ തിരിച്ചുനടന്നു. അർക്കരശ്മികൾ വിടവാങ്ങുകയും ചന്ദ്രൻ തെളിയുകയും ചെയ്തു. അപ്പോഴും പഥികന്റെ ഹൃദയത്തിൽ ആ അശരീരി മുഴങ്ങിക്കൊണ്ടിരുന്നു...

**ഗോപിക ആർ.**
9 ബി
എസ്.വി.എം.എം.എച്ച്.എസ്.എസ്. വെണ്ടാർ
കുളക്കട ഉപജില്ല, കൊല്ലം

# എന്റെ ശുചിത്വക്ലബ്ബ്

“അമ്മേ, എനിക്ക് കുറച്ചു ചൂടുവെള്ളം തരുമോ? വായിച്ചു വായിച്ചു എന്റെ തൊണ്ട പോയി.” പരീക്ഷയുടെ അവസാന മുന്നൊരുക്കത്തിലായിരുന്നു വൈഷ്ണവി. അവൾ ധൃതിയിലായിരുന്നു. വൈകുന്നേരം 7 മണിക്ക് തുടങ്ങിയ പഠിത്തമാണ്. “മോളേ, ഇപ്പോൾ 11 മണി ആകാൻ പോകുന്നു. നീ ഇങ്ങനെ ഒറ്റ ഇരിപ്പിരുന്നാൽ ശരിയാവില്ല. വാ വന്നു ചോറ് കഴിക്കൂ.” അത്താഴം കഴിഞ്ഞ് അവൾ തന്റെ കൈകളും മുഖവും നന്നായി കഴുകി വൃത്തിയാക്കി. പിറ്റേദിവസത്തേക്കുള്ള പുസ്തകങ്ങൾ ഒക്കെ അടുക്കിവച്ചിട്ട് അവൾ പതിയെ വെളിച്ചം അണച്ചു.

അടുത്ത ദിവസം പുതുസുപ്രഭാതം കണികണ്ടുണർന്നു. കിളികളുടെയും കാറ്റിന്റെയും നാദം അവൾ കൊതിതീരാതെ കേട്ടു നിന്നു. ‘ബ്ളിഷ്ക്... ’ അവൾ പെട്ടെന്ന് ഒന്ന് നോക്കി. ഒരു പ്ലാസ്റ്റിക് ബോട്ടിൽ വലിച്ചെറിഞ്ഞിരിക്കുന്നു. പ്രകൃതി കനിഞ്ഞുനൽകിയിരിക്കുന്ന പരിസ്ഥിതി, അതിനു വിരുദ്ധമായി ആരോ പ്രവർത്തിച്ചിരിക്കുന്നു. വൈഷ്ണവി ആകെ വിഷമത്തിലായി. അവൾക്ക് വല്ലാത്ത കുറ്റബോധം തോന്നി. അവൾ കുളിച്ചു മുടി പിന്നിൽ കെട്ടി. ബ്രേക്ഫാസ്റ്റ് കഴിക്കാൻ പോയി. എല്ലാവരും സന്തോഷമായിരിക്കുന്നു. ‘അമ്മേ, ഗുഡ് മോർണിങ്. ഇന്നത്തെ സ്പെഷ്യൽ എന്താ?“ ‘അപ്പം ആണ് മോളേ..’ അപ്പം കഴിച്ചു. ഉത്സാഹത്തോടെ അവൾ മുറ്റത്തേക്കിറങ്ങി. പൂക്കളെയും ചെടികളെയും ഒന്ന് തൊട്ട് അതിനൊപ്പം അയാൾ വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്കും എടുത്തുകളഞ്ഞ് അവൾ സ്കൂളിലേക്ക് യാത്രയായി.

സൈക്കിളിൽ സ്കൂളിൽ എത്തിയപ്പോൾ ഈശ്വരപ്രാർഥന തുടങ്ങി. അവൾ ഭക്തിപൂർവം പ്രാർഥിച്ചു പരീക്ഷ ഹാളിൽ കയറി. രണ്ടുമണിക്കൂർ നീണ്ട പരീക്ഷ. ഒടുവിൽ ഹാളിന് പുറത്തിറങ്ങി. ‘ഹായ് ദിയാ, പരീക്ഷ എങ്ങനെ ഉണ്ടായിരുന്നു? ‘ ‘കുഴപ്പമില്ല.‘ കൂട്ടുകാരികളെ കണ്ടു ഒന്ന് മിണ്ടിയും കളിച്ചും നിന്ന് അവൾ സമയം പങ്കിട്ടു. സ്കൂളിന്റെ പരിസരങ്ങളിലുള്ള ചപ്പുചവറുകൾ അവൾ ശ്രദ്ധിച്ചു. ചിലയിടത്തു വെള്ളം കെട്ടിക്കിടക്കുന്നു, ചിലയിടത്തു പേപ്പർകഷണങ്ങൾ. ഇതെല്ലാം അവളുടെ മനസ്സിനെ തളർത്തി.

പിറ്റേദിവസം സ്കൂളിൽ ഒരു സംഘം ഉദ്യോഗസ്ഥർ വന്നു. അവർ എന്തോ ബോധവൽക്കരണ ക്ലാസ് എടുക്കാനാണ് വന്നത്. കുട്ടികൾ എല്ലാവരും ഒരു

ക്ലാസ്മുറിയിൽ കയറി ഇരുന്നു. ക്ലാസ് ആരംഭിച്ചു. 'വ്യക്തിശുചിത്വവും കോവിഡ് പ്രതിരോധവും' എന്ന വിഷയമായിരുന്നു. അവർ പരിസ്ഥിതിയെ പറ്റി പറഞ്ഞപ്പോൾ വൈഷ്ണവിയുടെ ഉള്ളിൽ അവൾ ദർശിച്ച കാര്യങ്ങൾ ആയിരുന്നു. ആകാശഗോപുരങ്ങളും വാഹനങ്ങളും പൊടിപടലങ്ങളും നിറഞ്ഞ പരിസ്ഥിതിയെ നാം വീണ്ടും കൊല്ലുകയാണെന്ന ബോധം അവളുടെ മനസ്സിൽ മുളച്ചുവന്നു. ഇത് ഇനിയും കൂടിയാൽ അത് മനുഷ്യരാശിക്ക് ആപത്താണെന്നും പരിസ്ഥിതിയെ പഴയ പച്ചപ്പിലേക്കു തിരിച്ചു കൊണ്ടുവരണം എന്നും അവൾക്കു തോന്നി. കോവിഡ് മാത്രമല്ല, ഇനിയും പല രോഗങ്ങളും പ്രശ്നങ്ങളും നമ്മെ കാത്തിരിക്കുന്നു എന്ന ഉറച്ച കാഴ്ചപ്പാട് അവളുടെ മനസ്സിലുണ്ടായി. തന്റെ നാടിന് വേണ്ടി അവൾ ഒരു സുരക്ഷാവലയം നിർമിക്കാൻ ആഗ്രഹിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ അവൾ അതിനെ പറ്റി ആലോചിച്ചുകൊണ്ടേയിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം വൈഷ്ണവി തന്റെ സഹപാഠികളേയും കൂട്ടി സ്റ്റാഫ്റൂമിൽ ചെന്ന് അധ്യാപകരോട് കാര്യം പറഞ്ഞു. കേട്ടപ്പോൾ തന്നെ അധ്യാപകർ അവൾക്ക് പിന്തുണ നൽകി. അധ്യാപകരുടെ സഹായത്തോടെ ഒരു ശുചിത്വ ക്ലബ് രൂപീകരിക്കാൻ സ്കൂൾ ഹെഡ്മാസ്റ്ററോട് അനുവാദം തേടി. വൈഷ്ണവി എന്ന് പതിനാലുകാരിയുടെ സാമൂഹ്യബോധത്തിനു മുന്നിൽ ആ അധ്യാപകന് എതിര് പറയാൻ തോന്നിയില്ല. അവളുടെ സ്കൂളിൽ ഒരു ശുചിത്വ ക്ലബ് രൂപീകരിച്ചു. അതിന്റെ മുന്നോടിയായി സാനിട്ടൈസറും മറ്റു ക്ലീനിങ് ഉപകരണങ്ങളും വാങ്ങി. സ്കൂളിലെ ആളൊഴിഞ്ഞ പ്രദേശം എല്ലാം വൃത്തിയാക്കി. ക്ലാസ്മുറികൾ വൃത്തിയാക്കി. ഒരുപാട് പ്രവർത്തനങ്ങളിലൂടെ അവിടത്തെ വിദ്യാർഥികളിൽ ശുചിത്വത്തിന്റെ ബോധം ആ ക്ലബ് കൊണ്ടുവന്നു. ആ വിദ്യാലയം എല്ലാവർക്കും മാതൃകയായി.

**അന്നപൂർണ എസ്. എ.**
9 എ
എൻ.എസ്.എസ്.എച്ച്.എസ്.എസ്. പാൽക്കുളങ്ങര
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# കൊറോണക്കാലത്തെ സൂര്യന്റെ സങ്കടം

ഈ പ്രപഞ്ചം ഉണ്ടായ കാലംമുതൽ ഇത്രയും കാലം ഈ ലോകം മൊത്തം കറങ്ങി നടന്നിട്ടും ഞാനിതുവരെയും ഇത്തരം ഒരു കാഴ്ചകണ്ട് നടുങ്ങീട്ടില്ല. ഇന്നെങ്കിലും ഒരു കാർമേഘം വന്നു മൂടി എന്റെ കാഴ്ച മറയ്ക്കണേ എന്ന ഒരു പ്രാർഥനയാണ് ഓരോ നിമിഷവും ഞാൻ ആഗ്രഹിക്കുന്നത്.

ലോകം മൊത്തം സഞ്ചരിക്കുന്നയാളാണ് ഞാനെന്ന് അറിയാമല്ലോ. ഭൂമിയിലെ സകലചരാചരങ്ങൾക്കും ഞാനില്ലതെ ജീവൻ നിലനിൽക്കില്ല എന്നുള്ള ഒരേയൊരു കാരണം കൊണ്ടാണ് ഞാൻ ഇന്നും നിങ്ങളുടെ അടുത്ത് എത്തുന്നത്. വർഷങ്ങൾക്കു മുൻപും ഓരോരോ മഹാമാരി ഞാൻ കണ്ടിട്ടുണ്ട്. മനുഷ്യർ മരിച്ചുവീഴുന്നതും കണ്ടിട്ടുണ്ട്. എന്നാലും നാലുമാസത്തോളമായി ഞാൻ ഈ വേദന തിന്നാൻ തുടങ്ങീട്ട്.

ഭൂമിക്ക് ഓരോ പേരാണ്. എനിക്ക് എല്ലായിടവും ഭൂമിതന്നെയാണ്. എൻഡോസൽഫാൻ ബാധിച്ച ഒരിടവും അവിടത്തെ ആളുകളെയും കൊച്ചു കുട്ടികളെപ്പോലും കണ്ട് നടുങ്ങാറുണ്ട്. രാജഭരണകാലത്തുപോലും യുദ്ധം നടക്കുമ്പോൾ ഇത്രയെറെ ശത്രുക്കൾ മരിച്ചുവീണിട്ടുണ്ടാകുമോ ആവോ. എന്നാൽ പോലും അതിന്റെ അവസാനം ഒരാഴ്ചയിൽ എറെ പോയിട്ടില്ല. എന്നാൽ കൊറോണ എന്നും കോവിഡ് 19 എന്നും മനുഷ്യർ പേരിട്ടിരിക്കുന്ന ഈ നാശവിത്തിന് എന്നാണ് ഒരു അവസാനമെന്നോ ഇനിയും എത്ര പേർ മരിച്ചു വീഴാനുണ്ട് എന്നോ ആർക്കും അറിയില്ല. ഭൂമിയുടെ മുക്കും മൂലയും കറങ്ങി സഞ്ചരിക്കുന്ന ഞാൻ എത്രയും പെട്ടെന്ന് ഓരോയിടത്തും നിന്നും ഓടി അകലാൻ ശ്രമിക്കുന്നു.

സുനാമിയും പ്രളയവും കണ്ടപ്പൊഴും തോന്നാത്ത ഭയം എന്നെ വല്ലാതെ വേട്ടയാടുന്നു. അതാ.... അവിടെ വാരിക്കൂട്ടി ഇട്ടിരിക്കുന്ന ശവങ്ങൾ... എനിക്കു തളർച്ച തോന്നിത്തുടങ്ങിയിരിക്കുന്നു. പിന്നെ വ്യത്യാസമുള്ളതു കുറേ ദിവസങ്ങളായി ഞാൻ സഞ്ചരിക്കുന്ന പലയിടങ്ങളും വിജനമായി കിടക്കുന്നു എന്ന താണ്. വെട്ടും കുത്തും കൊലപാതകങ്ങളും കാൺമാനില്ല. മാലാഖമാരെപ്പോലെ വെള്ളവസ്ത്രം ധരിച്ച കുറേ മനുഷ്യർ ഭൂമിയിൽ ഓടിനടന്നു ജോലി ചെയ്യുന്നു. എന്റെ ദുഃഖം കണ്ടിട്ടാണ് എന്നു തോന്നുന്നു, അതാ ഒരു മഴമേഘം. എന്നെ ആശ്വസിപ്പിക്കാനെന്നു തോന്നുന്നു. എന്നാലും എത്ര നേരത്തേക്കും വീണ്ടും പ്രകാശിച്ചേ പറ്റൂ...

**അഭിനവ് എ. എസ്.**
2 സി
എൽ.എം.എ.എസ്.എൽ.പി.എസ്. വെങ്ങാനൂർ
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# കൊറോണ ആന്റി വൈറസ്

മാർച്ചിലെ പരീക്ഷകഴിഞ്ഞാൽ രണ്ടുമാസം സ്കൂളിൽ പോകണ്ട, കളിക്കാം. പിന്നെ പുതിയ സ്കൂളിൽ അഞ്ചാംക്ലാസിൽ പോകണം. പരീക്ഷ എനിക്ക് പേടിതന്നെയാണ്. പരീക്ഷ എങ്ങനെയെങ്കിലും ഒന്നു കഴിഞ്ഞാമതിയെന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് വിദേശത്തുനിന്ന് കോറോണ വന്നുവെന്ന് അമ്മയും അച്ഛനും ടീച്ചർമാരും പറയുന്നത് കേട്ടത്. കോറോണ കൂടുന്നതിനാൽ ഇനി പരീക്ഷ നടത്തേണ്ടതില്ലെന്നും എഴുതാതെതന്നെ അടുത്ത ക്ലാസുകളിലേക്ക് ചേർത്തുകൊള്ളാൻ നമ്മുടെ സർക്കാരിന്റെ അനുമതി ലഭിക്കും എന്നും അമ്മ പറഞ്ഞു. ഇപ്പോൾ എനിക്കും അനുജനും അവധിയാണ്. സാധാരണ ഞങ്ങൾ രണ്ടു പേരും മാത്രമേ അവധിക്കാലത്ത് വീട്ടിലുണ്ടാകാറുള്ളൂ. കോറോണ വന്നതുകൊണ്ട് അമ്മയും അച്ഛനും കൂലിവേലയ്ക്ക് പോകുന്നില്ല. ഞങ്ങൾ നാലുപേരും വീട്ടിലുണ്ട്. വേലയില്ലാത്തതുകൊണ്ട് കൂലിയും ഇല്ല. എങ്കിലും സർക്കാർ ഞങ്ങൾക്ക് അരിയും സാധനങ്ങളും തന്നു സഹായിച്ചു. കോറോണ വരും എന്നു പറഞ്ഞ് അനുജനെ കൂട്ടുകാരുമായി കളിക്കാൻ വിടാറില്ല. കോറോണയെ വീട്ടിൽ വിളിച്ചോണ്ടു വരില്ല എന്നു പറഞ്ഞാലും അമ്മ വിടില്ല. അനുജൻ എന്നോടൊപ്പമാണ് ഇപ്പോൾ കളിക്കുന്നത്. അതുകൊണ്ട് കോറോണയെ ആരും കേൾക്കാതെ ഞാൻ കോറോണ ആന്റി എന്നു വിളിച്ചു തുടങ്ങി. അയലത്തെ വീട്ടിലെ കോളേജിൽ പഠിക്കുന്ന ചേച്ചി വീട്ടിൽ വന്നപ്പോൾ ഞാൻ കോറോണ ആന്റിയെ കുറിച്ച് ചോദിച്ചു. ഞാൻ പറയുന്നത് കേട്ട് ചേച്ചി എന്നെ കളിയാക്കി ചിരിക്കാൻ തുടങ്ങി. ആ ചേച്ചിയാണ് എനിക്ക് പറഞ്ഞു തന്നത്, കോറോണ ആന്റി അല്ലെന്നും അതൊരു രോഗം പരത്തുന്ന വൈറസ് ആണെന്നും. ഞാൻ വിചാരിച്ചത് ബീച്ചിലൊക്കെ കാണുന്ന സായിപ്പിനെയും മദാമ്മയെയും പോലെ വിദേശത്തുനിന്നു വന്ന ആരെങ്കിലും ആയിരിക്കും എന്നായിരുന്നു. എനിക്ക് കോറോണവൈറസിനെ പേടിയാണ്. അച്ഛനും അമ്മയും അനുജനും വീട്ടീന്ന് പുറത്തിറങ്ങാൻ ഞാൻ സമ്മതിക്കില്ല. കോറോണ എത്രയും പെട്ടെന്ന് നമ്മുടെ നാട്ടീന്ന് പോയാമതി.

**സജന ജെ.**
4 എ
എൽ.എം.എൽ.പി.എസ്. കരീപ്പുറം
വർക്കല ഉപജില്ല, തിരുവനന്തപുരം

# നല്ല നാളേക്ക് വേണ്ടി.

ഓടിക്കിതച്ചാണ് അജു ലൈബ്രറിയിൽ എത്തിയത്. ലൈബ്രേറിയന്റെ അടുത്ത് ചെന്ന് അവൻ ഒരു ബുക്കിന്റെ പേര് പറഞ്ഞു. ലൈബ്രേറിയൻ ജോസഫ് ചേട്ടൻ അത് എടുക്കാൻ പോയിരിക്കുന്നു. അപ്പോഴാണ് അജു പുറത്തേക്കു നോക്കിയത്. നോക്കുമ്പോൾ അതാ ഓടിവരുന്നു മീര. അവനു സംഗതി പിടികിട്ടി. ഓടിപ്പിടിത്തം കളിച്ചുകൊണ്ടിരിക്കുന്നതിനു ഇടയിൽനിന്നാണ് താൻ വന്നിരിക്കുന്നത്. തന്നെ പിടിക്കാൻ ആണ് മീര വന്നിരിക്കുന്നത്. കാര്യം മനസ്സിലാക്കിയ അജു മീരയുടെ അടുത്തേക്ക് നടന്നു. മീര ഏതെങ്കിലും പറയുന്നതിന് മുൻപേ അജു പറഞ്ഞു: 'മീരേ, നിനക്ക് ഓർമ്മയില്ലേ, ഇന്നലെ ടീച്ചർ പറഞ്ഞത്. ഇന്ന് ഒക്ടോബർ 2 ആണ്.' ഓ, മനസ്സിലായി എന്ന ഭാവത്തിൽ അവൾ പറഞ്ഞു: 'അതെ, ഗാന്ധിജിയുടെ ജന്മദിനം ആണ് ഇന്ന്.' 'അതെ ഗാന്ധിജിയുടെ 150ാം ജന്മദിനം'- അജു പറഞ്ഞു. 'ടീച്ചർ പറഞ്ഞത് ഓർമയില്ലേ, ഗാന്ധിജി യുടെ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' എന്ന ബുക്ക് കൊണ്ടു വരണമെന്ന്, അത് എടുക്കാൻ ആണ് ഞാൻ വന്നത്. നീ ക്ഷമിക്ക്. ഞാൻ കളിയുടെ കാര്യം മറന്നു.' 'അത് സാരമില്ല, ഒരു കാര്യം ചെയ്യ്, വേഗം പുസ്തകവും വാങ്ങി മൈതാനത്തേക്ക് വാ. ഞങ്ങൾ കാത്തുനിൽക്കാം.' മീര ഇതും പറഞ്ഞ് മൈതാനത്തേക്ക് തിരിഞ്ഞുനടക്കാൻ ആരംഭിച്ചു. ജോസഫ് ചേട്ടന്റെ കൈയിൽനിന്നു പുസ്തകം വാങ്ങി രജിസ്റ്ററിൽ ഒപ്പു വച്ച ശേഷം അജുവും നടന്നു മൈതാനത്തേക്ക്. അവിടെ മീരയും മീനയും അമ്മുവും കുഞ്ഞനും അജുവിനായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. മീരയും മീനയും ചേച്ചിയും അനുജത്തിയുമാണ്. അമ്മുവും അജുവും ഇരട്ടക്കുട്ടികളാണ്. കുഞ്ഞൻ ഒറ്റ മകനാണ്. ഇവരെല്ലാവരും അടുത്തടുത്ത വീടുകളിലാണ് താമസം. അജു വരുന്നത് കണ്ട് എല്ലാവരും ഒത്തുകൂടി. അപ്പോഴാണ് അവർ ഭാസ്കരൻചേട്ടനെ കണ്ടത്. 'പുസ്തകപ്പുഴു' എന്നാണ് ആ നാട്ടിലെ എല്ലാവരും അദ്ദേഹത്തെ വിളിക്കുന്നത്. എന്തുകൊണ്ടും പുസ്തകം ഭാസ്കരൻചേട്ടന് കൊടുത്ത് സുരക്ഷിതമാക്കുന്നതാണ് നല്ലതെന്ന് അജുവിന് തോന്നി. എല്ലാവരും ചേർന്ന് ആ പുസ്തകം ഭാസ്കരൻ ചേട്ടന് നൽകി. ഭാസ്കരൻചേട്ടൻ അതും എടുത്ത് മരച്ചുവട്ടിൽ ഇരുന്ന്

വായിക്കാൻ തുടങ്ങി. ഈ അഞ്ചു പേർക്കും ഭാസ്കരൻ ചേട്ടനെ ഒരുപാട് ഇഷ്ടമാണ്. കാരണം അയാൾ അവർക്ക് കഥകൾ പറഞ്ഞു കൊടുക്കുകയും വായിച്ച പുസ്തകങ്ങൾ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്യും. അവർ തങ്ങളുടെ കളി ആരംഭിക്കാൻ തുടങ്ങി. ഇപ്രാവശ്യം കുഞ്ഞൻ ആണ് പിടിക്കാൻ പോകുന്നത്. കുഞ്ഞൻ ആദ്യം ലക്ഷ്യമിട്ടത് മീനയെ ആണ്. കുഞ്ഞനിൽ നിന്നും കുതറിയോടാൻ മീന പരിശ്രമിച്ചുകൊണ്ടിരുന്നു. പെട്ടെന്നാണ് തന്റെ മുൻപിലേക്ക് എന്തോ വീഴുന്നത് കണ്ട് മീന പേടിച്ച് പിന്നിലേക്ക് ചാടിയത്. ഇതുകണ്ടു നിന്ന കൂട്ടുകാരെല്ലാം മീനയുടെ അടുത്തെത്തി. അപ്പോഴാണ് അവർക്ക് മനസ്സിലായത്, മുൻപിൽ വീണത് ചപ്പുചവറുകൾ അടങ്ങിയ ഒരു കവർ ആണ്. അമ്മു പറയാൻ തുടങ്ങി, 'ഇതിപ്പോൾ മൂന്നാമത്തെ പ്രാവശ്യമാണ് ആ ഒഴിഞ്ഞ പറമ്പിൽ നിന്നും ചവറ് ഇടുന്നത്. ആരായിരിക്കും അത്'. വേഗം തന്നെ കുഞ്ഞൻ പറഞ്ഞു, 'സംസാരിച്ചു നിൽക്കാൻ സമയമില്ല. ഇന്നെങ്കിലും അതാരാണ് ചെയ്യുന്നതെന്ന് കണ്ടുപിടിക്കണം. വേഗം വരൂ'. കുഞ്ഞന്റെ നിർദ്ദേശപ്രകാരം അവർ പറമ്പിലേക്ക് നടന്നു. അവിടെ ഒരു സ്ത്രീ അപ്പുറത്തേക്ക് വീണ്ടും വീണ്ടും ചവർ ഇടുന്നതാണ് കണ്ടത്. പക്ഷേ, ആ സ്ത്രീ ആരാണെന്ന് അവർക്ക് കാണാൻ കഴിഞ്ഞില്ല. അവൾ കാത്തുനിന്നു. തിരിഞ്ഞു നടന്ന സ്ത്രീ ഓമനച്ചേച്ചി ആണെന്ന് അവർക്ക് മനസ്സിലായി. അവർ അഞ്ചുപേരും നേരെ ചേച്ചിയുടെ അടുത്തേക്ക് നടന്നു. അവരെ കണ്ട് ചേച്ചി പതറുന്നുണ്ടായിരുന്നു. ഇത് കണ്ട് അജു ചോദിച്ചു, "അപ്പോൾ ചേച്ചി ആണല്ലേ കഴിഞ്ഞ കുറേ ദിവസമായി ഇതുപോലെ ചവർ പുറത്തേക്ക് ഇടുന്നത്?" അല്ല എന്ന് ഓമനച്ചേച്ചി പറയുന്നുണ്ടെങ്കിലും വ്യക്തത ഇല്ലാതെ വിറയലോടെ ആയിരുന്നു അവർ അത് പറഞ്ഞത്. 'ആ, ഞങ്ങൾക്ക് സത്യം മനസ്സിലായി, ചേച്ചിതന്നെയാണ് ഇതിനെല്ലാം പിന്നിൽ. സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി മറ്റുള്ളവരെ വിഷമിപ്പിക്കുന്നത് നല്ല കാര്യമല്ല. അപ്പോൾ ചേച്ചിയുടെ മനസ്സും ചപ്പുചവറുകൾ ആണെന്ന് ഞങ്ങൾക്ക് മനസ്സിലായി'. അമ്മു ലജ്ജയോടെ പറഞ്ഞു. 'ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ട ഇന്ന് പോലും പൊതുസ്ഥലങ്ങൾ മലിനമാക്കുകയാണ് ചേച്ചി ചെയ്യുന്നത്.

മഹാത്മാവായ ഗാന്ധിജിയുടെ ജന്മദിനമായ ഇന്ന് വീടും പരിസരവും ശുചിയാക്കുകയാണ് വേണ്ടത്. അല്ലാതെ വൃത്തികേട് ആക്കുകയല്ല.'' മീന പറഞ്ഞു. അപ്പോഴാണ് അപ്പുറത്തെ ബഹളംകേട്ട് ഭാസ്കരൻ ചേട്ടൻ വന്നത്. കാര്യം മനസ്സിലാക്കിയ അദ്ദേഹം ഓമനയോട് പറഞ്ഞു, 'കുഞ്ഞുങ്ങൾ പോലും എത്ര വിവേകത്തോടെ ചിന്തിക്കുന്നു. എന്നാൽ മുതിർന്നവർക്ക് കുഞ്ഞുങ്ങളുടെ അത്ര പോലും വിവരമില്ല.' ഇതെല്ലാം കേട്ടു നിന്ന ഓമനച്ചേച്ചി എല്ലാവരോടുമായി മാപ്പ് പറഞ്ഞു. 'ഇനിയൊരിക്കലും ഞാൻ പൊതുസ്ഥലം വൃത്തികേടാക്കില്ല, മാത്രമല്ല, എല്ലായിടവും വൃത്തിയുള്ളതായി സൂക്ഷിക്കുകയും ചെയ്യും. ഓമന ചേച്ചിയുടെത് കടുത്ത വാക്കുകളായിരുന്നു. സത്യം ചെയ്ത് ചേച്ചി തലയുയർത്തി നിന്നു. ഭാസ്കരൻ ചേട്ടൻ പറയാൻ തുടങ്ങി, 'നാം എപ്പോഴും ശുചിത്വം പാലിക്കേണ്ടത് നമ്മുടെയും സമൂഹത്തെയും ആവശ്യമാണ്. മാത്രമല്ല, ആരോഗ്യമുള്ള പരിസ്ഥിതിക്കു ശുചിയായി ഇരിക്കുന്നത് ആവശ്യമാണ്. മഹാത്മാവായ ഗാന്ധിജി സ്വാതന്ത്ര്യം ലഭിക്കുന്നതിനേക്കാൾ പ്രാധാന്യം നൽകിയത് ശുചിത്വത്തിന് ആയിരുന്നു. ആ മഹാത്മാവിനെ സ്മരിച്ചുകൊണ്ട് ഈ ദിവസം ഐശ്വര്യ പൂർണ്ണമാക്കാം. ഒപ്പം അദ്ദേഹത്തിന്റെ ജീവിതം ഒരു മാതൃകയും ആക്കാം'. ഇത് പറഞ്ഞുതീർത്ത് ഭാസ്കരൻ ചേട്ടൻ തന്റെ കയ്യിലിരുന്ന പുസ്തകം കൂട്ടുകാർക്ക് തിരിച്ചു നൽകി. ഒപ്പം ശുചിത്വത്തിന്റെ പ്രാധാന്യവും.

**പീയൂഷ വി. പ്രദീപ്**
4 ബി
എൽ. എഫ്. സി. യു. പി. സ്കൂൾ മമ്മിയൂർ
ചാവക്കാട് ഉപജില്ല, തൃശ്ശൂർ

# പേടിയല്ല, ജാഗ്രതയാണ് വേണ്ടത്

രണ്ടുമൂന്ന് ആഴ്ചയായി എവിടേക്കും പോവാത്തതിനാൽ തന്നെ വീട്ടിൽ വേരുറപ്പിച്ച തരത്തിൽ ആണ് അഭി. ലോക്ഡൗണിന് മുമ്പ് വരെ അഞ്ച് മണിക്ക് എഴുന്നേറ്റ് ഗ്രൗണ്ടിലുള്ള പ്രാക്ടീസും ചങ്ങാതിമാരുടെ കൂടെയുള്ള ഒത്തുചേരലുകളും കറക്കങ്ങളും ടൂർണ്ണമെന്റുകളും ഒക്കെ കൂടി ബഹളം നിറഞ്ഞ കളർഫുൾ ലൈഫായിരുന്നു അഭിയുടേത്. എന്നാൽ ഇപ്പോ പെങ്ങളുടെ ഇടയ്ക്കിടെയുള്ള തല്ലുപിടിത്തങ്ങൾ മാത്രമേ അഭിയുടെ ജീവിതത്തിൽ താളങ്ങളും ഇളക്കങ്ങളും സൃഷ്ടിക്കുന്നുള്ളൂ. ഫുട്ബോളിന്റെ ഭാവിവാഗ്ദാനമായ അഭി ഇപ്പോൾ പ്രാക്ടീസ് വരെ വീടിനകത്തേക്ക് ചുരുക്കി. അഭിയുടെ നാലു നേരമുള്ള കുളിയും കൂടെ കൂടെയുള്ള കൈകഴുകലും 24 മണിക്കൂറും വാർത്താചാനൽ നോക്കിയിരിപ്പും കാണുമ്പോൾ അമ്മയും പെങ്ങളും കളിയാക്കി പറയും, പേടിയല്ല, ജാഗ്രതയാണ് വേണ്ടത്. ഇതു കേൾക്കുമ്പോൾ അച്ഛൻ പറയും, അത്യാവശ്യം പ്രതിരോധശേഷിയുള്ള അരോഗദൃഢഗാത്രനായ നിന്നെ പോലുള്ള യുവകോമളന് എങ്ങനെയാടാ രോഗം വരുന്നത്? ഇതിന് മറുപടിയായി അൽപ്പം ധാർഷ്ട്യത്തോടെ അഭി പറയും, “ഇത് വെറും രോഗമല്ല. ഭൂലോകത്തെ മുഴുവൻ ഇളക്കിമറിച്ച രാക്ഷസവൈറസാണ്. ഇതിന് അങ്ങനെ പക്ഷപാതമൊന്നുമില്ല. ആണോ? കൃത്യമായി മുൻ കരുതൽ എടുക്കാതെയും ശുചിത്വമില്ലാതെയും നടക്കുന്നവരെ എല്ലാം ഈ രാക്ഷസൻ വേട്ടയാടും. പിന്നേ, എനിക്ക് ഉള്ളത് പേടിയല്ല. ജാഗ്രത തന്നെയാണ്. അതുകൊണ്ടുതന്നെയാണ് ഇടയ്ക്കിടെ കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുന്നതും പുറത്തുപോയി വരുമ്പോൾ മാസ്ക് ധരിക്കുന്നതും പുറത്തുപോയി വന്നാലുടൻ കുളിക്കുന്നതും ഒരുപാടു മിസ്സ് ചെയ്യുന്നുണ്ടെങ്കിലും എന്റെ ഫ്രണ്ട്സിന്റെ കൂടെ കൂട്ടം ചേരാത്തതും ആരോഗ്യപ്രവർത്തകരുടെ നിർദേശങ്ങൾ പാലിച്ച് വീട്ടിൽ ഇരിക്കുന്നതുമെല്ലാം.” അഭിയുടെ പ്രസംഗം തുടങ്ങുമ്പോഴേക്കും അമ്മയും പെങ്ങളും അടുക്കളയിലേക്ക് ഉൾവലിഞ്ഞിരിക്കും. അച്ഛനാണെങ്കിൽ തൊടിയിലേക്കും. എന്നാലും അഭി പ്രസംഗം തുടർന്ന് കൊണ്ടേയിരിക്കും. ഇങ്ങനെ ഇരിക്കുമ്പോൾ അഭിയുടെ മനസ്സിൽ ഒരു ഭയം ഉടലെടുത്തു. താൻ ഇങ്ങനെ തന്നെ ഇരുന്ന് മുരടിച്ച് പോകുമോ; എന്റെ ലോകം എന്നിലേക്ക് തന്നെ ചുരുങ്ങുമോ എന്ന്. അഭി ഒരു ആശ്വാസത്തിനായി

കൂട്ടുകാരി നൈലയെ വിളിച്ചു. നൈല അഭിയുടെ കോളേജിന്റെ ചെയർപേഴ്സനും വളർന്ന് വരുന്ന ഒരു സാമൂഹികപ്രവർത്തകയുമാണ്. അഭിയുടെ പരാതിയും പരിഭവവും കേട്ടപ്പോൾ നൈല പറഞ്ഞു: “ടാ അഭി, നീ വീട്ടിൽനിന്ന് പുറത്തിറങ്ങാതെ ആരോഗ്യപ്രവർത്തകരുടെ നിർദേശങ്ങൾ പാലിക്കുന്നതും വ്യക്തിശുചിത്വം പാലിക്കുന്നതുമൊക്കെ നല്ല കാര്യങ്ങൾതന്നെ. എന്നാൽ നീ ഒരു സ്വാർഥനാവരുത്. സ്വന്തം കാര്യങ്ങളിൽ ഒതുങ്ങിനിൽക്കേണ്ടവരല്ല നമ്മൾ യുവജനത. നമ്മുടെ സമൂഹം ഇതുവരെ നേരിടാത്ത ഒരു പ്രതിസന്ധിയാണ് ഇപ്പോഴുള്ളത്. ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധപ്രവർത്തകരുടെയും ആവശ്യം ഏറെയുള്ള സമയം നീ വോളന്റിയറായി രജിസ്റ്റർ ചെയ്യൂ. നിന്റെ സേവനം ആവശ്യമുള്ളപ്പോൾ നീയുമായി ബന്ധപ്പെടും. നാളെ ചരിത്രത്തിന്റെ ഭാഗമാകാൻ നമുക്ക് സാധിക്കും. അതിനു അമാനുഷികശക്തി വേണമെന്നില്ല. തികച്ചും മനുഷ്യത്വപരമായ പ്രവൃത്തികൾ മാത്രം മതി. എന്നാൽ ശരി അഭി, ഞാൻ അൽപ്പം തിരക്കിലാണ്. ഞാൻ പിന്നീട് നിന്നെ വിളിക്കാം.” നൈലയുടെ ഫോൺ കട്ട് ചെയ്തതിനുശേഷം ഉടൻ തന്നെ അഭി തന്റെ പേര് വൊളന്റിയറായി രജിസ്റ്റർ ചെയ്തു. പിറ്റേ ദിവസം തന്നെ അഭിക്ക് സേവനത്തിനുള്ള വിളി വന്നു. രാവിലെതന്നെ കുളിച്ച് ഒരുങ്ങി ബൈക്ക് സ്റ്റാർട്ട് ചെയ്യുന്നതുകണ്ടപ്പോൾ അടുക്കളയിൽ നിന്ന് ചാടി ഓടി വന്ന അമ്മ എവിടെക്കാടാ എന്ന ചോദിച്ചു. അഭിയുടെ മറുപടി കേട്ടപ്പോൾ അമ്മയുടെ കലി ഇരട്ടിയായി. അഭി അമ്മയെ സമാധാനിപ്പിച്ചുകൊണ്ട് ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു: “അമ്മേ, പേടിയല്ല, ജാഗ്രതയാണ് വേണ്ടത്.” ഇത് പറഞ്ഞുകൊണ്ട് അഭി ബൈക്ക് ഇടവഴിയിലേക്ക് പായിച്ചു.

**സ്വാതി എം. വി.**
6 ബി
എൽ. എഫ്. യു. പി. സ്കൂൾ മമ്മിയൂർ
ചാവക്കാട് ഉപജില്ല, തൃശ്ശൂർ

# പേടിയോടെ നീങ്ങുന്ന സെക്കൻഡ് സൂചി

നാല് ചുവരുകൾക്കിടയിൽ തിങ്ങിനിൽക്കുന്ന ടിക് ടിക് ശബ്ദം. എങ്ങും നിറഞ്ഞുനിൽക്കുന്ന പെനോയിൽ, മരുന്നുകൾ എന്നിവയുടെ മണവും. അതിവേഗത്തിൽ പാഞ്ഞെത്തുന്ന ആംബുലൻസ് ശബ്ദങ്ങളും ആരൊക്കെയോ ആർത്തു നിലവിളിക്കുന്നതും കേൾക്കാം.

ഈശ്വരാ, എന്തൊരു ഭയാനകരമായ അവസ്ഥ. ഇന്നലെ രാവിലെ എത്തിയതാണ് ഞാനിവിടെ. അപ്പോൾ മുതൽ വെള്ള ഉടുപ്പിട്ട മാലാഖമാർ എന്നോട് ചോദിക്കുന്നു, എവിടെ നിന്നു കിട്ടി, എങ്ങനെ കിട്ടി എന്നൊക്കെ. നാട്ടിൽ ലോക്ഡൗൺ പറഞ്ഞപ്പോൾ മുതൽ ഞാൻ പുറത്തിറങ്ങിയിട്ടില്ല. പക്ഷേ, ഞാൻ മാത്രം ശ്രദ്ധിച്ചിട്ടുണ്ട് കാര്യമില്ലല്ലോ? ഇനി പഴിചാരിയിട്ടും പ്രയോജനമില്ല.

അച്ഛൻ പുറത്തു പോയി കൂട്ടുകാരുമൊത്ത് കുറച്ച് അധികസമയം ചെലവഴിച്ചു. വീട്ടിൽ തിരിച്ചെത്തി ഞങ്ങളോടൊപ്പം കളിയും തമാശയും ആയി ഏറെനേരം ചെലവഴിച്ചു. പക്ഷേ, അപ്പോഴൊന്നും അച്ഛൻ വ്യക്തിശുചിത്വം പാലിച്ചില്ല. ഞങ്ങൾ വീട്ടിൽ സുരക്ഷിതരാണെന്നും വിചാരിച്ചു. കുറച്ച് ദിവസങ്ങൾക്കുശേഷം എനിക്ക് ശക്തമായ ചുമയും തൊണ്ട വേദനയും. പക്ഷേ, വീട്ടിൽ ആരും തന്നെ ഗൗരവമാക്കിയില്ല..

പകൽസമയം മുഴുവൻ ക്രിക്കറ്റും ഫുട്ബോളുമായി പുറത്തു കളിക്കുകയുയല്ലേ. അതുകൊണ്ട് വന്ന ചുമയാണെന്നു കരുതി. മാറാതെ വന്നപ്പോൾ ആശുപത്രിയിൽ പോയി.

പരിശോധനയ്ക്കുശേഷം ഡോക്ടർ, കോവിഡിന്റെ ലക്ഷണങ്ങളാണെന്നും വിദേശത്തുനിന്നും ആരെങ്കിലും വന്നോ എന്നും ചോദിച്ചു. രക്ഷപ്പെടാൻ വേണ്ടി അച്ഛൻ ഇല്ലെന്നു കള്ളം പറഞ്ഞു.

കുറച്ചു സമയത്തെ നെടുവീർപ്പിനു ശേഷം എന്നെ ഐസൊലേഷൻ വാർഡിലേക്ക് മാറ്റി. ഒരുപാട് കരഞ്ഞു.

അവിടെ എത്തിയപ്പോൾ ക്ലോക്കിലെ സെക്കന്റ് സൂചി ഇളകാത്തതുപോലെ തോന്നി. എനിക്ക് ചുമയും തൊണ്ടവേദനയും



കൂടിക്കൂടി വന്നു. സത്യത്തിൽ ശ്വാസം പുറത്തുവിടാനോ ശ്വാസം വലിക്കാനോ കഴിയുന്നില്ല. എന്റെ അടുത്തേക്ക് അവിടെ നിന്ന നഴ്സിനെ കൈകാട്ടി വിളിച്ചു. അവർ ഓടി എത്തി. കൂടെ ഡോക്ടർ മാരും. എനിക്ക് പേടി കൂടിക്കൂടി വന്നു. ഈശ്വരാ, എന്റെ അച്ഛ നെയും അമ്മയെയും കുഞ്ഞനി യത്തിയേയും ഇനി കാണാൻ പറ്റില്ലേ...

രാത്രി 2 മണിയാകുമ്പോഴും ആ ക്ലോക്കിനു ഒരു മാറ്റവും വരുന്നില്ല. അവരെല്ലാം എന്നെ പ്രതീക്ഷയോടെ നോക്കുന്നുണ്ട്. മരണത്തെ മുഖാമുഖം കാണുന്ന എന്നെ അവർ സ്നേഹത്തോടെ ജീവിതത്തിലേക്ക് വലിച്ചു കൊണ്ടുവരാൻ പെടാപ്പാട് പെടുന്നുണ്ട്......

രാവിലെയോടെ എന്റെ സ്ഥിതിയിൽ മാറ്റം വന്നു.. ഞാൻ മരുന്നുകളോട് പ്രതികരിക്കാൻ തുടങ്ങി. നിറകണ്ണുകളോടെ അവർ എന്നെ പരിചരിച്ചു. കുറച്ചു ദിവസങ്ങൾക്കു ശേഷം ഞാൻ മിടുക്കനായി മാറി. അവർ എനിക്ക് ഒരുപാട് കഥകൾ പറഞ്ഞു തന്നു.

സ്നേഹകരസ്പർശം എന്റെ ജീവിതത്തിൽ എന്നുമുണ്ടാകുമെന്ന് എനിക്ക് തോന്നി. അടുത്ത ദിവസംതന്നെ എന്നെ വീട്ടിലേക്കു മാറ്റുമെന്ന് പറഞ്ഞപ്പോൾ എനിക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. കൂടാതെ അന്ന് രാവിലെ ഷൈലജ ടീച്ചറും മന്ത്രിയും ജില്ലാ കളക്ടറും വന്നു.

ക്ലോക്കിലെ സൂചി ഓടിത്തുടങ്ങി....

**സാബിൻ കൃഷ്ണ**
മൂന്ന് സി
ഏ.ആർ.നഗർ.എച്ച്.എസ്. ചെണ്ടപ്പുറായ
വേങ്ങര ഉപജില്ല, മലപ്പുറം

# സ്വാതന്ത്ര്യം തന്നെയമൃതം

കിഴക്കൻ ചക്രവാളത്തിൽ സൂര്യന്റെ പൊൻകിരണങ്ങൾ വെട്ടം ചുരത്തിത്തുടങ്ങി. തന്റെ ചേച്ചിയുടെ പാത പിന്തുടർന്ന് ഒരു ഡോക്ടറാകാനുള്ള തയ്യാറെടുപ്പിലാണ് അമ്മുവും. എൻട്രൻസ് എക്സാമിന്റെ റിസൾട്ടും കാത്തിരിക്കുകയാണവൾ. അവൾ ചേച്ചിയുടെ വെള്ളക്കുപ്പായം ഒന്നുകൂടി മാറോണച്ചു. ഇനിയൊരിക്കലും തനിക്ക് കാണാൻപറ്റാത്തത്ര അകലങ്ങൾ താണ്ടിപ്പോയ ചേച്ചിയുടെ ആ വെള്ളക്കുപ്പായം അവൾക്ക് എന്തെന്നില്ലാത്തൊരു ശക്തി നൽകിക്കൊണ്ടിരുന്നു. അവൾ കലണ്ടറിലേക്ക് ഒന്നുകൂടി നോക്കി, അതെ ഇന്നാണ് എൻട്രസ് എക്സാമിന്റെ റിസൾട്ട് വരുന്ന തീയതി എന്നുറപ്പിച്ചു!

അവൾ നേരെ അടുക്കളയിലേക്കോടി. നിറഞ്ഞ പ്രതീക്ഷയോടെ തന്റെ മാതാപിതാക്കളുടെ അരികിലേക്കണഞ്ഞു. പ്രസിദ്ധീകരണ സമയമടുത്തതും അവൾ മൊബൈൽഫോണെടുത്ത് റിസൾട്ട് പരിശോധിച്ചു. ഒരിക്കലും വറ്റാത്ത പ്രതീക്ഷയുടെ തിളക്കം ആ കണ്ണുകളിൽ നിറഞ്ഞുനിന്നു. ഒരു നിമിഷം അവൾ മതിമറന്നു നിന്നുപോയി. റിസൾട്ട് കണ്ട അവൾ വിശ്വസിക്കാനാവാത്ത മട്ടിൽ ഒന്നുകൂടി അത് പരിശോധിച്ചു, അതെ തന്റെ പേരു തന്നെ, അമൃത പി.എൻ. എം.ബി.ബി.എസ്. എൻട്രൻസ് പരീക്ഷയിൽ ഒന്നാംറാങ്ക്! ഇതറിഞ്ഞ അമൃതയിൽ ഒരു അമൃതവർഷം തന്നെ നടന്നു. എന്നാൽ ഈ സന്തോഷവേളയിലും അവളുടെ അച്ഛന്റെയും അമ്മയുടെയും മനസ്സിൽ വലിയൊരു ആളൽ മൊട്ടിടുകയായിരുന്നു എന്നവൾ അറിഞ്ഞിരുന്നില്ല. പിന്നീടങ്ങോട്ട് അമൃതയ്ക്ക് സാംസ്കാരിക സംഘടനകളുടേയും പഠിച്ച വിദ്യാലയങ്ങളുടേയും എല്ലാം എല്ലാം അനുമോദനച്ചടങ്ങുകളുടെ പൂരമായിരുന്നു. മന്ത്രിമാർ തുടങ്ങി പ്രാദേശിക നേതാക്കൾ വരെയുള്ളവരുടെ ഫോൺകോളുകളും നേരിട്ടെത്തി സമ്മാനങ്ങൾ സമ്മാനിക്കലും. കാരണം, പൊതുവിദ്യാലയത്തിന്റെ ഒരു ഐക്കണാണ് അമൃതയിന്ന്. അങ്കണവാടി മുതൽ +2 വരെ ഗവ. വിദ്യാലയത്തിൽ മാത്രം പഠിച്ചു നാട്ടിലെ സാംസ്കാരികപ്രവർത്തകരോടൊപ്പം പാട്ടും പ്രസംഗവും ഒക്കെയായിരുന്നു അമൃതയുടെ വിനോദം. അങ്ങനെ അവൾ തന്റെ എം.ബി.ബി.എസ്. പഠനത്തിനായ് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് ചേക്കേറി. അവിടത്തെ അതിമനോഹരമായ കാംപസ് അവളിൽ മറ്റൊരു വിസ്മയലോകം തന്നെ സൃഷ്ടിച്ചു. എങ്കിലും ഒരു മായയ്ക്കും അടിമപ്പെടാതെ നിറഞ്ഞ ഏകാഗ്രതയോടെയും അർപ്പണമനോഭാവത്തോടെയും സാമൂഹിക പ്രതിബദ്ധതയോടെയും അമൃത തന്റെ എം.ബി.ബി.എസ് പഠനം പൂർത്തിയാക്കി. മികച്ച റാങ്കോടുകൂടി തന്നെ എം.ബി.ബി.എസ്. പൂർത്തിയാക്കിയ അവൾ തന്റെ

സേവനരംഗത്ത് ആദ്യ കാൽവയ്പ് നടത്തിയതും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തന്നെയായിരുന്നു.

മകളുടെ ഈ താത്പര്യത്തെ ഒരു കാലത്ത് ഏറെ പ്രോത്സാഹിപ്പിച്ച അവളുടെ മാതാപിതാക്കളുടെ ഉള്ള് ദിനംപ്രതി ആശങ്കാഭരിതമായി. അങ്ങനെ ദിവസങ്ങൾ കടന്നുപോയി. ആയിടെയാണ് ലോകത്തെയാകെ ഞെട്ടിവിറപ്പിക്കാൻ ആ മഹാമാരി എത്തിയത്. അതെ, കോവിഡ് 19. ലോകം മുഴുവൻ ഭീതിയിലാണ്ടപ്പോഴും സഹായത്തിനു തയ്യാറായ സന്നദ്ധപ്രവർത്തകരുടെ കൂട്ടത്തിൽ അമൃതയും പങ്കുചേർന്നു. തന്റെ ജോലിയോടും തന്റെ രാജ്യത്തോടുമുള്ള സ്നേഹവും ആത്മാർഥതയും അവളുടെ പ്രവൃത്തിയിൽ വ്യക്തമായിരുന്നു. മകളുടെ ഈ പ്രവൃത്തി അവളുടെ മാതാപിതാക്കളുടെ മനസ്സ് കൂടുതൽ അസ്വസ്ഥമാക്കി. ഇതിനുമുമ്പ് ലോകത്തെയാകെ ഞെട്ടിവിറപ്പിച്ച മറ്റൊരു മഹാമാരിയിലായിരുന്നല്ലോ തങ്ങളുടെ പൊന്നോമനയുടെ ജീവനും പോയത്. ഇപ്പോൾ അതേ സാഹചര്യത്തിലാണ് അമൃതമോളുമെന്നറിയുമ്പോൾ ഏതൊരച്ഛന്റെയും അമ്മയുടെയും മനസ്സിൽ ഭയം മുളപൊട്ടുന്നത് തികച്ചും സ്വാഭാവികമാണ്. ഈയൊരു സാഹചര്യത്തിൽ തന്റെ ജോലിയിൽനിന്ന് വിട്ടു നിൽക്കാൻ അവർ മകളോട് പറഞ്ഞെങ്കിലും അവൾ അതിന് തയാറായില്ല. മകളില്ലാതെ അവർ ആ വീട്ടിൽ ദിവസങ്ങൾ തള്ളിനീക്കി. അങ്ങനെയിരിക്കെ, രോഗികളെ പരിചരിച്ച അഞ്ച് ഡോക്ടർമാർക്ക് രോഗം പിടിപെട്ടു, അതിലൊന്ന് അമ്മുവായിരുന്നു. രക്ഷനേടാൻ പറ്റാത്തവിധം രോഗം മൂർച്ഛിച്ചുകൊണ്ടിരുന്നു. എന്നാൽ അത്ഭുതമെന്നു പറയട്ടെ, അധികം വൈകാതെ തന്നെ അവൾ രോഗമുക്തി നേടി. ഒരുപക്ഷേ, അവളുടെ മാതാപിതാക്കളുടെ കണ്ണീർ നനവുള്ള പ്രാർത്ഥനയാകാം അവളെ ജീവിതത്തിലേക്ക് തിരിച്ചെത്തിച്ചത്.

ഒരു രോഗിയുടെ യാതനകൾ മനസ്സിലാക്കിയവൾ തികച്ചും സേവന മനോഭാവത്തോടെ രോഗികളെ പരിചരിക്കാൻ വീണ്ടും തയാറായി. ദിവസങ്ങൾ കടന്നുപോയി. ജനങ്ങൾ കൂടുതൽ ജാഗരൂകരായി. ബോധവത്കരണ പ്രവർത്തനങ്ങൾ ഓൺലൈനായി നടന്നുകൊണ്ടിരിന്നു. അതിൽ സജീവ സാന്നിധ്യമായിരുന്നു അമ്മു. തന്റെ രോഗാനുഭവം അവൾ മറ്റുള്ളവരുമായ് പങ്കുവച്ചു. താൻ പരിചരിച്ച രോഗികളുടെ യാതനകളും. ഇത്തരം ബോധവത്കരണങ്ങൾക്കിടയിൽ സാധാരണക്കാരുടെ പുറത്തിറങ്ങാനുള്ള ത്വരയിലേക്ക് അവളുടെ ശ്രദ്ധ ആകർഷിക്കപ്പെട്ടു. കൂട്ടിലകപ്പെട്ട കിളിയെപ്പോലെ സ്വാതന്ത്ര്യത്തിനായ് കൊതിച്ചു നിൽക്കുന്ന ഇത്തരം മനുഷ്യരുടെ സ്ഥിതി അവളെ മറ്റൊരു തരത്തിൽ ചിന്തിപ്പിച്ചു. 'ലോക്ഡൗൺ' എന്ന പേരിൽ ജനങ്ങളെ വീടിനകത്തു തളച്ചിടുന്ന ഈ ഏർപ്പാട് ശാസ്ത്രരംഗത്തിന്റെ തോൽവിയുടെ

പ്രതീകമല്ലേ! ഈ രോഗത്തിനൊരു വാക്സിൻ എത്രയും പെട്ടെന്ന് കണ്ടെത്തിയല്ലേ മതിയാകൂ? ആ്യലമസ വേല രവമശി' അല്ല 'Break the lock down' എന്നത് തികച്ചും അത്യന്താപേക്ഷിതമാണ്. രണ്ട് ലോകയുദ്ധങ്ങൾ കഴിഞ്ഞു. അണുബോംബെന്ന മനുഷ്യസൃഷ്ടി ഒരു രാജ്യത്തെയാകെ ചുട്ടെരിച്ചു. ഇന്നതിലും വലിയ വെല്ലുവിളിയായി ഒരു വൈറസ് മാറിയിരിക്കുന്നു. നഗ്നനേത്രങ്ങൾ കൊണ്ടു പോലും കാണാൻ പറ്റാത്തത്ര ചെറിയ വൈറസിനു മുന്നിൽ ലോകജനതയാകെ അടച്ചിട്ട മുറിയിൽ കൊട്ടിയടയ്ക്കപ്പെട്ടിരിക്കുന്നു. തികച്ചും തലകുനിക്കേണ്ട സാഹചര്യം തന്നെയാണിന്ന് ലോക ആരോഗ്യശാസ്ത്രം അഭിമുഖീകരിക്കുന്നത്. ഒരു രോഗം കണ്ടുപിടിച്ചാൽ അതിനു മരുന്ന് കണ്ടുപിടിക്കാൻ ശാസ്ത്രലോകം എടുക്കുന്ന സമയം വളരെ കൂടുതലാണ്. റോബോട്ടുകളെയും കൃത്രിമ അവയവങ്ങളെയും നിർമ്മിക്കുന്ന ഈ ഐ.ടി. യുഗത്തിൽ ഒരു മരുന്ന് കണ്ടു പിടിക്കാൻ ഒരുപാട് സമയമെടുക്കുന്നത് ശാസ്ത്രലോകത്തിന്റെ തോൽവി തന്നെയാണെന്നു പറയാം. അതെ, പക്ഷേ, ശാസ്ത്രലോകത്തെ മാത്രമായി നാം പഴിക്കരുത്. അതിനു ഞാൻ സമ്മതിക്കില്ല. ശാസ്ത്രം പഠിച്ച ഞാൻ അതിൽ പൂർണവിശ്വാസം അർപ്പിക്കുന്നവരെ കണ്ടില്ലെന്നു നടിക്കരുത്. ഒരു പുത്തൻ ലോകത്തിനു വേണ്ടി, അസ്വാതന്ത്ര്യത്തിന്റെ ചലങ്ങലകൾ വീണ്ടും പൊട്ടിച്ചെറിയാൻ ഈ കൊറോണയെന്ന മഹാമാരിക്ക് ഞാൻ മരുന്ന് കണ്ടെത്തുക തന്നെ ചെയ്യും.

എന്റെ ഈ സ്വപ്നം ഞാൻ യാഥാർഥ്യമാക്കുക തന്നെ ചെയ്യും. കൊറോണയെന്നല്ല, ഏതൊരു മഹാമാരിക്കും മരുന്ന് ഞാൻ കണ്ടെത്തും. ഞാനും എന്റെ പ്രവർത്തനവും ഇനി ശാസ്ത്രരംഗത്തേക്കു മാത്രം, ജനങ്ങൾക്കു വേണ്ടി മാത്രം. അമ്മു ഇതിന് ഒരു മരുന്ന് കണ്ടെത്തുമെന്ന തന്നെ നമുക്ക് പ്രത്യാശിക്കാം. ഈ സമൂഹത്തിൽ ജീവിക്കുന്ന നാം ഓരോരുത്തരും തന്നെയാണ് ഒരർഥത്തിൽ അമൃത. ഒരു വൈറസിനും വഴിമുടക്കാനുള്ളതല്ല മനുഷ്യജീവനും ജീവിതവും. പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം. സ്വാതന്ത്ര്യം തന്നെയമൃതം.

**പൂജ പി. നമ്പ്യാർ**<br>8 സി.<br>ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ്. മയ്യിൽ<br>തളിപ്പറമ്പ് സൗത്ത് ഉപജില്ല, കണ്ണൂർ

# രാമുവിന്റെ ഞെട്ടൽ

രാവിലെ രാമു പത്രം വായിക്കുകായായിരുന്നു. പതിവില്ലാതെ അവൻ ഞെട്ടുന്നത് കണ്ട അമ്മ അവനോട് ചോദിച്ചു, ' എന്താ മോനെ... എന്തുപറ്റി? അവൻ പറഞ്ഞു, 'അമ്മേ, കൊറോണവൈറസ് കേരളത്തിലും എത്തി, അവ ഭയങ്കര വൈറസ് ആണത്രേ. എനിക്ക് പേടിയാവുന്നു അമ്മേ." 'പേടിക്കേണ്ട, അതിനെ തടുക്കാനുള്ള മാർഗങ്ങളും ഉണ്ടാവുമല്ലോ. അത് വായിച്ചു മനസ്സിലാക്കി പ്രവർത്തിച്ചാൽ തടുത്തുനിർത്താം. ഇല്ലെങ്കിൽ വൈറസിനെ നമ്മുടെ ശരീരത്തിലേക്ക് സ്വീകരിക്കേണ്ടിവരും എന്ന് അമ്മ പറഞ്ഞു. ഓ, ഇന്നുമുതൽ സ്കൂളിൽ പോകണ്ടല്ലോ എന്നായി രാമു. പക്ഷേ, അമ്മയ്ക്ക് വിഷമമായി. രാമുവിന്റെ അച്ഛനു ജോലി ഇല്ലാതാവുമല്ലോ.... നിത്യജീവിതം കഴിയേണ്ടേ? ഇതൊക്കെ ഇവനോട് പറഞ്ഞിട്ട് എന്ത് കാര്യം? സീത സ്വയം ആശ്വസിച്ചു. അച്ഛൻ അകലെ നിന്ന് ആടിയാടി വരുന്നത് കണ്ട് രാമു ഓടി അടുത്ത് ചെന്ന് കയ്യിലെ പൊതിക്കെട്ടു വാങ്ങി. "അമ്മേ, ആപ്പിൾ" -അവൻ സന്തോഷത്തോടെ ഒരെണ്ണം എടുത്ത് കടിക്കാൻ നോക്കി. അമ്മ വിലക്കി. അത് നന്നായി കഴുകി കഴിക്കാൻ പറഞ്ഞു. അടുത്ത ദിവസത്തെ പത്രത്തിൽ ആ ഞെട്ടിക്കുന്ന വാർത്ത പിന്നെയും.. ''കേരളത്തിൽ കോവിഡ് സ്ഥിരീകരിച്ചു.'' തുടർന്ന് അടച്ചുപൂട്ടലും. രാമുവിന്റെ അച്ഛൻ വഴക്കിടുമെങ്കിലും കുടുംബത്തെ നോക്കുമായിരുന്നു. രാമുവിനാണെങ്കിൽ അച്ഛന്റെ കുടി കാരണം സ്കൂൾ കുട്ടികൾ തമാശയാക്കുമ്പോൾ സങ്കടമാവും. ആരോടും ഒന്നും പറയാതെ എല്ലാം സഹിക്കും. ഇനി ഇപ്പോൾ അച്ഛൻ ജോലിക്കും പോവില്ല. എന്നും വഴക്കും ആയിരിക്കും. അവൻ ഓർത്തു. രാമുവിന്റെ സങ്കടം ദൈവം കണ്ടു. ലോക്ഡൗൺ കാരണം അച്ഛൻ പുറത്തു പോയില്ല. കുടിച്ചില്ല, വഴക്കിട്ടില്ല. കൊറോണ എന്ന മഹാമാരി ലോകത്തെ വിറപ്പിച്ചെങ്കിലും രാമുവിന് കടപ്പാടാണ്..... രാമു വീണ്ടും ഞെട്ടിയോ?

**ശരൺ കൃഷ്ണ**
6 എ
കടമ്പൂർ ഈസ്റ്റ് യു.പി. സ്കൂൾ
കണ്ണൂർ സൗത്ത് ഉപജില്ല, കണ്ണൂർ

# ജൽദി, ജഗാ ഖാലി കരെ

ജൽദി ജഗാ, ജൽദി ജഗാ, ഖാലി കരെ..... ഇത് കേട്ടാണ് അവൻ ഉണർന്നത്. അവൻ അല്ലു. ദാരിദ്ര്യം സഹിക്കവയ്യാതെ തമിഴ്നാട്ടിൽ നിന്നും മഹാരാഷ്ട്രയിലെ ധാരാവിയിൽ എത്തിയവരാണ് അല്ലുവും അമ്മയും. അവിടെ നിന്ന് സാധനങ്ങൾ ചെറിയ വിലയ്ക്ക് വാങ്ങി ചെറിയ ലാഭത്തിന് ബസ്സ്റ്റാന്റിൽ വിറ്റാണ് ജീവിതം നീക്കിയത്. പക്ഷെ, പെട്ടെന്ന് അല്ലുവിന്റെ എല്ലാമായ അമ്മ എന്തോ വലിയ രോഗം ബാധിച്ചു മരിച്ചു. പിന്നെ അല്ലു തന്നെ ചെറിയ എന്തെങ്കിലും ജോലിചെയ്തു ജീവിക്കാൻ തുടങ്ങി. ഒരിക്കലും ഭിക്ഷയെടുക്കരുതെന്ന് അവന്റെ അമ്മ പറഞ്ഞത് കൊണ്ട് അവൻ അതിനു പോയില്ല. അല്ലുവിന് കഴിക്കാനുള്ള വക അവനു കഷ്ടിച്ച് കിട്ടുന്നുണ്ട്

പെട്ടെന്ന് ഒരു ദിവസം ബസ്സ്റ്റാൻഡിൽ ചെന്നപ്പോൾ അവിടെ ഒരാൾ പോലും ഇല്ലായിരുന്നു. ഒരൊറ്റ ബസ് പോലും ഓടിയില്ല. ഹർത്താൽ ആണെന്ന് കരുതി ഒരു ദിവസം തള്ളിനീക്കി. പിറ്റേ ദിവസം ചെന്നപ്പോഴും ഇതേ അവസ്ഥ. പുറത്തു കടകൾ തുറന്നില്ല എന്നത് അവൻ ശ്രദ്ധിച്ചു. അവിടെ അവൻ കിടക്കുന്നതിന്റെ അടുത്തുള്ള ഒരാളോട് കാര്യം ചോദിച്ചു. അപ്പോൾ ആണ് അവൻ *കൊറോണ* എന്ന മഹാമാരിയെക്കുറിച്ച് അറിയുന്നത്.

ഒരു മഹാമാരി... അന്ന് അവൻ വിശപ്പടക്കാൻ ഉള്ള പൈസകൊണ്ട് ചെറിയ പെട്ടി ക്കടയിൽ നിന്ന് പഴം വാങ്ങി വിശപ്പടക്കി. ഇന്നിത് മതി, നാളെയോ?



പിറ്റേന്ന് അവനെ ഒരു പോലീസുകാരൻ വിളിച്ചുണർത്തി. എന്നിട്ട് ഒരു ഭക്ഷണപ്പൊതി കൊടുത്തു. അവന് കൊറോണയെക്കുറിച്ച് ബോധവൽക്കരണം നടത്തി. ഈ മഹാമാരി ഉള്ളതുകൊണ്ട് ധാരാവി വിട്ട് പോകണം എന്ന് കേണപേക്ഷിച്ചു. അവനത് തീരെ പ്രതീക്ഷിച്ചില്ലായിരുന്നു. വേറെ വഴി ഇല്ലല്ലോ. അവൻ പിറ്റേന്ന് യാത്രതുടങ്ങി. അവൻ അന്ന് റോഡിന്റെ സൈഡിൽ തങ്ങി. അവൻ കഴിക്കാൻ ഒന്നും എടുത്തില്ലായിരുന്നു. പിറ്റേന്ന് ധാരാവിയിലെ പോലീസ് അവനോട് 'ജൽദി ചലോ, ജൽദി ചലോ, ഖാലി കരോ' എന്ന് പറയുന്നത് കേട്ടാണവൻ എണീറ്റത്. അവൻ നിസ്സഹായനായി എഴുന്നേറ്റ് ഒരു ലക്ഷ്യവും ഇല്ലാത്ത എങ്ങോട്ടെന്നില്ലാത്ത, എന്തിനെന്നില്ലാത്ത നടയാത്ര തുടർന്നു...

**മുഹമ്മദ് റിഫാദ് കെ. എം.**
7 ബി
കടവത്തൂർ വെസ്റ്റ് യു. പി. സ്കൂൾ
പാനൂർ ഉപജില്ല, കണ്ണൂർ

# നന്മമനസ്സ്

അപ്പുവും രാമുവും കൂട്ടുകാരാണ്. ഒരിക്കൽ അവർ രണ്ടുപേരും സ്കൂളിലേക്ക് പോകുന്ന വഴിയിൽ മലിനമാക്കപ്പെട്ട അഴുക്കുചാൽ കണ്ടു. അപ്പു പറഞ്ഞു, 'രാമു, നമുക്ക് സ്കൂൾ വിട്ടു വന്നിട്ട് ഈ അഴുക്കുചാൽ വൃത്തിയാക്കിയാലോ. എന്നാൽ ഇവിടെ പരക്കുന്ന ദുർഗന്ധവും രോഗസാധ്യതയും നമുക്ക് ഇല്ലാതെയാക്കാമല്ലോ.' രാമു 'നമുക്ക് യാതൊരു പ്രയോജനവും ഇല്ലാത്ത കാര്യത്തിനെന്തിനാണ് നാം മുഴുകുന്നത്. നമ്മുടെ ശരീരവും വൃത്തികേടാകില്ലേ. മാത്രവുമല്ല, അമ്മ ചീത്ത പറയുകയും ചെയ്യും' എന്ന് പറഞ്ഞ് അവൻ നിരുത്സാഹപ്പെടുത്തി.

അപ്പു പറഞ്ഞു: 'അതൊന്നും സാരമില്ല. ഈ അഴുക്കുചാലിലെ മാലിന്യങ്ങൾ കാരണം എത്ര പേർക്കാണ് രോഗം പകരാൻ സാധ്യത ഉള്ളത് എന്ന് നീ ആലോചിച്ചിട്ടുണ്ടോ. അത്കൊണ്ട് നിനക്ക് താല്പര്യമില്ലെങ്കിലും ഞാൻ ഇത് ചെയ്യാൻ പോവുകയാണ്." രാമു അപ്പുവിന്റെ പ്രവൃത്തിയിൽ ഒരു താല്പര്യവും കാണിക്കാതെ വീട്ടിലേക്കു മടങ്ങി. രാമുവിന്റെ പ്രവൃത്തിയിൽ അപ്പുവിന് നിരാശ തോന്നിയെങ്കിലും അവൻ പിന്മാറാൻ തയ്യാറായില്ല. സ്കൂളിൽ നിന്നും വീട്ടിലേക്ക് വന്ന അപ്പു അമ്മയോട് വിവരങ്ങൾ പറഞ്ഞു. അമ്മയ്ക്ക് തന്റെ മകനെ കുറിച്ച് അഭിമാനം തോന്നി. 'വസ്ത്രം വൃത്തികേടാകാതെ ശ്രദ്ധിക്കണം' എന്ന് പറഞ്ഞ് അവർ അനുവാദം നൽകി. അവൻ ആ സ്ഥലത്തേക്ക് പോയി വൃത്തിയാക്കാൻ തുടങ്ങി. കുറെ അധികം മാലിന്യങ്ങൾ അവിടെ ഉണ്ടായിരുന്നു. അത് കൊണ്ട് തന്നെ അവന്റെ പ്രവൃത്തി നീണ്ടുപോയി.

അത് വഴി പോകുന്ന ആളുകൾ അവനെ ശ്രദ്ധിക്കാൻ തുടങ്ങി. കൂടിനിന്ന ആളുകൾക്കിടയിൽ ആ ഗ്രാമമുഖ്യനും ഉണ്ടായിരുന്നു. അദ്ദേഹത്തിന് ലജ്ജ തോന്നി. 'മോനെ, നീ ഞങ്ങളുടെ കണ്ണ് തുറപ്പിച്ചു' എന്ന് പറഞ്ഞു. അവിടെ കൂടിയിരുന്ന നാട്ടുകാരോട് ആ ജോലിയിൽ പങ്കാളികളാകാൻ അദ്ദേഹം ആവശ്യപ്പെട്ടു. എല്ലാവരും ചേർന്നുകൊണ്ട് അഴുക്കുചാൽ വൃത്തിയാക്കി. ഈ നല്ല കാര്യത്തിന് മുൻകൈയെടുത്ത അപ്പുവിനെ അനുമോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. അവർ അവനെ തോളിലേറ്റിക്കൊണ്ട് അവന്റെ വീട്ടിലേക്ക് പോയി.

**ഹന്ന സക്കിയ**
6 എ
കടവത്തൂർ വെസ്റ്റ് യു.പി.എസ്.
പാനൂർ ഉപജില്ല, കണ്ണൂർ

# മടിയൻ പരമു

ഒരിടത്തൊരിടത്ത് കാട്ടിലെ ഗുഹയിൽ പരമു എന്ന ഒരു കരടി ഉണ്ടായിരുന്നു .മഹാമടിയനായിരുന്നു അവൻ. എപ്പോഴും ഗുഹയിൽ ചുരുണ്ടുകൂടി ഉറക്കം തന്നെ. അങ്ങനെ വേനൽക്കാലം എത്തി. .മരത്തിൽ നിന്നും ഇലകൾ പൊഴിയാൻ തുടങ്ങി. പരമുവിന്റെ ഗുഹയുടെ അടുത്ത് ധാരാളം മരങ്ങൾ ഉള്ളതിനാൽ ആ ഗുഹ ചപ്പുചവറുകൾകൊണ്ട് നിറഞ്ഞു. ഒരു ദിവസം പുലിയമ്മ പരമുവിനെ കാണാൻ വന്നു. പരമൂ, നിനക്ക് ഈ വീടും പരിസരവും വൃത്തിയാക്കിക്കൂടേ, പുലിയമ്മ ചോദിച്ചു. 'എന്റെ വീടാ ഇത്. ഈ വീട് എങ്ങനെ ഇരിക്കണമെന്ന് തീരുമാനിക്കുന്നത് ഞാനാ. അതിൽ നിങ്ങൾ ഇടപെടേണ്ട.' പരമു പറഞ്ഞു. ദിവസംതോറും പരമുവിന്റെ ഗുഹയിലെ ചപ്പുചവറുകളുടെ എണ്ണം കൂടിക്കൂടി വന്നു. അങ്ങനെ ഇരിക്കെ അത് സംഭവിച്ചു. രണ്ട് മരച്ചില്ലകൾ ഉരസി കാടിന് തീപ്പിടിച്ചു. തീ പടർന്ന് പരമുവിന്റെ ഗുഹയിലും എത്തി. ചുരുണ്ടുകൂടി കിടന്നുറങ്ങുന്ന പരാമുവുണ്ടോ ഇതറിയുന്നു. ദേഹത്തു ചൂട് തട്ടിയപ്പോഴാണ് പരമു എഴുന്നേറ്റത്. അപ്പോഴേക്കും പരമുവിന്റെ ഗുഹയിലും തീ പടർന്നിരുന്നു. പരമു വേഗം തീയുടെ മറുവശം ചാടി. എന്തു പറയാൻ! പരമുവിന്റെ രോമമെല്ലാം കരിഞ്ഞുപോയി. പിന്നീട് പരമു വീടും പരിസരവും വൃത്തിയാക്കാൻ തുടങ്ങി.

**വിശാൽ എം.**
ക്ലാസ് 3
കണ്ണംവെള്ളി എൽ. പി. സ്കൂൾ
പാനൂർ ഉപജില്ല, കണ്ണൂർ

# അമ്മുവിന്റെ ഒരു ലോക്ഡൗൺ ദിനം

ഒരു ദിവസം അമ്മു ഉമ്മറത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ അവളുടെ അച്ഛൻ ചന്തയിൽ പോകാൻ ഇറങ്ങി. ഇറങ്ങിയത് ഒരു മാസ്ക് വെച്ചുകൊണ്ടായിരുന്നു. അമ്മു ചോദിച്ചു: 'എന്തിനാ അച്ഛൻ മാസ്ക് വയ്ക്കുന്നത്?' അച്ഛൻ പറഞ്ഞു: 'മോളെ, ഈ കാലം പുറത്തിറങ്ങി നാശം വിതച്ച ഒരു രോഗം ഉണ്ടല്ലോ, അതിന്റെ പേര് എന്താ?' അവൾ പറഞ്ഞു: 'കൊറോണ.' 'അതു തന്നെ, മിടുക്കി'- അച്ഛൻ പറഞ്ഞു. 'അതിനെ ചെറുക്കാൻ ആണ് മാസ്ക്.' അമ്മു ചോദിച്ചു: 'അതെ, ഈ ദുഷ്ടൻ കൊറോണ അച്ഛനെ പിടിക്കാൻ വരുമ്പോൾ അച്ഛൻ 'ഡിഷ്യും ഡിഷ്യും 'എന്ന് ഇടികൊടുത്താൽ മതി, അവൻ ഓടിപ്പോകുമല്ലോ.' 'വലിയ ചോട്ടാ ഭീം ആരാധികയായിരുന്ന അമ്മു പറഞ്ഞു. അതുകേട്ട് ചിരിച്ചുകൊണ്ട് വന്ന മിന്നു പറഞ്ഞു: 'എടീ മണ്ടീ, നിൻെ ചോട്ടാ ഭീംമിന് കൊറോണയെ തോൽപ്പിക്കാൻ പറ്റൂല്ല. അതൊരു സൂക്ഷ്മജീവിയാണ്.' വൈറസ്.' അമ്മുവിന്റെ മൂത്ത ചേച്ചി ആണ് മിന്നു. ഒന്നാംക്ലാസിലാണ് അമ്മു പഠിക്കുന്നത്. മിന്നു എട്ടാം ക്ലാസിലും. മിന്നു ഒരു പഠിക്കുന്ന കുട്ടിയാണ്. മിന്നു പറയുന്നത് കേട്ട് അമ്മുവിനു ദേഷ്യം വന്നു. 'അല്ല, ചോട്ടാ ഭീം കൊറോണയെ തോൽപ്പിക്കും'. മിന്നു ഇതു കേട്ട് വീണ്ടും ചിരിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു: 'അമ്മുമോൾ ചേച്ചിയുടെ കൂടെ കളിച്ചോ, അച്ഛൻ വന്നശേഷം പറയാം ബാക്കി.' 'ശരി അച്ഛാ.'

രണ്ടുപേരും കളി തുടങ്ങി. അച്ഛൻ തിരിച്ചു വന്നു. അമ്മു ഓടി വന്നു ചോദിച്ചു: 'എന്താണ് അച്ഛാ ഈ ലോക്ഡൗൺ?' അച്ഛൻ പറഞ്ഞു: 'മോളെ, ഈ കൊറോണ എന്ന അസുഖം വരുന്നത് സമ്പർത്തിലൂടെയാണ്. അത് ഒഴിവാക്കാനായി സർക്കാർ സ്വീകരിച്ച നടപടിയാണ് ലോക്ഡൗൺ. അതായത് വീട്ടിൽ ഇരിക്കണം.' 'എന്താണ് അച്ഛാ സമ്പർക്കം?' 'സ്പർശനങ്ങളിലൂടെ പകരുന്നത്. അസുഖം ബാധിച്ച ഒരാൾ മറ്റൊരാളെ സ്പർശിക്കുന്നു. അയാൾ വേറൊരാളെ സ്പർശിക്കുന്നു... അങ്ങനെ.' ' ഇതിനെ തോൽപ്പിക്കാൻ എന്ത് ചെയ്യും?' 'പുറത്തിറങ്ങുമ്പോൾ അച്ഛൻ ഇപ്പോൾ വച്ചതുപോലെ മാസ്ക് അല്ലെങ്കിൽ തൂവാലകൊണ്ട് മുഖം മറയ്ക്കുക. വൃത്തിഹീനമായ കൈകൾ കൊണ്ട് കണ്ണ്, മൂക്ക്, വായ എന്നിവ തൊടാതെ ഇരിക്കുക, പിന്നെ നമ്മൾ എന്നും ചെയ്യുന്ന ഒരു കാര്യമുണ്ടല്ലോ, കണ്ടുപിടിക്ക്?' ആലോചിച്ച

ശേഷം പെട്ടെന്ന് അവൾ പറഞ്ഞു: 'കൈ കഴുകുന്നു.' 'മിടുക്കിക്കുട്ടി. ഇനി പറ, എത്ര നേരമാണ് സോപ്പിട്ട് തേച്ച് കഴുകി വൃത്തിയാക്കേണ്ടത്? "20 സെക്കൻഡ്." മിന്നു പറഞ്ഞു. "സോപ്പ് എങ്ങനെയാണ് അണുവിനെ നശിപ്പിക്കുന്നത് എന്ന് അച്ഛൻ കാണിക്കാം." അച്ഛൻ അടുക്കളയിൽ പോയി വന്നത് കുറച്ച് കുരുമുളകുപൊടിയും ഒരു പാത്രം വെള്ളവും ഹാൻവാഷും കൊണ്ടാണ്. അച്ഛൻ കുരുമുളകുപൊടി വെള്ളത്തിൽ വിതറി അതിനുശേഷം പറഞ്ഞു: "ഇതു നോക്ക്, കുരുമുളകുപൊടി അണുക്കൾ ആണെന്ന് വിചാരിക്കുക. ഞാൻ വിരൽ മുക്കിയപ്പോൾ എന്റെ കൈകളിൽ പറ്റിപ്പിടിച്ചത് കണ്ടോ, ഇതുപോലെയാണ് യഥാർത്ഥ അണുക്കളും. അപ്പോൾ നോക്കൂ, ഞാൻ സോപ്പുവെള്ളത്തിൽ വിരൽ മുക്കി. ഇനി ഞാൻ ഈ വിരൽ അണുക്കളിലേക്ക് മുക്കി നോക്കു. സോപ്പിൻെറ ശക്തികൊണ്ട് ഈ അണുക്കൾ അകന്നുപോകുന്നു". "ഹായ്, കുരുമുളകുപൊടി അകന്നുപോകുന്നു." അമ്മു ആർത്തുവിളിച്ചു: "എനിക്കും ചെയ്യണം. കുരുമുളകുപൊടി താ അച്ഛാ." അമ്മു പറഞ്ഞു. അച്ഛൻ പറഞ്ഞു: "കുരുമുളകുപൊടി തീർത്താൽ അമ്മ വഴക്കുപറയും". അപ്പോൾ അടുക്കളയിൽനിന്ന് അമ്മയുടെ ചിരി ഉയർന്നു. "അതുപോലെതന്നെ രോഗപ്രതിരോധത്തിന് വേണ്ട ഒരു കാര്യവും ഉണ്ട് മോളെ". "അത് എന്താ അച്ഛാ?" "പരിസരശുചിത്വം"– അച്ഛൻ പറഞ്ഞു. "പത്രങ്ങളിൽ കണ്ടിട്ടില്ലേ, ബസുകൾ, കടകൾ, മറ്റു പൊതുസ്ഥലങ്ങൾ തുടങ്ങിയവ സാനിറ്റൈസർ, സോപ്പ് തുടങ്ങിയവ ഉപയോഗിച്ച് വൃത്തിയാക്കുന്നു. മഴക്കാലങ്ങളിൽ മുറ്റത്ത് കിടക്കുന്ന പാത്രങ്ങളിലും മറ്റും വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്. കെട്ടിനിൽക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിടും. രോഗം പരത്തുന്നവരാണല്ലോ കൊതുകുകൾ. പരിസ്ഥിതിയെ ശുചിയാക്കിയാൽ ഒരു കൊതുകും നമുക്ക് രോഗം കൊണ്ടുവരില്ല . മോൾ വാർത്തയിൽ കണ്ടില്ലേ, കൊവിഡ് ബാധിച്ച രാജ്യങ്ങളിൽ അണുനാശിനിയും മറ്റും ഉപയോഗിച്ച് ശുദ്ധീകരിക്കുന്നത്, പരിസ്ഥിതിയെ ശുചിയാക്കിയാൽ ഭൂരിഭാഗം രോഗപ്രതിരോധം വർധിക്കും." അച്ഛൻ പറഞ്ഞു നിർത്തി. എല്ലാം കേട്ട് അമ്മ പറഞ്ഞു: "ഞാനും എന്റെ വീട് വൃത്തിയാക്കും. ഒരു അസുഖവും വരില്ല". അമ്മു തന്റെ മുറിയിലേക്ക് ഓടി. പിറകെ മിന്നുവും.

**നന്ദന ഹരി**
6 ബി
കാതോലിക്കേററ് എച്ച്. എസ്. എസ്.
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട

# വൃത്തിയാണ് ശക്തി

ഗുഡ് മോർണിങ് ടീച്ചർ... ആഹാ .... എല്ലാവരും ഇന്ന് നല്ല ഉഷാറിലാണല്ലോ.. ഇന്ന് നമ്മൾ എന്ത് പഠിക്കും .. ടീച്ചറേ ഒരു കഥ ... വികൃതികേശു വിളിച്ചുപറഞ്ഞു. ശരി ഇന്നൊരു കഥയാവാം. നമ്മുടെ കേശുവിന്റെ ആഗ്രഹമല്ലേ. .. ടീച്ചർ കേശൂനെ നോക്കി കണ്ണിറുക്കി. കഥയുടെ പേരാണ് ഒന്നരാടൻ രാമു. ക്ലാസാകെ കുലുങ്ങി ചിരിച്ചു . ഒരിടത്തൊരിടത്ത് രാമു എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. ക്ലാസിൽ പലപ്പോഴും വരാത്തതിനാൽ അവനെ കൂട്ടുകാർ ഒന്നരാടൻ രാമു എന്നാണ് വിളിച്ചിരുന്നത് . രാമുവിന് എപ്പോഴും അസുഖമാണ്. എന്താ കാരണം, ദിവസവും കുളിക്കില്ല, ഭക്ഷണം തോന്നുന്ന സമയത്ത് വാരിവലിച്ച് കഴിക്കും, ടോയിലറ്റിൽ പോയി വന്നാൽ കൈ സോപ്പിട്ട് കഴുകില്ല..., അയ്യേ ...... ക്ലാസിലേ കുട്ടികൾ മുഖം ചുളിച്ചു. ടീച്ചർ കഥ തുടർന്നു... നഖം വെട്ടില്ല. രാമുവിന്റെ നഖം മുഴുവൻ ചെളികെട്ടിക്കിടക്കുന്നു. ഇതു കേട്ടതും ക്ലാസിലെ കുസൃതിക്കുടുക്കകൾ മേശപ്പുറത്തു വച്ച കൈ ഉള്ളിലേക്ക് വലിച്ചു. ചിലർ ടീച്ചർ കാണാതെ പതുങ്ങി. ടീച്ചർ വീണ്ടും കഥ തുടർന്നു.... അവസാനം രാമു അസുഖങ്ങളുമായി ഡോക്ടറുടെ അരികിലെത്തി. ഡോക്ടർ രാമുവിനൊരു പാട്ടുപാടിക്കൊടുത്തു.

എല്ലാ ദിനങ്ങളും കുളിച്ചിടേണം
നിത്യവും പല്ലുകൾ തേച്ചിടേണം
സോപ്പിട്ട് കൈകൾ കഴുകിടേണം
നഖങ്ങൾ വളരുമ്പോൾ വെട്ടിടേണം
അണുക്കളെ സോപ്പിട്ട് തുരത്തിടേണം
വൃത്തിയായെന്നും നടന്നിടേണം

ഡോക്ടറുടെ പാട്ടുകേട്ട രാമുവിന് കാര്യം മനസ്സിലായി. രാമു പിന്നീട് വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിച്ചു. സ്കൂളിൽ വല്ലപ്പോഴും എത്തുന്ന രാമു എല്ലാ ദിവസങ്ങളിലും സ്കൂളിലെത്തി. കഥ നിങ്ങൾക്ക് ഇഷ്ടമായോ.? കഥയിൽ നിന്ന് നിങ്ങൾക്ക് എന്തു മനസ്സിലായി? അപ്പോൾ ക്ലാസിലെ ഒരു വികൃതിക്കുടുക്ക വിളിച്ചു പറഞ്ഞു, 'ടീച്ചറേ, കാര്യം പിടികിട്ടി. വൃത്തിയാണ് ശക്തി'.

**കൗഷിക് രാജ് പി.**
ക്ലാസ് 4
കാര എൽ. പി. സ്കൂൾ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# അകലങ്ങളിലെ കാത്തിരിപ്പ്

ശ്ശൊ, ഈ കൊറോണയൊന്നു പോയിക്കിട്ടിയെങ്കിൽ..... ചിപ്പു സ്വയം പറഞ്ഞു. കൂട്ടുകാരെ കാണാൻ പറ്റാത്തതിന്റെ വിഷമത്തിലാണവൻ. വിഷുവിന് പടക്കം പൊട്ടിക്കാൻ എല്ലാവരും അവന്റെ വീട്ടിൽ വരാമെന്നു പറഞ്ഞതായിരുന്നു. ആ മഹാമാരി വിഷുവും നശിപ്പിച്ചു. ഞാനൊന്നു വളർന്നോട്ടെ. ഞാൻ ഡോക്ടറായിട്ട് നിന്നെപ്പോലുള്ള വൈറസുകളെ തുരത്തിയോടിക്കും.... നീ എത്ര പേരെയാ വിഴുങ്ങുന്നത്? നീ കാരണം നശിക്കുന്നത് ഒന്നും രണ്ടും മനുഷ്യജീവനൊന്നുമല്ല. ലക്ഷക്കണക്കിനാളുകളാ, ലക്ഷക്കണക്കിന്. വേഗം ഇവിടന്ന് സ്ഥലം വിട്ടോ. അല്ലെങ്കിൽ എന്റെ സ്വഭാവം മാറും. നിന്നെ എന്റെ കയ്യിൽ കിട്ടിയാലുണ്ടല്ലോ? പത്രത്തിലുള്ള കൊറോണയുടെ ചിത്രം നോക്കി അവൻ പറഞ്ഞു. അവനിപ്പോ ആകെ ചെയ്യുന്ന കാര്യം എന്തെന്നാൽ മേലെ ടറസിലുള്ള പൂച്ചക്കുട്ടികളെ കളിപ്പിക്കുക മാത്രമാണ്. അവന്റെ പൂച്ചയും ഇപ്പൊ വിഷമത്തിലാണ്. കൊറോണ കാരണം അതിനിപ്പൊ മീനും കിട്ടുന്നില്ല. പാവം.... ഇനി അതിന്റെ കുട്ടികൾക്ക് എന്ത് കൊടുക്കും? ഈ നശിച്ച കൊറോണ കാരണം അതിന്റെ കാര്യവും കഷ്ടത്തിലായി. അവൻ ആലോചിച്ചു. അതും ഇതു ആലോചിച്ചിരിക്കേയാണ് അപ്പുറത്തെ വീട്ടിലെ അവന്റെ കൂട്ടുകാരിയായ ദേനിയുടെ വിളി വന്നത്. ചിപ്പൂ............ അവൾ നീട്ടിവിളിച്ചു. വിളികേട്ട് അവൻ മതിലിനരികിലേക്കോടി. മതിലിനിടയിലുള്ള ഓട്ടയിലൂടെ അവർ സൗഹൃദം പങ്കിട്ടു. സ്വന്തം വീട്ടിൽ കൃഷിചെയ്ത മുളക് ചിപ്പു ദേനിക്കും തന്റെ വീട്ടിൽ കൃഷിചെയ്ത ചീരയും ഒപ്പം വിഷുക്കൈനീട്ടവും സമ്മാനവും ദേനി ചിപ്പുവിനും കൊടുത്തു. വൈകുന്നേരങ്ങളിലെ മതിലിനപ്പുറത്തും ഇപ്പുറത്തും നിന്നുള്ള അവരുടെ സംസാരം ഇപ്പോൾ പതിവു കാഴ്ചയാണ്. എന്നെങ്കിലും ഈ കൊറോണ അവസാനിക്കുമെന്ന പ്രതീക്ഷയോടെ, ഇരുട്ടുപരക്കുമ്പോൾ അവർ വീടുകളിലേക്ക് മടങ്ങും. പ്രതീക്ഷയുടെ പുതിയ പകലിനായ്....

ഈ കാലവും കടന്നുപോകും......

**ഇഷ തൻവി ടി.**
5 എ
കാർത്തികപ്പള്ളി നം. 1 യു.പി. സ്കൂൾ
തോടന്നൂർ ഉപജില്ല, കോഴിക്കോട്

# ചക്കരമാവിൻചോട്ടിലെ കൊറോണ

കാറ്റിൽ അടിയുലയുന്ന ചക്കരമാവ്. അതിൽ നിറയെ മാമ്പഴമാണ്. ആരും കണ്ടാൽ കൊതിക്കും. മാമ്പഴമൊക്കെ പഴുക്കാറായി. കിളികൾ കൂടുകൂട്ടാൻ തുടങ്ങി. കുട്ടികൾ മരച്ചുവട്ടിൽ തമ്പടിക്കാനും തുടങ്ങി. കാരണം, ആ ചക്കരമാമ്പഴം എല്ലാവർക്കും ഇഷ്ടമാണ്. കുട്ടികളും കിളികളും ചങ്ങാതിമാരാണ്. പെട്ടെന്നൊരു വാർത്ത, നാടാകെ കൊറോണവൈറസ് പടർന്നുപിടിക്കുകയാണ്. മഞ്ഞക്കിളി പറഞ്ഞു, "ഞാനും കേട്ട് ഇങ്ങനെ ഒരു വാർത്ത." അങ്ങനെ എല്ലാവരും വിഷമിച്ചിരിക്കുമ്പോൾ അതാ മറ്റൊരു വാർത്ത. രാജ്യം മുഴുവൻ അടച്ചുപൂട്ടുകയാണ്. പ്രധാനമന്ത്രി ലോക്ഡൌൺ പ്രഖ്യാപിച്ചു. പുറത്തിറങ്ങാൻ പറ്റില്ല. ' മഞ്ഞക്കിളീ, മഞ്ഞക്കിളീ, നിനക്ക് ഭാഗ്യമുണ്ട്' – കുട്ടികൾ പറഞ്ഞു. "എന്ത് ഭാഗ്യം?" മഞ്ഞക്കിളി ചോദിച്ചു. "നിനക്ക് ഇഷ്ടം പോലെ പറക്കാം.. ഇഷ്ടം പോലെ മാമ്പഴം തിന്നാം." ഠഅത് ശരിയാണ്'– മഞ്ഞക്കിളി പറഞ്ഞു. കുട്ടികൾ സങ്കടത്തോടെ വീട്ടിലേക്കു പോയി. ഇനി പണിയില്ല. കടകൾ തുറക്കില്ല. പട്ടിണിയാകും എന്ന് പരസ്പരം പറഞ്ഞാണ് കുട്ടികൾ പോയത്. മഞ്ഞക്കിളി ഇതെല്ലാം കേട്ടു. അതിനു വലിയ പ്രയാസമുണ്ടായി. മഞ്ഞക്കിളിയുടെ ചിന്ത മുഴുവൻ കുട്ടികളെ എങ്ങനെ സഹായിക്കാം എന്നായി. പാവം കുട്ടികൾ, ഈ മാമ്പഴങ്ങളിലേക്കു കണ്ണും നട്ടിരുന്നു എത്ര ദിനങ്ങൾ... ശ മഞ്ഞക്കിളി ആലോചിച്ചു. ആലോചിച്ച് മഞ്ഞക്കിളി ഉറങ്ങിപ്പോയി. ഉറക്കത്തിൽ മഞ്ഞക്കിളിയുടെ ചങ്ങാതി സ്വപ്നത്തിലൂടെ അടുത്ത് വന്നു. ചങ്ങാതീ, ഞാൻ പല നാട്ടിലൂടെയാണ് വരുന്നത്. ചൈന, ഇറ്റലി തുടങ്ങിയ ഒരുപാടു രാജ്യങ്ങളിലൂടെ യാണ് വരുന്നത. എല്ലായിടത്തും കൊറോണവൈറസ് ജനങ്ങളെ കൊന്നൊടുക്കുകയാണ്. ഇപ്പോൾ ഈ നാട്ടിലും വന്നിട്ടുണ്ട്. അതിനാൽ നിന്റെ കൂട്ടുകാരോട് ശ്രദ്ധിക്കാൻ പറയണം. മാമ്പഴം നമുക്ക് പിന്നെയും കിട്ടും. അവരുടെ സുരക്ഷയാണ് വലുത്. അതിനാൽ സങ്കടപ്പെടേണ്ട. ഗവർമെന്റ് നിർദ്ദേശം അനുസരിച്ചു വീട്ടിൽതന്നെ തുടരാൻ പറയുക. കൊറോണ പോയാൽ ജീവിതം മാമ്പഴത്തെക്കാൾ മധുരമാകും. മഞ്ഞക്കിളി സന്തോഷത്തോടെ കുട്ടികളുടെ അടുത്തേക്ക് പോയി. കുട്ടികളോട് സ്വപ്നത്തെപ്പറ്റി പറഞ്ഞു. കുട്ടികൾക്കും സന്തോഷമായി. അവർ വീട്ടിനുള്ളിൽ തന്നെ കളിച്ചുചിരിച്ചു കൊറോണക്കാലം കഴിച്ചുകൂട്ടാൻ തീരുമാനിച്ചു.

**കൃഷ്ണാനന്ദ എം. കെ.**
6 എ
കുറുവ യു. പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# കൊറോണയും കൂട്ടുകാരും

സ്നേഹിതരായ മുയലും മാനും ലോക്ക്ഡൗൺ നിയമം ലംഘിച്ച് പുറത്തിറങ്ങി. കുറച്ചു കഴിഞ്ഞ ഉടൻ മുയൽ തുമ്മാനും ചുമയ്ക്കാനും തുടങ്ങി. അവർക്ക് പേടിയായി. കൊറോണക്കാലമായതിനാൽ കൊറോണടെസ്റ്റ് നടത്തി. ഫലം പോസിറ്റീവ് ആയതിനാൽ മുയൽ ഐസൊലേഷനിലായി. ഏറെ സങ്കടപ്പെട്ട മാൻ തന്റെ ടെസ്റ്റ് നടത്തി. നെഗറ്റീവായിരുന്നു. നാളുകൾ കഴിഞ്ഞു. രോഗം മാറി മുയൽ വന്നു. പിന്നെ അവർ മാസ്കും ധരിച്ച് സാനിറ്റൈസർ ഉപയോഗിച്ച് കൈകഴുകി ശ്രദ്ധയോടെ ജീവിക്കാൻ തുടങ്ങി.

**ഫാത്തിമ ബതൂൽ കെ.**
ക്ലാസ് 1
കുറ്റിക്കോൽ സൗത്ത് എൽ. പി. സ്കൂൾ
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# കോവിഡ് 19 ഉം വെക്കേഷൻ 20 ഉം

എല്ലാ വേക്കേഷനും ഞങ്ങൾ സാധാരണ ചെയ്യാറുള്ളത്- കുടുംബത്തോടെ ടൂർ പോകും, കുറേ യാത്ര, പുറത്തെ ഭക്ഷണം, അവസാനം ഛർദ്ദി, പനി, ആശുപത്രി എന്നിങ്ങനെ പോകും. പരീക്ഷയൊക്കെ കഴിഞ്ഞ് പപ്പയുടെ തിരക്കുകളൊക്കെ മാറ്റിവച്ചാണ് പോകാറ്. ഇത്തവണ എല്ലാം മാറി. പരീക്ഷ ഇല്ല, ടൂർ ഇല്ല, പുറത്തെ ഭക്ഷണമില്ല, കാർട്ടൂൺ പോലുമില്ല. ഏത് നേരവും ന്യൂസ് ന്യൂസ് ന്യൂസ്. ഞാനും ചേട്ടനും ഇപ്പൊ കുറെ നേരം ന്യൂസ് കാണും. വീട്ടിൽ ആകെ ഒരു മാറ്റം. പപ്പ എപ്പോഴും ഞങ്ങളുടെ കൂടെ തന്നെയുണ്ട്, ഒരുപാട് കളികൾ പഠിപ്പിച്ചു. പുതിയതല്ല, എല്ലാം പഴയതാണ്. പപ്പയും മമ്മിയും ചെറുപ്പത്തിൽ കളിച്ച കളികളാണ് എല്ലാം. എന്തൊരു രസമാണ് എല്ലാം. മമ്മി എപ്പോഴും നല്ല ഭക്ഷണം ഉണ്ടാക്കും. അതൊന്നും ഞാൻ പുറത്തുനിന്ന് കഴിച്ചിട്ടില്ല. പക്ഷേ, നല്ല രസം. ഞാൻ കുറേ പാട്ടും കഥയും പഠിച്ചു ഇത്തവണ. പപ്പയും പഠിപ്പിച്ചു ചിലതൊക്കെ. മമ്മിയെ അടുക്കളയിൽ സഹായിക്കാനും ഞങ്ങളുടെ ഉടുപ്പ് അടുക്കിവെക്കാനും എല്ലാം. ഇതിനൊക്കെ കാരണം ആരെന്നോ? കൊറോണ ആണത്രേ! കൊറോണ. പക്ഷേ, ഒരു റംബുട്ടാൻപഴം പോലെയാ എനിക്ക് തോന്നിയത്. ഹ.. ഹ..ഹ!

**ചന്ദ്ര പി. എം.**
2 സി
കുറ്റിക്കോൽ സൗത്ത് എൽ.പി.
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# ഭൂമിയിലെ മാലാഖമാർ

നാളെ അച്ഛൻ വരുന്ന സന്തോഷത്തിലായിരുന്നു ഞാൻ. അച്ഛൻ വരുന്നതും കുറേ പെട്ടികൾ മിഠായി കൊണ്ടുവരുന്നതും ഞാൻ തിന്നുന്നതും. അമ്മ പറഞ്ഞിട്ടുണ്ട്, അച്ഛൻ വരുമ്പോൾ ലീവ് എടുക്കും എന്ന്. പെട്ടെന്നാണ് ടീച്ചർ ക്ലാസിൽ വന്നിട്ട് പറഞ്ഞത്, ഈ മാസം 31 വരെ സ്കൂൾ അവധി ആണെന്ന്. എനിക്ക് വളരെ സന്തോഷം തോന്നി. അച്ഛൻ വരുമ്പോൾ കൊണ്ടുവരുന്ന മിഠായി ഒറ്റയ്ക്ക് തിന്നാം അല്ലോ എന്ന് കരുതി. സ്കൂൾ വിട്ടുകഴിഞ്ഞപ്പോൾ എല്ലാവരോടും റ്റാറ്റ പറഞ്ഞു. സ്കൂൾബസ്സിൽ കയറി വീട്ടിലേക്ക് പോയി. വീട്ടിൽ കയറിയ ഉടനെ ഞാൻ മുത്തശ്ശിയോടു കാര്യങ്ങൾ പറഞ്ഞു. വീട്ടിൽ എത്തി കുറച്ചു കഴിഞ്ഞപ്പോൾ ആശുപത്രിയിൽനിന്ന് അമ്മ ജോലി കഴിഞ്ഞു വന്നു. പിറ്റേന്ന് രാവിലെ അച്ഛൻ വന്നു. ഞാൻ ഓടിപ്പോയി കെട്ടിപ്പിടിക്കാൻ നോക്കിയപ്പോൾ അമ്മ എന്നെ വിട്ടില്ല. എനിക്ക് സങ്കടം തോന്നി. അച്ഛൻ വേഗം നടന്ന് മുറിയിലേക്ക് പോയി. അമ്മ മാത്രമേ അച്ഛന്റെ മുറിയിലേക്ക് പോകാറുള്ളൂ. എന്നെ പോകാൻ വിടാറില്ല. അച്ഛൻ കൊണ്ടുവന്ന മിഠായി പോലും എടുക്കാൻ അമ്മ വിട്ടില്ല. അച്ഛൻ എന്താ ഒറ്റയ്ക്ക് മുറിയിൽ ഇരിക്കുന്നത് എന്ന് ഞാൻ പലവട്ടം ചോദിച്ചിട്ടുണ്ട്. അമ്മ അതിനൊന്നും ഉത്തരം പറഞ്ഞിട്ടില്ല. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കുറേ പോലീസ്മാമൻമാരും നേഴ്സുമാരും ചേർന്ന് അച്ഛനെ ആംബുലൻസിൽ കൂട്ടിക്കൊണ്ടുപോയി. കൂടെ അമ്മയും പോയി. ഞാനും മുത്തശ്ശിയും വീട്ടിൽ ഒറ്റയ്ക്കായി. അപ്പോഴാണ് വാർത്തയിൽ കണ്ടത്, കൊറോണ വൈറസ് ഉണ്ടായതുകൊണ്ടാണ് അച്ഛനെ ആശുപത്രിയിലേക്ക് കൊണ്ടുപോയത്. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ എല്ലാവരും ആഘോഷത്തോടെ അച്ഛനെ വീട്ടിൽ കൊണ്ടുവിട്ടു. അച്ഛന്റെ കൂടെ അമ്മ വന്നിരുന്നില്ല. എനിക്ക് സങ്കടം തോന്നി. അച്ഛൻ എന്നോട് പറഞ്ഞു, അമ്മയെ പോലുള്ള കുറേ നേഴ്സുമാരുടെ രാപകൽ ഇല്ലാത്ത അധ്വാനം മൂലമാണ് അച്ഛന് രോഗം ഭേദമായതെന്നും അമ്മയും ഇതുപോലെ ഊണും ഉറക്കവുമില്ലാതെ കുറേ രോഗികളെ രക്ഷിക്കാൻ പരിശ്രമിക്കുകയാണ് എന്നും. എനിക്ക് അമ്മയെ കാണണമെന്ന് പറഞ്ഞപ്പോൾ ഇപ്പോൾ കാണാൻ പറ്റില്ല എന്ന് പറഞ്ഞു. അമ്മയെ പോലുള്ള കുറെ നഴ്സുമാരും ഡോക്ടർമാരും കാരണം എത്രയോ കുട്ടികൾക്ക് അവരുടെ അച്ഛനമ്മമാരെ തിരിച്ചുകിട്ടി. കുറച്ചുദിവസം അല്ലേ അമ്മയെ കാണാതെ നിൽക്കേണ്ടത്. എനിക്കു വലുതായിക്കഴിയുമ്പോൾ അമ്മയെ പോലെ കുറേ രോഗികളെ രക്ഷിക്കുന്ന നേഴ്സ് ആയാൽ മതി.

**ദേവിക സി. വി.**
5 എ കൂടാളി യു. പി. സ്കൂൾ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# ഒരു പാഠം

കാട്ടിലെ രാജാവാണ് ശൂരൻ സിംഹം. കാട്ടിലെ എല്ലാ മൃഗങ്ങളെയും രാജാവിന് ഒരുപോലെ ഇഷ്ടമാണ്. അതുപോലെ മൃഗങ്ങൾക്കും അങ്ങനെ തന്നെയാണ്. കാട്ടിൽ എല്ലാവരും സന്തോഷത്തോടെ കഴിഞ്ഞുകൂടി. ശൂരൻ സിംഹം തന്റെ പ്രജകളുടെ ക്ഷേമം അന്വേഷിക്കാൻ കാട്ടിലൂടെ ദിവസവും പോകും. ഒരു ദിവസം രാജാവിന്റെ മന്ത്രി എന്തോ അസുഖം വന്നു ചത്തുപോയി. രാജാവിന്റെ വലംകൈ ആയിരുന്നു മന്ത്രി. എല്ലാവർക്കും സങ്കടമായി. കുറച്ചു ദിവസം കഴിഞ്ഞ് സിംഹം പറഞ്ഞു. നമുക്ക് ഒരു മന്ത്രിയെ വേണം. അതിനു പറ്റിയ ഒരാളെ നമുക്ക് തെരഞ്ഞെടുക്കണം. മൃഗങ്ങളെല്ലാം തന്റെ കഴിവ് രാജാവിനു മുൻപിൽ കാണിച്ചു രാജാവ് അതുകൊണ്ടൊന്നും തൃപ്തിയായില്ല. കുറച്ചു കഴിഞ്ഞ് ഒരു കുരങ്ങൻ അവിടെയെത്തി. അവൻ ഓരോ ജാലവിദ്യ കാണിച്ച് രാജാവിനെ സന്തോഷിപ്പിച്ചു. ഇവനാണ് നമ്മുടെ അടുത്ത മന്ത്രി എന്ന് മഹാരാജാവ് മനസ്സിൽ കരുതി. അടുത്ത ദിവസം കുരങ്ങനെ മന്ത്രിയായി തെരഞ്ഞെടുത്ത വിവരം രാജാവ് എല്ലാവരെയും അറിയിച്ചു. എല്ലാവർക്കും സന്തോഷമായി. വേനൽക്കാലം വന്നു. കാട്ടിൽ മൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും കിട്ടാതായി. രാജാവും മന്ത്രിയും കൂടി ആലോചിച്ചു. മന്ത്രി പറഞ്ഞു. ഞാൻ നാട്ടിൽ ഒക്കെ ഒന്ന് കറങ്ങിയിട്ട് വരാം. അവിടത്തെ അവസ്ഥ അറിയുകയും ചെയ്യാം. നമുക്ക് ആവശ്യമുള്ളത് കിട്ടുമോ എന്ന് നോക്കുകയും ചെയ്യാം. രാജാവിന്റെ സമ്മതത്തോടെ മന്ത്രി നാട്ടിലേക്ക് പോയി. എന്നാൽ നാട്ടിലെത്തിയപ്പോൾ കുരങ്ങന് അവിടെയൊന്നും ആരെയും കാണാൻ കഴിഞ്ഞു. സ്കൂൾ അടച്ച സമയമായിട്ടും കുട്ടികൾ കൂട്ടത്തോടെ കളിക്കുന്നില്ല. നിശബ്ദമായ അന്തരീക്ഷം ആണ് കുരങ്ങനെ അവിടെ കാണാൻ കഴിഞ്ഞത്. കുറച്ചകലെ ഒന്ന് രണ്ടു പേരുണ്ട്. അവരുടെ മുഖത്തെ എന്തോ വച്ചുകെട്ടി ഇരിക്കുന്നുണ്ട്. കുരങ്ങനെ ഒന്നും മനസ്സിലായില്ല. എന്നാൽ കുരങ്ങനെ നല്ല ശുദ്ധവായു കിട്ടി. നാട്ടിലെത്തിയാൽ കിട്ടാത്തതാണ് ശുദ്ധവായു. വാഹനങ്ങളിലുംം ഫാക്ടറികളിലും നിന്നും പുറത്തുവരുന്ന വിഷമയമായ പുക അന്തരീക്ഷത്തെ പണ്ട് മലിനമാക്കുന്നു. ഇപ്പോൾ അതൊന്നുമില്ല. പക്ഷികൾ സന്തോഷത്തോടെ പാറിനടക്കുന്നു. പൂമ്പാറ്റകൾ പൂക്കളിൽ നിന്നും തേൻ നുകരുന്നു. മൃഗ ങ്ങളും മറ്റും സന്തോഷത്തോടെ തുള്ളി കളിക്കുന്നു. മയിലുകൾ നൃത്തം ചെയ്യുന്നു. കുയിലുകൾ പാട്ടുപാടുന്നു. തത്തകൾ കൊക്കുരുമ്മി കിന്നാരം പറയുന്നു. കാക്കകൾ കലപില കൂട്ടുന്നു. അങ്ങനെ എന്തെല്ലാം കാഴ്ചകളാണ് ഇവിടെ. കുറച്ചുനാൾ മുൻപ് ഇതൊന്നും ഉണ്ടായിരുന്നില്ല. റോഡിൽ വാഹനങ്ങളുടെയും മനുഷ്യരുടെയും തിരക്കായിരുന്നു. ഒരു ആവശ്യവുമില്ലാതെ ജനങ്ങൾ എന്തിനോവേണ്ടി തിരക്ക് കൂട്ടിയിരുന്നു. ഇപ്പോൾ ആ തിരക്കുകൾ ഒന്നും തന്നെയില്ല. എല്ലാ വീടുകളുടെയും മുറ്റത്തെ പച്ചപ്പ് കാണുന്നുണ്ട്. ചെടികളിൽ

നിറയെ പൂ വിരിഞ്ഞു ഇരിക്കുന്നു. പൂക്കളിൽ നിന്നും തേനീച്ചകളും വണ്ടുകളും തേൻ കുടിക്കുന്നു. വീടിനുചുറ്റും കൃഷിത്തോട്ടങ്ങൾ ഉണ്ടായി. എല്ലാവരും ഇപ്പോൾ കൃഷി ചെയ്യുന്ന തിരക്കിലാണ്. പണ്ട് ഉണങ്ങിയ കൃഷിയിടങ്ങൾ എല്ലാം പച്ചപുതച്ച നിൽക്കുകയാണ്. എന്താണ് ഈ മാറ്റങ്ങൾക്ക് കാരണം? കുരങ്ങൻ ചിന്തിച്ചു. കുരങ്ങന് ഒരു എത്തും പിടിയും കിട്ടിയില്ല. അപ്പോഴാണ് ഒരു തത്ത കുരങ്ങന്റെ അടുത്തേക്ക് പാറി വന്നത്. എന്താ കുരങ്ങച്ചൻ ഇങ്ങനെ ആലോചിച്ചു നിൽക്കുന്നത്. ഓ... അതോ, ഞാൻ കുറെ നാളായി നാട്ടിലേക്ക് വന്നിട്ട്. ഇപ്പോൾ വന്നപ്പോൾ എന്തൊരു മാറ്റമാണ് ഇവിടെ. ഇതുകേട്ട് തത്ത ചിരിച്ചു. കുരങ്ങച്ചൻ പറഞ്ഞു. ഒരു മഹാമാരി പടർന്നു പിടിച്ചിട്ടുണ്ട്. കോവിഡ് 19 .. കൊറോണ വൈറസ് ആണ് ഇത് പടർത്തുന്നത്. ഇതിനെതിരായി മരുന്ന് കണ്ടുപിടിച്ചിട്ടില്ല. അതുകൊണ്ട് മനുഷ്യൻ മരിച്ചു വീഴുകയാണ്. ഇടക്കിടക്ക് സോപ്പ് ഉപയോഗിച്ച് കൈകഴുകി കൊറോണയെ അവർ ചെറുക്കുകയാണ്. എല്ലാവരും വീടുകളിൽ ഇരിക്കണം. ആരും പുറത്തിറങ്ങരുത്. അതുകൊണ്ടാണ് ആരെയും പുറത്ത് കാണാത്തത്. . കുറച്ചുപേരെ കാണുന്നുണ്ടല്ലോ. അവരുടെ മുഖത്തെ എന്താ വച്ചു കെട്ടിയിരിക്കുന്നത്. അപ്പോൾ തത്ത പറഞ്ഞു. അത് ചുമക്കുമ്പോഴും തുമ്മുമ്പോഴും തെറിക്കുന്ന ശ്രവങ്ങളിലൂടെ ആണ് കൊറോണ വൈറസ് മറ്റുള്ളവരിലേക്ക് പകരുന്നത്. അത് ചെറുക്കാൻ ആണ് അത് വെച്ച് കെട്ടുന്നത്. ഇത് കേട്ട് കുരങ്ങൻ അവിടെ നിന്നും പോയി. കുരങ്ങൻ കാട്ടിലെത്തി സിംഹത്തെ കണ്ടു. സിംഹം ചോദിച്ചു. നാട്ടിൽ പോയിട്ട് എന്തായി. എന്താ മന്ത്രി? എന്താ മുഖം എന്തോ പോലെ? അപ്പോൾ കുരങ്ങൻ പറഞ്ഞു പ്രഭോ, കോവിഡ്19 എന്ന മഹാമാരി നാട്ടിലാകെ പടർന്നു പിടിച്ചിരിക്കുകയാണ്. കുറേ ജനങ്ങൾ മരിച്ചുവീണു. മരുന്ന് കണ്ടുപിടിച്ചിട്ടില്ല. ആ രോഗം വന്നതുകൊണ്ട് എനിക്ക് അവിടെ പച്ചപ്പ് നിറഞ്ഞ പ്രദേശങ്ങളും മലിനമല്ലാത്ത അന്തരീക്ഷവും കാണാൻ കഴിഞ്ഞു. മനുഷ്യൻ അറിഞ്ഞുകൊണ്ട് നശിപ്പിച്ചത് എല്ലാം ഒരു പരിധി വരെ തിരിച്ചുവന്നു. അപ്പോൾ സിംഹം ചോദിച്ചു. മന്ത്രി പോയ കാര്യം എന്തായി?.. പ്രഭോ, ആ രോഗം ചങ്ങലപോലെ വളരുകയാണ്. കാട്ടിൽ ഏതെങ്കിലും മൃഗത്തിന് വന്നാൽ മനുഷ്യർക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നത് പോലെ നമുക്ക് കഴിഞ്ഞെന്നുവരില്ല. അതുകൊണ്ട് കാട്ടിൽ അങ്ങകലെ വറ്റാത്തൊരു അരുവി ഉണ്ട്. നമുക്ക് അവിടേക്ക് പോകാം. അതും പറഞ്ഞ് എല്ലാ മൃഗങ്ങളും അരുവിയിലേക്ക് പോയി. മനുഷ്യരിലേക്ക് പടർന്നു പിടിച്ച മഹാരോഗത്തെ വേരോടെ പിഴുതെറിയാൻ മനുഷ്യർക്ക് കഴിയുമാറാകട്ടെയെന്നും എല്ലാ മൃഗങ്ങളും പ്രാർത്ഥിച്ചു.. ഒപ്പം പ്രകൃതിയുടെ നിലനില്പിനും.

**അക്ഷര രാജീവൻ**
4 എ
കൂനം എ എൽ പി സ്കൂൾ
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# കൊറോണയും കേശുനായയും

കുറെ നാളുകൾക്കു ശേഷം കേശുനായ പുറത്തിറങ്ങി. പുറത്തു നിന്ന് വീശുന്ന കാറ്റിനു ഒരു വല്ലാത്ത മണം. അടുത്ത വീട്ടിലെ സുന്ദരി കാക്കയോട് ചോദിക്കാം എന്ന് വിചാരിച്ചു അപ്പോൾ തന്നെ കേശുനായ സുന്ദരി കാക്കയെ കാണാൻ ചെന്നു. ചേച്ചി... ചേച്ചി..., എന്താ കേശു?... എനിക്കൊരു സംശയം, നമ്മുടെ വഴിയോരത്തൊന്നും ഒരാൾ പോലുമില്ല, നഗരങ്ങളിലും ഗ്രാമങ്ങളിലും ഒന്നും ആരെയും കാണാൻ കഴിഞ്ഞില്ല. ഇതെന്തൊരു അത്ഭുതം? ഞാൻ അതിശയിച്ചുപോയി. ഇതെന്താണ് ഇങ്ങനെ..? അപ്പോൾ നീ ഒന്നും അറിഞ്ഞില്ലേ..? 'കൊറോണ' എന്ന മഹാമാരി ലോകം മുഴുവൻ പടർന്നു പിടിച്ചിരിക്കുകയാണ്. അതെയോ... ഇത്രയും നാൾ നമ്മളെയൊക്കെ കൂട്ടിൽ ഇട്ടിരിക്കുകയായിരുന്നില്ലോ മനുഷ്യൻ, അതിനു ദൈവം കൊടുത്ത ശിക്ഷയാണിത്. അയ്യോ ഞാൻ മറന്നു പോയി എന്റെ കുഞ്ഞിനെ പള്ളിക്കൂടത്തിൽ കൊണ്ടുവിടാൻ സമയമായി. ഞാൻ പോകുന്നു. ശരി സുന്ദരി ചേച്ചി... ഇത്രയും പറഞ്ഞു തന്നതിന് നന്ദി. ശരി , പിന്നെ കാണാം എന്ന് പറഞ്ഞു കൊണ്ട് സുന്ദരി കാക്ക പറന്നുപോയി. അതൊക്കെ കേട്ട് കേശുവിന് അത്ഭുതം തോന്നി. അവൻ ഉടനെ തന്നെ ഓടിപ്പോയി അവന്റെ പ്രിയ കൂട്ടുകാരെ വിളിച്ചു കൂട്ടുകാരെ.... കൂട്ടുകാരെ....., എന്താ... എന്തു പറ്റി, എനിക്ക് വല്ലാത്ത സന്തോഷം തോന്നുന്നു. എന്താ ഇത്ര സന്തോഷിക്കാൻ?.. അതോ അടുത്ത വീട്ടിലെ സുന്ദരി കാക്ക പറഞ്ഞു... ഇനി മനുഷ്യരാരും പുറത്തിറങ്ങില്ലായെന്ന്. അതെന്താണെന്നോ.. 'കൊറോണ'എന്ന മഹാമാരി ലോകത്തിൽ മുഴുവൻ പടർന്നു പിടിച്ചിരിക്കുകയാണ് ....അതിനാലാണ് എനിക്ക് ഇത്രയും സന്തോഷം. എന്റെ ദൈവമേ കേശു നീ പറയുന്നതെല്ലാം ശരിയാണോ?. സത്യം! ഞാൻ ഇന്നലെ പട്ടണത്തിൽ പോയപ്പോൾ ഒരാളെയും കണ്ടില്ല. എന്നാൽ അത് ശരിയായിരിക്കും. ഇതൊന്ന് നമുക്ക് ആഘോഷിക്കണം. എല്ലാവരും കൂടി ആ സന്തോഷം പങ്കുവച്ചു.അവർക്ക് അത് മറക്കാൻ കഴിയാത്ത ആഘോഷമായിരുന്നു.

**വൈഷ്ണവി രമേഷ്**
4 എ
കൂനം എ എൽ പി സ്കൂൾ
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# ലോകാ സമസ്താ സുഖിനോ ഭവന്തു

ഒരു നുള്ളു കണ്ണീരു വാർത്തു കൊണ്ടു ലോക വ്യഥയോടു ചേരുന്നു നമ്മൾ. ഭയമല്ല കരുതലാണ്. അതിലുറച്ചാൽ നാളെ അതിജീവനത്തിന്റെ കഥ പറയാം. സ്രഷ്ടാവ് പോലും നിൻ ചെയ്തികൾ കണ്ടു പകച്ചു പോയി കണ്ണടച്ചു. സർവ്വവും വെട്ടിപ്പിടിക്കുവാൻ നീ തീർത്ത സമവാക്യത്തിൽ പിറവി കൊണ്ട് മഹാനിബന്ധനത്തിന്റെ ചുരുളഴിച്ചിന്നവൻ അന്തകന്റെ വേഷം കെട്ടിയാടി... ഈ മഹാമാരി തൻവിധിയോർത്തു, കരയുവാൻ കഴിയില്ല മനുജാ... ഇതുനിന്റെ കർമ്മഫലം. വൻമതിൽ താണ്ടിയ കോട്ടകൾ തച്ചുടച്ചിന്നവൻ ഇന്നെന്റെ മണ്ണിലും തേരോടിക്കുന്നു. ഒരു അന്ത്യചുംബനം പോലും നൽകാൻ കഴിയാതെ, രക്തബന്ധങ്ങൾ ചത്താലും കറതീരാത്ത പാപിയായി അകന്നിരിക്കാം.... ഇരുളിന്റെ മറ നീക്കുന്ന ഒരു പുലരിപിറക്കും വരെയും വാനോളം വാഴ്ത്തി പുകഴ്ത്തിടാം ആതുരസേവകരെ.... നീതിപാലകരെ..... ലോകാ സമസ്താ സുഖിനോ ഭവന്തു.

**മാളവിക വി ബി**
6 എ
കെ വി എസ് എൻ ഡി പി യു. പി. എസ് ഉളിയക്കോവിൽ
കൊല്ലം ഉപജില്ല, കൊല്ലം

# മിസ്ഡ് കോൾ

കൊറോണ അറിയാതെ വൈറസ് വ്യാപനമറിയാതെ, ക്വറന്റൈൻ കാലമറിയാതെ, ആരോടെന്നുമില്ലാതെ പിറു പിറുത്ത് കൊണ്ട്... തെരു വീഥികളിലൂടെ അയാൾ അലഞ്ഞു തിരിഞ്ഞു നടന്നു...

ഇടക്കെപ്പോഴെക്കെയോ ഒന്ന് രണ്ട് മിസ്സ്ഡ് കോളുകൾ അയാൾ ദൈവത്തിനും വിട്ടിരുന്നു.

ഒന്നിനും ദൈവം തിരിച്ചു വിളിച്ചില്ല...

**അബീൽ ഇഷാൻ ഫാറൂഖ്**
1 എ
കോമ്പൗണ്ട് സി എം എസ് എൽ പി എസ് ആലപ്പുഴ
ആലപ്പുഴ ഉപജില്ല ആലപ്പുഴ

# അമ്മ

സമയം ആറര ആയി.ഇത് എട്ടാമത്തെ തവണയാണ് സമയം നോക്കുന്നത്.സ്ഥലം എത്താനായിക്കൊണ്ടിരിക്കുന്നു .മനസിൽ സന്തോഷം അലതല്ലുന്നു. ഇനിയും കാത്തിരിക്കാൻ വയ്യ. ബസ്സിനു വേഗത ഇല്ലാത്തതു പോലെ. ഞാൻ പുറത്തേക്കു ഒന്നു കണ്ണോടിച്ചു. എല്ലാം മാറിയിരിക്കുന്നു. പത്തു കൊല്ലമായി നാടു കണ്ടിട്ട്. ആരെല്ലാം ഉണ്ട്,ആരൊക്കെ പോയി എന്നറിയില്ല. മനസിൽ ഓർമകൾ...

ഒരു നീണ്ട നെടുവീർപോടെ സീറ്റിൽ ചാരിയിരുന്നു. വീണ്ടും സമയം നോക്കുന്നു.പെട്ടെന്നാണ് കണ്ടക്ടർ സ്ഥലം വിളിച്ചു പറയുന്നത്.സന്തോഷത്തോടെ ചാടി എണീക്കുന്നു.ബാഗും എടുത്ത് വണ്ടിയിറങ്ങി.ചുറ്റും നോക്കി. മൊയ്തീൻക്കാടെ ചായ കടയും, സതീഷേട്ടന്റെ തുന്നൽ കടയും മാത്രമുണ്ട് മാറ്റമില്ലാത്തത്. ബാക്കിയെല്ലാം മാറിയിരിക്കുന്നു.തിരിച്ചറിയാത്തവിധം. രണ്ടു മിനിറ്റു ഞാൻ അവിടെയെല്ലാം നോക്കി കണ്ടു. ചുറ്റും കണ്ണോടിച്ചു, എന്നിട്ട് മൊയ്തിൻക്കാടെ ചായകടയിൽ കയറി. ഇപ്പോഴും ആ ചെറിയ കണ്ണാടിപ്പെട്ടിയുണ്ട്. അതിൽ പലഹാരങ്ങളും ഉണ്ട്. പണ്ട് അമ്മയുടെ കയ്യും പിടിച്ച് വരാറുണ്ട്, പലഹാരം വാങ്ങാറില്ല കാണാറേ ഉള്ളൂ .അമ്മയോടൊപ്പം വരുന്നത് കട്ടൻ ചായ തൂക്കുപാത്രത്തിൽ വാങ്ങാനാണ് കണ്ണ് ചില്ലു പെട്ടിയിൽ ആയിരിക്കും ഇത് കണ്ട അമ്മ പറയും പണി കഴിഞ്ഞ് വരുമ്പോൾ അമ്മ മോന് വാങ്ങി തരാം കേട്ടോ ഞാൻ സന്തോഷത്തോടെ തലയാട്ടും. എന്താ വേണ്ടത് പെട്ടെന്ന് ഒരു ശബ്ദം. ഞാൻ പറഞ്ഞു, ഒരു ചായ വേറേ എന്തെങ്കിലും അയാൾ ചോദിച്ചു. വേണ്ട എന്ന് ഞാൻ പറഞ്ഞു. എന്നിട്ട് അവിടെ ഉണ്ടായിരുന്ന ബെഞ്ചിന്റെ സൈഡിൽ ഞാൻ ഇരുന്നു ചായ കുടിച്ചു. അവിടെ നിന്നും ഇറങ്ങി പാടവരമ്പത്തുകൂടെ നടന്നു.

അമ്മയുടെ കയ്യും പിടിച്ച് നടക്കുമ്പോൾ ചുറ്റും പച്ചപരവതാനി വിരിച്ചത് പോലെയാണ് മാക്കാച്ചി തവളകളെയും കൊക്കുകളെയും പലതരം പക്ഷികളെയും കാണാം പക്ഷേ ഇപ്പോൾ ഒന്നിനേയും കാണുന്നില്ല അവരെല്ലാം എവിടെയാണ് പോയത്? അതിപ്പോൾ പാടമെവിടെ? വരമ്പു മാത്രമുണ്ട്... കൃഷി എവിടെ? പണിക്കാരി പെണ്ണുക്കൾ എവിടെ? കൊയ്ത്തെവിടെ? എന്റെ അമ്മയും ഇവിടെത്തെ

കൂലിപ്പണിക്കാരിയാണ്. സ്കൂളിൽ പഠിക്കുമ്പോൾ ഫീസടയ്ക്കാൻ പൈസയില്ലാതെ ക്ലാസ്സിനു പുറത്തു നിൽക്കുമ്പോൾ ഓടിക്കിതച്ച് വിയർത്തൊലിച്ച് അമ്മ വരും. ഫീസ് കൊടുക്കാൻ ചെളി പറ്റിയ പൈസ എന്റെ കയ്യിൽ തരും. ഇന്നു ഞാൻ മുംബൈയിൽ ഒരു വലിയ കമ്പനിയിൽ ഓഫീസറായി ജോലി നോക്കുന്നു. അതിനു കാരണം എന്റെ അമ്മയാണ്. അമ്മയുടെ വിയർപ്പാണ്. പക്ഷേ അത് കാണാൻ അമ്മയ്ക്ക് കഴിഞ്ഞില്ല. ദീനം വന്ന് അമ്മ മരിച്ചപ്പോൾ അമ്മയുടെ കർമ്മങ്ങളെല്ലാം കഴിഞ്ഞ ഉടൻ തന്നെ ഞാൻ വണ്ടി കയറിയതാണ്. പിന്നെ ഇപ്പോഴാണ് ഇവിടെക്കു വരുന്നത്. ഇത്രയും കാലത്തിൽ ദുഷിച്ചതും നല്ലതുമായ ഓർമ്മകൾ. ഓർമ്മകൾ അയവിറക്കി നടന്നതു കൊണ്ട് വീട് എത്തിയതറിഞ്ഞില്ല. അമ്മയില്ലാത്ത വീട്......അല്ല.. അമ്മയുടെ ഓർമ്മകൾ ഉള്ള എന്റെ വീട്.

**ഫിദ ഫാത്തിമ കെ.എസ്**
8 എ
കോൺകോട് ഇ എച്ച് എസ് ചിറമനേങ്ങാട്
കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# ഒരു കുഞ്ഞു തേങ്ങൽ

"അനുമോളേ.... ചായ കുടിക്കേണ്ടേ, സമയം എത്ര ആയിന്നാ വിചാരം?..."ഷിനി ചേച്ചിയുടെ വിളികേട്ടാണ് അവൾ ഉണർന്നത്. ഇന്നലെ കിടന്നിട്ട് തീരെ ഉറക്കം വന്നില്ല കുറെ കരഞ്ഞ് തീർത്തു. എത്ര ദിവസമായി എന്റെ അമ്മയെ കണ്ടിട്ട് ഓർത്തപ്പോൾ അവളുടെ കുഞ്ഞു കണ്ണുകൾ ഈറനണിഞ്ഞു. അപ്പോഴേക്കും ഷിനി ചേച്ചി അടുത്ത് എത്തിയുരുന്നു. "എന്താ മോളേ എണീക്കാത്തെ", "മ്മ്... എണീക്കാൻ പോവാ"... അവൾ ഉണർന്ന് ബാത്ത്റൂമിലേക്ക് പോയി .അപ്പോഴേക്കും മേശപ്പുറത്ത് എല്ലാം തയ്യാറാക്കി വെച്ചിരുന്നു. അവൾ കഴിക്കാൻ ഇരുന്നുവെങ്കിലും അമ്മയുടെ ഓർമ്മകൾ തികട്ടി തികട്ടി വന്നു.

അമ്മ ഉണ്ടായിരുന്നു എങ്കിൽ എനിക്ക് വാരിത്തന്നേനെ അവൾ ചിന്തിച്ചു. അല്ലേലും ന്റെ മ്മ ഡോക്ടറാവേണ്ടായിരുന്നു. ന്റെ ക്ലാസിലേ ആരുടെ അമ്മേം ഡോക്ടറല്ല. അവർക്ക് ഒക്കെ ന്റ മ്മ ഡോക്ടറാണ് എന്നു പറയുമ്പോൾ വല്യ അത്ഭുതമാ... അശ്വനിടെയു ആതിരയുടെയും ശാലിനിയുടെയും അമ്മയെപ്പോലെ വീട്ടിൽ തന്നെ ഉണ്ടായാ മതിയായിരുന്നു. ഇതിപ്പോ എല്ലാവർടെം അമ്മമാര് സ്കൂളിലെ മീറ്റിങ്ങിനൊക്കെ വരുമ്പോ ന്റെമ്മ മാത്രമുണ്ടാവില്ല. പകരം ഷിനി ചേച്ചി വരും. അവരൊക്കെ സ്ക്കൂളിന്ന് വന്ന് അമ്മേടൊപ്പം കളിക്കുമ്പോൾ ഞാൻ മാത്രം ഒറ്റക്ക് ടിവിയും കണ്ട് ......ആ കുഞ്ഞ് മനസ്സ് പിടഞ്ഞു . എന്നാലും രാത്രി ആവുമ്പോൾ എനിക്കുള്ള പൊതിയുമായി എന്റെ അമ്മ വരുമായിരുന്നു.

ഇതിപ്പൊ അതിനും പറ്റുന്നില്ല കൊറോണക്ക് ചികിത്സിക്കുന്ന ഡോക്ടർമാർ വീട്ടിലേക്ക് പോകരുതെന്ന് സർക്കാരിന്റെ ഉത്തരവ് പ്രകാരം ഇപ്പോൾ വീട്ടിലേക്കും വരാമ്പറ്റണില്ലല്ലോ ... ന്നാ ന്റെ മ്മയെ അവടെപ്പോയി കാണാന്നു വച്ചാ അതിനും സാധിക്കണില്ല്യല്ലോ ഈശ്വരാ ...... ഓർത്തപ്പോൾ അവളുടെ ചങ്ക് പിടഞ്ഞു

ലോകം മുഴുവൻ കൊറോണയെ പേടിച്ച് കഴിയുമ്പോ... , അവരു ഇടയിൽ ആണല്ലോ ന്റെമ്മ... അവർക്ക് ഒരസുഖവും വരുത്തല്ലേ .

അവർക്കങ്ങാനും കൊറോണ പകർന്നാൽ... ന്നാ പിന്നെ അനുമോൾക്ക് അമ്മന്നെണ്ടാവില്ല..

അമ്മല്ല്യാണ്ട് ജീവിക്കണത് ആലോചിക്കാൻ കൂടി വയ്യല്ലോ ..ന്റെ ഈശ്വരാ .... എത്രയും വേഗം ഈ അസുഖം ഈ ലോകത്ത് നിന്ന് ഇല്ല്യാണ്ടായാൽ മതിയായിരുന്നു. എന്നാലെ എന്റെ അമ്മക്ക് വരാൻ ആകൂ. എന്നാ ഇതവസാനിക്ക്യാ... എന്നാ ന്റെ മ്മ വര്യാ...

അവളുടെ ചിന്തകൾ കാട് കേറി.... ആ കണ്ണുകൾ നിറഞ്ഞ് ഒഴുകി.

അനു മോളേ.. അമ്മേടെ ഫോൺ...... ഷിനി ചേച്ചി ഫോണുമായി വന്നു.ഫോൺ വാങ്ങിയ അവൾ ഒന്നും സംസാരിക്കാൻ ആവാതെ വെറുതെ കരയാൻ തുടങ്ങി. അങ്ങേത്തലക്കലും ഒരു തേങ്ങൽ മാത്രം...നമ്മുടെ നാടിന് വേണ്ടി സ്വന്തം ജീവനും ജീവിതവും ബലിയർപ്പിച്ച് ജോലി ചെയ്യുന്ന ഡോക്ടേഴ്സിന് വേണ്ടി, അവരുടെ ദീർഘായുസ്സിനും ആരോഗ്യത്തിനുമായി പ്രാർത്ഥിച്ചു കൊണ്ട് ......

**നജാദ്. കെ. എൻ**
8 ഇ
കോൺകോട് ഇ എച്ച് എസ് ചിറമനേങ്ങാട്
കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# മാലാഖമുല്ലപ്പൂ

മാലാഖമുല്ലപ്പൂ ആഴ്ചകൾക്കു മുൻപ് നട്ട മുല്ലച്ചെടിയിൽ ഇന്ന് ആദ്യത്തെ പൂവ് വിരിഞ്ഞിരിക്കുന്നു. തൊടിയിൽ വെച്ചു തന്നെയാണ് അത് നട്ടതും നനച്ചതും വളർത്തിയതുമൊക്കെ. ആദ്യമൊക്കെ അതിൽ കുഞ്ഞു മുകുളങ്ങൾ വന്നതും അവ ഇലകളായി വളരുന്നതുമൊക്കെ ലച്ചു സശ്രദ്ധം വീക്ഷിക്കുകയും, അതിൽ മനസ്സുകൊണ്ട് തുള്ളിച്ചാടി രസിക്കുകയുമൊക്കെ ചെയ്തിരുന്നു. അതു നിറയെ പൂത്തുലഞ്ഞ് കാറ്റിലാടുന്നത് അവൾ എത്രയോ രാത്രികളിൽ സ്വപ്നമായി കണ്ടിരിക്കുന്നു. ഒറ്റ മകളായി ജനിച്ചതിനാൽ അവൾക്ക് വീട്ടിലാരും തന്നെ കളിക്കൂട്ടുകാരില്ല. ആ വിരസത മാറ്റാൻ അവൾ തന്നെ മുൻകൈയ്യെടുത്ത് ഒരു പൂന്തോട്ടമുണ്ടാക്കി. ആ തോട്ടത്തിൽ അവസാനം എത്തിച്ചേർന്ന വിരുന്നുകാരിയായിരുന്നു ആ കുറ്റിമുല്ല. മനുഷ്യന്റെ താൽപ്പര്യങ്ങൾ എത്രവേഗമാണ് മാഞ്ഞില്ലാതാകുന്നതെന്ന് അവൾ അതിശയത്തോടെ ചിന്തിച്ചു. തന്റെ എല്ലാമെല്ലാമായിരുന്ന ആ തോട്ടത്തിലേക്ക് താൻ മനസ്സിരുത്തി കണ്ണുകളയച്ചിട്ട് നാളേറെയായിരിക്കുന്നു. മുറ്റത്തു നിൽക്കുന്ന ആഞ്ഞിലിയുടെ ഇലയും കായും വീണ് അതാകെ അലങ്കോലമായിരിക്കുന്നു. ഒന്നിനും വയ്യായിരുന്നു അവൾക്ക്. മനസ്സാകെ ഭയം ഒരു മരവിപ്പുപോലെ ഇരച്ചുകയറിയത് എപ്പോഴാണെന്ന്പോലും ലച്ചുവിനോർമയില്ല. മുല്ലപ്പൂവിന്റെ ഗന്ധം കാറ്റ് മുറിയിലാകെ പരത്തുകയാണ്. അതൊന്നും തന്നെ അവൾക്ക് ആശ്വാസം പകർന്നില്ല. മനസ്സുമുഴുവൻ പപ്പയുടെ മുഖമാണ്. വർഷങ്ങളായിരിക്കുന്നു നേരിൽ കണ്ടിട്ട്. വീഡിയോ കോളുകളിലൂടെയാണ് അവൾ ആ മുഖം കാണാറുണ്ടായിരുന്നത്. ഇപ്പോൾ വിട്ടീൽ നിന്നും കിലോമീറ്ററുകൾക്കുള്ളിൽ പപ്പ ഉണ്ടായിരുന്നിട്ടും തനിക്കൊന്നു നേരിൽ കാണാനാവുന്നില്ലല്ലോ എന്ന പേരിൽ അവൾ ഏറെ വ്യസനിച്ചു. ഇടതുതോളിൽ ഒരു കൈത്തലം അമർന്നപ്പോഴാണ് അവൾ സ്വബോധം തിരികെ നേടിയത്. ഊഹം തെറ്റിയില്ല, അമ്മ തന്നെ ലച്ചൂ, ആഹാ എണീറ്റിട്ട് ഇവിടെത്തന്നെ കുത്തിയിരിപ്പാ? എണീറ്റൊന്ന് നടക്കുകയെങ്കിലും ചെയ്യ് മോളേ", "ആ.., അമ്മേ ഞാൻ വെറുതെ..... അങ്ങനെ ഇരുന്നന്നേയുള്ളൂ"ശബ്ദമെപ്പോഴോ അറിയാതെ ഇടറിപ്പോയല്ലോയെന്നോർത്ത് അവൾ ഒന്നു പരുങ്ങി. ലച്ചൂ... നീ വല്ലാതെ.... രാവിലെ വിളിച്ചിരുന്നു" ടെൻഷനാവുന്നുണ്ടല്ലോ, നീ

കൂളായിരിക്ക്, പപ്പ ഇന്നു അമ്മയെ പറഞ്ഞു മുഴുമിപ്പിക്കാൻ സമ്മതിക്കാതെ അവൾ ചാടികയറി ചോദിച്ചു.

“പപ്പയ്ക്കെങ്ങനെയുണ്ടമ്മേ?” ആകാംക്ഷ അവളുടെ സ്വരത്തിൽ തളം കെട്ടി നിന്നിരുന്നു. ‘ഇപ്പൊ നല്ല മാറ്റമുണ്ടത്രേ... ഹോസ്പിറ്റലിൽ ഒന്നിനും ഒരു കുറവുമില്ലെന്ന്. ചെറിയ പനി അത്രേള്ളൂ ഇപ്പോ.. ഉച്ചയ്ക്ക് വിളിച്ച് നിന്നോട് സംസാരിക്കാന്ന് പറഞ്ഞു. “അമ്മേ , എനിക്ക് പപ്പയെ ഇപ്പൊ വിളിക്കണം. പ്ലീസ് അമ്മേ, പ്ലീസ് ...” കൊച്ചു കുട്ടിയെ പോലെ ആ പതിനഞ്ചുവയസ്സുകാരി അമ്മയെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു. ‘‘ഏയ്, ലച്ചു നീ വിചാരിക്കും പോലെയല്ല കാര്യങ്ങൾ ’’ആ, അതുതന്നെയാ ഞാനും പറഞ്ഞെ. അമ്മയൊക്കെകൂടി എന്നെയിട്ട് പറ്റിക്കുവാ. പേടിക്കാതിരിക്കാനെന്നും പറഞ്ഞ് ന്യൂസ് കാണിക്കില്ലല്ലോ എന്നെ. ഞാനെല്ലാം അറിഞ്ഞു. ലോകം മുഴുവൻ സ്തംഭിച്ചു നിൽക്കുവല്ലേ. കേരളത്തിൽ വരെ ഇന്നലെ കോവിഡ് ഡെത്ത് റിപ്പോർട്ടു ചെയ്തു. അതേ രോഗം തന്നെയല്ലേ എന്റെ പപ്പയ്ക്കും? ‘ഇതിനിടയ്ക്ക് എന്റെ പപ്പയ്ക്കെങ്ങനെയുണ്ടെന്ന് എനിക്കറിഞ്ഞേ പറ്റൂ’... അൽപം ദേഷ്യത്തോടെ ഉയർന്ന ലച്ചുവിന്റെ സ്വരം വീണ്ടും കരച്ചിലിനു വഴിമാറി. മകളുടെ ഭാവമാറ്റത്തിന് മുന്നിൽ ആദ്യമൊന്ന് പകച്ചുപോയെങ്കിലും ഒരു സ്കൂൾ ടീച്ചറായ അവളുടെ അമ്മ പിടിച്ചു നിന്നു. അച്ഛനെ മൊബൈലിലൂടെ മാത്രം കണ്ട്, താൻ ഒറ്റയക്ക് വളർത്തിയെടുത്ത കുഞ്ഞാണ് ഇപ്പൊ മുന്നിൽനിൽക്കുന്നത്. നെഞ്ചു മുഴുവൻ ആധിയായിട്ടും മകളെ അറിയിക്കാതിരിക്കാൻ നോക്കുകയാണിപ്പോൾ തന്നെപ്പോലെയല്ല, എന്തും അതേപടി വിശ്വസിച്ചു പോകുന്ന പ്രായമാണവൾക്ക് ‘ലച്ചൂ, നിന്റെ പപ്പ ഇറ്റലിയിൽ നിന്നുവന്നയുടനെ ടെസ്റ്റ് നടത്തിയില്ലേ.ടെസ്റ്റ് പോസിറ്റീവ് ആണെങ്കിൽ കൂടിയും ഇത്രയങ്ങ് പേടിക്കണ്ട. “ അമ്മേ, അമ്മയ്ക്കറിയില്ലേ, ഞാനെത്ര നാൾ കാത്തിരുന്നിട്ടാ പപ്പ നാട്ടിൽ വന്നതെന്ന്, ഇപ്പൊ... ഇങ്ങനെ... എനിക്കാകെ പേടിയാകുന്നു...” ‘‘നീ പേടിച്ചിട്ടെന്താ മോളെ കാര്യം? നമ്മൾ ഇതിനെയൊക്കെ ധൈര്യത്തോടെ നേരിട്ടേ പറ്റൂ... ലച്ചൂന്റെ അമ്മയല്ലേ പറയുന്നത്. വിഷമിക്കാതെ... ദാ, ഇപ്പോ വേറൊരാളെ വിളിക്ക്. ഞാൻ ഉച്ചയ്ക്ക് പപ്പയെ വിളിച്ചു തരാം.’’ “അമ്മേ, വാക്കു പറഞ്ഞാൽ വാക്കായിരിക്കണം പിന്നെ ഇപ്പൊ ആരെയാ വിളിക്കണ്ടെ?” “യുവർ ബെസറ്റ് ഫ്രെണ്ട് ഏയ്ഞ്ചൽ! അവളും രാവിലെ വിളിച്ചിരുന്നു. നീ തിരിച്ചുവിളിക്ക് ബി ഹാപ്പി കൊടുത്തിട്ട് മോളു ...” അവളുടെ കയ്യിൽ മെബൈൽ വെച്ചു അമ്മ തിരികെ അടുക്കളയിലേക്ക് നടന്നു.

രുചിയായിട്ടൊന്നും വെച്ചുണ്ടാക്കാൻ അവർക്ക് ഈയിടെയായി കഴിയുന്നില്ല. പേടി അവരെയും പിടികൂടിയിട്ടുണ്ട്. ഏയ്ഞ്ചലിനെ വിളിച്ചു. പതിവുത്സാഹമൊന്നും തന്നെ തോന്നിയില്ലെങ്കിലും കൂട്ടുകാരി അവൾക്ക് ഏറെ ആശ്വസവാക്കുകൾ കൈമാറി. മനസ്സറിഞ്ഞ് ചിരിക്കുവാൻ ഈ സന്ദർഭത്തിൽ ലച്ചുവിനാകില്ലെന്ന് അറിയാമെങ്കിലും കുറച്ചു തമാശകൾ തട്ടിവിട്ടു. മനസ്സിലെ അങ്കലാപ്പ് തുറന്നു പറഞ്ഞപ്പോൾ ലച്ചുവിനും ഒരാശ്വാസം. "ലച്ചൂ , നിന്റെ പപ്പ വേഗം സുഖമായി വീട്ടിലെത്തും. പേടിക്കാതെ പിന്നെ, നിന്റെ ഫേവറൈറ്റ് പാട്ട് ഞാൻ വയലിനിൽ വായിച്ചത് വാട്ട്സ് ആപ്പ് ചെയതിട്ടുണ്ട്. കേൾക്കണേ'...', "ആ കേൾക്കാം" വലിയ ഉത്സാഹമില്ലാതെ അവൾ പറഞ്ഞു. ഏയ്ഞ്ചൽ നല്ലൊരു വയലിനിസ്റ്റാണ്. കലോത്സവത്തിലെ താരം. ഏതു വേദനയിലും ആശ്വാസം പകരാൻ അവളുടെ വയലിനാകുമായിരുന്നു. പക്ഷെ ഈ സമയത്തോ?... അവൾ ചിന്തിച്ചു. അറിയില്ല, ഒന്നുമറിയില്ല.. അവൾക്ക്. അരമണിക്കൂറിലധികം നീണ്ടു ആ സംസാരം. ടെൻഷനടിക്കാതെ കുറെ നല്ല പടങ്ങൾ വരയ്ക്കാൻ ലച്ചുവിനോട് കൂട്ടുകാരി പറഞ്ഞു. അതായിരുന്നു അവളുടെപ്രധാന വിനോദം. പക്ഷെ ഇപ്പോൾ തന്റെ പെൻസിലും ഡ്രോയിംഗ് ബുക്കുമൊക്കെ എവിടെയെന്നുപോലും അവൾക്ക് ഓർമയില്ല. അമ്മ കാണാതെ ലച്ചു പിന്നെയും ഭീതിയോടെ കരഞ്ഞു. ഉറക്കം അനുഗ്രഹിക്കാത്ത രാത്രികളിൽ എന്തൊക്കെയോ പടങ്ങൾ വരച്ചു. ആ പെൻസിൽ വരകളെല്ലാം ചേർന്ന് അവളുടെ പപ്പയുടെ മുഖമായി. അതുനോക്കി വീണ്ടും കരഞ്ഞവൾ ഉറങ്ങി. ഇതായി പതിവ്. ഭയം കെട്ടിനിൽക്കുന്ന അന്തരിക്ഷം. അച്ചമ്മ പ്രാർത്ഥനാ മുറിയിൽ നിന്നു പുറത്തിറങ്ങുന്നത് വിരളം. അമ്മയ്ക്ക് വരുന്ന ഒത്തിരി ഫോൺ കോളുകൾ അവളെയും കൂട്ടുകാർ മുടങ്ങാതെ വിളിച്ചുകൊണ്ടിരുന്നു. ആ സമയമൊക്കെ അവൾ പതിയെ പുഞ്ചിരിച്ചു. ആശുപത്രിക്കിടക്കയിൽ കോവിഡ് ബാധിതനായി കിടക്കുന്ന പപ്പയുടെ സ്വരം കേൾക്കാനാണ് അവൾക്ക് ഏറെ കൊതിയുണ്ടായിരുന്നത്. പപ്പയെ വിളിച്ചും അവൾ സംസാരിച്ചു. പപ്പയുടെ സ്വരം അവൾക്ക് കൂടുതൽ ധൈര്യം നൽകി . ആശുപത്രിയിൽനിന്ന് അയാൾക്ക് ലഭിക്കുന്ന അതീവശ്രദ്ധയും പരിചരണവും അവിടത്തെ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടെയും അകമഴിഞ്ഞ പിന്തുണയുമൊക്കെ ആ പപ്പ മകൾക്കു മുന്നിൽ പങ്കുവെച്ചു. പിന്നെപ്പിന്നെ ലച്ചു തന്റെ പപ്പയ്ക്കൊപ്പമുള്ള രാവും പകലും പണിയെടുക്കുന്ന ആരോഗ്യപ്രവർത്തകരുടെ ചിത്രങ്ങൾ വരച്ചു.

ഭയത്തിൽ നിന്ന് വ്യതിചലിച്ച് ആത്മവിശ്വാസത്തോടെ അവൾ ജീവിതത്തെ നോക്കികണ്ടു. വീട്ടിലൊറ്റയ്ക്കിരിക്കേണ്ടിവരുമ്പോഴുള്ള അസ്വസ്ഥത സഹിച്ച് പുറത്തിറങ്ങാതെ, സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ലച്ചു വീട്ടിൽതന്നെയിരുന്നു. നാളുകൾ കടന്നുപോയി.... സ്കൂളും കൂട്ടുകാരും തമാശകളും പൊട്ടിച്ചിരികളുമില്ലാതിരുന്ന വിരസമായ നാളുകൾ. ലച്ചു ഇന്ന് ഉത്സാഹത്തിലാണ് ഇന്നവളുടെ പപ്പ ഐസൊലേഷൻ വാർഡിൽ നിന്നും വീട്ടിലേക്ക് വരുന്ന ദിവസമാണ്. ലോകമാകെ കൊറോണക്കെതിരെ യുദ്ധം വെട്ടുന്നു. ലച്ചു ജീവിക്കുന്ന ഈ കൊച്ചു കേരളവും. ലോകത്താകെ കോവിഡ് മരണസംഖ്യ ലക്ഷത്തിനു മുകളിലുയരുമ്പോഴും ലച്ചുവിന്റെ പപ്പയെ പോലെ ഒത്തിരിയൊത്തിരിയാളുകൾ സുഖം പ്രാപിക്കുന്നുണ്ടെന്ന വാർത്ത പ്രതീക്ഷയുടെ പൊൻതിരികൾക്ക് തീ കൊളുത്തുന്നു. ഭയത്തിന്റെ നാളുകൾക്കൊടുവിൽ ലച്ചുവിനി സന്തോഷത്തിന്റെ നാളുകൾ. പപ്പയെ കാത്ത് അവൾ വീട്ടുപടിക്കലിരുന്നു. താൻ വർഷങ്ങൾക്കു ശേഷം പപ്പയെ നേരിൽ കാണാൻ പോകുന്നെന്ന സന്തോഷത്താൽ ലച്ചു പുഞ്ചിരിച്ചു. പപ്പയുടെ ജീവൻ തിരികെ നൽകിയ ആരോഗ്യപ്രവർത്തകർക്കും സർക്കാരിനും കൊറോണയെ തുരത്താനായ് മുമ്പിൽ നിന്ന എല്ലാവർക്കും അവൾ മനസ്സുകൊണ്ട് ആദരവ് അർപ്പിച്ചു. അവളുടെ കണ്ണുകൾ തൊടിയിലെ കുറ്റിമുല്ലയിൽ ചെന്നെത്തി. അതിൽ അതാ രണ്ടാമത്തെ മുല്ലപ്പൂവ് വിരിഞ്ഞിരിക്കുന്നു. ലച്ചുവിന്റെ മനസ്സിലോടിയെത്തിയത് എന്തുകൊണ്ടോ നിപ്പാക്കാലമാണ്. ആശങ്കയ്ക്കും വേദനയ്ക്കുമൊടുവിൽ നാം പിടിച്ചു കെട്ടിയ നിപ്പ. ആ ദൗത്യത്തിൽ ജീവൻ നഷ്ടമായ നഴ്സ് ലിനി....ലച്ചുവിന്റെ മനസ്സിൽ പൂവുപോലെ പൂത്തുനിന്നു. ആ മുഖം ലച്ചുവിന്റെ മുല്ലച്ചെടിയിലെ മുല്ലപ്പൂവായി.... ആ ദൈവത്തിന്റെ മാലാഖ വിരിഞ്ഞിറങ്ങിയതായി അവൾക്കു തോന്നി. ഒരു തുള്ളി കണ്ണുനീർ അവളുടെ മിഴികളിൽനിന്നും ആ പൂവിൽ വീണു ചിതറി. മനസ്സുകൊണ്ട് അവൾ ഉറക്കെ, വളരെ ഉറക്കെ ലോകത്തോട് പറഞ്ഞു 'അതിജീവിക്കാം, ഒറ്റക്കെട്ടായി' അവളുടെവാക്കുകൾ കേട്ടെന്നതുപോലെ ആ 'മാലാഖമുല്ലപ്പൂ' ഇളം കാറ്റിൽ മെല്ലെയാടിക്കൊണ്ടിരുന്നു...

**അനുപമ മോഹൻ**
9 ബി
ഗവ എച്ച എസ് എസ് കലവൂർ
ചേർത്തല ഉപജില്ല, ആലപ്പുഴ

# നന്ദുവിന്റെ വിഷു

മുത്തശ്ശിയുടെ മടിയിൽ തല വെച്ച് കിടക്കുകയാണ് നന്ദു. ഒരായിരം ചോദ്യങ്ങൾക്കു മുത്തശ്ശി ഉത്തരം പറയുന്നുണ്ട്. അവൻ വീണ്ടും ചോദിച്ചു, 'മുത്തശീ എനിക്ക് എത്ര വയസ്സുള്ളപ്പോഴാണ് എന്റെ അച്ഛൻ വിദേശത്തേക്ക് പോയത്?'. 'നിനക്ക് വെറും ആറു വയസ്സ് '. 'ഇപ്പൊ എനിക്ക് 14 വയസ്സ് ആയില്ലേ?' 'അതിന് എന്താ നിന്റെ അച്ഛൻ നിന്നെ കാണാൻ അല്ലേ വരുന്നത്?'. പെട്ടെന്ന് അവൻ ചാടി എഴുന്നേറ്റു അടുക്കളയിലേക്കോടി. 'അമ്മേ...... അച്ഛൻ എന്നാ വരുന്നത്?'. 'അടുത്ത മാസം വിഷു അല്ലെ? ഈ വിഷുവിനു അച്ഛൻ നമ്മുടെ ഒപ്പം ഉണ്ടാകും'. നന്ദു സന്തോഷം കൊണ്ട് തുള്ളിച്ചാടി.അവനു അച്ഛൻ കൊണ്ടുവരുന്ന സമ്മാനപൊതികളായിരുന്നു മനസ്സുനിറയെ. എടീ സീമേ,.. ഇവനെന്തിനാ ഇങ്ങനെ തുള്ളി ചാടുന്നത്? മുത്തശ്ശിയുടെ ചോദ്യം. 'അത് അവനു കൊണ്ടുവരുന്ന സമ്മാനപ്പൊതി സ്വപ്നം കണ്ടു ചിരിക്കുന്നതാ'. സീമയുടെ മുഖത്തു പെട്ടെന്ന് ഒരു ദുഃഖം നിഴലിച്ചു. വീട്ടിലെ സാധനങ്ങൾ എല്ലാം തീർന്നു. ഈ മാസം കാശും വന്നിട്ടില്ല. വീട് പണിക്കു ബാങ്കിൽ നിന്നെടുത്ത തുക കുടിശ്ശികയാണ് . 'സാരമില്ല മോളെ അവൻ വരുന്നത് കൊണ്ടാകും കാശ് അയക്കാത്തത്. നോക്കുമ്പോൾ ഗൾഫ് കാരന്റെ വീടാ. കടവും കടത്തോട് കടവും. ഒരു ശമ്പളം കൊണ്ട് എത്ര പേർക്ക് വീതിക്കണം. ഇല്ലെന്നു പറഞ്ഞാൽ കൂടപ്പിറപ്പുകളുടെ പരാതി.സ്വന്തം സുഖം നോക്കാതെ ജീവിതസുഖം അറിയാതെ മറ്റുള്ളവർക്കു വേണ്ടി മണലാരണ്യത്തിൽ കിടന്നു കഷ്ടപ്പെടുന്നു!. തിരിച്ചു വരുമ്പോ സമ്പാദിച്ചതൊന്നുമില്ല!..' ഇത്രയും പറഞ്ഞു ശാരദാമ്മ തന്റെ മുറിയിലേക്ക് പോയി. ദിവസങ്ങൾ കടന്നു പോയി. ഏപ്രിൽ ഒന്നാം തീയതി നന്ദു രാവിലെ എഴുന്നേറ്റു ഊണുമേശയിൽ വന്നിരുന്നു. അമ്മേ ഇനി അച്ഛൻ വരാൻ വെറും പതിമൂന്നു ദിവസം. 'നീ കണക്കു കൂട്ടണ്ട. ടിവി വാർത്ത വല്ലതും കണ്ടോ?'. ' ഇല്ല . എന്താമ്മേ ?'. 'മോനെ വിദേശത്തു കൊറോണ എന്ന അസുഖം ആണ് . അതുകൊണ്ടു പ്ലെയിനിൽ വരവ് പാടാണെന്നാ അച്ഛൻ പറയുന്നേ. മരണം വരെ സംഭവിക്കാവുന്ന രോഗം'. അപ്പോഴാണ് അപ്പുറത്തെ രമണി, ചേച്ചീ എന്ന് വിളിച്ചുകൊണ്ടു അവിടേക്ക് . 'എന്താ രമണീ?'. 'മനു ഈയിടെ എങ്ങാനും വരുമോ?'. 'ഉം എന്താ?'. 'വന്നാൽ ഇന്നാട്ടിൽ ഉള്ളവർക്കൊക്കെ പ്രശ്നമാകും'. ഇരുത്തി ഒരു മൂളൂ മൂളി തിരിഞ്ഞു നടന്നു. 'നീ ഒന്ന് നിന്നേ', പിന്നിൽ നിന്നും ഒരു വിളി. തുറിച്ച കണ്ണുകളുമായി മുത്തശ്ശി. 'പണ്ട് എന്റെ മകൻ ഗൾഫിൽ നിന്നും വരുമ്പോൾ അവൻ കൊണ്ടുവരുന്നതെല്ലാം നീ ആണ് കൊണ്ടുപോയിരുന്നത്. നീ ഇവിടത്തെയല്ല എങ്കിലും നിന്റെ മക്കളെ വളർത്താൻ എന്റെ മോൻ ഒത്തിരി കാശ് അയച്ചു തന്നിട്ടില്ലേ? അപ്പോഴൊന്നും ഈ പുച്ഛം നിന്റെ മുഖത്തു കണ്ടിട്ടില്ലല്ലോ? അവനു ഒന്നും വരരുതേ എന്ന പ്രാർത്ഥന ആണ് വേണ്ടത്'. പറഞ്ഞു തീർന്നതും ആ അമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീർ ധാര ധാരയായി ഒഴുകി. അകത്തു ഫോൺ

ബെൽ അടിച്ചു. സീമ ഫോൺ എടുത്തു. ഹലോ .. പിന്നെ ഒരു വാക്കും പുറത്തേക്കു വന്നില്ല. അച്ഛനാകും, നന്ദുവും മുത്തശ്ശിയും ഫോണിന് ചുറ്റും കൂടി. ആരാ .. ചോദിച്ചതും പൊട്ടിക്കരഞ്ഞു സീമ. 'അച്ഛനാ.. എയർ പോർട്ടിൽ എത്തിയിട്ടുണ്ട് . പക്ഷെ നമ്മുടെ വീട്ടിലേക്കില്ല. ഇന്നുമുതൽ നമ്മുടെ നാട്ടിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. അച്ഛനെ കുറെ നാളത്തേക്ക് വീട്ടിലേക്കു വിടില്ല.നമ്മളും പുറത്തിറങ്ങാൻ പാടില്ല. മാസ്കും കയ്യുറയും ധരിക്കണം എന്നൊക്കെ പറയുന്നു'. അവൻ ഓടിച്ചെന്നു ടിവി വാർത്തകണ്ടു. അവൻ പേടിച്ചു വിറച്ചു. വിദേശത്തുനിന്നു വരുന്നവരെയെല്ലാം വണ്ടിയിൽ കയറ്റി കൊണ്ടുപോകുന്നു. അവരിലെല്ലാം അവൻ അവന്റെ അച്ഛനെ കണ്ടു. എനിക്ക് ഒരു സമ്മാനവും വേണ്ടാ .. നാളെ എന്റെ അച്ഛൻ എന്റൊപ്പം ഉണ്ടായാൽ മതിയായിരുന്നു . കാത്തിരുന്ന വിഷുവാണ്. കണിയില്ല കണിക്കൊന്നയുമില്ല പടക്കങ്ങളുമില്ല. വർഷങ്ങളായി കാത്തിരുന്ന തന്റെ സമ്മാനപൊതിയോ വിഷു കൈനീട്ടാമോ ഇല്ല. ചുറ്റുവട്ടത്തുള്ള എല്ലാ വീടുകളിലും കുറെശ്ശേ പടക്കം പൊട്ടിക്കുന്നു. ലോക്ക്ഡൌൺ ആണെങ്കിലും തെറ്റില്ലാത്ത രീതിയിൽ ആഘോഷിക്കുന്നു. നന്ദുവിന്റെ വീട്ടിൽ ആകെ നിശബ്ദത. മുത്തശ്ശിയുടെയോ അമ്മയുടേയോ അനക്കമില്ല. കൃഷ്ണന്റെ വിഗ്രഹത്തെ നോക്കി നന്ദു പൊട്ടിക്കരഞ്ഞു. 'കൃഷ്ണാ എന്റെ അച്ഛനൊന്നും വരുത്തരുതേ. ഈ കൊറോണ എന്ന മഹാ രോഗത്തിൽ നിന്നും ഞങ്ങളെ കാത്തോളണേ!'... വിളക്കിൽ നന്ദു ഒരു തിരി കൊളുത്തി വച്ച് മുത്തശ്ശി ചൊല്ലുന്ന കീർത്തനത്തിന്റെ നാല് വരി ഉരുവിട്ടു. ഇന്നുവരെ നന്ദു നാമം ചൊല്ലി ആരും കേട്ടിട്ടില്ല. അന്ന് മനസ്സറിഞ്ഞു അവൻ ഭഗവാനെ വിളിച്ചു. നേരം വെളുത്തിട്ടു ഒരു തുള്ളി വെള്ളം പോലും ആരും കുടിച്ചിട്ടില്ല. അപ്പോഴേക്കും അകത്തു ഫോൺ ബെല്ലടിച്ചു.ഓടിച്ചെന്നു ഫോൺ എടുത്തതും ഒരു വിളി 'നന്ദുമോനെ.... അവന്റെ അച്ഛന്റെ ശബ്ദം. 'അച്ചാ.... 'മോൻ വിഷമിക്കരുത് കുറച്ചു ദിവസം കഴിയുമ്പോൾ അച്ഛൻ വീട്ടിലെത്തും. നീ വിഷമിക്കേണ്ട അച്ഛനൊരു കുഴപ്പവുമില്ല'. അമ്മ കരഞ്ഞെന്നോ ഒന്നും കഴിച്ചില്ലെന്നോ നന്ദു മിണ്ടിയില്ല. 'ഇപ്പൊ അച്ഛന്റെ നാട്ടിലുള്ള ഒരു സുഹൃത്ത് അവിടെ വരും '. പറഞ്ഞതും ഫോൺ കട്ടായി. കോളിംഗ് ബെൽ കേട്ട് നന്ദു കതകു തുറന്നതും ഒരു കയ്യിൽ ഭക്ഷണപ്പൊതിയും മറുകയ്യിൽ സമ്മാനപൊതിയും. അവൻ ഉറക്കെ വിളിച്ചു .. മുത്തശ്ശിക്കും അമ്മയ്ക്കും ഒന്നുകൂടി സങ്കടമായി. ഈ അവസ്ഥയിലും അച്ഛൻ ഞങ്ങളെപ്പറ്റി ചിന്തിച്ചു. അതായിരുന്നു നന്ദുവിന്റെ വിഷു. 'ഇനി അച്ഛൻ വീട്ടിൽ വന്നിട്ടുവേണം ഈ പൊതിയഴിക്കാൻ' നന്ദു പ്രതീക്ഷയോടെ കാത്തിരിക്കുന്നു......

**വിഷ്ണുപ്രിയ എച്ച്**
9 എ
ഗവ എച്ച് എസ് എസ്, ചേർത്തല സൗത്ത്
ചേർത്തല ഉപജില്ല, ആലപ്പുഴ

# ആരോഗ്യമാണ് സമ്പത്ത്

ഇല്ലിക്കാട്ടിലെ വില്ലേജ് ഓഫീസിലേക്ക് സ്ഥലം മാററം കിട്ടി വന്നതാണ് കിട്ടനുറുമ്പ്. വളരെ കഷ്ടപ്പെട്ടിട്ടാണ് അവിടെ ഒരു വീട് കിട്ടനുറുമ്പിനു തരപ്പെട്ടത്. വലിയ മുറ്റമൊക്കെയുള്ള ഒരു കൊച്ചുവീട്. കിട്ടന്റെ അയൽക്കാരനായിരുന്നു കിച്ചു അണ്ണാൻ. കിച്ചു ഒരു കൃഷിക്കാരനാണ്. അവന്റെ പറമ്പുനിറയെ പലതരം പച്ചക്കറികളുണ്ട്. അവർ വളരെ പെട്ടെന്നു തന്നെ ചങ്ങാതിമാരായി. കിച്ചു കിട്ടനോട് എന്നും പറയും, നിനക്ക് ആവശ്യമുള്ള പച്ചക്കറികൾ എന്റെ പറമ്പിൽ നിന്നും എടുത്തോളൂ എന്ന്. ദിവസവും പച്ചക്കറികൾ കഴിച്ചാലേ ആരോഗ്യമുണ്ടാകൂ എന്ന് കിച്ചു കിട്ടനെ ഉപദേശിയ്ക്കും. എന്നാൽ കിട്ടാനാകട്ടെ ഇതൊന്നും കേട്ടഭാവം കാണിയ്ക്കാറില്ല. ബേക്കറിപലഹാരങ്ങൾ ആയിരുന്നു കിട്ടനിഷ്ടം. പക്ഷേ വില്ലേജ് ഓഫീസിൽ വരുന്നവർക്കൊക്കെ കിട്ടൻ പച്ചക്കറിവിത്തുകൾ കൊടുക്കുകയും സർക്കാരിന്റെ ജീവനം പദ്ധതിയെകുറിച്ച് വലിയ വായിൽ ഉപദേശിയ്ക്കുകയും ചെയ്യും.

ഒരു ദിവസം പതിവുപോലെ കിട്ടൻ ഓഫീസിലിരുന്ന് ജോലിചെയ്യുകയായിരുന്നു. അന്ന് വളരെ തിരക്കുള്ള ദിവസമായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ പ്ധും........ എന്തോ താഴെവീഴുന്നതുപോലെ ഒരു ശബ്ദം കേട്ട് അപ്പുറത്തെ സീറ്റിലിരുന്ന ചക്കി ഈച്ച നോക്കിയപ്പോൾ അതാ കിട്ടനുറുമ്പ് താഴെ ബോധംകെട്ടു കിടക്കുന്നു. വെട്ടിയിട്ട വാഴപോലെ. എല്ലാവരും പേടിച്ചുപോയി. ഈ കൊറോണകാലമല്ലേ ... ഈശ്വരാ... കിട്ടനും കൊറോണ പിടിച്ചോ? നെഞ്ചത്ത് കൈവെച്ചുകൊണ്ടു വില്ലേജ് ഓഫീസറായ മധു വണ്ട് പറഞ്ഞു. എല്ലാവരും കിട്ടനെ തൊടാതെ ദൂരേക്ക് മാറിനിന്നു. അങ്ങനെയാണല്ലോ സർക്കാർ പറഞ്ഞിരിയ്ക്കുന്നത്. കൂട്ടത്തിൽ ഉണ്ടായിരുന്ന പിങ്കിപ്പൂമ്പാറ്റ സർക്കാരിന്റെ ദിശാ നമ്പറിലേക്ക് വിളിച്ചു. ഉടനെ തന്നെ ആംബുലൻസ് എത്തി. കിട്ടനെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഐസൊലേഷൻ വാർഡിലാണ് കിടത്തിയത്. കൊറോണ സംശയിയ്ക്കുന്നവരെ അവിടെയാണ് കിടത്തേണ്ടത്. ആരെയും കാണാതെ കിട്ടൻ വളരെ വിഷമിച്ചു. ഓലേഞ്ഞാലി ഡോക്ടർ കൊറോണയ്ക്കുള്ള പരിശോധന നടത്തി.കൂടെ

രക്തവും എടുത്തു. അവിടുത്തെ ചിഞ്ചുത്തുമ്പി സിസ്റ്റർ അവനോടു വളരെ സ്നേഹത്തോടെയാണ് പെരുമാറിയത്. രണ്ടു ദിവസത്തിനു ശേഷം റിസൾട്ട് വന്നു. അവനു കൊറോണയില്ല എന്ന് ഡോക്ടർ പറഞ്ഞപ്പോഴാണ് ആശ്വാസമായത്. പക്ഷെ അതിനേക്കാൾ വലിയ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. കാരണം നിനക്ക് രോഗപ്രതിരോധശേഷി തീരെയില്ല. ശരീരത്തിൽ രക്തവും കുറവാണ്. ഓലേഞ്ഞാലി ഡോക്ടർ അവനോടു പറഞ്ഞു. അപ്പോഴേക്കും കിട്ടന്റെ അച്ഛനമ്മമാർ എത്തി. ഡോക്ടർ അവരോടും കൂടി പറഞ്ഞു. 'പഴങ്ങളും പച്ചക്കറികളും എല്ലാം ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. എങ്കിലേ നമുക്ക് നല്ല ആരോഗ്യം ഉണ്ടാകു. ആരോഗ്യമുണ്ടെങ്കിലേ കൊറോണ പോലുള്ള അസുഖങ്ങളെ ചെറുക്കാൻ കഴിയൂ.' പോകാൻ നേരം ഓലേഞ്ഞാലി ഡോക്ടർ കിട്ടനു ഒരു ഇല മാസ്കും കൊടുത്തു. കോറോണക്കാലമല്ലേ ഇത് വച്ച് പുറത്തിറങ്ങിയാൽ മതി. ഇടയ്ക്കിടെ കയ്യും കഴുകണം. ഡോക്ടർ കിട്ടനോട് പറഞ്ഞു. ഡോക്ടർക്ക് നന്ദിപറഞ്ഞു കിട്ടൻ വീട്ടിലേയ്ക്കു മടങ്ങി. പോകുന്ന വഴി കിട്ടൻ ഓർത്തു.തന്റെ അലസതയും ഭക്ഷണശീലവുമെല്ലാം മാറ്റണം. ആരോഗ്യമുള്ള ശരീരമാണ് സമ്പത്ത്. ഭയമല്ല ജാഗ്രതയാണ് വേണ്ടത്.

**നിവേദ്യ എ എൽ**
5 ബി
ഗവ ഠൗൺ യു പി എസ്സ് കിളിമാനൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# ആ പുഴ, അതങ്ങനെ ഒഴുകട്ടെ...

ഞാൻ റോഡിലൂടെ നടക്കാനിറങ്ങിയതായിരുന്നു. കൂടെ സഹായി ശിവരാമനും.

അയാൾ പറഞ്ഞു: 'ഇന്നത്തെ മീറ്റിങ്ങിൽ പുതിയ എന്തു പദ്ധതിയാ സാറ് പറയുന്നത്...?'

'ഒന്നും തീരുമാനിച്ചില്ല. സമൂഹത്തിന് ഉപകാരപ്രദമായ പുതുമയുള്ള ഒരു പദ്ധതിയാണ് വേണ്ടത്.' ഞാൻ കൈ വീശി നടന്നു.

വല്ലാത്ത ദുർഗന്ധം മൂക്കിലേക്ക് തുളച്ചുകയറുന്നു. എന്നും ഉള്ളതു തന്നെ. എന്നാൽ ഇന്നത് വല്ലാതെ അസഹനീയമായിരിക്കുന്നു. റോഡിന് ഇരുവശത്തേക്കും നോക്കി. മാലിന്യക്കൂമ്പാരങ്ങൾ. അതിരാവിലെ തന്നെ കാക്കകളും തെരുവുനായകളും കൂട്ടത്തോടെ എത്തിക്കഴിഞ്ഞു. മാലിന്യങ്ങൾക്കിടയിൽ നിന്നും മാംസാവശിഷ്ടങ്ങൾ വലിച്ചെടുത്ത് ആർത്തിയോടെ ഭക്ഷിക്കുന്നു.

'എന്തു കഷ്ടമാടോ ശിവരാമാ ഇത്? എവിടെ നോക്കിയാലും മാലിന്യം മാത്രം. ഇങ്ങനെ എത്രകാലം നമ്മുടെ നാടിന് മുന്നോട്ടുപോകാൻ കഴിയും.'

'എന്റെ സാറേ, ഇതൊക്കെ എന്ത്? തൊട്ടടുത്ത ഗ്രാമത്തിലൊരു പുഴയുണ്ട്. സാറതൊന്നു കാണണം. ഇതിന്റെ എത്രയോ മടങ്ങ് മാലിന്യം അവിടെയുണ്ട്. ഇതൊന്നും വലിയ വിഷയമാക്കണ്ട സാറേ.'

ശിവരാമന്റെ വാക്കുകൾ എന്റെ ഹൃദയത്തിൽ കുത്തിയിറങ്ങിയ സൂചിയായി മാറി.

ആ പുഴ... അറിയാതെ ഞാനെന്റെ കുട്ടിക്കാലത്തെ ഓർമ്മകളിലേക്കു വീണു.

ആദ്യമൊക്കെ അച്ഛൻ പറഞ്ഞ അറിവു മാത്രമായിരുന്നു പുഴ. വാശിപിടിച്ച് ഒരുനാൾ അച്ഛനോടൊപ്പം ഞാൻ പുഴയിലെത്തി. എന്റെ പാദം ആ തണുത്ത ജലോപരിതലത്തെ സ്പർശിച്ചപ്പോൾ കല്ലോലങ്ങൾ എന്നെ തലോടി. പിന്നീടെന്നും കൂട്ടുകാരോടൊപ്പം ഞാൻ ആ പുഴയിൽ കുളിക്കുമായിരുന്നു. നീന്തി രസിക്കുമായിരുന്നു. സന്തോഷവും സങ്കടവും ഞാനാ പുഴയുമായി പങ്കിടുമായിരുന്നു. ഞാൻ ഉല്ലസിച്ച് നീരാടിയ പുഴ...ഞാൻ കാലിട്ടടിച്ച് ചാഞ്ചാടിയ പുഴ. ഇന്ന് മാലിന്യവാഹിനിയായി മാറിയിരിക്കുന്നു.

ഒരിക്കൽക്കൂടി എനിക്കാ കുളിർതണ്ണീരിൽ നീരാടാനാകുമോ... ഒരിക്കൽക്കൂടി എനിക്കാ പുഴയുടെ ആത്മസൗന്ദര്യം ആസ്വദിക്കാനാകുമോ...?

'മീറ്റിങ്ങിനു പോകാൻ റെഡിയാകുന്നില്ലേ സാറേ?' ശിവരാമൻ ഓർമ്മപ്പെടുത്തി.

ഞാൻ മീറ്റിങ് സ്ഥലത്തെത്തി. എന്താണ് ഞാൻ പറയുന്നതെന്നറിയാൻ എല്ലാവർക്കും തിടുക്കമായി.

ഞാൻ ആരംഭിച്ചു:

'ഇന്ന് രാവിലെ ഞാൻ നടക്കാനിറങ്ങിയപ്പോൾ...' രാവിലത്തെ കാര്യങ്ങൾ ഞാനവരോട് വിശദീകരിച്ചു.

'അതുകൊണ്ട് ഞാൻ പുതിയൊരു പദ്ധതി ആവിഷ്ക്കരിക്കുകയാണ്. ഈ നഗരത്തിലെ കുറച്ചു പ്രദേശങ്ങളും അടുത്ത ഗ്രാമവും നമുക്കു ശുചിയാക്കാം. മാലിന്യങ്ങൾ മാറ്റി പൂർണ്ണശുചീകരണം നടത്തണം. അതിനായി നിങ്ങളെ വ്യത്യസ്ത ഗ്രൂപ്പുകളായി തിരിച്ച് ചുമതല തരുന്നു.'

'എനിക്ക് പറ്റില്ല...' പെട്ടെന്നാണ് ജോസഫിന്റെ ശബ്ദമുയർന്നത്.

'അതെന്താ...?' ഞാൻ അയാളെ നോക്കി.

'എനിക്കു പറ്റില്ല. മാലിന്യം കോരാനും വൃത്തിയാക്കാനും.'

'നിങ്ങൾ ചെയ്യണ്ട. മേൽനോട്ടം വഹിച്ചാൽ മതി. ആവശ്യത്തിനു തൊഴിലാളികളെ തരാം.' ഞാൻ വ്യക്തമാക്കാൻ ശ്രമിച്ചു.

'എന്തായാലും എനിക്കു പറ്റില്ല. ഇവരാരെങ്കിലും തയ്യാറാണെങ്കിൽ കൂട്ടിക്കോ.'

ഞാൻ മറ്റുള്ളവരെ നോക്കി. എല്ലാവരും തല കുനിച്ചിരിക്കുകയാണ്. ജോസഫിനെ ശരി വച്ചതുപോലെ.

'ശരി...വേണ്ട. ഞാനതുപേക്ഷിച്ചു.'

'എന്റെ സാറേ, ആ ജോസഫിന് ഒരെല്ല് കൂടുതലാ. അയാളെയങ്ങ് പിരിച്ചുവിട്ടാലോ...?' വൈകുന്നേരം വീട്ടിലേക്കു പോകുമ്പോൾ ശിവരാമൻ അരിശപ്പെട്ടു.

'ഓ...അതൊന്നും പറ്റില്ല. എതിരഭിപ്രായം പറയുന്ന എല്ലാവരെയും പിരിച്ചുവിടാൻ പറ്റുമോ.'

നാളുകൾ കഴിഞ്ഞു.

പതിവു പ്രഭാതനടത്തത്തിനിടയിൽ ഞാനാ കാഴ്ച കണ്ടു. മാലിന്യക്കൂമ്പാരങ്ങൾക്കടുത്ത് ഒരാൾ അവശനായി കിടക്കുന്നു. ഞാൻ അയാളുടെ അടുത്തേക്ക് നടന്നു. എന്നാൽ പെട്ടെന്ന് ശിവരാമൻ എന്നെ പിന്നിലേക്ക് വലിച്ചു.

'സാറേ...ഇവിടെയൊക്കെ ഒരു ശ്രുതി പടരുന്നുണ്ട്. ആർക്കൊക്കെയോ പ്ലേഗ് വന്നതായി ഒരു സംശയം.'

ശിവരാമൻ പറഞ്ഞത് ശരിയായിരുന്നു. നഗരത്തിൽ പ്ലേഗ് സ്ഥിരീകരിച്ചു.

അനുദിനം രോഗികളുടെ എണ്ണം കൂടിവന്നു. കറുത്തമരണം പടർന്നുപിടിച്ചു. നാട്ടിൽ കർഫ്യൂ പ്രഖ്യാപിച്ചു.

പ്രാതൽ ഭൂമിയിൽ വച്ചും അത്താഴം പരലോകത്തുമായ് രോഗബാധിതരുടെ വിധി എഴുതപ്പെട്ടു. ശുശ്രൂഷിക്കാനാളില്ലാതെ നിരവധിപേർ മരണപ്പെട്ടു. ശുചിയില്ലാത്ത നാടുകൾ പ്ലേഗ് കീഴടങ്ങി.

ഭീതിയോടെ കഴിഞ്ഞ ആ നാളുകളിലൊന്നിൽ ജോസഫ് എന്നെ വിളിച്ചു.

'എന്നോടു ക്ഷമിക്കണം സർ. ഞാൻ കാരണം സാറിന്റെ പദ്ധതികൾ ഉപേക്ഷിക്കേണ്ടി വന്നു. സർ പറഞ്ഞത് ശരിയാണ്. ഇവിടെ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നതാണ് രോഗവ്യാപനത്തിനു കാരണം. സർ...എന്റെ മകൾക്കും പ്ലേഗ് സ്ഥിരീകരിച്ചു. എങ്ങനെയെങ്കിലും, ജീവൻ വെടിഞ്ഞായാലും ഇവിടം ശുചിയാക്കി രോഗം നിയന്ത്രിക്കാൻ നാം മുന്നിട്ടിറങ്ങണം.'

വിവരമറിഞ്ഞ മറ്റുള്ളവരും അത് ശരിവച്ചു. ഉയർന്ന ഉദ്യോഗസ്ഥരടക്കമുള്ളവർ തെരുവിലിറങ്ങി നാട് വൃത്തിയാക്കി. അതുകണ്ട സാധാരണക്കാരും എന്തിനും തയ്യാറായി വന്നു. ഓരോ പ്രദേശവും വളരെയേറെ ശുചിയായി. മണ്ണും പുഴയും കുളങ്ങളും വൃത്തിയായി. ഒരു മാസത്തിനുള്ളിൽ രോഗബാധിതർ ഒരക്കസംഖ്യയിലേക്കു ചുരുങ്ങി. ശരിയായ ചികിത്സ ജീവൻ രക്ഷിച്ചു. ശരിയായ ശുചീകരണം രോഗവ്യാപനം നിയന്ത്രിച്ചു. നാട് ശാന്തമായി.

ഞാനെന്റെ പുഴയെ ലക്ഷ്യമാക്കി നടക്കുകയാണ്. ഇടവഴിയിലൂടെ നഗ്നപാദങ്ങൾ മണ്ണിലൂന്നി ആ പുഴവക്കിലേക്ക്.

ഇതാ ആ നിമിഷം! എന്റെ മുന്നിൽ പുഞ്ചിരി തൂകി ഒഴുകുന്ന പുഴ. ഒരു പൂങ്കാറ്റ് കടന്നുപോയി. വാകമരത്തിലെ സിന്ദൂരപ്പൂക്കൾ എനിക്കുമേൽ വർഷമായിപ്പതിച്ചു. അവ ചിതറി പുഴയിലേക്കുവീണ് കുഞ്ഞോളങ്ങളിലൂയലാടി. സിന്ദൂരപ്പൂക്കളെയും വഹിച്ച് ആ പുഴ ഒഴുകുന്നു.

ആ പുഴ, അതങ്ങനെ ഒഴുകട്ടെ...

**ശബരി സാബു**
8 എ
ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഭൂതക്കുളം
ചാത്തന്നൂർ ഉപജില്ല, കൊല്ലം

# I AM CORONA

Hi I am corona living in the stomach of a pig in the dense forest of china.I have been bored in the stomach of this pig. Then one day a hunter came to the forest and killed the pig that I was inside and then they took it to the Wuhan market. The pig was chopped. When the butcher put the hand on me, I thought that my life is going to an end. But luckily he put his hand in his eyes and now I got a new life in new domicile. First I conquered his life and I am thrilled. I conquered the life of Wuhan first, then I conquered China and travelled to Italy, USA, Spain, India all over the world. I am also bound to the cosmic rule. Now my mission is to Africa's dense forest to live in the stomach of some other animal, waiting for another mission.

**ഖദീജ പി എച്ച്**
10 എ
ഗവ ഹൈസ്കൂൾ, അരൂർ.
തുറവൂർ ഉപജില്ല, ആലപ്പുഴ

# വീണ്ടും ഒരു അവധിക്കാലം

ചിന്നുമുയലും അമ്മിണിയാടും അമ്മുക്കുട്ടിയും കൂട്ടുകാരാണ്. അവധിക്കാലം വന്നാൽ അവർക്ക് ഉത്സവമാണ് .പാടത്ത് ഓടിക്കളിക്കാനും പട്ടംപറത്താനും അമ്മുക്കുട്ടിക്ക് ഇഷ്ടമാണ്. ചിന്നുമുയലും അമ്മിണിയാടും അവളുടെകൂടെക്കൂടും. അവർ പുല്ല്തിന്നുമ്പോൾ അമ്മുക്കുട്ടി കളിക്കും. അങ്ങനെ വീണ്ടും അവധിക്കാലം എത്തി. അവർക്ക് സന്തോഷമായി.നാളെമുതൽ കളിക്കാമല്ലോ. അമ്മിണിയാടും ചിന്നുമുയലും പറഞ്ഞു. അപ്പോൾ അമ്മുക്കുട്ടി ചോദിച്ചു, നിങ്ങൾ ഒന്നും അറിഞ്ഞില്ലേ നമ്മൾക്ക് കളിക്കാൻ പറ്റില്ല. അതെന്താമ്മൂ? നമ്മുടെ നാട്ടിൽ കൊറോണ എന്നപേരുള്ള ഒരു വൈറസ് ഇറങ്ങി. ഇനി നമ്മൾ വീടിനുള്ളിൽത്തന്നെ കളിക്കണം. അപ്പോൾ ചിന്നു ചോദിച്ചു എന്തൊക്കെ കളികളാണ് കളിക്കേണ്ടത്? കാരംസ് കളി, ചെസ് കളി ,ഒളിച്ചിരിക്കാം, പടംവര... ഈ അവധിക്കാലം ഇങ്ങനെ പോകട്ടെ. വീണ്ടും അവധിക്കാലം വരും. ശരി അമ്മൂ... അവർ സന്തോഷത്തോടെ വീടിനുള്ളിലേക്ക് പോയി.

**അനാമിക ആർ**
1 സി
ഗവ ഹൈസ്കൂൾ, മണ്ണഞ്ചേരി
ചേർത്തല ഉപജില്ല, ആലപ്പുഴ

# RAIN DISASTER

Once upon a time a farmer and his family lived in a town. They were the poorest in the town. Every year a big festival was held in the town. Every single family in the town was invited to the festival and they enjoyed a lot... But the farmer and his family never went to the party. The people of the town never cared to invite the farmer and his family to the party...

Thus the farmer and his family was always very sad. After a long time of dissatisfaction they migrated to a nearby forest... But there they had no food no money... Then they made a plan to cultivate the fields... But they were hit by a bad harvest... they prayed to god every day... Days and months passed... But they never loose their hope...

Finally all of a sudden it rained... all of them danced together happily, and the family thanked god with love...

But their good days did not last long, drops gave way to bigger drops  and wind began to blow. The farmer and his family got scared. They cried loud. They got blessed with rain... But the very same rain turned out to a curse...

**എമിൽ മറിയ ബിനു**
5 ബി
ഗവ. എച്ച് എസ് എസ് പെരിക്കല്ലൂർ
സ!ുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# ഒരു കൊറോണക്കാല വീട്

പകൽ, സോറി അങ്ങനൊരു സമയം ഇപ്പോൾ കണ്ടിട്ട് കുറച്ചു നാളായി. എന്താന്നു അറിയില്ല, എണീറ്റു വരുമ്പോ സൂര്യൻ ആകെ കലിപ്പ് ചൂടിൽ ആയിരിക്കും. അമ്മയുടെ മുഖത്തും സൂര്യന്റെ ആ ചൂട് കാണാം. ഒരാഴ്ച അങ്ങനെ കടന്നു പോയി. ചിന്തിച്ചപ്പൊ ഒന്നിനും കൊള്ളാതെ ഇങ്ങനെ കിടന്നുറങ്ങുന്നതിൽ ഒരു അർത്ഥവും ഇല്ലെന്ന് സ്വയം തിരിച്ചറിഞ്ഞ ഞാൻ, തനതായ എന്തെങ്കിലും ഒക്കെ ചെയ്ത് ഗുഡ്‌ലിസ്റ്റിൽ പേര് വരുത്താൻ തന്നെ തീരുമാനിച്ചു.

ഉള്ളി തോരനും മുട്ട പൊരിച്ചതും ഉണ്ടാക്കി പരീക്ഷിച്ചു കഴിഞ്ഞ ഞാൻ പുതിയ വഴി ആലോചിച്ചു തല പുകച്ചു. പടം വര വല്യ കുഴപ്പങ്ങൾ ഉണ്ടാക്കാതെ പോവുന്നുണ്ട്. പക്ഷേ പോര. ഒരു കവിത എഴുതി ചിന്ത വളർത്താനുള്ള ശ്രമം വിഫലമായില്ല.

മുറ്റത്തെ ചെടികളുടെ പേരെങ്കിലും അറിയുമോ എന്ന അമ്മയുടെ ചോദ്യം ചെവിയിൽ ഇപ്പോഴും ഉണ്ട്. പല വിധം ചെടികളുടെ പേരും ഉപയോഗവും പഠിക്കാൻ അമ്മ സഹായിച്ചു. ഇത്രയും സുന്ദരം ആണല്ലേ നമ്മുടെ തൊടി എന്ന് മനസ്സിലായത് അപ്പോഴാണ്. മുയൽചെവിയൻ പൂവ് ഊതി പറപ്പിക്കാൻ നല്ല രസമാണ്. മഞ്ചാടി കുരു പെറുക്കി കൂട്ടി വച്ചിട്ടുണ്ട്. ഈർക്കിൽ കൊണ്ട് കളിക്കാം.. ഒന്നിൽ തൊടാതെ ഈർക്കിൽ പെറുക്കി എടുക്കുന്ന കളി. ഓല കൊണ്ട് എത്ര എത്ര ഭംഗിയുള്ള കാര്യങ്ങൾ ഉണ്ടാക്കാം എന്നോ....

പ്ലാവില വച്ച് തോരനും, ചക്ക കുരു കൊണ്ട് ചമ്മന്തി ഉണ്ടാക്കാനും നല്ലതാ... അതൊക്കെ പോട്ടെ. ഞാൻ പറയാൻ വന്നത് എന്താന്നു വച്ചാൽ, ഏതു എന്ത് ലോക് ഡൗൺ വന്നാലും നമ്മുടെ കേരളം അതി ജീവിക്കും. അതിനുള്ള ധൈര്യം നമുക്കുണ്ട്. നമുക്ക് നമ്മുടെ നൻമകൾ തിരിച്ചറിഞ്ഞു ജീവിക്കാൻ പറ്റട്ടെ. ലോകം കേരളത്തെ മാതൃകയാക്കുന്ന കാലം വരും, വരാതെ ഇരിക്കാൻ ആവില്ല.

ഇപ്പൊ എനിക്ക് നേരത്തെ എണീറ്റു ചെയ്യാൻ ഒരുപാട് കാര്യങ്ങൾ ഉണ്ട്. കണ്ടു ഉറങ്ങി തീർക്കാൻ ഉള്ളതല്ല സ്വപ്നങ്ങൾ.സാക്ഷാത് കരിക്കാനുള്ളതാണ്...

**ദേവി**
9 ബി
ഗവ. എച്ച്.എസ്.എസ്. ഇടപ്പള്ളി
എറണാകുളം ഉപജില്ല, എറണാകുളം

# A CALL FROM AMERICA

March 18

*call farm papa(Benny)*

Benny: hello

David : hello papa

Benny: how are you my son?

David : I am fine papa

Benny: where is mummy?

David : she is here

Benny : where is Catherine?

David : she is here, is your business going good?

Benny: yes my son

David : I have a dream

Benny: what is It?

David : we are going to Goa on a tour

Benny: ok

David : Hampi?

Benny: yes

David : thank you papa

Benny: I will be there on 25th March for Easter

David : ok papa

"Mummy mummy papa is coming!" "Catherine Catherine papa is coming"!

David : Mummy I need Biryani for the Easter

Catherine: No Mummy I need fried rice.

David: Biriyani

Catherine: fried rice

David: finally biryani

Mummy: ok

March 20

*Call from papa*

Benny: hello

David: hi papa

Benny: I have a sad news

David: what is papa?

Benny: Did you see the news. Now Kerala is fully lock down. All flights have been cancelled.

David: so you will not come?

Benny: No my son

David: Oh my God it's not possible. You must come.

Benny: please understand me

David: Ok papa

Benny: Next Easter I will come. we can have lots of fun

David: Ok papa

Benny: You should wash your hands every 25 minutes

David: Ok papa

Benny: You should not go to the playground

David : Yes Papa

Benny: Over exploitation of nature could be the root cause of these problems covid-19 ,nipah, flood etc....

David: Yes Papa

Benny: You have responsibility for our society therefore be safe at home

David : Ok papa

**എയ്ഡൻ ചാക്കോ റോബി**
8 എ
ഗവ. എച്ച്.എസ്.എസ്. മുളംതുരത്തി
തൃപ്പൂണിത്തുറ ഉപജില്ല, എറണാകുളം



## MONSTER HRISHI

In 2019 December 20 Hrishi was sitting in his garden that time a UFO (unidentifying flying object)came from space and dropped an egg into Hrishi's hand. He was surprised he went and plant the egg. The next day when he saw the egg it was too bigger he ran and taste it. It was tasty. He didn't tell to his neighbourhood. Next day Adwaid come to Hrishi's house.

Adwaid: Hi Hrishi

Hrishi: Hi Adwaid. How are you?

Adwaid: I'm fine and you?

Hrishi: I also. Look there!

Adwaid: Wow! What is this?

Hrishi: Day before yesterday a UFO came and give it to me.

Adwaid: You ate it?

Hrishi: Yes

Adwaid: Do you know what is this? This is not possible to eat.

Hrishi: Why? And how do you know?

Adwaid: Do you know about Dr. Govind?

Hrishi: Yes, yes I know he studied with us.

Adwaid: Yes. We need to go to Govind's lab. Don't forget to take a sample of it.

Hrishi: OK

(They went to Govind's lab.)

Govind: Hi Adwaid you bring it.

Adwaid: Yes

Govind: Hrishi you sit here we go to my lab.

Hrishi: You both are working together?

Govind: Adwaid ,you don't tell anything?

Adwaid: No. Hrishi, he is my senior scientist and Iam his junior.

Govind: Adwaid let's go.

(Govind and Adwaid went to the lab that time Hrishi was vibrating and he was going to be a monster in this time. Govind and Adwaid went for a tea break.)

Govind: Adwaid make a coffee to Hrishi

Adwaid: OK

(Adwaid went to Hrishi's room. Adwaid saw Hrishi is disappearing. Adwaid went to lab.)

Adwaid: Govind! Hrishi was disappearing

Govind: What? Adwaid; he ate it?

Adwaid: Yes

Govind: Adwaid look (Pointing to the telescope)

Adwaid: Ho No! What is this?

Govind: This is virus.

Adwaid: Which virus?

Govind: COSMOS

Adwaid: Any medicine for it?

Govind: No. It will spread. We need to find a vaccine for it.

Adwaid: What is the effect of cosmos?

Govind: Those who get cosmos will get big muscles, lots of pimples and he will be mad.

Give this information to all medias. Next day a big UFO came and pick people and take them to the space.

Adwaid: Govind, the spaceship was coming to our area. What will we do?

Govind: Adwaid we will go to the spaceship

Adwaid: For what?

Govind: Hrishi was in the spaceship. He is the king of cosmos galaxy and he is the powerful man in the space.

Adwaid: Wow! What will we do?

Govind: We will go to spaceship tomorrow

Adwaid: OK

(Next day they went to spaceship )

Adwaid: Govind what is our plan

Govind: We need to find Hrishi and the cosmos control room.

Adwaid: We don't have weapons.

Govind: We will get weapons from the spaceship and we need a help.

Adwaid: I came for your help

Govind: But we need a help from here

Adwaid: OK

(In the spaceship a staff helps Govind and Adwaid. The staff lead them to weapons room.)

Adwaid: Wow! Too much weapons.

Govind: Don't pick big guns

Adwaid: OK

(They picked weapons. Govind saw some guards going. Govind followedS them. He saw Hrishi. Govind called Adwaid and they followed guards. They killed the guards and took their dress and went to Hrishi's room. Going to Hrishi's room they saw the cosmos control room.)

Govind: You go and switch off all cameras.

Adwaid: OK

(They went to control room)

Adwaid: Govind look What is this?

Govind: Powers. put your hands on it.

(Adwaid and Govind put their hands on it)

Adwaid: Wow! Super

Govind: Cool. Come let's go and finish cosmos

Adwaid: Let's go

They went to Hrishi's room. Adwaid and Govind snip to cosmos monster Hrishi. They use their powers and the cosmos monster got dead and they got their old Hrishi.

**ഗോവിന്ദ്. പി**
5 എ
ഗവ.യു.പി. എസ്സ് കാര്യവട്ടം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# ചവറ്റുകുട്ട

മുയൽക്കുട്ടനും കുരങ്ങച്ഛനും അയൽക്കാരായിരുന്നു. മുയൽക്കുട്ടൻ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുമായിരുന്നു. പക്ഷേ കുരങ്ങച്ഛൻ വീടിനു ചുറ്റും എപ്പോഴും ചവറിടും. മുയൽക്കുട്ടന്റെ വീടിന്റെ പുറകിലും ചവറിടും. മുയൽക്കുട്ടൻ പല പ്രാവശ്യം പറഞ്ഞിട്ടും കുരങ്ങച്ഛൻ കേട്ടില്ല. ഒരു ദിവസം കുരങ്ങച്ഛന്റെ മകൻ കുരങ്ങൻകുട്ടിക്ക് പനി വന്നു. വീട്ടിലുണ്ടായിരുന്ന മരുന്ന് കൊടുത്തിട്ടൊന്നും പനി മാറിയില്ല. അവസാനം ആനവൈദ്യന്റെ അടുത്തു കൊണ്ടുപോയി. ആനവൈദ്യൻ കുറെ മരുന്നൊക്കെ കൊടുത്ത് വീട്ടിൽ വിട്ടു. പക്ഷേ കുറെ മരുന്ന് കഴിച്ചിട്ടും കുരങ്ങൻ കുട്ടിയുടെ പനി മാറിയില്ല. പിറ്റേ ദിവസം രാവിലെ കുരങ്ങൻ കുട്ടിക്ക് പനി കൂടി. കുരങ്ങച്ഛനും കുരങ്ങമ്മയും നിലവിളിയായി. അതുകേട്ട് മുയൽക്കുട്ടൻ ഓടി വന്നു. എന്നിട്ട് വേഗം ആനവൈദ്യനെ കൂട്ടി കൊണ്ടു വന്നു.

ആനവൈദ്യൻ കുരങ്ങൻകുട്ടിയെ പരിശോധിച്ചു. മരുന്നൊക്കെ കൊടുത്തപ്പോൾ പനി കുറച്ച് കുറഞ്ഞു. എന്നിട്ട് ആനവൈദ്യൻ കുരങ്ങച്ഛനോടും കുരങ്ങമ്മയോടും പറഞ്ഞു, ' നിങ്ങളെന്താ ഈ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാത്തത്?... അതുകൊണ്ടല്ലേ കുരങ്ങൻകുട്ടിയ്ക്ക് അസുഖം വന്നത്. ചവറൊക്കെ വലിച്ചെറിഞ്ഞാൽ അവിടെ ഈച്ചയും കൊതുകും ഒക്കെ വരും. ഈച്ച ആഹാരത്തിൽ വന്നിരുന്നാൽ വയറിളക്കം, കോളറ, തുടങ്ങിയ രോഗങ്ങൾ വരും. കൊതുക് കടിക്കുമ്പോഴാണ് ഡങ്കിപ്പനിയും, ചിക്കൻഗുനിയയും മന്തും മലേറിയയും ഒക്കെ വരുന്നത്. വൃത്തിയുള്ള പരിസരമാണ് നമുക്ക് ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസ്സും നല്കുന്നത്.'

കുരങ്ങച്ഛനും കുരങ്ങമ്മയും അന്നു തന്നെ വീടും പരിസരവും വൃത്തിയാക്കി. മുയൽക്കുട്ടനും അവരെ സഹായിച്ചു. എന്നിട്ട് കുരങ്ങച്ഛന് മുയൽക്കുട്ടൻ നല്ലൊരു സമ്മാനം കൊടുത്തു 'ഒരു ചവറ്റുകുട്ട ' എന്നിട്ട് മുയൽക്കുട്ടൻ പറഞ്ഞു 'ഇനി ഒരിക്കലും ചവർ വലിച്ചെറിയരുത് ഈ ചവറ്റു കുട്ടയിലേ ഇടാവൂ.'അതു കേട്ട് കുരങ്ങൻകുട്ടി കൈകൊട്ടി ചിരിച്ചു.

**നിയത് എ രാജീവ്**
2 ഡി
ഗവ. എൽ പി എസ് കോട്ടൺഹിൽ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# ധനികൻ പഠിച്ച പാഠം

ഒരിടത്ത് ഒരു ഗ്രാമത്തിൽ ചന്ദ്രശേഖരൻ എന്ന് പേരുള്ള ധനികനായ ഒരു കച്ചവടക്കാരൻ ജീവിച്ചിരുന്നു. അയാൾക്ക് ആ ഗ്രാമത്തിൽ പലയിടത്തായി അഞ്ചോളം ഭക്ഷണശാലകൾ ഉണ്ടായിരുന്നു. അയാളുടെ വീടാകട്ടെ , ഒരു കൊട്ടാരസദൃശ്യമായതും. വിശാലമായ മുറ്റവും ധാരാളം പുരയിടവും. അയാളുടെ വീട്ടിലാകട്ടെ രണ്ടു പത്നിമാരുൾപ്പടെ ഏഴോളം അംഗങ്ങളും ഉണ്ടായിരുന്നു .വീടും വീട്ടുപരിസരവും വൃത്തിയായിരിക്കണമെന്നു ചന്ദ്രശേഖരന് വളരെ നിർബന്ധമാണ്. എന്നാൽ അവശിഷ്ടങ്ങൾ സംസ്കരിക്കുവാനുള്ള സൗകര്യം അയാളുടെ ഭക്ഷണ ശാലകളിൽ ഇല്ലായിരുന്നു. ഈ അവശിഷ്ടങ്ങൾ അയാൾ തന്റെ ജോലിക്കാരെ വച്ച് പാവപ്പെട്ടവരുടെ കൃഷിയിടങ്ങളിലും കുളങ്ങളുടെ സമീപത്തും പാതയോരങ്ങളിലും തുടങ്ങി പലയിടത്തും നിക്ഷേപിക്കുക പതിവായിരുന്നു. ചന്ദ്രശേഖരന്റെ ഈ പ്രവൃത്തിയിൽ പൊറുതിമുട്ടിയ നാട്ടുകാർ ഗ്രാമത്തലവനെ സമീപിക്കാൻ തീരുമാനിച്ചു. ഗ്രാമത്തലവൻ നാട്ടുകാരുടെ പരാതികൾ ശ്രദ്ധാപൂർവം കേട്ടു. അദ്ദേഹം ചന്ദ്രശേഖരനെ കണ്ടു സംസാരിച്ചിട്ടു പരാതികൾക്കൊരു പരിഹാരം കാണാമെന്നു അവർക്കു വാക്കു കൊടുത്തു. ഒരു ദിവസം വൈകുന്നേരം ഗ്രാമത്തലവൻ ചന്ദ്രശേഖരന്റെ വീട്ടിലെത്തി. ചന്ദ്രശേഖരൻ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി. ഗ്രാമത്തലവൻ ചന്ദ്രശേഖരനെതിരായിട്ടുള്ള നാട്ടുകാരുടെ പരാതി അയാളെ ബോധിപ്പിച്ചു. ഇത് കേട്ടയുടനെ അയാളുടെ സ്വതവേയുള്ള ധാർഷ്ട്യം ഉണർന്നു. 'ഞാൻ ആരുടേയും വീട്ടിലോ വീട്ടു പരിസരത്തോ ഒന്നും നിക്ഷേപിച്ചില്ലല്ലോ?' ദേഷ്യത്തോടെ അയാൾ ചോദിച്ചു. ഇത് കേട്ടു സമാധാനം കൈവിടാതെ ഗ്രാമത്തലവൻ പറഞ്ഞു 'ചന്ദ്രശേഖരാ... പാവപ്പെട്ട കർഷകരുടെ ലോകം അവരുടെ വീടും വീട്ടുപരിസരവും മാത്രമല്ല...മറിച്ചു പുഴകളും കുളങ്ങളും പാതകളും എല്ലാം അവരുടെ ലോകത്തിലുള്ളതാണ്. അവർക്കും കുടുംബാംഗങ്ങളുടെയും കുട്ടികളുടെയും ആരോഗ്യം നോക്കണ്ടേ ?' 'അതിന് ഞാൻ എന്ത് ചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്?' ചന്ദ്രശേഖരൻ ചോദിച്ചു. 'ചന്ദ്രശേഖരൻ വേറൊന്നും ചെയ്യണ്ടാ.....ഇനി മുതൽ നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ അവശിഷ്ടങ്ങൾ നിക്ഷേപിക്കാൻ പാടില്ല.. അവശിഷ്ടങ്ങൾ ആർക്കും ബുദ്ധിമുട്ടില്ലാതെ സംസ്കരിക്കുവാനുള്ള മാർഗ്ഗം നിങ്ങൾ സ്വയം കണ്ടെത്തണം...' ഗ്രാമത്തലവൻ പറഞ്ഞു. ഗ്രാമത്തലവൻ പറഞ്ഞതിൽ ഒരു താക്കീതിന്റെ സ്വരം കൂടിയുണ്ടെന്ന് ചന്ദ്രശേഖരന്

മനസ്സിലായി. 'ഉം.....നോക്കട്ടെ 'ചന്ദ്രശേഖരൻ പറഞ്ഞു. അങ്ങനെ ഏഴെട്ടു ദിവസം കടന്നുപോയി. ഒരു ദിവസം രാവിലെ ഗ്രാമവാസികൾ കൂട്ടത്തോടെ ഗ്രാമത്തലവനെ കാണാനെത്തി. ഗ്രാമത്തലവൻ കാര്യമാരാഞ്ഞപ്പോൾ അവർ പറഞ്ഞു. 'അങ്ങുന്നേ... ആ ചന്ദ്രശേഖരൻ. അയാൾ ഇപ്പോഴും പഴയപടി തന്നെ കാര്യങ്ങൾ തുടർന്ന് കൊണ്ടുപോകുകയാണ്. അയാളുടെ വീട് നല്ല വൃത്തിയിൽ സൂക്ഷിച്ചിട്ടു നാട് മൊത്തം അയാൾ മലിനമാക്കുകയാണ്.' 'ഓഹോ....അങ്ങനെയാണല്ലേ....ഞാൻ അവനെ നേരിട്ടുകണ്ടു കാര്യങ്ങൾ മനസ്സിലാക്കിയിട്ടും....അയാൾ അനുസരിക്കാൻ തയ്യാറല്ല? എന്തൊരഹങ്കാരം... ഇതിനു ഉചിതമായ ശിക്ഷ തന്നെ അവനു കൊടുക്കണം...' ഗ്രാമത്തലവൻ പറഞ്ഞു. 'നിങ്ങളുടെ കൂട്ടത്തിൽ ആരോഗ്യമുള്ള പത്തു ചെറുപ്പക്കാർ എന്നോടൊപ്പം ഇവിടെ നിൽക്കുക... ബാക്കിയുള്ളവർക്ക് വീട്ടിലേക്കു പോകാം. നിങ്ങളുടെ വിഷമത്തിനു ഉടൻ അറുതിയുണ്ടാകും....' പിറ്റേ ദിവസം രാവിലെ വല്ലാത്തൊരു ദുർഗന്ധം ശ്വസിച്ചുകൊണ്ടാണ് ചന്ദ്രശേഖരൻ എഴുന്നേറ്റത്... 'എന്താ ഇത്.....എവിടുന്നാ ഈ ദുർഗന്ധം...' ഇതും അന്വേഷിച്ചു കൊണ്ട് അയാൾ ആ പരിസരം മുഴുവൻ നടന്നു... അങ്ങനെ നോക്കിയപ്പോൾ അതാ ആ വിശാലമായ മുറ്റത്തിന്റെ കിഴക്കേ മൂലക്ക് ഒരു കൂമ്പാരം... 'കഴിഞ്ഞ മൂന്നു നാല് ദിവസങ്ങളിലായി താൻ പലയിടത്തായി നിക്ഷേപിച്ച മാലിന്യങ്ങളല്ലേ അത്?' അയാൾ സ്വയം ചോദിച്ചു. 'ഇതാരാ ഇവിടെക്കൊണ്ടിട്ടത്? അതും ഒറ്റ രാത്രികൊണ്ട്? ഹോ... എന്തൊരു ദുർഗന്ധം... എന്തായാലും ഇത് ചെയ്തവരോട് പ്രതികാരം ചെയ്യണം. 'ചന്ദ്രശേഖരന് അരിശമേറി. എന്നാൽ ചന്ദ്രശേഖരന്റെ പത്നിമാർ വിവേകമുള്ളവരായിരുന്നു. അവർ അയാളോട് സ്നേഹത്തോടെ പറഞ്ഞു... 'ഏതായാലും നാട്ടുകാർ ഇത്ര നാൾ സഹിച്ചത് എന്താണെന്ന് മനസ്സിലായില്ലേ... അങ്ങുന്നിന്. ഇനിയും അരിശം മൂത്ത് പ്രതികാരം ചെയ്യാൻ നിന്നാൽ നാട്ടുകാർ ഒറ്റക്കെട്ടായി നിന്ന് ഇതിലും വലിയ ശിക്ഷ തരും. അത് കൊണ്ട് ഗ്രാമത്തലവൻ പറഞ്ഞത് അനുസരിക്കുകയല്ലേ നല്ലത്'. ഇത് കേട്ടതും അയാളിലെ വിവേകം ഉണർന്നു... അന്നു തന്നെ അയാൾ അവശിഷ്ടങ്ങൾ സംസ്കരിക്കുവാനുള്ള സംവിധാനങ്ങൾ ചെയ്യാനുള്ള തയ്യാറെടുപ്പു തുടങ്ങി. പിൽക്കാലം നാട്ടുകാർക്ക് ആർക്കും ശല്യമില്ലാതെ നല്ലൊരു മനുഷ്യനായി അയാൾ ജീവിച്ചു.

**ഗായത്രി ആർ നാഥ്**
2 സി
ഗവ. എൽ പി എസ് തോന്നക്കൽ
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# കോവിഡ് 19

ലോകം ഇരുട്ടിലേക്ക് നീങ്ങുന്നതുപോലെ. സമുദ്രത്തിൽ അലകൾ ആഞ്ഞടിക്കുന്നു. കാറ്റ് ഇത്ര വേഗത്തിൽ വീശുന്നത് കണ്ടിട്ടില്ലാത്തതു പോലെ പക്ഷികൾ പേടിച്ചുവിറച്ചു. കാട്ടിലെ എല്ലാ ജീവജാലങ്ങളും എന്തിനെയോ ഭയക്കുന്നു. എന്തോ ഒരു വിപത്ത് സംഭവിക്കാൻ പോകുന്നതായി അവർ ഭയക്കുന്നു. കൊറോണവൈറസ്... പക്ഷികളിലോ മൃഗങ്ങളിലോ അവൻ കയറിപ്പറ്റിയാൽ എന്താവും സ്ഥിതി? അപ്പോൾ കൊറോണ പറഞ്ഞു: “നിങ്ങളിലാരിലേക്കും ഞാൻ പ്രവേശിക്കില്ല. കാരണം, ഈ പ്രപഞ്ചം തങ്ങളാണെന്ന് മനുഷ്യർ അഹങ്കരിക്കുന്നു. അവരെ നല്ലവരാക്കണം. നിങ്ങളിലേക്ക് ഞാൻ പടർന്നാൽ, നിങ്ങളിൽനിന്നു മനുഷ്യരിലേക്ക് പടരുമെന്നു പേടിച്ച് മനുഷ്യർ എന്നെക്കൊല്ലുന്നതിനേക്കാൾ വേഗത്തിൽ നിങ്ങളെ നശിപ്പിക്കും. അതുകൊണ്ട് ഞാൻ മനുഷ്യരിലേക്ക് കയറുകയാണ്. ഈ പ്രപഞ്ചത്തിലെ മനുഷ്യരെ ഒന്നു നേരെയാക്കണം. ഈ മനുഷ്യർ സ്നേഹം എന്തെന്നറിയണം.’

വുഹാൻ പട്ടണത്തിൽ നിന്നു പുറപ്പെടുമ്പോൾ മനുഷ്യർ എനിക്കൊരു പേരിട്ടു- കോവിഡ് 19. കോവിഡ് 19 നെ കണ്ട് ഇവർ പേടിച്ചു വിറയ്ക്കുന്നു. കോവിഡ് എന്ന് ആയിരം പ്രാവശ്യം പറയുന്നു. എവിടെ പോയാലും എന്നെയേ ഓർമയുള്ളൂ. എന്നെയും മനുഷ്യരെയും സൃഷ്ടിച്ച ദൈവത്തെ ഓർമിക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നെങ്കിൽ കോവിഡായ ഞാൻ ഇവിടേക്ക് വരേണ്ട കാര്യമില്ലായിരുന്നു. കോവിഡിനെ നിങ്ങൾ പേടിക്കേണ്ട. നിങ്ങളെ സൃഷ്ടിച്ചവനെ കണ്ട് പേടിച്ചോളൂ.ആ ദിവസം കോവിഡായ ഞാൻ അപ്രത്യക്ഷമാകും. മനുഷ്യർ രക്ഷപ്പെടുകയും ചെയ്യും.”

**നൗഫിയ എസ്.**
4 എ
ഗവ. എൽ.പി. സ്കൂൾ, പാച്ചല്ലൂർ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# സ്നേഹപൂർവം കൊറോണ

അങ്ങകലെ ചൈനയിലെ ഒരു ഉൾവനത്തിൽ ഒരു പാവം പന്നിയിൽ കഴിയുകയായിരുന്നു ഞാൻ. മനുഷ്യനിൽ കയറിക്കൂടാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും ഒരു വഴിയുമില്ലല്ലോ എന്ന് ചിന്തിച്ചി രിക്കുമ്പോഴാണ് ഒരു നായാട്ടുകാരൻ പന്നിയെ ആക്രമിച്ചത്. പന്നിമാംസത്തോടൊപ്പം ഞാൻ വുഹാൻമാർക്കറ്റിൽ എത്തി. അവിടെ നിന്ന് ഇറച്ചിവെട്ടുകാരനിലേക്കും പിന്നെ ഡോക്ടറിലേക്കും എന്റെ യാത്ര തുടർന്നു. എന്റെ ആദ്യ ഇര മരിച്ചുവീഴുമ്പോഴേക്കും എന്റെ കുഞ്ഞുങ്ങൾ ലോകമെമ്പാടും ഓടിയെത്തിയിരുന്നു. ഓടിയോടി ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലും എത്തി. കേരളജനതയെ ഞാൻ വലിച്ചുമുറുക്കി. ആരാധനാലയങ്ങൾ, മാർക്കറ്റുകൾ, മാളുകൾ, മദ്യശാലകൾ, വിദ്യാലയങ്ങൾ... അവയെല്ലാം എന്നെപ്പേടിച്ചു വാതിലുകൾ കൊട്ടിയടച്ചു. കുട്ടികൾ കളികൾ നിർത്തി. എല്ലാവരും കൈകൾ കഴുകി അകലം പാലിച്ചു. അങ്ങനെ കേരളത്തിലെ യാത്ര മന്ദഗതിയിലായി. പല വികസിതരാജ്യങ്ങളിലും മരണത്തിന്റെ തണുത്ത കൈകൾകൊണ്ട് പലരെയും ഞാൻ തലോടിക്കൊണ്ടിരിക്കുന്നു. അങ്ങനെ തോറ്റുതരാൻ ഞാൻ തയ്യാറല്ല. പക്ഷേ, പലപല മഹാമാരികളും മഹായുദ്ധങ്ങളും ദുരന്തങ്ങളും അതിജീവിച്ച നിങ്ങൾ ഇതും... അതിജീവിക്കും. എനിക്ക് തിരിച്ച് പന്നിക്കൂട്ടത്തിലേക്ക് പോകേണ്ടി വരും. അത് ഉറപ്പാണ്.

സ്നേഹപൂർവം കൊറോണ...

ആര്യ
3 എ
ഗവ. എൽ. പി. എസ്. പാച്ചല്ലൂർ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# അതിജീവനത്തിനു പിന്നിൽ

"കൊറോണവൈറസ്: രാജ്യം ഭീതിയിൽ. ടി.വിയിലും പത്രത്തിലും നോക്കിയാൽ ഇതേയുള്ളൂ വിശേഷം. കുറേ ദിവസങ്ങളായി വീട്ടിൽ തന്നെ ഇരിക്കുന്നതു കാരണം മുഷിവു തോന്നിത്തുടങ്ങി. കൊറോണ കാരണം സ്കൂളും അടച്ചു. ലോക്ക്ഡൗണും പ്രഖ്യാപിച്ചു. അച്ഛനുണ്ടായിരുന്നെങ്കിൽ നല്ല രസമായിരുന്നു."

അനന്തുവിന് കൊറോണയോട് കലശലായ ദേഷ്യം തോന്നി. അവന്റെ അച്ഛൻ ഒരു ഡോക്ടറാണ്. കൊറോണ വ്യാപിച്ചതോടെ അച്ഛനു തിരക്കായി. വീട്ടിലേക്കുള്ള വരവ് കുറഞ്ഞു. വന്നാൽതന്നെ അനന്തുവിനെ അടുപ്പിക്കുകയോ അവനോടൊപ്പം കളിക്കുകയോ ചെയ്യില്ല. എന്നാലും അച്ഛൻ വരുമ്പോൾ അവന് ആശ്വാസമാണ്.

കഴിഞ്ഞ ദിവസങ്ങളിലൊക്കെ അച്ഛൻ വന്നപ്പോൾ കൊറോണയെ പറ്റി മാത്രമാണ് സംസാരിച്ചിരുന്നത്. എന്തായാലും നമുക്കീ വിപത്തിനെ അതിജീവിക്കാൻ കഴിയും എന്ന ആത്മവിശ്വാസം അച്ഛനുണ്ടായിരുന്നു. ഇടയ്ക്കിടെ കൈകഴുകണമെന്നും പുറത്തെങ്ങും കളിക്കാൻ പോകാതെ വീട്ടിൽത്തന്നെ ഇരിക്കണമെന്നും അവനോട് അച്ഛൻ പറയുമായിരുന്നു. എല്ലാവരോടും വളരെ സൂക്ഷിച്ചാണ് അച്ഛൻ ഇടപഴകിയിരുന്നത്. ഇപ്പോൾ അച്ഛൻ വീട്ടിൽ വന്നിട്ട് കുറച്ചു ദിവസങ്ങളായല്ലോ എന്ന് അവൻ സങ്കടത്തോടെ ഓർത്തു. അവസാനമായി അച്ഛൻ വീട്ടിൽ നിന്നു പോയപ്പോൾ എന്നത്തേയും പോലെ അനന്തു മുത്തം കൊടുക്കാനായി ഓടിച്ചെന്നു. അപ്പോൾ മുത്തച്ഛൻ അവനെ തടഞ്ഞു. അച്ഛൻ അവനെ നോക്കി പുഞ്ചിരിച്ചുകൊണ്ട് കൈവീശിക്കാണിച്ച് നടന്നകലുന്നത് കണ്ണീരിനിടയിലൂടെ അവൻ കണ്ടു. അച്ഛന്റെ ഈ പെരുമാറ്റം അവന്റെ കുഞ്ഞുമനസ്സിനെ വേദനിപ്പിച്ചു. ഈ കൊറോണയൊക്കെ പോയി ക്കഴിയുമ്പോൾ അച്ഛന് എത്ര മുത്തം വേണമെങ്കിലും കൊടുക്കാമല്ലോ എന്ന് മുത്തച്ഛൻ അവനെ ആശ്വസിപ്പിച്ചു.

ഇപ്പോൾ അനന്തുവിന്റെ ആകെയുള്ള ആശ്വാസം മുത്തച്ഛനാണ്. കുറേ സമയമൊക്കെ മുത്തച്ഛനോടൊപ്പം കളിക്കും. മുത്തശ്ശിയാണെങ്കിൽ സദാസമയവും അടുക്കളയിലും പൂജാമുറിയിലുമാണ്. അനന്തുവിന് അമ്മയില്ല. അവൻ കുഞ്ഞായിരുന്നപ്പോൾത്തന്നെ മരിച്ചുപോയി. അമ്മയില്ലാത്ത ദുഃഖം അറിയിക്കാതെയാണ് ജോലിത്തിരക്കിനിടയിലും

അച്ഛൻ അവനെ വളർത്തിയത്. അതുകൊണ്ടുതന്നെ അച്ഛനായിരുന്നു അവന്റെ ലോകം.

ഉച്ചകഴിഞ്ഞ് ക്ലാസിലിരിക്കുന്ന ഉദാസീനനായ ഒരു കുട്ടിയെപ്പോലെ അനന്തു ടി.വിയിൽ നോക്കിയിരിക്കുകയായിരുന്നു. സായാഹ്നസൂര്യന്റെ ചെങ്കതിരുകൾ ജനൽച്ചില്ലുകളിലൂടെ അവനെ ചുംബിച്ചു. അരുണകിരണങ്ങൾ പതിച്ചപ്പോൾ അവന്റെ കവിളുകൾ ചെന്താമരപ്പൂ പോലെ തിളങ്ങി. പൂജാമുറിയിൽനിന്നു മുത്തശ്ശിയുടെ നാമജപം പതിയെ കേൾക്കുന്നുണ്ടായിരുന്നു. അച്ഛൻ വന്നിരുന്നെങ്കിൽ എന്നും ചെയ്തിരുന്നതു പോലെ അച്ഛന്റെ മടിയിൽ തലചായ്ച്ചു കിടക്കാമായിരുന്നു എന്ന് അവന്റെ കുരുന്നുഹൃദയം മോഹിച്ചു.

പെട്ടെന്നുയർന്നുകേട്ട ഫോണിന്റെ മണിനാദം അവനെ ആലസ്യത്തിൽ നിന്നുണർത്തി. ചാടി എഴുന്നേറ്റ അവൻ, 'അച്ഛൻ' എന്നു വിളിച്ചു കൊണ്ട് ഫോണെടുക്കാൻ ഓടി. ആവേശത്തോടെ അവൻ ഫോൺ കാതോടു ചേർത്തു. മറുതലയ്ക്കൽ ഒരു അപരിചിതശബ്ദം കേട്ടപ്പോൾ ഫോൺ മുത്തച്ഛനു കൊടുത്തിട്ട് അത്യധികം നിരാശയോടും സങ്കടത്തോടുംകൂടി പിന്തിരിഞ്ഞു നടന്നു.

അൽപ്പസമയത്തെ പതിഞ്ഞ സംസാരത്തിനു ശേഷം മുത്തച്ഛൻ വളരെ വിവശനായി അവന്റെ അടുത്തു വന്നിരുന്നു. എന്തുപറ്റി എന്ന അവന്റെ ചോദ്യത്തിന് ഒരു വിതുമ്പലോടെ വിറയാർന്ന കൈകൾകൊണ്ട് മുത്തച്ഛൻ അവനെ ചേർത്തുപിടിച്ചു. ഒന്നും മനസ്സിലാകാതെ അനന്തു മുത്തച്ഛന്റെ മുഖത്തേക്ക് ഉറ്റുനോക്കി.

ഒരു എട്ടുവയസ്സുകാരനെ അനാഥത്വത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ട് രംഗബോധമില്ലാത്ത കോമാളിയായ മരണം കൊറോണയെന്ന മഹാ വ്യാധിയുടെ രൂപത്തിൽ അനന്തുവിന്റെ അച്ഛനെയും കവർന്നെടുത്തു. അപ്പോഴും കൊറോണയെന്ന മഹാമാരി ലോകമാകമാനം വിതയ്ക്കുന്ന ഭീതി മാധ്യമങ്ങളിൽ നിറഞ്ഞുകൊണ്ടിരുന്നു ഒപ്പം അനന്തുവിന്റെ അച്ഛനും...

**അനാമൃത**
6 ബി
ജി. യു. പി. എസ്. പാറക്കൽ
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# പൂച്ചയും എലിയും

ചക്കിപ്പൂച്ച വീണ്ടും നടന്നു. എവിടെയും ഒന്നും കിട്ടാനില്ല. എത്ര സുഭിക്ഷമായിരുന്നു കഴിഞ്ഞ കാലം. ചന്തയിൽ ഒന്നു കറങ്ങി നടന്നാൽ മതി, എന്തൊക്കെ കിട്ടുമായിരുന്നു. മീൻകാരി ജാനു കാണാതെ ഒന്നുരണ്ടെണ്ണം അകത്താക്കാമായിരുന്നു. ഇനി അതില്ലെങ്കിൽ കോഴിക്കച്ചവടക്കാരൻ മമ്മത് എറിഞ്ഞു തരുന്ന എല്ലിൻ കഷണമെങ്കിലും കിട്ടിയേനെ. ഇതിപ്പോ എല്ലാം അടച്ചു പൂട്ടിയിരിക്കുന്നു. കോവിഡ് 19 എന്ന കൊറോണയാണ്. എങ്ങാണ്ടൊരു കടുവയ്ക്കും പിടിച്ചത്രേ. കൊറോണയെ പേടിക്കണം! എന്തായാലും വിശന്നിട്ട് വയ്യ. എന്തേലും ഒന്ന് കിട്ടിയെങ്കിൽ... അതെന്താ അവിടെ, ഒരു എലിയല്ലേ. എന്റെ മുത്തശ്ശൻ പണ്ട് എലിയെ പിടിച്ച് തിന്നുമായിരുന്നു എന്ന് കേട്ടിട്ടുണ്ട്. എങ്ങനെയായിരുന്നു എലിയെ പിടിക്കേണ്ടത്... എന്തായാലും ശ്രമിച്ചു നോക്കാം.

**ഗൗരിനന്ദ വി. എസ്.**
3 എ
ഗവ. എൽ. പി. എസ്., മുടവൻമുഗൾ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# അപ്പുവിന്റെ സ്വപ്നം

"അച്ഛാ, ഈ വിമാനം കാണാൻ എന്താ ഭംഗി! അമ്മുവിന്റെ ബാർബിയും കൊള്ളാം. എനിക്കൊരു റിമോട്ട് കൺട്രോൾ കാർ വാങ്ങണേ അച്ഛാ, മറന്നുപോയോ അത്. സ്കൂൾ തുറന്നാൽ കൂട്ടുകാർക്ക് കാണിച്ചു കൊടുക്കണം എന്ന് വിചാരിച്ചതാ." "അപ്പൂ അപ്പൂ, ഇവന്റെ ഒരു ഉറക്കം. നേരം എത്രയായി എന്നറിയുമോ അപ്പൂ, ഒന്ന് എണീക്ക്." അപ്പു ചാടിയെണീറ്റു. "അച്ഛൻ എവിടെ." "അച്ഛനോ? സ്വപ്നം കണ്ടോ അപ്പൂ." അപ്പോഴാണ് അവന് മനസ്സിലായത് താൻ സ്വപ്നംകാണുകയായിരുന്നു എന്ന്. അച്ഛൻ വിഷുവിന് മുമ്പ് എത്തും എന്ന് അമ്മ പറഞ്ഞതാ. പുതിയ കുപ്പായം വാങ്ങണം, പടക്കം വാങ്ങണം, സദ്യ ഒരുക്കണം... പക്ഷേ, അതൊന്നും ഇനി നടക്കില്ല. അച്ഛന് വരാൻ പറ്റില്ലത്രേ. ഇവിടെയും ആഘോഷങ്ങൾ ഒന്നും പാടില്ലത്രേ. ലോകം മുഴുവനും കോവിഡ് 19 എന്ന രോഗം പരക്കുന്നുപോലും. ഏതോ വിദേശരാജ്യത്ത് നിന്ന് അതു നമ്മുടെ നാട്ടിലും എത്തി. ഇന്നലെ അച്ഛൻ ഫോൺ വിളിച്ചപ്പോൾ പറഞ്ഞു, എവിടെയും പോകരുത്, കൈകാലുകൾ സോപ്പിട്ട് കഴുകണം എന്നൊക്കെ. എവിടെ പോകാനാ. നമ്മൾ അതൊക്കെ ചെയ്യുന്നുണ്ട്. ഇവിടെ അകത്തിരുന്ന് കൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നുണ്ട്. ഈ രോഗം വേഗം ഇല്ലാതാക്കാൻ. എന്നാലല്ലേ എന്റെ അച്ഛന് വേഗം നാട്ടിൽ വരാൻ പറ്റൂ. അച്ഛന്റെ ഫോൺബെൽ ആണ് അപ്പുവിനെ ചിന്തയിൽനിന്ന് ഉണർത്തിയത്. അപ്പു ഓടിച്ചെന്ന് ഫോണെടുത്തു. "അച്ഛൻ വരുമ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ട റിമോട്ട്കാർ വാങ്ങാൻ മറക്കല്ലേ അച്ഛാ, ഞാൻ കാത്തിരിക്കും."

**ആരുഷ് എ.**
1 എ
ജി.എൽ.പി. സ്കൂൾ, കല്യാശ്ശേരി
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# ചിഞ്ചുവും കുഞ്ചുവും

ചിഞ്ചുമുയലും കുഞ്ചുമാനും കൂട്ടുകാരാണ്. കൊറോണമൂലം സ്കൂൾ അടച്ചപ്പോൾ രണ്ടുപേരും കളിച്ചുനടക്കുകയായിരുന്നു. ഒരുദിവസം ചിഞ്ചുവിന്റെ അമ്മ പറഞ്ഞു, കടയിൽ പോയി അരി വാങ്ങി വരാൻ. അവൻ കൂട്ടിന് കുഞ്ചുവിനെയും വിളിച്ചു. കുഞ്ചുവിന്റെ വീട്ടിലേക്കും സാധനങ്ങൾ വേണമായിരുന്നു. വീട്ടിൽ നിന്നിറങ്ങുന്നതിനു മുൻപ് കുഞ്ചു അണുനാശിനി ഉപയോഗിച്ച് കൈകഴുകി വൃത്തിയാക്കുകയും മാസ്ക് ധരിക്കുകയും ചെയ്തു. ചിഞ്ചു ആകട്ടെ, ഇതൊന്നും ചെയ്തില്ല. കടയിൽ ചെന്നപ്പോൾ അണുനാശിനി വച്ചിരിക്കുന്നത് കണ്ടു. കുഞ്ചു മാൻ പറഞ്ഞു: ‘‘ചിഞ്ചു... ആ അണുനാശിനി ഉപയോഗിച്ച് കൈകൾ വൃത്തിയാക്കൂ...” ചിഞ്ചു പറഞ്ഞു: “എനിക്ക് പറ്റില്ല. നീ വേഗം വാ...” അവൻ മുൻപോട്ടു നടന്നു. കുഞ്ചു പറഞ്ഞു: “ചിഞ്ചു, നീ ആളുകളുടെ അടുത്തുനിന്നും ഒരു മീറ്റർ അകന്ന് നിൽക്കൂ.” എന്നാൽ ചിഞ്ചു കൂട്ടാക്കിയില്ല. അവൾ ആളുകളുടെ ഇടയിലേക്ക് കയറി സാധനങ്ങൾ വാങ്ങി. പെട്ടെന്ന് തന്നെ പുറത്തിറങ്ങി. “വാ... ഇനി നമുക്ക് പോകാം...“ ചിഞ്ചു മുന്നോട്ട് നടന്നു. “എങ്കിൽ നീ പൊയ്ക്കോ... ഞാൻ എന്തായാലും അകലം പാലിച്ചേ നിൽക്കുന്നുള്ളൂ...” സാധനങ്ങൾ വാങ്ങി രണ്ടുപേരും വീട്ടിലെത്തി. ചിഞ്ചുവിനോട് അമ്മ പറഞ്ഞു: “മോളേ... അണുനാശിനി ഉപയോഗിച്ച് 20 സെക്കൻഡ് കൈകൾ വൃത്തിയാക്കൂ.’’ പക്ഷേ, അവൾ അനുസരിച്ചില്ല. എന്നാൽ കുഞ്ചു വീട്ടിൽ എത്തിയ ഉടനെ കൈകൾ വൃത്തിയാക്കുകയും വസ്ത്രങ്ങൾ അപ്പോൾ തന്നെ കഴുകി വൃത്തിയാക്കുകയും ചെയ്തു.

കുറച്ച് ദിവസങ്ങൾ കഴിഞ്ഞ് ചിഞ്ചുമുയലിനെ പുറത്തേക്ക് കാണാതായി. തിരക്കിയപ്പോൾ അവൾക്ക് തൊണ്ടവേദനയോടുകൂടിയ പനി ആണെന്ന് അറിഞ്ഞു. അപ്പോഴേക്കും അത് അവന്റെ അമ്മയ്ക്കും വീട്ടിൽ ഉള്ളവർക്കും അടുത്തുള്ളവർക്കും പകർന്നിരുന്നു. കുഞ്ചുമാൻ അമ്മയുടെ ഫോണിൽ അവളെ വിളിച്ച് വിവരങ്ങൾ തിരക്കി. ചിഞ്ചു സങ്കടത്തോടെ പറഞ്ഞു: “നീ എന്റെ അടുത്തേക്ക് വരണ്ട. അന്ന് നീ പറഞ്ഞത് കേൾക്കാത്തതുകൊണ്ടാണ് ഇന്ന് എനിക്ക് ഇങ്ങനെ സംഭവിച്ചത്. ഞാൻ കാരണം എന്റെ വീട്ടുകാർക്കും അടുത്തുള്ളവർക്കും ഈ രോഗം പകർന്നു. ഞാൻ സൂക്ഷിക്കേണ്ടതായിരുന്നു.” കുഞ്ചു അവളെ ആശ്വസിപ്പിക്കുകയും ധൈര്യം പകരുകയും ചെയ്തു. ഏതാനും ദിവസത്തെ ചികിത്സകൊണ്ട് എല്ലാവരും സുഖം പ്രാപിച്ചു. അതോടെ വ്യക്തിശുചിത്വവും സാമൂഹിക അകലവും പാലിക്കുകയും മാസ്കുകൾ ഉപയോഗിക്കുകയും ചെയ്താൽ കൊറോണപോലുള്ള രോഗങ്ങളെ തടയാൻ കഴിയും എന്ന് ആ നാട് മനസ്സിലാക്കി. ഈ പാഠം പകർന്നുനൽകിയ കുഞ്ചുമാനിനെ നാട് ആദരിച്ചു.

**നവനീത് പി.**
3 എ
ജി.എൽ.പി.എസ്. മാരാരിക്കുളം
ചേർത്തല ഉപജില്ല, ആലപ്പുഴ

## HAPPINESS IN JUNGLE

There was a forest. Many animals and birds lived happily, but once men entered and built a road. The road was always busy. Many vehicles were moving all day. Even some animals were killed and many were hurt by hitting the vehicles. There was no way to prevent accidents. One day a peacock was sitting on a tree near the road. It thought, “It’s very calm now a days! What’s the reason?” He shared his doubt to the deer. “Yes we all are wondering about it, let’s ask the crow. She visits the town daily.” So, all the animals went to see the crow. The crow said, “Men are afraid of Corona.” “Corona! What’s that?” Everyone exclaimed. “It’s a virus. Humans fall sick and many are dying because of it. So there is lock down every where.” “Lock down! What’s that?” Asked the deer. Crow explained: “That means every one should stay home. Can't travel to anywhere. That's why no vehicles are here on the road.” “So we can travel freely here. Let’s celebrate this.” said the peacock. Hearing that everyone began to sing and dance.

**അൻസ എ. ജെ.**
4 ബി
ഗവ. എൽ.പി.എസ്., വിളപ്പിൽ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# ലോക്ഡൗണും വെയിലും

വെയിലിന്റെ ചൂട് കാരണം പുറത്തിറങ്ങാൻ കഴിയുന്നില്ല. രാവിലെ 9 മണി ആകുമ്പോഴേക്കും സൂര്യൻ കത്താൻ തുടങ്ങും. ഒരുതരം ആളിക്കത്തൽ. ഒരു പകപോക്കൽ പോലെ. കൊറോണയാണ്. ലോക് ഡൗൺ ആണ്. അകത്ത് ഇരിക്കണം. അമ്മ അടുക്കളയിൽ പണി ചെയ്യുന്നു. അച്ഛൻ പഴയ ആഴ്ചപ്പതിപ്പുകൾ എടുത്ത് വായനയിൽ. എനിക്ക് മാത്രം ഒന്നും ചെയ്യാനില്ല. ഞാനെന്റെ സ്കൂളിനെയും സാറന്മാരും കൂട്ടുകാരെയും കുറിച്ച് ഓർത്തു. ഏറ്റവും നല്ലത് സ്കൂളിൽ പോകുന്നത് തന്നെയാണ്. ഇനി എന്നാണ് എനിക്ക് സ്കൂളിൽ പോകാൻ പറ്റുക? ഞാൻ തറയിൽ മുഖമമർത്തി തളർന്നു കിടന്നു. കൊറോണയെ ശപിച്ചു. പിശാചിന്റെ സന്തതിയായ കൊറോണ; നിന്നെ ഞങ്ങൾ പമ്പകടത്തും. എനിക്ക് എന്തോ ഒരു ഊർജം കിട്ടിയ മാതിരി. ഞാൻ വേഗം ചൂലെടുത്ത് വീട് വൃത്തിയാക്കി. അപ്പോൾ അമ്മ പറഞ്ഞു: “മിടുക്കി ആയല്ലോ.” കേട്ടപ്പോൾ എനിക്കു സന്തോഷമായി.

**ദ്രാവിഡ**
4 എ
ഗവ. എൽ. പി. എസ്. കിഴക്കനേല
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# കോവിഡേ വിട...

ആദി തെരുവിൽക്കൂടി നടക്കുന്നത് ഒരു കൊറോണ കാണാൻ ഇടയായി. ഒരു മനുഷ്യശരീരം കിട്ടിയിരുന്നെങ്കിൽ എന്ന് പ്രാർഥിച്ചിരിക്കുകയായിരുന്നു കൊറോണ. എങ്ങനെയെങ്കിലും ആദിയുടെ ശരീരത്തിൽ കയറാനായി കൊറോണ പരിശ്രമിച്ചു. അങ്ങനെ അപ്രതീക്ഷമായിട്ടാണ് ആദിയുടെ കൈയിൽനിന്നും ഒരു നാണയത്തുട്ട് താഴെ വീണത്. ഇതുതന്നെ പറ്റിയ അവസരം- കൊറോണ വിചാരിച്ചു. ആദി നാണയത്തുട്ട് എടുക്കാനായി പതിയെ കുനിഞ്ഞു. ആ സമയത്ത് കൊറോണ നാണയത്തിൽ കയറി, ആദിയുടെ ശരീരത്തിൽ കയറിപ്പറ്റി. ഇതെല്ലാം ഒരു പൊലീസുകാരൻ കണ്ടുകൊണ്ടു നിൽക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം ആദിയെ വിളിച്ച് കൈകൾ കഴുകാൻ ആവശ്യപ്പെട്ടു. കൊറോണയെ പ്രതിരോധിക്കാനുള്ള മാർഗങ്ങൾ ആദിയെ പറഞ്ഞു മനസ്സിലാക്കി. പാവം കൊറോണ, സോപ്പിന്റെ ശക്തി അവനെ നശിപ്പിച്ചുകളഞ്ഞു. കൊറോണയ്ക്കും മനസ്സിലായി ദൈവത്തിന്റെ സ്വന്തം നാടിന്റെ ശക്തി.

**അനാമിക എം.എസ്.**
4 എ
ഗവ. വി. എസ്. എൽ. പി. എസ്, നഗരൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം



# A TIME WHEN YOU CAN ONLY REGRET

With a sad look, she sat back on her chair. Again with a sigh, she looked into the telescope.

Sophie still remembers the day when her mother gifted her a telescope for the first time. She was amazed to see through it. She spotted the Moon, Venus, Mars, Jupiter and many more. She saw the craters on Moon, was thrilled to see the red Martian surface and dreamt of walking there one day..., but never did she ever had the slightest idea that she'll have to live her entire life at the red cold barren surface.

There was a time when she studied other planets through a telescope, but now her fate is to study her home planet, or once a home planet earth from other planets.

Earth which was once a beautiful blue planet with grasslands, rivers, mountains, seas etc. is now a dark brown planet with poisoned rivers, seas, air...even sunlight can't get in.

Sophie stood up and left her lab. She went into her room and laid on her bed. She was neither sleepy, nor tired. She was sad. She closed her eyes hoping to get some rest. But her mind was busy and restless. She remembered a discovery made by some scientists years ago. Two centuries ago, some scientists did a research and found that life would end on earth after 2.8 billion years. But life ended on earth even before that, just after two centuries. Now nothing thrives on earth. Once only scientists and astronauts went to other planets to find a possibility of life, but now only scientists and astronauts go to earth to find a possibility of life there.

Back when she was on earth, she remembered the rallies and protests held demanding an action for climate change. But like most people she never cared, until...things started becoming worse, climate change affected their lives, everything became out of control. Living on earth became more and more difficult. Pollution was too much. Natural calamities became a common thing. Earthquakes, tsunamis, volcanic

eruptions, floods, cyclones, rising temperature...pandemics started spreading everywhere, diseases thought to be extinct came back, with a new set of different ones...people started dying here and there...everyone felt as if the world was coming to an end. Half the population died there itself. The rest were left with no other choice, but to leave the planet. Colonies were established on Mars and Moon for tourism, but now people started living there permanently. It has been five years since the incident, but Sophie felt as if it happened yesterday.

Tears went down Sophie's cheeks. 'Those who died back there were lucky, at least they had the luck to die on earth', she thought 'my last wish would be to decay on earth soil, but it will remain as a never fulfilled one. My life is coming to an end. But the children, what about them? Their life just started and had to face such a tragedy. Some didn't even had the luck to be born on earth.'

Sophie could still hear the slogans sung by the children during the protests "why spoil our future? There is no planet B, protect the earth for your children and the coming generation". These words echoed in her ears. Sophie sat up. She wasn't able to sleep. She wanted to cry out loud. She regretted for her mistakes. She felt guilty... she felt responsible for spoiling the children's future, for destroying the earth, for the deaths of thousands, for everything that happened. Every human regretted like her. Sophie went to the window. She missed seeing the beautiful moon from earth. The Martian sky was empty. With a sigh again she went back to bed. She asked herself 'can I ever go back to earth again? No, I don't think so, I guess my time's up.'

' I'm sorry everyone' she sobbed.

Again a murmur was heard

'The only last thing I can do is regret', and her eyes were closed forever.

**ദേവാംഗന എം.**
9 എ
എ.കെ.ജി.എം.ജി.എച്ച്.എസ്.എസ്. പിണറായി
തലശ്ശേരി നോർത്ത് ഉപജില്ല, കണ്ണൂർ

# ഹെലന്റെ വാക്സിൻ

പതിവുപോലെ മേരി പുലർച്ചെ എഴുന്നേറ്റ് ജോലിയെല്ലാം ഒതുക്കി തന്റെ കൈക്കുഞ്ഞിനെയും കുളിപ്പിച്ച് അതിന് പാലും കൊടുത്ത് നല്ല സുന്ദരനാക്കി ഒരുക്കി കിടക്കയിൽ കിടത്തി. ഹെലൻ എന്നായിരുന്നു അവളുടെ കുഞ്ഞിന്റെ പേര്. മേരി അത്ര വിദ്യാഭ്യാസം ഒന്നും ഇല്ലാത്തവളായിരുന്നു. അവളുടെ ഭർത്താവ് തികഞ്ഞ മദ്യപാനി ആയിരുന്നു . വീടിനോടും തന്റെ കുടുംബത്തിനോടും ഒരു തരത്തിലും അയാൾ സഹകരിച്ചിരുന്നില്ല. ഹെലൻ ജനിച്ചപ്പോൾ പോലും അയാൾ വൈദ്യന്റെ അടുത്തോ ആശുപത്രിയിലോ കാണിച്ചിരുന്നില്ല. അയാൾ മറ്റുള്ളവരോട് ക്രൂരമായി പെരുമാറിയിരുന്നു. അതിനാൽ മേരിയുടെ കുടുംബക്കാർപോലും അവരെ തിരിഞ്ഞുനോക്കിയില്ല. ദാരിദ്ര്യത്തിന്റെ മാറിലായിരുന്നു മേരിയുടെയും കുഞ്ഞിന്റയും ജീവിതം. എങ്കിലും തന്റെ പരിമിതികൾക്കിടയിലും ചെറിയ കൃഷികളും കുട്ട നെയ്തു വില്പനയും നടത്തിപ്പോന്നിരുന്നു. ഹെലൻ ജനിച്ചപ്പോഴുള്ള വാക്സിൻ മേരിയുടെ ഭർത്താവായ ജോയിയുടെ പിടിവാശി കാരണം നൽകാൻ കഴിഞ്ഞില്ല. മേരിയുടെ ഉപദേശത്തിന് വിലകല്പിക്കാത്ത ജോയി സ്വന്തം ശരീരം പോലും വൃത്തിയായി സൂക്ഷിക്കില്ലായിരുന്നു. ജോയി നന്നായി പണിയെടുക്കും. പക്ഷേ, പണിക്കൂലി മുഴുവനും ചീട്ട് കളിക്കാനും കള്ളുകുടിക്കാനുമായി ചെലവാക്കുക പതിവാണ്. മദ്യപാനമാണ് ജോയിയുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്നു മനസ്സിലാക്കിയ മേരി ജോയിക്ക് ജോലിയില്ലാതിരുന്ന ഒരു നാൾ വീട്ടിലേക്ക് വൈദ്യനെ വിളിപ്പിച്ചു. അതോടൊപ്പം തന്റെ കുഞ്ഞിന്റെ ശാരീരികപ്രശ്നത്തിനുള്ള കാരണവും തിരക്കി. കുഞ്ഞിനെ നാട്ടിലുള്ള ഒരു ആശുപത്രിയിൽ കാണിക്കാനും ജോയിയെ താനൊന്ന് ഉപദേശിക്കാമെന്നും വൈദ്യൻ പറഞ്ഞു.

തികച്ചും നിസ്സഹകരണമനോഭാവിയായ ജോയി വൈദ്യരെ മർദ്ദിക്കുകയാണ് ചെയ്തത്. നിസ്സഹായയായ മേരി അങ്ങനെ താൻ സ്വരൂപിച്ചുവച്ചിരുന്ന പണവുമെടുത്ത് കുഞ്ഞുമായി ആശുപത്രി യിലേക്ക് പോയി. അവിടെ വച്ച് ഡോക്ടർ കുഞ്ഞിന്റെ രോഗവിവരം തിരക്കിയപ്പോൾ മേരിക്ക് നടന്നതെല്ലാം പറയേണ്ടിവന്നു. കുഞ്ഞിന്

വാക്സിൻ നൽകിയിട്ടില്ല എന്നറിഞ്ഞ നല്ലവനായ ആ ഡോക്ടർ ചികിത്സച്ചെലവിനുള്ള പണം തന്റെ കീശയിൽനിന്നും ചിലവാക്കി.

മേരിയുടെയും കുഞ്ഞിന്റെയും അവസ്ഥ മനസ്സിലാക്കിയ ഡോക്ടർ പോലീസിന്റെ സഹായത്തോടെ ജോയിയെ തന്റെ ഔദ്യോഗിക പരിധിയിലുള്ള ഒരു ഡീ അഡിക്ഷൻ സെന്ററിലേക്ക് മാറ്റി. കൃത്യമായ കൗൺസലിങ്ങുകളിലൂടെ തന്റെ കുടുംബത്തിന് സംഭവിച്ചു കൊണ്ടിരിക്കുന്ന മോശാവസ്ഥ ജോയിയെ പറഞ്ഞു മനസ്സിലാക്കി. മദ്യത്തോടുള്ള അയാളുടെ ആസക്തി ഒരുപാടു കുറഞ്ഞുവന്നു. തന്റെ ഉത്തരവാദിത്വമില്ലായ്മമൂലം ഭാര്യയും കുഞ്ഞും അനുഭവിച്ച പ്രയാസങ്ങൾ അയാൾക്കു ബോധ്യപ്പെട്ടു. തനിക്ക് നല്ലൊരു ഭർത്താവും ഉത്തമനായ ഒരു പിതാവുമായി ജീവിക്കണമെന്ന് ഡോക്ടറോട് ജോയി പറഞ്ഞു. ഭാര്യയുടെ ആത്മധൈര്യത്തിലും സഹനശക്തിയിലും ജോയിക്ക് അവളോട് ബഹുമാനം തോന്നി. ഡോക്ടറുടെ മുൻപിൽവച്ച് അയാൾ ഭാര്യയുടെ കാലുകളിൽ കെട്ടിപ്പിടിച്ച് ഒരു കൊച്ചുകുട്ടിയെപ്പോലെ വാവിട്ടുകരഞ്ഞു.

കുഞ്ഞിന്റെ വാക്സിൻ മുടങ്ങിയതാണ് തന്റെ മനസ്സിനെ വളരെയധികം ഉലച്ചതെന്ന് ഡോക്ടർ പറഞ്ഞു. അതാണ് നിങ്ങളുടെ കുടുംബത്തോട് അടുപ്പം തോന്നിയതും. സന്തോഷക്കണ്ണീരിൽ നിൽക്കുന്ന മാതാപിതാക്കളെ നോക്കി, ഹെലൻ ഡോക്ടറുടെ കൈയിലിരുന്നു പുഞ്ചിരിതൂകുന്നുണ്ടായിരുന്നു.

**കൗസല്യ സുനിൽകുമാർ**
8 ഡി
എ. ബി. എച്ച്. എസ്.
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട



# അറിയിപ്പ്

പാത്രങ്ങളുമായി അമ്മ കലപിലകൂട്ടുന്ന ശബ്ദം കേട്ടാണ് ഗംഗ ഉണർന്നത്. തലേദിവസം സ്കൂളിൽനിന്ന് വന്നതുമുതൽ അവൾ ആകെ അസ്വസ്ഥയായിരുന്നു. ചേച്ചി ഗൗതമി എണീറ്റ് പഠിക്കുകയാണ്. 'ഓ, ഈ ചേച്ചിക്ക് വേറെ ഒരു പണിയുമില്ല. ഭയങ്കര പഠിപ്പിസ്റ്റാണെന്ന് അമ്മയെയും അച്ഛനെയും കാണിക്കണം, അതിന് വേണ്ടിയാണ് ഈ പഠിത്തം.' ഗംഗ ഇങ്ങനെ ഓർത്ത് കിടക്കുകയായിരുന്നു. 'മോളേ, ഗംഗേ....നീ എണീക്കുന്നില്ലേ?'

പിന്നെയും അമ്മയുടെ നീട്ടിയ വിളി കേട്ടു. പഠിക്കുന്നതോടൊപ്പം അമ്മയെ അടുക്കളജോലിയിൽ അവൾ സഹായിക്കാറുണ്ട്. രണ്ടാം ക്ലാസിൽ പഠിക്കുന്ന അവൾ, പാത്രം കഴുകാനും പച്ചക്കറി അരിയാനും അവൾക്കാകുംവിധം ശ്രമിക്കാറുണ്ട്. 'ഗംഗേ...എഴുന്നേറ്റില്ലേ?'

അമ്മയുടെ വിളികേട്ട് ഞെട്ടി എഴുന്നേറ്റു. എന്ത് പറഞ്ഞാണ് ഇന്ന് സ്കൂളിൽ പോകാതിരിക്കുക. അവൾ ആലോചിച്ചു. 'മോളേ, വാൻ വരാൻ സമയമായി. നീ എന്തെടുക്കുവാ?' വീണ്ടും അമ്മയുടെ വിളി. ഇനി കിടന്നാൽ രക്ഷയില്ല. അവൾ പതുക്കെ എണീറ്റ് അടുക്കളയിലേക്ക് പോയി. അമ്മ എന്തൊക്കെയോ ധൃതിയിൽ ചെയ്യുന്നു. അതിനിടയിൽ അമ്മ പേസ്റ്റും ബ്രഷും എടുത്ത് അവളുടെ കൈയിൽ കൊടുത്തു. പല്ല് തേയ്ക്കാൻ മടിച്ചുനിന്ന അവളോട് അമ്മ ചോദിച്ചു: 'എന്ത് പറ്റി ഗംഗൂസേ...' 'ഞാനിന്ന് സ്കൂളിൽ പോകുന്നില്ല'- അവൾ പറഞ്ഞു. തലേദിവസം പ്യൂൺ മാമൻ കൊണ്ടുവന്ന ഒരറിയിപ്പ് ലീനടീച്ചർ വായിച്ചത് ഓർത്ത് ഞെട്ടി. 'എന്താ സ്കൂളിൽ പോകാൻ മടി'- അമ്മ ചോദിച്ചു.

'വയറുവേദനയാ' മോള് ചിണുങ്ങിക്കൊണ്ട് പറഞ്ഞു. 'എന്താ പെട്ടെന്നൊരു വയറുവേദന' അമ്മ ചോദിച്ചു. 'എനിക്ക് ഇന്ന് പോകാൻ വയ്യമ്മേ' അവൾ പറഞ്ഞു. ആരോടും കള്ളം പറയരുതെന്ന് അച്ഛൻ പറഞ്ഞിട്ടുള്ള കാര്യം പെട്ടെന്ന് ഗംഗ ഓർത്തു. അമ്മയെ സോപ്പിട്ടാൽ കാര്യം നടക്കും എന്നവൾ ചിന്തിച്ചു. അമ്മയോട് സത്യം പറയാം. തന്റെ കുഞ്ഞുകുഞ്ഞു സങ്കടങ്ങൾക്ക് അമ്മ പരിഹാരം കാണാറുണ്ടെന്ന് അവൾക്കറിയാം. 'അമ്മേ, എനിക്കിന്ന് സ്കൂളിൽ പോകാൻ പേടിയാ.

അമ്മ ഇന്നെന്നെ സ്കൂളിൽ വിടരുത്.' അമ്മ പെട്ടെന്ന് തിരിഞ്ഞ് നോക്കി. പുട്ടിന് മാവ് കുഴച്ചുകൊണ്ടിരുന്ന അമ്മ പെട്ടെന്നത് നിർത്തി കൈകഴുകി അവളുടെ അടുത്ത് മുട്ടുകുത്തി അവളെ ചേർത്ത് പിടിച്ച് ചോദിച്ചു: 'എന്ത് പറ്റി എന്റെ മോൾക്ക്? മോൾക്ക് വിഷമമാണെങ്കിൽ പോകണ്ട, പക്ഷേ, എന്താണ് കാര്യമെന്ന് പറയ്.' ഓ, രക്ഷപ്പെട്ടു. അവൾക്ക് ആശ്വാസമായി. അവൾ അമ്മയോട് പറഞ്ഞു: 'അമ്മേ, ഇന്ന് സ്കൂളിൽ പ്രതിരോധകുത്തിവയ്പ്പെടുക്കാൻ വരും. ഇന്ന് രണ്ടാം ക്ലാസിലാണെന്നും എല്ലാവരും ഉറപ്പായും വരണമെന്നും ടീച്ചർ പറഞ്ഞു. ഇന്നലെ ഒന്നാം ക്ലാസിലായിരുന്നു കുത്തിവയ്പ്പ്. കൂട്ടുകാരി വൃന്ദയുടെ കരച്ചിൽ അവളുടെ മനസ്സിൽനിന്ന് മായുന്നില്ല. 'എനിക്ക് കുത്തിവയ്ക്കണ്ട, എനിക്ക് പേടിയാ.' ഗംഗയുടെ ഈ വാക്കുകൾ അമ്മയ്ക്ക് ആശ്വാസമേകി. 'അതാണോ കാര്യം?' അമ്മ മോളെ മടിയിലിരുത്തി പ്രതിരോധകുത്തിവയ്പ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞുകൊടുത്തു. 'മോൾക്ക് മൊബൈൽ കടയിലിരിക്കുന്ന വേണു മാമനെ അറിയില്ലേ...' ഒരു കാൽ സ്വാധീനമില്ലാത്ത മാമൻ നടന്നു പോകുമ്പോൾ ആളുകൾ സഹതാപത്തോടെ പറയുന്നത് അവൾ ഓർത്തു .'വേണു ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിൽ പൾസ് പോളിയോ കുത്തിവയ്പ്പുണ്ടായിരുന്നു. അന്ന് അവന് പോകാൻ കഴിഞ്ഞില്ല. അതിന്റെ പ്രാധാന്യത്തെക്കുറിച്ച് മാമന്റെ അച്ഛനും അമ്മയ്ക്കും അറിയില്ലായിരുന്നു.' വേണുവിനെപ്പോലെ അംഗപരിമിതിയുള്ള ആളുകളെക്കുറിച്ച് അമ്മ ഗംഗയ്ക്ക് അറിവു നൽകി. 'നമ്മുടെ ആരോഗ്യം സംരക്ഷിക്കാനും മഹാവ്യാധികളിൽനിന്നു രക്ഷിക്കാനുമാണ് സ്കൂളുകളിൽ പ്രതിരോധകുത്തിവയ്പ്പുകൾ നടത്തുന്നത്. ഇതെടുക്കാതിരുന്നാൽ നമുക്കും ഇതുപോലെ സംഭവിക്കാം.' അമ്മയുടെ വാക്കുകൾ ഗംഗയുടെ മനസ്സിനെ തണുപ്പിച്ചു. അപ്പോഴാണ് വാനിന്റെ നീട്ടിയുള്ള ഹോണടി കേട്ടത്. അച്ഛന് പതിവ് കൊടുക്കാറുള്ള ഉമ്മയും കൊടുത്ത് അവൾ സ്കൂളിലേക്ക് തിരിച്ചു.

**ഗൗരി ഗോപാൽ**
6 എ
എ. ബി. എച്ച്. എസ്.
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട

# കാത്തിരിപ്പ്

സ്കൂളവധിയുടെ ആലസ്യത്തിൽ മടിപിടിച്ച് രാവിലെ എഴുന്നേൽക്കുമ്പോൾ പെട്ടെന്നോർത്തു. ഇന്നല്ലേ അവള് വരുന്നത്. അതോർത്തപ്പോൾതന്നെ അറിയാതെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു. കഴിഞ്ഞതവണ വന്നപ്പോൾ, അവൾ കൊണ്ടുവന്ന സമ്മാനപ്പൊതികൾ, ഒരുമിച്ച് രസിച്ച് നടന്ന ആ ഉല്ലാസനിമിഷങ്ങൾ.... എല്ലാം ഓർക്കുമ്പോൾ തന്നെ മനസ്സിന് ഒരു വല്ലാത്ത കുളിർമ. തലേന്നാൾ എയർപോർട്ടിൽ നിന്നും അവൾ അവസാനമായി വിളിച്ച വീഡിയോകോളിലെ സംഭാഷണങ്ങൾ.... 'ഏതാനും മണിക്കൂറിനുള്ളിൽ നമ്മൾ നേരിൽ കാണും' എന്ന് പറയുമ്പോൾ അവളുടെ കണ്ണുകൾക്ക് എന്ത് പ്രകാശമായിരുന്നു. ആ ഫോണിലെ രൂപത്തിലൂടെ സന്തോഷം സ്ഫുരിക്കുന്ന ആ കണ്ണുകൾ തന്നിലേക്ക് വല്ലാത്ത ഒരു ഊർജം പകർന്നപോലെ തോന്നി! തങ്ങൾക്ക് രണ്ടുപേർക്കും സംഭാഷണം നിർത്താനേ തോന്നുന്നില്ലായിരുന്നു. വീണ്ടും വീണ്ടും പരസ്പരം ചോദിച്ചുകൊണ്ടേയിരുന്നു. 'എന്നിട്ടോ?.... എന്നിട്ടോ?....' തങ്ങളുടെ കൊച്ചുവർത്തമാനങ്ങൾക്കിടയിലൂടെ അവളുടെ ടിക്കറ്റ് പരിശോധനയും വിമാനത്തിലേക്കുള്ള പ്രവേശനവും കഴിഞ്ഞിരുന്നു. വിമാനത്തിനുള്ളിലെ എയർഹോസ്റ്റസുമാരേയും യാത്രക്കാരെയും ആ വീഡിയോകോളിൽ കണ്ടപ്പോൾ ഇത്ര ചെറുപ്പത്തിലെ ഇങ്ങനെ ലോകം ചുറ്റാൽ കഴിഞ്ഞ തന്റെ കൂട്ടുകാരി എത്ര ഭാഗ്യവതിയാണ് എന്ന് തോന്നി. വിമാനത്തിനുള്ളിലെ പൈലറ്റിന്റെ അനൗൺസ്മെന്റ് കേട്ടിട്ട് തങ്ങൾ പരസ്പരം പുഞ്ചിരിച്ചു. 'വുഡ് യൂ പ്ലീസ് സ്വിച്ച് ഓഫ് ദി മൊബൈൽ.' ആ വിമാനത്തിലെ എയർഹോസ്റ്റസിന്റെ കിളിനാദം നേർത്ത അലകളായി തന്റെ ചെവിയിലും പതിഞ്ഞു. ചെറിയ ക്ഷമാപണം എന്നോണം അവൾ ഫോൺ വെക്കാൻ തന്നോട് അനുവാദം ചോദിച്ചു. തലയാട്ടി അനുവാദം കൊടുക്കുമ്പോൾ തന്റെ കണ്ണുകളിൽ അശ്രുവിന്റെ രണ്ട് സ്നേഹകണങ്ങൾ പൊഴിഞ്ഞുവെന്ന് തോന്നി. പിന്നെ കണക്കുകൂട്ടലിലായിരുന്നു, വിമാനം ദുബായിയിലിറങ്ങുന്നതും അവിടെ നിന്ന് എയർ ഇന്ത്യ കണക്ഷന് ഫ്ളൈറ്റിൽ അവൾ കൊച്ചി എയർ പോർട്ടിൽ എത്തുന്നതും അവിടെനിന്നും അവളുടെ അച്ഛന്റെ വാഹനത്തിൽ നാട്ടിലെത്തുന്നതും... അറിയാതെ തലതിരിച്ച്

മേശപ്പുറത്ത് വച്ചിരിക്കുന്ന ടൈംപീസിലേക്ക് നോക്കി. സമയം ഏഴുമണി. രാവിലെ എട്ടുമണിക്കാണ് അവളുടെ ഫ്ളൈറ്റ് കൊച്ചിയിൽ എത്തുന്നത്. ബാഗേജ് ചെക്കൗട്ടിന് അരമണിക്കൂർ, ഒമ്പത് മണിയായാൽ അവൾ പുറത്തെത്തുമായിരിക്കും. എയർപോർട്ടിൽ ഡ്യൂട്ടീഫ്രീ ഷോപ്പിൽനിന്ന് എന്തെങ്കിലും വാങ്ങിയാലും ഒമ്പതരയോടുകൂടി പുറത്തെത്തും. പത്തുപതിനൊന്ന് മണിയോടുകൂടി തനിക്കവളെ നേരിൽ കാണാം. കിടക്കയിൽ നിന്ന് ചാടിയെഴുന്നേറ്റ് വാഷ്ബേസിന്റെ മുന്നിൽ ചെന്ന് നല്ല തണുത്തവെള്ളത്തിൽ മുഖം കഴുകി. ബ്രഷിൽ പേസ്റ്റ് തേക്കുമ്പോൾ മുറിയിലെ ക്ലോക്കിലേക്ക് അറിയാതെ മുഖം തിരിഞ്ഞു. സമയം പോകുന്നില്ല എന്ന് തോന്നി. ഇനിയും 3 മണിക്കൂർ. അവളൊന്ന് വേഗം വന്നാൽ മതിയായിരുന്നു. സമയം പോകുന്നതിന് രാവിലെ ടെലിവിഷൻ ഓൺ ചെയ്തു. ചൈനയേയും ഇറ്റലിയേയും കീഴടക്കുന്ന കോവിഡ് വൈറസിന്റെ വ്യാപനത്തെക്കുറിച്ചായിരുന്നു വാർത്ത മുഴുവൻ. ഇടയ്ക്കിടയ്ക്ക് ക്ലോക്കിന്റെ സൂചികൾ കറങ്ങുന്നത് അക്ഷമയോടെ നോക്കിയിരിക്കും. തന്റെ ക്ഷമ പരീക്ഷിക്കാനെന്നോണം അവ വളരെ പതുക്കെയാണോ കറങ്ങുന്നത് എന്ന് തോന്നി. സമയം എട്ടര കഴിഞ്ഞിരിക്കുന്നു. ലൈവ് വാർത്തകളിലേക്ക് കണ്ണുകളുടക്കി. 'ഇറ്റലിയിൽ നിന്നുമെത്തിയിരിക്കുന്ന വിദ്യാഥിനിയെ കോവിഡ് ഐസൊലേഷൻ വാർഡിലേക്ക് മാറ്റുന്നു...' ടി.വിയിലെ ദൃശ്യങ്ങളിലേക്ക് ഉത്കണ്ഠയോടെ നോക്കി. ആംബുലൻസിനുള്ളിലേക്ക് കയറുന്ന മാസ്ക് ധരിച്ച ഒരു പെൺകുട്ടിയുടെ രൂപം. ഒറ്റനോട്ടത്തിൽതന്നെ അവളെ താൻ തിരിച്ചറിഞ്ഞു. അവളുള്ളിൽ കയറിയതും ഡോറുകളടച്ച് ആംബുലൻസ് ക്യാമറക്കണ്ണിലൂടെ അകന്നകന്ന് പോകുന്നത് കണ്ടപ്പോൾ തൊണ്ടയിൽ വല്ലാത്ത ഒരു ഗദ്ഗദം സൃഷ്ടിക്കപ്പെട്ടു. അകന്ന് പോകുന്ന ആംബുലൻസിന്റെ ചിത്രം മാഞ്ഞുവെങ്കിലും വീണ്ടും വീണ്ടും അവളുടെ മുഖം കാണാൻ തന്റെ കണ്ണുകൾ ടി.വിയിൽ പരതിക്കൊണ്ടിരുന്നു. കാത്തിരിപ്പിന്റെ വേദന അവയിലൂടെ ഒഴുകിയിറങ്ങുന്നത് അറിയാതെ..

**ഏഞ്ചല എലിസബത്ത് മാത്യു**
9 എ
എം. കെ. എം. എച്ച്. എസ്. എസ്. പിറവം
പിറവം ഉപജില്ല, മൂവാറ്റുപുഴ



# മരണമില്ലാത്ത മാലാഖമാർ

(ആറടിമണ്ണിൽ വിശ്രമിക്കുന്നവരും ജീവലോകത്തു പരിശ്രമിക്കുന്നവരുമായ ഒരായിരം മാലാഖമാർക്ക്)

മരണക്കിടക്കയിൽ പ്രതീക്ഷയറ്റ് ജീവച്ഛവമായി കിടക്കുന്നവരുടെ ഇടയിൽക്കൂടി സന്തോഷത്തിന്റെയും സാന്ത്വനത്തിന്റെയും ഒച്ചയുമായി ഏവരെയും വരവേൽക്കുകയാണ് അവൾ. മരിച്ചുകിടന്നവർ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അവശരും ആലംബഹീനരുമായ ഒരുകൂട്ടം മനുഷ്യരുടെ കണ്ണുകളിൽ പുതുജീവന്റെ സൂര്യനെയും തോളിലേറ്റി താമരയിതളുകൾ പോലുള്ള കണ്ണുകളിൽ പ്രകാശവുമേന്തി അവൾ സന്തോഷപൂർവം ശുശ്രൂഷിക്കുന്നു.

തിരിച്ചുവരവില്ല എന്ന സത്യം അവൾക്കറിയാം. എങ്കിലും അവൾ അത് സമ്മതിക്കുന്നില്ല. തളർവാതം പിടിച്ചവരെപ്പോലെ കിടക്കയിൽ ശേഷിക്കുന്ന ജീവിതകാലം തള്ളിനീക്കാൻ വിധിക്കപ്പെട്ടവരായ ഒരു കൂട്ടം മനുഷ്യരെ ശുശ്രൂഷിച്ചു. അവളെ നോക്കി അവർ ഓരോരുത്തരും ചോദിച്ചു, 'എന്തിനാ മോളെ നീ നരകത്തിൽ കിടന്ന് ശരീരമുള്ള ഒരു കൂട്ടം പ്രേതങ്ങൾക്ക് വേണ്ടി കഷ്ടപ്പെടുന്നത്? നിനക്ക് പോയിക്കൂടേ?' ഒരു ഹൃദയം നിറഞ്ഞ പുഞ്ചിരി ആയിരുന്നു അതിനു മറുപടി. അവൾ അങ്ങനെയാണ്, എന്തിനുമേതിനും പുഞ്ചിരിക്കുകയാണ് പതിവ്. അതിന് ഒരു വശ്യതയുണ്ടായിരുന്നു. തന്റെ മുന്നിൽക്കൂടി കടന്നുപോയ അവളെക്കുറിച്ച്. മറിയം ആലോചിച്ചു. ഇവൾ നന്നേ ചെറുപ്പം ആണല്ലോ. കൂടിപ്പോയാൽ മുപ്പതുവയസ്സേ കാണൂ. ഒരു കുട്ടിയുടെ അമ്മയാണ്. നൊന്തു പ്രസവിച്ച മകനെ വളർത്താൻ പോലും കഴിയാത്ത തരത്തിൽ ഇവൾ എന്തു പാപം ചെയ്തു കർത്താവേ. എന്തിനു വേണ്ടി നീയീ കുരുന്നിന്റെ ജീവിതം നശിപ്പിക്കുന്നു. പകലന്തിയോളം പണിയും ചീത്ത കേൾക്കലും എല്ലാമടങ്ങിയ, തുച്ഛമായ വരുമാനം ലഭിക്കുന്ന ഈ ജോലി നീയെന്തിനിവൾക്കു കൊടുത്തു? ഇവൾക്കുമില്ലേ ആഗ്രഹങ്ങളും സ്വപ്നങ്ങളും. എന്തിന് അതെല്ലാം അവളിൽനിന്ന് എടുത്തുകളഞ്ഞു? ഞങ്ങളോ, മരണത്തിന് വിധേയമായിരിക്കുന്നു. ഇനി അധിക നാളില്ല. പിന്നെ എന്തിന് നീ അവളെ ഞങ്ങളുടെ അടുത്ത് എത്തിച്ചിരിക്കുന്നു? എന്തിന് ഇവളുടെ ജീവിതം നശിപ്പിക്കുന്നു? അങ്ങനെ ചോദ്യങ്ങൾ ഒരുപാടുണ്ട് മറിയത്തിന്. മറിയം ഒരു കന്യാസ്ത്രീയാണ്. കർത്താവിന്റെ മണവാട്ടിയാകാൻ തിരിച്ചവൾ, അവളാണ് അർബുദം പിടിച്ചു കിടക്കുന്നത്. രക്താർബുദമാണ്, മരുന്നില്ലെന്ന പറഞ്ഞ് ഡോക്ടർമാർ വിധിയെഴുതിയതാണ്. ജീവിക്കാൻ

ആഗ്രഹം ഇല്ലാത്തതുകൊണ്ട് അവളിൽ ഇതൊന്നും ഞെട്ടലുണ്ടാക്കുന്നില്ല. അവൾ നിസ്സാരമട്ടിൽ ചിരിച്ച് സ്വീകരിച്ചു. അത്രമാത്രം. അവളെപ്പോലെ തന്നെ മാരകമായ രോഗങ്ങൾക്ക് അടിമയായി വന്നവരാണ് ഭൂരിഭാഗം മനുഷ്യരും. അഞ്ചാംപനി പിടിപെട്ട് കിടക്കുന്ന ഗോവിന്ദപ്പണിക്കർ, അപസ്മാരം പിടിപെട്ട് മുഹമ്മദ്. എല്ലാവരുംതന്നെ മരണത്തെ നോക്കിക്കാണുന്നവരാണ്. മറിയത്തെ പോലെ അവരും അവളെ കുറിച്ച് ഓർത്ത് സങ്കടപ്പെടുന്നു. പിറ്റേദിവസം പതിവുപോലെ അവളെ കണ്ടില്ല. അത് എന്താണെന്ന് അവൾക്ക് പകരം വന്ന ഒരു നേഴ്സിനോട് അവർ ചോദിച്ചപ്പോൾ അവളുടെ കുഞ്ഞ് ഇന്നലെ രാത്രി ശ്വാസം കിട്ടാതെ മരിച്ചു പോയി എന്ന് അറിയിച്ചു. എന്താണെന്ന് മനസ്സിലാക്കാൻ ഗോവിന്ദപ്പണിക്കർ അവളുടെ ഉറ്റകൂട്ടുകാരിയായ സിനിയോട് ചോദിച്ചു. അവളാണ് അവരോട് എല്ലാം വിശദമായി പറഞ്ഞത്. “ഇന്നലെ അവൾക്ക് നൈറ്റ് ഡ്യൂട്ടി ഉണ്ടായിരുന്നു. അവളുടെ ശ്വാസത്തിന് ചെറിയ പ്രശ്നം ഉണ്ടായിരുന്നു. ഇന്നലെ വീട്ടിൽ അവളുടെ അമ്മയും മകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമ്മയാണെങ്കിൽ കിടപ്പിൽ. മകന് കുഴപ്പമില്ലായിരുന്നു. ആശ്വാസത്തിലായിരുന്നു അവർ. ഇന്നലെ പെട്ടെന്ന് അവൻ ശ്വാസം കിട്ടാതെ. 10 മിനിറ്റോളം ശ്വാസംകിട്ടാതെ കിടന്ന് പിടഞ്ഞു.” സിനിക്ക് പിന്നെ വാക്കുകൾ ഉണ്ടായിരുന്നില്ല. അതോടെ അവൾ എഴുന്നേറ്റു വാർഡിൽ നിന്ന് പുറത്തേക്ക് നടന്നു. അവൾ കരയുകയായിരുന്നു. രണ്ട് ദിവസത്തിനു ശേഷം വറ്റാത്ത സമുദ്രങ്ങളായ രണ്ട് കണ്ണുകളിൽ നീർച്ചാലുകളോടെ അവൾ പ്രത്യക്ഷപ്പെട്ടു. പഴയതുപോലെ കണ്ണുകളിലെ പ്രകാശം ഉണ്ടായിരുന്നില്ല. അണഞ്ഞ മെഴുകുതിരിപോലെയായിരുന്നു അവ. അവളുടെ പുഞ്ചിരി മാഞ്ഞിരുന്നു. മുറിയിലെ പ്രകാശവും കെട്ടടങ്ങിയിട്ടില്ല. കണ്ണുകളിൽ മഹാസമുദ്രം കലങ്ങിയിരിക്കുന്നത് പോലെ. എപ്പോഴും പൊട്ടിവീഴാൻ സാധ്യതയുള്ള കാർമേഘമായിരുന്നു അവൾ. അവൾ മറിയത്തിന് അടുത്തെത്തി. മറിയം അവളെ നോക്കി. ആ നോട്ടം സഹിക്കാൻ അവൾക്ക് സാധിച്ചിരുന്നില്ല. അവളുടെ നഴ്സിങ് സൂപ്രണ്ടുമാരും ജോലിയിൽ ഉണ്ടായിരുന്ന മറ്റുള്ളവരും അവളോട് വളരെ സഹതാപപൂർവം പെരുമാറി. സന്തോഷം അവളുടെ ജീവിതത്തിൽ നിന്ന് ചോർന്നുപോവുകയായിരുന്നു. മകൻ മരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അമ്മയും മരിച്ചു. ഇല്ലാത്തവനിൽ നിന്ന് തന്നെ എല്ലാം എടുക്കപ്പെട്ടിരിക്കുന്നു. ഇരുളടഞ്ഞ മുറിയിലേക്ക് അവൾ നയിക്കപ്പെട്ടു. ഏകാന്തത അത് അവളെ സ്പർശിച്ചിരുന്നു. പഴയ പുഞ്ചിരിയില്ല. എപ്പോഴും എന്തെങ്കിലും ആലോചിക്കും. ചിലപ്പോൾ പിറുപിറുക്കും. മുതിർന്ന നഴ്സ് അവളെ ചീത്തപറയാറില്ല. അവളെ ഒന്നു നോക്കി നെടുവീർപ്പിട്ടുപോകും. അവൾക്ക് ഞങ്ങളുടെ ജീവനിലായിരുന്നു ശ്രദ്ധ. ജോലിചെയ്തു കിട്ടുന്ന



പണം അവൾക്ക് വെറും കടലാസ് മാത്രമായി. ഒരുപാടുനേരം അവൾ ജനലഴികളിലൂടെ വിദൂരതയിലേക്ക് നോക്കിനിന്നു. എന്തിനെയും കുത്തി ത്തുളച്ചുപോകുന്നത്ര തീക്ഷ്ണമായി മാറിയ അവളുടെ നോട്ടം. അവളുടെ കണ്ണുകളിൽ ജീവനില്ലായിരുന്നു ആർക്കോ എന്നില്ലാതെ ജോലിചെയ്യുന്നു. വരണ്ടുപോയ നീർച്ചാലുകൾ കണക്കെയുള്ള അവളുടെ കണ്ണുകൾ ഇനി എന്ന് ഒഴുകും എന്ന് ആർക്കും അറിയില്ല. എന്നാൽ ആ കണ്ണുകളിലേക്ക് നോക്കുന്ന അവരുടെ കണ്ണുകൾ തീർച്ചയായും നീർച്ചാലുകളാകും. വൈകുന്നേരങ്ങളിൽ വാർഡ് വിട്ട് അകലുന്ന അവളുടെ കാലടയാളങ്ങൾ ആശങ്കയോടെ നോക്കി. നാളെ പുലർച്ചയിൽ വീണ്ടും അവൾ ഉണ്ടാകുമോ എന്ന ആശങ്ക. എന്നാൽ അവളുണ്ടായിരുന്നു. മറിയം അവളെ മരിച്ചുപോയ മാതാവിന്റെ പ്രതീകമായിക്കണ്ടു. രണ്ടാഴ്ച മാത്രമേയുള്ളൂ മറിയത്തിന് ആ കണ്ണടയ്ക്കുന്നതിന്. എന്നാൽ ആ മരണത്തോടെ സംഭവിച്ചത് ജീവനുള്ള ശരീരത്തിലായിരുന്ന മറ്റൊരു മരണം. അത് അവൾക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. മറിയം അവൾക്ക് ഒരു രോഗി മാത്രമായിരുന്നില്ല, ഉറ്റസുഹൃത്തായിരുന്നു. അധികം വൈകാതെ ആ വാർഡിൽനിന്ന് ഓരോ തൂവലും കൊഴിഞ്ഞുപോകാൻ തുടങ്ങി. ഉറ്റവരും ഉടയവരും മൺമറഞ്ഞു. അനുദിനം ജീവിതം അവൾക്ക് മരണസമാനമായി. അത് അവളിൽ ഉണ്ടാക്കിയ മാനസികസമ്മർദ്ദം വളരെ വലുതായിരുന്നു. ഒരുദിവസം അവിചാരിതമായി അവൾ സിനിയെ നോക്കി പുഞ്ചിരിച്ചു. സിനി സന്തോഷം കൊണ്ട് കരഞ്ഞുപോയി. എന്നാൽ അതിൽ അടങ്ങിയിരിക്കുന്ന നിഗൂഢതകൾ മനസ്സിലാക്കിയിരുന്നില്ല. മറ്റൊരു പ്രഭാതം. കീറത്തുണി ചുറ്റിയിരിക്കുന്ന കാർമേഘത്തിൻ വിടവിലൂടെ സൂര്യൻ. സിനി കരയുകയായിരുന്നു. അത് കാലങ്ങളോളം നീണ്ടുനിന്ന ഒരു കഷ്ടതയുടെ അന്ത്യമായിരുന്നു.

**സാറ മെർലിൻ എബ്രഹാം**
9 എ
എം. കെ. എം. എച്ച്. എസ്. എസ്. പിറവം
പിറവം ഉപജില്ല, മൂവാറ്റുപുഴ

# ഒരു കൊറോണിയൻ വീരഗാഥ

“അലവിയേ... കട്പ്പത്തിൽ ഒരു ചായങ്ങട്ട്ക്ക”– അലവിക്കേടെ കടയിലെ മരബെഞ്ചിൽ ഇരുന്നുകൊണ്ട് ബീരാനിക്ക വിളിച്ചു പറഞ്ഞു.

“സുകോ, ഇജ്ജ് ആ പേപ്പർ ഇങ്ങട്ട് താ...” അടുത്തിരിക്കുന്ന സുകുമാരേട്ടൻ മുമ്പിലിരിക്കുന്ന പത്രം എടുത്തു ബീരാനിക്കക്ക് നീട്ടി.

“കേരളത്തിലും കോവിഡ് മരണം”– ബീരാനിക്ക ആദ്യപേജിലെ തലക്കെട്ട് വായിച്ചു.

“ഇന്റെ റബ്ബേ, ഈ ബലാല് ചൈനീന്ന് കേരളത്തിലും എത്തിയാ?” ബീരാനിക്ക തലയിൽ കൈവച്ചുകൊണ്ട് പറഞ്ഞു.

“അല്ല ബീരാനിക്കാ, നിങ്ങൾ വാർത്ത ഒന്നും കേൾക്കുന്നില്ലേ? ഇപ്പോ ടിവിയിലും പത്രത്തിലും ഒക്കെ ഇതുതന്നെയല്ലേ”– സുകുമാരേട്ടൻ പറഞ്ഞു.

“ആ, ഞമ്മള് അറിയിണ്ട്.”

പുറത്ത് ആരോ വന്നു. “കാറീന്ന് ഇറങ്ങിയപ്പോഴല്ലെ മനസ്സിലായെ. അതു നമ്മുടെ ശങ്കരൻ അല്ലേ?”

“ശങ്കരാ, ഇജെപ്പഴാ കാറൊക്കെ മാങ്ങിയേ?”

“മോന്റെയാ, ബീരാനിക്ക. ഓന് ഇപ്പോ വിദേശത്തൊക്കെ അല്ലേ ജോലി.”

“ഓൻ ഇപ്പോ എവിടെയാ?”

“ഓൻ ചൈനയിൽ ആയിരുന്നു, ഇപ്പൊ നാട്ടിലുണ്ട്.”

“ഇന്നാ അലവിയെ അന്റെ ചായന്റെ പൈസ.” അപ്പോൾ ശങ്കരേട്ടന്റെ കീശയിൽ നിന്നു വീണ 500 രൂപ നോട്ടിലേക്കുള്ള ബീരാൻ ഇക്കയുടെ നോട്ടം കണ്ട് ശങ്കരൻ അതെടുത്തു നീട്ടി.

“ഇതിന്റെയൊന്നും ആവശ്യമില്ലായിരുന്നു. എങ്കിലും നീ സ്നേഹത്തോടെ തന്നതല്ലേ. അതു വേണ്ടെന്നു പറയാൻ പാടില്ലല്ലോ. അതുകൊണ്ട് ഞാൻ ഇതു സന്തോഷത്തോടെ സ്വീകരിക്കാം.”

ഡ്രീം.... ഡ്രീം....

“ശങ്കരാ, ദേ ഫോൺ റിങ്ങ് ചെയ്യുന്നു”– പൈസ കിട്ടിയതോ എന്തോ, ബീരാനിക്ക സ്നേഹത്തോടെ പറഞ്ഞു.

“ആ മോനെ എന്താ?”

“അതേയോ.”

“ശരി നാല്.”

“ആരാ ശങ്കരാ മോനാണോ?”

“അതേ ബീരാൻക്കാ...”

“എന്നിട്ട് എന്തേ പറഞ്ഞു?”

"രണ്ടീസം മുന്നേ ഓന് ചെറുതായിട്ടൊന്ന് പനിച്ചീരുന്നു. അപ്പൊ ഡോക്ടർ എടുത്ത് ഓനെ ഐസിയുവിൽ ഇട്ടു."

"എന്നിട്ടോ?"

"എന്നിട്ടെന്താ, ഓന് കൊറോണ ഉണ്ടോലോ..."

"എന്റെ ശങ്കരേട്ടാ, അതിന്റെ പേര് ഐസിയു എന്നല്ല, വെന്റിലേറ്റർ എന്നാണ്."

"ഇമ്മേ, ഞമ്മക്കും ബരോ കൊറോണ?"

"ഇങ്ങക്ക് ഇപ്പൊ എത്ര വയസ്സായി?"

"കഴിഞ്ഞകൊല്ലം 69."

"ആ 60 വയസ്സു കഴിഞ്ഞവരാ മരിക്ക."

"മനുഷ്യനെ ബേജാറാക്കാതെ മുണ്ടാതിരിക്ക് കുരിപ്പേ...."

"ഉപ്പാ, ഇങ്ങള് എന്താ എഴുതുന്നെ?"

"ഞാൻ ഒരു കഥ എഴുതായിരുന്നു മോളെ."

"കഥയോ, എന്തിനെക്കുറിച്ചാ ഉപ്പാ?"

"എന്റെ ഉപ്പയെക്കുറിച്ചാ മോളേ."

"എനിക്കും പറഞ്ഞു തരോ."

"അതിനെന്താ."

"10 വർഷം മുമ്പ് അതായത് 2020 കാലഘട്ടത്തിൽ ഒരു പകർച്ചവ്യാധി രൂപപ്പെട്ടു. അതിനു കൊറോണവൈറസ് എന്ന് പേരിട്ടു. ആ രോഗം വന്ന് ഒട്ടേറെ പേർക്ക് ബന്ധുക്കളെയും സുഹൃത്തുക്കളെയും ഒക്കെ നഷ്ടപ്പെട്ടു. എനിക്ക് എന്റെ ഉപ്പയേയും."

"അതെങ്ങനെയാ ഉപ്പുപ്പാക്ക് രോഗം വന്നേ?"

"ഉപ്പാക്ക് ഒരു ചായക്കട ഉണ്ടായിരുന്നു. അവിടെ എത്തിയ ശങ്കരേട്ടനിൽനിന്നും ഉപ്പാക്കും സുകുമാരേട്ടനും വന്നു."

"ഇപ്പൊ എന്താ അതില്ലാത്തെ?"

"കുറച്ചു വർഷത്തിനുള്ളിൽ അതിനുള്ള മരുന്ന് കണ്ടുപിടിച്ചു. ലോകത്തിൽനിന്ന് അതിനെ തുടച്ചു നീക്കി."

"അല്ല, ഉപ്പയും മോളും കൂടെ അവിടെ എന്താ പറഞ്ഞിരിക്കുന്നെ?"

"ഉമ്മാ, ഉപ്പ എനിക്ക് ഉപ്പുപ്പാന്റെ കഥപറഞ്ഞു തരുകയായിരുന്നു."

"എന്ത് കഥ?"

"*ഒരു കൊറോണിയൻ വീരഗാഥ...*"

**ഫാത്തിമ ശഹ്മ കെ. എം.**
4 ഡി
എം.എച്ച്.എം.എൽ.പി.എസ്., കുറ്റൂർ നോർത്ത്
വേങ്ങര ഉപജില്ല, മലപ്പുറം

# ലല്ലുവിന്റെ മുത്തച്ഛൻ

ഫെബ്രുവരിയിലാണ് ലല്ലുവിന്റെ ജന്മദിനം. ഈ വർഷം അത് ഒരു ഞായറാഴ്ചയായിരുന്നു. ലല്ലുവും മുത്തച്ഛനും അന്നേദിവസം നടക്കാനിറങ്ങി. സാധാരണ ലല്ലു മുത്തച്ഛന്റെ കൂടെ പോകാറുള്ളതല്ല. വിശേഷദിവസങ്ങളിൽ മാത്രമേ പോകാറുള്ളൂ. ഇങ്ങനെ പോകുമ്പോൾ ലല്ലുവിന് വിശേഷപ്പെട്ട കളിപ്പാട്ടങ്ങൾ വാങ്ങി ക്കൊടുക്കാറുണ്ട്. ലല്ലുവിന് മുത്തച്ഛനെ വളരെ ഇഷ്ടമാണ്. മുത്തച്ഛന് തിരിച്ചും. ലല്ലുവിന് മുത്തച്ഛന്റെ വെറ്റിലമുറുക്കുശീലം ഇഷ്ടമല്ല. അവൻ അത് മുത്തച്ഛനോട് പറഞ്ഞു. അപ്പോൾത്തന്നെ മുത്തച്ഛൻ അത് തുപ്പിക്കളഞ്ഞു. പിന്നീടൊരിക്കലും ഉപയോഗിച്ചിട്ടുമില്ല. അന്ന് മുത്തച്ഛൻ ലല്ലുവിന് ഒരു ഉപദേശവും കൊടുത്തു- "ഒരാൾക്ക് ഇഷ്ടമില്ലാത്ത കാര്യം, ആരുതന്നെ ചെയ്താലും, അത് നീ ആയാലും, ഇതുപോലെ ചൂണ്ടിക്കാണിക്കണം, അതാണ് വ്യക്തിത്വം."

അവർ നടന്ന് മെയിൻറോഡിൽ എത്തി. നടത്തം തുടർന്നു. കുറേ പോയപ്പോൾ റോഡിന്റെ നടുവിൽ ഒരു പട്ടി ചത്തുകിടക്കുന്നത് കണ്ട് മുത്തച്ഛൻ എന്നെ നോക്കി. ഞാൻ മുത്തച്ഛനെയും. ഞങ്ങൾ അവിടെ നിന്നു. ഏതോ വാഹനം ഇടിച്ചു ചത്തതാണ്. ധാരാളം ആളുകൾ അതുവഴി പോകുന്നുണ്ടെങ്കിലും ആരും ഇത് ശ്രദ്ധിക്കുന്നില്ല. മുത്തച്ഛൻ എന്നോടു പറഞ്ഞു, "ഇതിലേ പോകുന്ന വാഹനങ്ങൾ ഇതിന്റെ ദേഹത്ത് കയറി ചിതറിത്തെറിച്ചു റോഡ് വൃത്തിഹീനമാകും. ആയതുമൂലം ഇതുവഴി പോകുന്നവർക്ക് അപകടവും അസുഖവും ഉണ്ടാകും. നമുക്ക് അതിനെ മാറ്റിയിട്ടു പോയാലോ?" "മുത്തച്ഛാ, നമുക്ക് എന്തു ചെയ്യാൻ കഴിയും"- ലല്ലു ചോദിച്ചു. "മോൻ ആ കാണുന്ന തണൽമരത്തിനു ചുവട്ടിൽ നിൽക്ക്. ഞാനിപ്പോൾ വരാം." ഇത്രയും പറഞ്ഞ് മുത്തച്ഛൻ റോഡിലേക്ക് കയറി കൈകാണിച്ച് വാഹനങ്ങൾ ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ടു. തുടർന്ന് കൈയിൽ എപ്പോഴും കരുതാറുള്ള ന്യൂസ്പേപ്പർ കൊണ്ട് പട്ടിയുടെ കാലിൽ വലിച്ച് റോഡ് സൈഡിലേക്ക് മാറ്റിയിട്ടു. തൊട്ടടുത്ത വീട്ടിൽനിന്ന്

മൺവെട്ടി വാങ്ങി. റോഡ് വീതികൂട്ടാൻ എടുത്തിട്ടിരുന്ന സ്ഥലത്ത് ഒരു കുഴി എടുത്ത് അവിടെ പട്ടിയെ മൂടി. നെറ്റിയിലെ വിയർപ്പ് ഒപ്പിയെടുത്ത്, മൺവെട്ടി വൃത്തിയാക്കി ഏൽപ്പിച്ച് മുത്തച്ഛൻ തിരിച്ചു വന്നു. അപ്പോൾ അവിടെ കൂടിയ മൂന്നാലുപേർ മുത്തച്ഛനെ അഭിനന്ദിക്കുന്നതു കണ്ടു. എന്നാൽ അതുവഴി പോയ കൂടുതൽ പേരും തിരിഞ്ഞുനോക്കിയതായി കണ്ടില്ല. ഇതെല്ലാം കഴിഞ്ഞ് നടത്തം തുടരുമ്പോൾ മുത്തച്ഛൻ പറയുന്നുണ്ടായിരുന്നു: "വ്യക്തിശുചിത്വവും പരിസരശുചിത്വവും എന്തുതന്നെ ആയാലും തുടങ്ങുന്നത് ഒരു വ്യക്തിയിൽനിന്നു തന്നെയാണ്."

വിദേശ എംബസി ഓഫീസിലെ ഏറ്റവും ഉയർന്ന സ്ഥാനത്ത് ജോലി നോക്കുന്ന ലല്ലുവിന്, വ്യക്തിശുചിത്വം പാലിക്കുക എന്ന പത്രവാർത്ത വായിച്ചപ്പോൾ തന്റെ മുത്തച്ഛൻ കാട്ടിത്തന്നതും പഠിപ്പിച്ചതുമായ കാര്യങ്ങൾ എത്രയോ മഹത്തരമായി തോന്നി. ആ ഓർമ്മയിൽ കണ്ണുകളിൽ നനവുപടർന്നോ...?

**ആരുഷ് ലാൽ പി.**
1 സി
എം.കെ.എം.എൽ.പി.എസ്. പോങ്ങിൽ
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# അഹങ്കാരം ആപത്ത്

മുംബൈ എന്ന മഹാനഗരം. നേരം രാവിലെ 10:00 മണി. അവിടെ വലിയൊരു മലയാളികുടുംബം ഉണ്ടായിരുന്നു. അവർ വലിയ സാമ്പത്തികശേഷിയുള്ളവരായിരുന്നു. വീട്ടിൽ അച്ഛൻ ജോൺ, അമ്മ സാറ. അവർക്ക് ഒരു ആൺകുട്ടി ബില്ലിയും ഉണ്ടായിരുന്നു. ജോണും സാറയും ബില്ലിയെ വളരെ അച്ചടക്കത്തോടും അനുസരണയോടും കൂടിയാണ് വളർത്തിയത്. അച്ഛനുമമ്മയും എല്ലാ സ്വാതന്ത്ര്യവും കൊടുത്തുമാണ് വളർത്തിയത്. അങ്ങനെയിരിക്കെ ആ നഗരത്തിൽ കോവിഡ് എന്ന വൈറസ് പിടിപെട്ടു. ലോകമാകെ അത് പടർന്നു പിടിച്ചു. എല്ലാവരും വീടുകളിൽത്തന്നെ ജാഗ്രതയോടെയിരുന്നു. പക്ഷേ, ജോണും കുടുംബവും അത് അനുസരിച്ചില്ല. അവർ അതിനെ നിസ്സാരകാര്യമായിട്ടു കണക്കാക്കി. ആരോഗ്യപ്രവർത്തകരും പോലീസുകാരും പറയുന്നത് ഒന്നും അനുസരിച്ചില്ല. ജോൺ പറയുന്നത് 'നമ്മൾ ഇതൊന്നും ഓർക്കേണ്ട ആവശ്യമില്ല. ഇവർ പലതും പറയും. നമുക്ക് പണമുണ്ട്. നമുക്ക് രോഗം വന്നാൽ ചികിത്സിച്ച് മാറ്റാം. നമ്മൾ പേടിക്കേണ്ട ആവശ്യമില്ല' എന്നാണ്. അഹങ്കാരത്തോടുകൂടി ജോൺ പറഞ്ഞുകൊണ്ടിരുന്നു.

ലോകത്ത് പകുതിയോളം പേർക്കും കോവിഡ് എന്ന മഹാമാരി പിടിപെട്ടുകൊണ്ടിരിക്കുകയാണ്. അവർ ഇതിനെയൊന്നും വകവെയ്ക്കുന്നില്ലായിരുന്നു. എല്ലാവരുമായി ഇടപെട്ടും സംസാരിച്ചും ഇവരുടെ കുടുംബം മുന്നോട്ടു പോയി. അങ്ങനെയിരിക്കെ ആ വൈറസ് ബില്ലിക്ക് പിടിപെട്ടു. 'പേടിക്കേണ്ട, നമുക്ക് പണമുണ്ട്. നമ്മൾ ധനവാന്മാർ ആണ്. ഇവിടത്തെ വലിയ ആശുപത്രിയിൽ പോയി ചികിത്സിക്കാം. നിന്റെ രോഗം മാറും'- ജോൺ അഹങ്കാരത്തോടെ പറഞ്ഞു. അവർ ബില്ലിയെ അവിടത്തെ വലിയ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡോക്ടറോട് ഞാൻ എത്ര പണം വേണമെങ്കിലും തരാം എന്ന് പറഞ്ഞു. ഡോക്ടർ പറഞ്ഞു: 'എന്തുകൊണ്ട് നേരത്തേ

ശ്രദ്ധിച്ചില്ല. ഇവിടെ പണം അല്ല വേണ്ടത്, ജാഗ്രതയാണ്. ബില്ലിക്കത് മൂന്നാംഘട്ടം ആയിരുന്നു. ഒടുവിൽ കുറച്ചുനാളുകൾക്ക് ശേഷം ബില്ലി മരണമടഞ്ഞു. ജോണും സാറയും ഹൃദയം പൊട്ടിക്കരയാൻ തുടങ്ങി. കുറച്ചു നാളുകൾക്കു ശേഷം സാറയ്ക്കും രോഗം പിടിപെട്ടു. അപ്പോൾ അവർക്ക് മനസ്സിലായി, പണം അല്ലായിരിന്നു വേണ്ടത്, ജാഗ്രത ആയിരുന്നു എന്നോർത്ത് വിലപിച്ചുകൊണ്ടേയിരുന്നു. സാറയെ ഒരു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗം പതിയെ പതിയെ മാറിക്കൊണ്ടിരുന്നു. അപ്പോൾ ജോൺ ആലോചിച്ചു. ഈ ജാഗ്രത ഞാൻ നേരത്തേ കാണിച്ചിരുന്നുവെങ്കിൽ എനിക്ക് മകനെ രക്ഷിക്കാമായിരുന്നു.

അവർ ആർഭാടങ്ങൾ എല്ലാം മാറ്റി ജാഗ്രതയോടെ ജീവിച്ചു.

**മിന്നു മാത്യു**
9 ജി
മൗണ്ട് താബോർ ഹൈസ്കൂൾ, പത്തനാപുരം
പുനലൂർ ഉപജില്ല, കൊല്ലം

# പീലി

തിരക്കുപിടിച്ച ഔദ്യോഗികജീവിതത്തിനിടയിൽ ദുബായിലെ ഗവൺമെന്റ് ഏർപ്പെടുത്തിയ മുപ്പതുദിവസത്തെ നിയന്ത്രണങ്ങൾക്ക് അടിമപ്പെട്ട് അയാൾ തന്റെ ഒറ്റമുറി ഫ്ളാറ്റിൽ പഴയകാലത്തെ ഓർമകൾ താലോലിച്ച് ഒറ്റയ്ക്കിരുന്നു. ഹൃദയമിടിപ്പ് കൂട്ടാൻ തക്ക പല ചിന്തകളും അയാളിലൂടെ കടന്നുപോയി. നാട്ടിൽ പാതിവഴിയിലെത്തിയ പുതിയ വീടിന്റെ പണി, ഉപജീവനത്തിനായി അച്ഛൻ എടുത്ത ഓട്ടോയുടെ ലോൺ... എല്ലാം അയാളെ ഒരു കാർമേഘമെന്ന പോലെ വന്നു മൂടി. ചിന്തകളെ കീറിമുറിച്ചുകൊണ്ട് പെട്ടെന്ന് ചിലച്ച തന്റെ ഫോൺ തെല്ലിട അയാളെ ഞെട്ടിച്ചു. മിന്നിമറഞ്ഞ 'അമ്മ' എന്ന പേര് അയാളിൽ നേരിയ ആശ്വാസം പകർന്നു. എന്നാൽ ആദ്യസ്വരത്തിൽത്തന്നെ അമ്മയുടെ വാക്കുകളിൽ ഭീതി നിറയുന്നത് അയാൾക്ക് അറിയാൻ കഴിഞ്ഞു. അൽപ്പനേരത്തെ തേങ്ങലിനൊടുവിൽ അമ്മ പറഞ്ഞു: 'മോനേ... നമ്മുടെ... പീലി...' അതിനുശേഷം അയാൾ കേട്ടത് നെഞ്ചുപൊട്ടിയുള്ള അമ്മയുടെ കരച്ചിലാണ്. അമ്മയുടെ വാക്കുകളിലെ അർഥം മനസ്സിലാക്കാനാവാതെ അയാൾ നിർവികാരനായി 'അമ്മേ അമ്മേ' എന്ന് വിളിച്ചുകൊണ്ടിരുന്നു, പിന്നീട് മറുതലയ്ക്കൽ അയാൾ കേട്ടത് അയാളുടെ സുഹൃത്തായ ആകാശിന്റെ ശബ്ദമായിരുന്നു. അയാളിൽനിന്നാണ് പന്ത്രണ്ടുവയസ്സുകാരിയായ തന്റെ അനുജത്തി കോവിഡ് ബാധിച്ചു ചികിൽസയിലായിരുന്നുവെന്നും ഇന്ന് രാവിലെ എല്ലാവരുടെയും പ്രാർഥനകൾ നിഷ്ഫലമാക്കി അവൾ വിടപറഞ്ഞു എന്നും അറിയാൻ കഴിഞ്ഞത്. വിദേശത്തായിരുന്നതിനാലാണ് തന്നെ ഒന്നും അറിയിക്കാതിരുന്നത്. ഒരു നിമിഷം അയാൾക്ക് ശ്വാസംനിലച്ചു. തുടർന്ന് എന്തൊക്കെയോ സംസാരിക്കാൻ വന്ന അയാളെ ഇടറിയ തൊണ്ട വിലക്കി. പൊഴിഞ്ഞുവീണ കണ്ണീർത്തുള്ളികളെ സ്വയംനിയന്ത്രിച്ച അയാളുടെ കണ്ണുകൾ ഉടക്കിയത് നാട്ടിലെത്തുമ്പോൾ അവൾക്ക് നൽകാനായി വാങ്ങിവെച്ച, വെള്ളനിറമുള്ള ഫ്രോക്ക് ധരിച്ച സുന്ദരിയായ പാവയിലാണ്. അതിന്റെ നീലനിറത്തിലുള്ള ചെറിയ കണ്ണുകൾ അയാളെത്തന്നെ നോക്കുന്നതായി തോന്നി. കഴിഞ്ഞതവണ വീട്ടിലെത്തിയപ്പോൾ കുട്ടിപ്പാവയ്ക്കായി അവൾ ചിണുങ്ങിയത് അയാൾ ഓർത്തെടുത്തു. പണിതീരാത്ത വീടിനരികിലെ ആറടി മണ്ണിനടിയിൽ അവൾ നിത്യനിദ്ര പ്രാപിച്ചു എന്നറിയുമ്പോഴും അവളെ അനുസ്മരിക്കുന്ന കുട്ടിപ്പാവയുടെ കണ്ണുകൾ അയാളെത്തന്നെ നോക്കിച്ചിരിക്കുന്നുണ്ടായിരുന്നു.

**ആൻ മരിയ**
8 ബി
മൗണ്ട് താബോർ ഹൈസ്കൂൾ, പത്തനാപുരം,
പുനലൂർ ഉപജില്ല, കൊല്ലം



# പുസ്തകത്തിൽനിന്ന് പച്ചപ്പുള്ള ജീവിതത്തിലേക്ക്...

നിർത്താതെയുള്ള മാക്സിന്റെ കരച്ചിൽ കേട്ടാണ് മീന അവിടെ എത്തിയത്. നോക്കുമ്പോഴോ, കുറേ പുസ്തകങ്ങളുടെ മുകളിൽ പെട്ടുപോയി മാക്സ്. മുകളിൽ ഇരുന്ന് കരയുകയാണ് പാവം. മീനയുടെ വീട്ടിൽ നിറയെ പുസ്തകങ്ങളാണ്. അച്ഛനും അമ്മയും മിക്കപ്പോഴും പുസ്തകങ്ങൾ വാങ്ങിക്കൊണ്ടുവരും. കൂട്ടത്തിൽ മീനയ്ക്കായി കുട്ടിക്കഥകളും ഉണ്ടാകും. എന്നാൽ അവൾക്ക് വായനയിൽ യാതൊരു താൽപ്പര്യവും തോന്നിയില്ല. അച്ഛനുമമ്മയും പുസ്തകങ്ങൾ വായിക്കുമ്പോൾ മീനയ്ക്കായി ചിലഭാഗങ്ങൾ ഉറക്കെ വായിച്ചു കേൾപ്പിക്കും.

എന്നാൽ അതെല്ലാം വലിയ ശല്യമായാണ് മീന കണ്ടിരുന്നത്. മീനയുടെ പ്രിയപ്പെട്ട ചങ്ങാതി മാക്സിനും പുസ്തകങ്ങളെ പേടിയായിരുന്നു. ഒരിക്കൽ അടുക്കിവച്ച പുസ്തകങ്ങളുടെ അടിയിൽ പെട്ട് അവന്റെ വാലിന് ചതവു പറ്റിയതാണ്. അങ്ങനെ മീനയും മാക്സ് പൂച്ചയും പുസ്തകങ്ങളിൽനിന്നു മാറി നടന്നു. അങ്ങനെയിരിക്കെയാണ് ഈ സംഭവം നടക്കുന്നത്.

മീന പുസ്തകങ്ങളെ കോണിപ്പടികൾ ആക്കി മുകളിലേക്ക് കയറാൻ ഒരുങ്ങി. ഒന്നോ രണ്ടോ പടികൾ വെച്ചപ്പോഴേക്കും മീനയും മാക്സും പുസ്തകങ്ങളും എല്ലാം താഴെ. അപ്പോഴാണ് അത്ഭുതകരമായ ആ കാഴ്ച മീന കണ്ടത്. ഇത്രയും കാലം പുസ്തകത്താളുകൾക്കിടയിൽ വീർപ്പുമുട്ടിക്കഴിഞ്ഞ രാജകുമാരനും രാജകുമാരിയും ആന, സിംഹം, കടുവ, മുയൽ തുടങ്ങിയ മൃഗങ്ങളുമെല്ലാം മുറിയിൽ ഓടിച്ചാടി നടന്ന് ബഹളമുണ്ടാക്കുന്നു. "ഹോ, ഇതെന്തൊരു ശല്യം! എല്ലാരും എവിടേക്കെങ്കിലും പോയാട്ടെ"– മീനയ്ക്ക് ദേഷ്യം വന്നു. കൂട്ടത്തിൽ ഒരു മുയലിനെ ഒരു കഥാപുസ്തകത്തിലേക്ക് കയറ്റിവിടാൻ അവൾ ഒരു ശ്രമം നടത്തി. പക്ഷേ, ഡൊണാൾഡ് ഡക്കിന്റെ മൂന്ന് താറാക്കുഞ്ഞുങ്ങളാണ് വെളിയിലേക്ക് ഇറങ്ങി വന്നത്. ഇനി ഇപ്പോൾ ആകെ ഒരു വഴിയേ ഉള്ളൂ. ഓരോരുത്തരും എവിടെ നിന്നാണ് വന്നത്

എന്ന് കണ്ടുപിടിക്കുക. അവരെ അങ്ങോട്ട് തന്നെ പറഞ്ഞുവിടുക. പക്ഷേ, ഇതുവരെ അവൾ ആ പുസ്തകങ്ങൾ ഒന്നും വായിച്ചിട്ടില്ലല്ലോ...

മീന ഓരോ പുസ്തകവും എടുത്ത് വായിക്കാൻ തുടങ്ങി. അപ്പോഴും മുറിയിൽ ഓടിയും ചാടിയും തലകുത്തി മറിഞ്ഞും മറ്റും സ്വാതന്ത്ര്യം ആഘോഷിച്ചുകൊണ്ടിരുന്നവർ അവളുടെ വായന ശ്രദ്ധിക്കാൻ തുടങ്ങി. ആറാംക്ലാസുകാരിയായ മീന ഇപ്പോൾ കഥ വായിക്കുകയാണ്. രാജകുമാരനും രാജകുമാരിയും യക്ഷികളും ആന, കടുവ, സിംഹം, താറാവ്, മുയൽ എല്ലാവരും ശ്രദ്ധയോടെ തങ്ങളുടെ കഥ കേട്ടുകൊണ്ടിരിക്കുന്നു. ഓരോ പുസ്തകം വായിക്കുമ്പോഴും ഇത് തങ്ങളുടെ കഥയാണ് എന്ന് പറഞ്ഞുകൊണ്ട് ഓരോരുത്തരായി പുസ്തകത്താളുകളിലേക്ക് തിരികെ കയറിപ്പോയി. അവസാനം ഒരു പുസ്തകം മാത്രം വായിക്കാൻ ബാക്കിയായി. അതിന്റെ പേര് അവൾ വായിച്ചെടുത്തു- 'പരിസ്ഥിതിശുചീകരണവും രോഗപ്രതിരോധ ശേഷിയും.' പേരിന്റെ തുടക്കം മുതൽ വായിച്ചപ്പോഴേ അതിൽ എന്താണ് ഉണ്ടാവുക എന്ന് ഒരു ആകാംക്ഷ അവളുടെ മനസ്സിൽ ജനിച്ചിരുന്നു.

ആ പുസ്തകത്തിന്റെ ഓരോ താളും മറിക്കുമ്പോഴും, അവളിൽ പരിസ്ഥിതിയോടുള്ള ഇഷ്ടവും അടുപ്പവും ഏറിവന്നു. അവൾ ആ പുസ്തകം വായിച്ചുകഴിഞ്ഞപ്പോൾ, തന്റെ രോഗപ്രതിരോധശേഷി കൂട്ടണം എന്ന് ആഗ്രഹിച്ചു. അതിനെന്താ വേണ്ടത്... പരിസ്ഥിതി ശുചിയാക്കുകയും സംരക്ഷിക്കുകയും ആരോഗ്യകരമായ ഭക്ഷണങ്ങൾ കഴിക്കുകയും വേണം എന്ന് പുസ്തകത്തിൽ എഴുതിയിരുന്നത് അവൾ ഓർമിച്ചു. അവൾ വീടും പരിസരവും ശുചിയാക്കാൻ തീരുമാനിച്ചു. അവളൊരു ചൂലെടുത്തു മുറ്റത്തേക്കിറങ്ങി. അമ്മ അതു കണ്ട് ആശ്ചര്യപ്പെട്ടു. സകല സമയവും ടി.വിയും കണ്ട് മാക്സിന്റെ കൂടെ കളിച്ച് എന്തെങ്കിലും അങ്ങോട്ട് പറഞ്ഞാൽ ഉടനെ അലമുറയിട്ട് ബഹളം കൂട്ടുന്ന നിഷേധിയായ മീന തന്നെയാണോ ഇത്! എന്തായാലും അമ്മയ്ക്കൊരു കാര്യം അറിയാമായിരുന്നു, മീന എന്തു കാര്യം ചെയ്താലും അതിന്റെ ഒരു തുമ്പ് അവളുടെ മുറിയിൽ ഉണ്ടാകും. എന്തായാലും കാര്യം അറിയാനായി അവളുടെ മുറി ഒന്ന്

സന്ദർശിക്കാൻ തന്നെ അമ്മ തീരുമാനിച്ചു. മുറിയിലേക്ക് കയറിയ അമ്മ ഞെട്ടിത്തരിച്ചു നിന്നുപോയി. പുസ്തകങ്ങളെ വെറുത്ത മീനയുടെ മുറിയിൽ നിറയെ പുസ്തകക്കൂമ്പാരം. അത് നോക്കിയിരിക്കുന്ന മാക്സ്. അമ്മ ഒരു കാര്യം ഓർത്തു, 'പുസ്തകങ്ങൾ കാണണ്ട' എന്നു പറഞ്ഞ് അലമാരയ്ക്ക് പിറകിൽ എടുത്തുവച്ചിരിക്കുകയായിരുന്നു മീന. അമ്മ ആ പുസ്തകങ്ങളെല്ലാം അടുക്കാൻ ആരംഭിച്ചു. അടുക്കിയടുക്കിവന്നപ്പോഴാണ് 'പരിസ്ഥിതിശുചീകരണവും രോഗപ്രതിരോധശേഷിയും' എന്ന പുസ്തകം കാണുന്നത്. അത് ഒരു കൈയബദ്ധത്തിൽ കഥാപുസ്തകങ്ങളുടെ ഇടയിൽ വീണു പോയതാണ്. ഈ കൊച്ചുമിടുക്കി അതുകൂടി വായിച്ചിരിക്കുന്നു. അപ്പോൾ മീന കുറച്ചു വിത്തുമണികളെടുക്കാനായി മുറിയിലേക്ക് വന്നു. പെട്ടെന്നുതന്നെ തിരിച്ചു വെളിയിലേക്കിറങ്ങി. അമ്മ നോക്കിയപ്പോഴേക്കും അവളുടെ ജോലി ഏറക്കുറേ തീരാറായിരുന്നു. അതിനിടയിൽ അവൾ കുറച്ചു പയറുമണികളും വെണ്ടവിത്തുകളും കുഴിച്ചിട്ടു. അദ്ദേഹം കുറേ വിത്തുകൾ വാങ്ങിവച്ചിരുന്നു, അതിൽനിന്ന് എടുത്തതാകും. എന്തായാലും അന്നുമുതൽ അവൾക്ക് ചുറ്റും വൃക്ഷങ്ങൾ വളരാൻ തുടങ്ങി...

**എമ്മ മറിയം തോമസ്**
7 ഡി
മൗണ്ട് താബോർ ഹൈസ്കൂൾ, പത്തനാപുരം
പുനലൂർ ഉപജില്ല, കൊല്ലം

# തിരിച്ചറിവ്

‘മോനേ, എഴുന്നേൽക്കടാ. നേരം വെളുത്തു‘ . ‘അമ്മേ കുറച്ചുനേരംകൂടി ഉറങ്ങട്ടെ’. ഈ മോനെ വിളിച്ചെഴുനേൽപ്പിക്കുന്ന അമ്മ റോസ്!വില്ലയിലെ മേരിയോ, തോട്ടുങ്കലിലെ റോസമ്മയോ അല്ല. മാളത്തിൽ എലിയമ്മയാണ്. രാവിലെ കപ്പക്കഷണം എടുക്കാൻ പോകാൻ മകനെക്കൂടി വളിക്കുകയാണ് എലിയമ്മ. മഹാ മടിയനാണ് എലിക്കുഞ്ഞ്. ആരും വിളിച്ചില്ലെങ്കിൽ വൈകുന്നേരം വരെ സുഖമായി കിടന്നുറങ്ങിക്കോളും എലിക്കുഞ്ഞ്. ഒടുവിൽ എലിയമ്മ എലിക്കുഞ്ഞിനെ വിളിച്ചെഴുന്നേൽപ്പിച്ചു. ‘ഈ അമ്മയുടെ ഒരു കാര്യം. ഒരു സ്വപ്നം കണ്ട് വന്നതായിരുന്നു’. ‘നീയിവിടെ സ്വപ്നം കണ്ടോണ്ടിരുന്നാലേ, വയറ്റിൽ കപ്പയ്ക്ക് പകരം വായു നിറയ്ക്കേണ്ടിവരും’. ‘വാടാ, പോയി കപ്പകഷണം എടുത്തോണ്ട്! വരാം’. ‘ഹാ... ശരി. വരാം’. എലിയമ്മ മാളത്തീന്ന് പുറത്തേക്ക് തലയിട്ട് പൂച്ച വരുന്നുണ്ടോന്ന് നോക്കി. ഇല്ല, പൂച്ചയില്ല. അവർ പുറത്തിറങ്ങി പറമ്പിലോട്ട് നടന്നു. എലിക്കുഞ്ഞിന് മടിയല്ലാതെ മറ്റൊരു സ്വഭാവസവിശേഷതകൂടിയുണ്ട്. എന്തുകണ്ടാലും അവന് സംശയമാണ്. ആ സംശയങ്ങൾ നവീകരിച്ചുകൊടുക്കാൻ എലിയമ്മയ്ക്ക് ഒരു മടിയുമില്ല. കപ്പകഷണം കക്കാൻ പോകമ്പോൾ എലിക്കുഞ്ഞിന് ഒരു സംശയം. ‘അമ്മേ, നമ്മൾ ഈ കപ്പ കക്കുന്നത് തെറ്റല്ലേ? അതു നമ്മൾ മനുഷ്യരോടു ചെയ്യുന്ന ദ്രോഹമല്ലേ? ഇത് അവരുടെ പറമ്പല്ലേ’? ‘മോനേ,നിന്റെ സംശയം കൊള്ളാം. പക്ഷേ, നമ്മൾ ഈ ചെയ്യുന്നത് തെറ്റല്ല. ഈ പറമ്പും പുഴയും ഭ!ൂമിയും നമുക്കുംകൂടി അവകാശപ്പെട്ടതാണ്. പുറത്തിറങ്ങിനടക്കാൻ മനുഷ്യരെ ഭയപ്പെടേണ്ട ആവശ്യം ശരിക്കും നമുക്കില്ല, കാരണം ഈ പരിസരം നമുക്കുകൂടി അവകാശപ്പെട്ടതാണ്. മനുഷ്യർ ഈ സ്ഥലം

കൈയേറിയതുകൊണ്ടാണ് നമുക്ക് ഈ അവസ്ഥ വന്നത്. പ്രകൃതിയുടെ നിയമം തെറ്റിച്ച് ജീവിക്കുന്ന് ഏക ജീവിയാണ് മനുഷ്യൻ. മനുഷ്യൻ നന്നായാൽ ഭൂമിയും നന്നാവും. മറ്റെല്ലാ ജീവികളും അവരവരുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നു. എന്നാൽ മനുഷ്യൻ മാത്രം അവരുടെ കർത്തവ്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാൻ നമ്മുടെ പരിസരം നശിപ്പിക്കുന്നു, മലിനമാക്കുന്നു', 'അപ്പോൾ മനുഷ്യരാണ് ശരിക്കും നമ്മളെ ദ്രോഹിക്കുന്നത്, അല്ലേ അമ്മേ?' 'അതെ മോനെ, മനുഷ്യർ എന്നെങ്കിലും നന്നാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അപ്പോൾ നമ്മൾ കപ്പ കക്കുന്നത് ഒരു പ്രകൃതി നിയമമാണോ അമ്മേ?' 'അതേ മോനേ, എലി കപ്പ തിന്നുന്നതും പൂച്ച എലിയെ പിടിക്കുന്നതും മരണവും എല്ലാം പ്രകൃതി നിയമമാണ്'. ഈ ലോകത്തിന്റെ സ്ഥിതി മാറ്റിമറിക്കാൻ കഴിയുന്ന ആ തിരിച്ചറിവ് എലിക്കുഞ്ഞ് മനസ്സിൽ സൂക്ഷിച്ചു.

**ഇവാൻ ജോബി**
7 എ
സെന്റ്. മേരീസ് എച്.എസ്.എസ് ഭരണങ്ങാനം
പാലാ ഉപജില്ല, കോട്ടയം